

# ഡിനോസറിന്റെ കുട്ടി

ഇ ഹരികുമാർ

# ഡിനോസറിന്റെ കുട്ടി

ഇ ഹരികുമാർ

**Dinosarinte kutty** (ഡിനോസറിന്റെ കുട്ടി)
(Malayalam: Short stories)
E Harikumar

Sayahna digital edition published in 2022.

Copyright © 2022, Lalitha Harikumar

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *A statue of military official and horse around tomb of Seongjong at Seolleung* (1495), photograph by National Research Institute of Cultural Heritage, Korea (na). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


ദിനോസറിന്റെ കുട്ടി . . . . . 1

ഒരു ദിവസത്തിന്റെ മരണം . . . . . 11

കറുത്ത സൂര്യൻ . . . . . 21

ബസ് തെറ്റാതിരിക്കാൻ . . . . . 27

സ്ത്രീഗന്ധമുള്ള ഒരു മുറി . . . . . 40

വിഷു . . . . . 47

വളരെ പഴകിയ ഒരു പാവ . . . . . 56

ഒരു കുങ്ഫു ഫൈറ്റർ . . . . . 62

വെറുമൊരു ബ്ലാക്ക്മെയിലർ . . . . . 70

സർക്കസ്സിലെ കുതിര . . . . . 79

— 1 —

# ദിനോസറിന്റെ കുട്ടി

'ഇന്നലെ രാത്രി ദിനോസറിന്റെ കുട്ടി വീണ്ടും വന്നു.' രാജീവൻ പറഞ്ഞു. 'അത് ജനലിക്കൂടെ കൊറെ നേരം എന്നെ നോക്കി.'

പ്രാതൽ സമയം രാജീവന്റെ കഥകളുടെ സമയമാണ്. സ്വപ്നങ്ങളുടെ കഥകൾ. വെയിൽ ജനലഴികളിലൂടെ മേശമേൽ പതിക്കുമ്പോൾ അവൻ സ്വപ്നങ്ങളുടെ വിശദാംശങ്ങൾ ഓർക്കുന്നു. പിന്നെ കഥകൾ ഓരോന്നോരോന്നായി പുറത്തു വരുന്നു. മോഹനൻ കേൾക്കാൻ ബാദ്ധ്യസ്ഥനാണ്, കാരണം ഒരേ ഒരു അനുവാചകനേയുള്ളു. ശൈലജ അടുക്കളയിൽ ദോശയുണ്ടാക്കുന്ന തിരക്കിലാണ്.

'ഞാനൊറങ്ങ്വായിരുന്നു.' അവൻ തുടർന്നു. 'ദിനോസറിന്റെ കുട്ടി കൊറേ നേരം എന്നെ നോക്കിനിന്നു. അതിന് എന്നെ നല്ല ഇഷ്ടായി. അത് ജനലിന്റെ അഴീക്കൂടെ നാവിട്ട് എന്നെ നക്കി. നല്ല മയണ്ടായിരുന്നു അതിന്റെ നാവിന്. മുഖം എന്തു ഭംഗിയാണെന്നോ. ഒരു നായ്ക്കുട്ടിടെപോലെ.'

ഇതു രണ്ടാം ദിവസമാണ്. ആദ്യത്തെ ദിവസം അതായത് മിനിഞ്ഞാന്ന്, അതു വന്ന് രണ്ടാംനിലയിലെ ജനലിലൂടെ രാജീവൻ കിടക്കുന്നത് നോക്കി. പിൻകാലിൽ നിന്നുകൊണ്ടാണ് നോക്കിയത്. കുറിയ മുൻകാലുകൾ പുറത്തെ ചുമരിൽ അമർത്തിപ്പിടിച്ചുവെന്നാണ് അവൻ പറയുന്നത്. ഇരുപതടി ഉയരമുണ്ട്. പക്ഷേ, അതൊരു കുട്ടി ദിനോസറായിരുന്നു. കൗതുകമുള്ള മുഖം. രാജീവന് അതിനെ ഉമ്മവെയ്ക്കാൻ തോന്നി. പക്ഷേ, വെച്ചില്ല. അറിയില്ലല്ലോ അതിന് ഉമ്മ ഇഷ്ടമാവുമോ എന്ന്.

ഇത് പുതിയൊരു സീരിസ്സിന്റെ തുടക്കമാണ്. സ്വപ്നങ്ങളിൽ വന്ന് അവനെ സ്നേഹിച്ചിട്ടുള്ള, ഉപദ്രവിച്ചിട്ടുള്ള മൃഗങ്ങൾ കുറച്ചൊന്നുമല്ല. അവയിൽ പൂച്ച മുതൽ ആന വരെയുള്ള മൃഗങ്ങളുണ്ട്. പക്ഷേ, ഇത്രയും വലുപ്പമുള്ള ഒരു മൃഗം, അതാദ്യമായാണ്. കഥാപാത്രങ്ങളുടെ വലുപ്പം കൂടുംതോറും കഥയും ദീർഘിക്കുന്നു. അവ കൂടുതൽ ദിവസങ്ങൾ നിൽക്കുന്നു.

'നീയെന്താണ് ദോശ കഴിക്കാത്തത്?' ശൈലജ ചോദിക്കുന്നു. അവന് മറുപടിയില്ല. അവൻ അപ്പോഴും വർണ്ണിക്കുകയാണ്.

'അതിന്റെ പിൻകാലുകൾക്ക് നല്ല വണ്ണണ്ട്. മുൻകാലുകള് ചെറീതാണ്. അതും തൂക്കിയിട്ട് അത് നില്ക്ക്വായിരുന്നു. പാവം അതിന് വെശന്നിട്ടായിരിക്കും. ഡാഡി, ദിനോസറുകള് എന്താണ് തിന്നുക?'

ദിനോസറുകളുടെ ഭക്ഷണം എന്താണെന്നയാൾക്കറിയില്ല. പുല്ലാണോ? പത്തു കോടി വർഷങ്ങൾക്കു മുമ്പ് ഭൂതലത്തിൽ പുല്ലുകളുണ്ടായിരുന്നോ? അറിയില്ല.

'നീ നിന്റെ ദോശ തിന്നുന്നുണ്ടോ?' അയാൾ ചോദിച്ചു. 'ഓട്ടോറിക്ഷ ഇപ്പോൾ വരും. അപ്പോൾ ഓടാനും ചാടാനും നിൽക്കണ്ട.'

അവന്റെ സ്വപ്നാടനം തകർന്നു. അവൻ ധൃതിയിൽ ദോശ വിഴുങ്ങാൻ തുടങ്ങി.

'മമ്മീ, എന്റെ ബ്ലൂ സോക്സ് കണ്ടുവോ? ഇന്നലെ ബ്ലാക് സോക്സിട്ടു പോയപ്പോൾ പോൾസാറ് പനിഷ് ചെയ്യുംന്ന് പറഞ്ഞു. എന്റെ ലഞ്ച് ബോക്സ് തരൂ.'

'ലഞ്ച് ബോക്സ് എവിടെ? വൈകുന്നേരം വന്നാൽ കഴുകാൻ തരണമെന്ന് ഞാൻ എന്നും പറയാറില്ലേ?... ഇങ്ങട്ടു തരൂ വേഗം. ഇതാ ഇതിൽ രണ്ടിഡ്ഡലി ബാക്കി വെച്ചിട്ടുണ്ടല്ലോ. എന്താ മുഴുവൻ കഴിക്കാതിരുന്നത്?'

ഇനി ബഹളമാണ്. എട്ടര മണിക്ക് ഓട്ടോ വരുന്നവരെ രാജീവൻ ശൈലജയെ ഇട്ടു വട്ടംകറക്കുന്നു. ഓട്ടോ പോയിക്കഴിഞ്ഞാൽ അവൾ തളർന്ന് ഒരു കസേരയിൽ വീഴുന്നു.

'ആവൂ ഒരുത്തനെക്കൊണ്ടുള്ള പരാക്രമാണിത്. ഇക്കണക്കിൽ ഒരു നാലെണ്ണമുണ്ടായാൽ എന്തായിരിക്കും സ്ഥിതി?'

'ഒന്നു മിണ്ടാതിരിക്കു.' മോഹനൻ പറയുന്നു. 'ഇവിടെ അതിനേക്കാൾ പ്രധാനപ്പെട്ട കാര്യങ്ങൾ ചിന്തിക്കാനുണ്ട്. ഉദാഹരണമായി ദിനോസറിന്റെ ഭക്ഷണരീതി. വൈകുന്നേരം രാജീവൻ വരുമ്പോഴേയ്ക്കും അതു കണ്ടുപിടിച്ചു വെക്കണം. ഇന്ന് രാത്രി അവന് ഒരു ദിനോസറിന്റെ കുട്ടിക്ക് ഭക്ഷണം കൊടുക്കേണ്ടതുണ്ട്. പിന്നെ എനിക്ക് എന്റേതായിട്ടുള്ള ചെറിയ കാര്യങ്ങളുമുണ്ട്. ഒന്നാമത്തേത് അമ്പതിനായിരം ഉറുപ്പികയുടെ ബാറ്ററി എലിമിനേറ്റർ പെട്ടെന്ന് വിൽക്കേണ്ടതുണ്ട്.'

ദില്ലിയിൽനിന്നു വന്ന സേയിൽസ്മാൻ സംസാരിച്ച് തന്നെ വീഴ്ത്തിയതാണ്. കേരളത്തിൽ രണ്ടു ജില്ലകളിൽനിന്നു മാത്രമായി അയാൾക്കു കിട്ടിയ ഓർഡറുകൾ കാണിച്ചുതന്നു. നാൽപതിനായിരത്തിലധികമുണ്ട്. മോഹനൻ അതിൽ വീണു. ആ കമ്പനിയുമായി ഒരു സോൾ സെല്ലിങ് എജൻസിയിൽ ഏർപ്പെട്ടുകയും ചെയ്തു. വളരെ ആകർഷകമായ കണ്ടീഷൻസ് ആണ്. ആദ്യത്തെ കൺസൈൻമെന്റ് അമ്പതിനായിരത്തിന്റെതിനായിരിക്കും. പിന്നെ മാസംതോറും അവർ പതിനായിരത്തിന്റെ കൺസൈൻമെന്റ് അയച്ചുതരും. ഇതു വളരെ ഡിമാന്റുള്ള ഒരു ഐറ്റമാണ്.

ഇപ്പോൾ ഇതാ താൻ അമ്പതിനായിരത്തിന്റെ സ്റ്റോക്കും ചുമലിലേറ്റി പീടികകളുടെ പടി കയറിയിറങ്ങുന്നു.

'ബാറ്ററി എലിമിനേറ്ററോ. അയ്യോ ഇവിടെ ധാരാളം സ്റ്റോക്കുണ്ടല്ലൊ. ഇതൊക്കെ വല്ലപ്പോഴും ഒന്നുരണ്ടെണ്ണം പോയെങ്കിലായി. നിങ്ങളുടെ കയ്യിൽ ട്രാൻസ്ഫോമറുകളുണ്ടോ? അതിനു നല്ല ഡിമാന്റാ.'

അങ്ങനെ പോകുന്നു. ഒന്നുകിൽ താൻ വളരെ മോശപ്പെട്ട സെയിൽസ്മാനായിരിക്കുന്നു. അല്ലെങ്കിൽ താൻ വിൽക്കുന്ന സാധനം തീരെ ആവശ്യക്കാരില്ലാത്ത ഒന്നായിരിക്കണം. എന്തായാലും ഇപ്പോൾ പണം കടം തന്നവർ, ബാങ്കടക്കം ഓരോന്നായി ബുദ്ധിമുട്ടിക്കാൻ തുടങ്ങിയിരിക്കുന്നു. പണം തിരിച്ചു കൊടുക്കേണ്ട അവധി എന്നേ കഴിഞ്ഞുപോയിരിക്കുന്നു.

പിന്നത്തെ പ്രശ്നം താമസസ്ഥലത്തിന്റേതാണ്. ടൗണിൽ ഒരു ചെറിയ വീട് വാടകയ്ക്ക് കിട്ടിയിട്ടുണ്ട്. അയ്യായിരം ഉറുപ്പിക ഡിപ്പോസിറ്റ് കൊടുക്കണം. വാടക ഇപ്പോഴുള്ളതു തന്നെയാണ്. യാത്ര കുറയ്ക്കാമെന്നു മാത്രം. അതുപക്ഷേ, നല്ലൊരു കാര്യമാണ്. വീട്ടുടമസ്ഥന് നോട്ടീസ് കൊടുത്തു കഴിഞ്ഞു. അയാൾ ഡിപ്പോസിറ്റ് സംഖ്യ തന്നാലെ പുതിയ സ്ഥലത്ത് ഡിപ്പോസിറ്റ് കൊടുക്കാൻ പറ്റൂ.

'ഞാൻ ചായ കുടിക്കട്ടെ.' ശൈലജ പറഞ്ഞു.

ചായ കുടിച്ചുകൊണ്ടിരിക്കെ അവൾ പറഞ്ഞു. 'ഒന്നിലധികം പ്രശ്നങ്ങളുണ്ടെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നറിയുമോ? എന്റെ മുത്തച്ഛൻ പറയാറുണ്ട്. ആദ്യമായി പ്രശ്നങ്ങളെ പ്രാധാന്യമനുസരിച്ച് ക്രമത്തിൽ വെക്കുക. പിന്നീട് ഏറ്റവും പ്രധാനപ്പെട്ടത് ഉടനെ ചെയ്യാൻ തുടങ്ങുക. പിന്നെ അടുത്ത പ്രാധാന്യമുള്ളത് ചെയ്യുക. അങ്ങനെ, അങ്ങനെ. അതു വളരെ എളുപ്പമാണ്. നോക്കൂ, ആ ദോശ ഒന്ന് എടുത്തു കൊണ്ടുവരാമോ? ഒരു ദോശ പരത്തുകയും വേണം.'

അയാൾ എഴുന്നേറ്റ് ദോശ എടുത്തു കൊണ്ടുവന്നു.

'എന്തൊക്കെ അത്ഭുതസിദ്ധികളുള്ള മനുഷ്യനാണ് ഞാൻ! ഇവിടെ ഇതാ ഭാര്യയ്ക്ക് ദോശയുണ്ടാക്കി സമയം കളയുന്നു. നിന്റെ മുത്തച്ഛന് ഇത്തരം വിഷമങ്ങളൊന്നും ഉണ്ടായിരിക്കാനിടയില്ല.'

'ഇല്ല. മുത്തച്ഛൻ കാലത്ത് കഞ്ഞിയാണ് കുടിക്കാറ്. പിന്നെ അമ്മമ്മയുടെ കല്യാണം കഴിയാത്ത രണ്ടനുജത്തിമാർ ഒപ്പം താമസിച്ചിരുന്നു. അവർ മത്സരിച്ച് മുത്തച്ഛന് കഞ്ഞിയും തേങ്ങാസമ്മന്തിയും ഉണ്ടാക്കി കൊടുത്തിരുന്നു.'

'ആട്ടെ കുട്ടിയുടെ പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതേതാണ്?'

'ദിനോസറിന്റെ ഭക്ഷണം.'

'ഏതിന്റെ ഭക്ഷണം?'

'ദിനോസറിന്റെ. ഒരു കുട്ടിദിനോസറിന്റെ. ഇത് രാജീവിന്റെ ഏറ്റവും പുതിയ ഡ്രീം സീരീസിലുള്ളതാണ്. അവന്റെ ഓരോ സീരീസ് കഴിയുമ്പോഴും ഞാൻ ആ വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കും. ഇതാണ് അതിലേക്കുവെച്ച് ഏറ്റവും പുതിയതും വിഷമം പിടിച്ചതും. ഗവേഷണത്തിന് എവിടെപ്പോകണമെന്നറിയില്ല.'

'കാഴ്ചബംഗ്ലാവിൽ പോയാൽ പോരെ? അവർ എന്താണ് കൊടുക്കാറ് എന്നന്വേഷിച്ചാൽ മതി.'

മോഹനൻ ഒന്നും പറഞ്ഞില്ല. ഒന്നുകിൽ അവൾക്ക് തെറ്റു പറ്റിയതായിരിക്കണം. ദിനോസറിനെ റിനോസറസ്സായി കരുതിയിരിക്കണം. അല്ലെങ്കിൽ ദിനോസറിനെപ്പറ്റി അവൾ കേട്ടിട്ടുണ്ടാവില്ല. രാജീവൻ ഇല്ലാത്തത് അവൾക്കു നന്നായി. അവൻ ഉണ്ടായിരുന്നെങ്കിൽ ചിരിച്ചു ചിരിച്ച് തല കുത്തി മറിയുമായിരുന്നു.

അവൻ ഒരു മെയ്ൽ ഷോവനിസ്റ്റായി വളരുന്നുണ്ടെന്ന് തോന്നുന്നു. കഴിഞ്ഞ ആഴ്ചയാണതുണ്ടായത്. അയാൾ കുളിമുറിയിൽ കയറി മൂത്രമൊഴിക്കുകയായിരുന്നു. മുകളിൽ ഞങ്ങളുടെ മുറിയ്ക്കും രാജീവിന്റെ മുറിയ്ക്കും കൂടിയുള്ള കുളിമുറിയാണത്. രാജീവിന്റെ കിടക്ക വിരിച്ച് ശൈലജ കുളിമുറിയുടെ വാതിൽ തുറന്നപ്പോൾ കണ്ടത് എന്നെയാണ്. അവൾ വേഗം പുറത്തു കടന്ന് വാതിലടച്ചു. രാജീവൻ അതു കണ്ടു. ഞാൻ മൂത്രമൊഴിക്കുകയായിരുന്നെന്ന് അവനറിയാമായിരുന്നു. അവൻ മമ്മിയുടെ ചലനങ്ങൾ വീക്ഷിക്കുകയായിരുന്നു. മമ്മി കുളിമുറിയിൽ കടന്നതും ഉടനെ പുറത്തു ചാടി കടന്നതും അവൻ കണ്ടു.

അവൻ ചിരിക്കാൻ തുടങ്ങി. കട്ടിലിൽ തലകുത്തിമറിഞ്ഞ് ചിരിക്കുകയായിരുന്നു അവൻ.

പിന്നെ കിടക്കുന്നതിനുമുമ്പ് വീണ്ടും കുളിമുറിയിലേക്കു പോയപ്പോൾ അവനും കൂടെ വന്നു, സ്വകാര്യമായി ചോദിച്ചു.

'മമ്മി കണ്ടുവോ?'

അയാളും സ്വകാര്യമായി പറഞ്ഞു. 'ഇല്ല.'

'ഭാഗ്യായി അല്ലെ? കണ്ടിരുന്നെങ്കിൽ മോശമായിരുന്നു അല്ലെ? ആൺകുട്ടികൾ കണ്ടാൽ കുഴപ്പമില്ല. പെൺകുട്ടികൾ കാണുന്നത് എന്ത് മോശാണല്ലെ?'

അതും പറഞ്ഞ് അവൻ ട്രൗസർ വലിച്ചു താഴ്ത്തി ചീനമുളകും പുറത്തെടുത്തു ഫിറ്റ് ചെയ്തു.

'ശരിയാണ്.' മോഹനൻ ഗൗരവം വിടാതെ പറഞ്ഞു.

അവൻ ഉറങ്ങിയെന്നുറപ്പായപ്പോൾ ഈ സംഭാഷണശകലം ശൈലജക്ക് പറഞ്ഞുകൊടുത്തപ്പോൾ ചിരിയടക്കാൻ കഴിയാതെ അവൾ വയർ അമർത്തിപ്പിടിച്ചു.

ലൈബ്രറിയിൽ റഫറൻസ് സെക്ഷനിൽ പൗരാണികജീവികളെപ്പറ്റിയുള്ള പുസ്തകത്തിനു മുമ്പിൽ ഇരുന്ന് അയാൾ ആലോചിച്ചു. എവിടെയൊ എന്തോ പിശകുണ്ട്. എല്ലാം കീഴ്മേൽ മറിഞ്ഞപോലെയാണ്. എന്തു ചെയ്താലും ശരിയാവുന്നില്ല. മാർവാഡി തന്നെച്ചൂഷണം ചെയ്യുകയാണെന്നു തോന്നിയപ്പോൾ അയാളുമായി തല്ലുകൂടി ഓഫീസിൽ നിന്നും പുറത്തു കടന്നു. രണ്ടായിരം ഉറുപ്പികയുടെ ജോലി വെള്ളത്തിൽ. അന്നു തുടങ്ങിയതാണ് സെൽഫ് സ്റ്റെയിൽഡ് ബിസിനസ്സുകാരനായി നടക്കാൻ. ഇതിനകം മൂന്നു കമ്പനികളുടെ പേരിൽ വിസിറ്റിങ്ങ് കാർഡുകൾ അടിച്ചു. ഇരുമ്പാണി തൊട്ട് റേഡിയോ പാർട്ടുകൾ വരെ കച്ചവടം നടത്തി. എല്ലാം അവസാനിച്ചത് നഷ്ടത്തിൽ. എല്ലാം ഒരേ പാറ്റേണിൽത്തന്നെ വരുന്നു. വളരെയധികം ഡിമാന്റുള്ള ഒരു സാധനം താൻ വരുത്തി വിൽക്കാൻ തുടങ്ങുമ്പോഴേയ്ക്കു തീരെ ആവശ്യക്കാരില്ലാതാവുന്നു.

'ഇതോ, ഈ സാധനം ഞങ്ങളുടെ ഗോഡൗണിൽ പെട്ടിക്കണക്കിനു കെട്ടിക്കിടക്കുന്നു.'

അല്ലെങ്കിൽ.

'പതിനെട്ടുറുപ്പികയോ. പന്ത്രണ്ടുറുപ്പികയ്ക്ക് എടുക്കുന്നോ? എത്ര വേണേമെങ്കിലും അങ്ങോട്ടു തരാം. റെഡിസ്റ്റോക്കുണ്ട്.'

കച്ചവടക്കാർ തന്റെ സെയിൽസ് സംസാരം കേൾക്കുമ്പോൾ തന്നെ കോട്ടുവായിടുന്നു. അവരുടെ എതിരാളികളുടെ പേര് നിർദ്ദേശിക്കുന്നു. അവിടെപ്പോയിനോക്കു. ഒരു പക്ഷെ എടുത്തേക്കും.

മാർവാഡിക്ക് ലക്ഷക്കണക്കിന് വില വരുന്ന യന്ത്രങ്ങളുടെ ഓർഡറുകൾ നിഷ്പ്രയാസം ഉണ്ടാക്കിക്കൊടുത്ത തന്റെ സെയിൽസ്മാൻഷിപ്പ് എവിടെപ്പോയി അസ്തമിച്ചു? എവിടെയോ കുഴപ്പമുണ്ട്.

അയാളുടെ മുമ്പിൽ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന ദിനോസറുകൾ പല്ലിളിച്ചു കാട്ടി. ബീഭത്സമായ മുഖങ്ങളുള്ള, മാംസഭോജികളായ, സസ്യഭോജികളായ ഭീമാകാരജന്തുക്കൾ നടന്നപ്പോൾ ഭൂതലം വിറച്ചു. പിന്നെ മഞ്ഞുയുഗം വന്ന്

ഒരോന്നോരോന്നായി ഭക്ഷണം കിട്ടാതെ ചത്തൊടുങ്ങി. അവസാനത്തെ ദിനോസർ, ഹിമം മൂടിയ താഴ്വരകളിൽ നിസ്സഹായനായി തലയുയർത്തി നോക്കുന്നത് അയാൾ കണ്ടു. കുറച്ചൊരു ഊഷ്മാവിനുവേണ്ടി, കുറച്ച് ഭക്ഷണത്തിനു വേണ്ടി.

ഇപ്പോൾ, ആറു കോടി വർഷങ്ങൾക്കുശേഷം ഒരു ആറുവയസ്സുകാരന്റെ വളർത്തുമൃഗമാവാനായി, കൗതുകമുള്ള മുഖത്തോടെ, നനുത്ത നാവോടെ, ജാലകത്തിനു പുറത്ത് കാവൽ നിൽക്കാനായി ഉണർന്നെഴുന്നേൽക്കാൻ ആ മൃഗം ഒരു ദീർഘനിദ്രയിലേർപ്പെട്ടു. യുഗങ്ങളായുള്ള നിദ്ര.

എനിക്കൊരു ജോത്സ്യനെ കാണണം. കുറച്ചു ദിവസമായി അയാൾ ആലോചിക്കുന്നു. അതിനായി ജാതകക്കുറിപ്പ് അയാൾ എടുത്തു വെച്ചിരുന്നു. തന്റെ യുക്തിവാദത്തിനതീതമായി എന്തൊക്കെയോ തനിക്കു ചുറ്റം നടക്കുന്നുണ്ട്. അതു കണ്ടുപിടിക്കണം.

സാംബിളുകൾ നിറച്ച ഹാൻഡ്ബാഗുമെടുത്ത് അയാൾ പുറത്തിറങ്ങി. പണ്ടൊരിക്കൽ ഒരു ജാതകം ഒത്തു നോക്കാൻ ഒരു ജോത്സ്യൻ സ്വാമിയുടെ വീട്ടിൽ പോയ ഓർമ്മയുണ്ട്.

സ്വാമി ഇന്നും അതേ ഇരിപ്പാണ്. പുലിത്തോലിൽ. ഒരു വെള്ളമുണ്ട്, പുതയ്ക്കാൻ തോർത്ത്. ചന്ദനക്കുറി. മൂക്കിനു മുകളിൽ സ്വർണ്ണഫ്രെയിമിട്ട കണ്ണട. മുമ്പിൽ തന്നെ ഒരു വയസ്സനും ചെറുപ്പക്കാരനും ഇരിക്കുന്നുണ്ട്. ജാതകം ഒത്തുനോക്കാൻ വന്നവരാണ്.

'ഈ ജാതകങ്ങൾ ഒരു വിധത്തിലും ചേർക്കാൻ പറ്റില്ല.' സ്വാമി തറപ്പിച്ചു പറഞ്ഞു.

വയസ്സൻ നന്നേ നിരാശനായിരിക്കുന്നു.

'സ്വാമീ, എങ്ങനെയെങ്കിലും ഇതൊന്നു യോജിപ്പിക്കാൻ പറ്റില്ലെ?'

'എനിക്കു നിങ്ങൾ പറഞ്ഞതൊക്കെ മനസ്സിലായി. സ്വാമി പറഞ്ഞു. ഇവിട്ടുന്നങ്ങോട്ട് എട്ടു മാസം കഴിഞ്ഞാൽ ഈ രണ്ടു ജാതകങ്ങളുടെ ചേർച്ച വളരെ വിഷമങ്ങളുണ്ടാക്കും. കുട്ടിക്ക് ഇരുപത്തിയാറു വയസ്സു കഴിഞ്ഞു. ശരി തന്നെ. പക്ഷെ, ഇത് ഒട്ടും യോജിക്കില്ല. പോരാത്തതിന് ദശാസന്ധിയുമുണ്ട്.'

സ്വാമിക്ക് ദക്ഷിണ കൊടുത്ത് അവർ സാവധാനം നടന്നു പോയി. ഇരുപത്തിയാറു കഴിഞ്ഞ പെൺകുട്ടി. ബാക്കിയെല്ലാം ഒത്തു വന്നു. ജാതകം മാത്രം ഒത്തില്ല. ഇനിയും അന്വേഷണം. നിലയ്ക്കാത്ത അന്വേഷണം.

'എന്താണ് വേണ്ടത്?' സ്വാമി ചോദിച്ചു.

മോഹനൻ ഉണർന്നു. ബ്രീഫ്കേയ്സ് തുറന്ന് ജാതകക്കുറിപ്പെടുത്ത് നിവർത്തി സ്വാമിയുടെ മുമ്പിൽ വെച്ചു. ഗ്രഹനിലയും അംശക നിലയും വെവ്വേറെ കുറിച്ച കടലാസ്. സ്വാമി കണ്ണടയെടുത്ത് മൂക്കിന്മേൽ വെച്ച്, കുറിപ്പെടുത്ത് നോക്കി. നോക്കുംതോറും അയാളുടെ നെറ്റിമേൽ വരകൾ കൂടിക്കൂടിവന്നു. മുഖം ചുളിഞ്ഞു.

'ഇതാര്ടെ ജാതകം? നിങ്ങളുടെയാണോ?'

അതെ.

'നിങ്ങളുടെ ജോലി ശരിക്കും മൂന്നുകൊല്ലം നാലുമാസംമുമ്പ് പോയിട്ടുണ്ടാകണമല്ലൊ. തല്ലുകൂടി പിരിഞ്ഞു പോന്നതാവാനേ വഴിയുള്ളു. തൽക്കാലം ജോലിയില്ലല്ലൊ.'

മോഹനൻ ഒന്നും പറഞ്ഞില്ല. സെൽഫ് സ്റ്റെയിൽഡ് ബിസിനസ്സ്മാൻ എന്ന പദവി ജോലിയല്ലല്ലൊ.

സ്വാമി കണക്കു കൂട്ടുകയായിരുന്നു.

'കേതു ദശയാണ് കഴിഞ്ഞ നാലുകൊല്ലം ഏഴുമാസമായിട്ട്. ഇനി രണ്ടര കൊല്ലം കൂടിയുണ്ട്. കാര്യമായിട്ടുള്ള അഭിവൃദ്ധിയുണ്ടാവാൻ വയ്യ ഈ കാലത്ത്. ഇപ്പോൾ പോരാത്തതിന് ഏഴരശ്ശനിയുമുണ്ട്. വളരെ ചീത്തകാലമാണ്. സൂക്ഷിച്ചിരിക്കണം. ധനനഷ്ടം, മാനനഷ്ടം ഇതെല്ലാം ഉണ്ടാവുന്ന പരിതഃസ്ഥിതിയാണ്. എന്തിനും പ്രതിബന്ധമുണ്ടാവും. ശരിയാവുമെന്ന് വിചാരിച്ച് നിങ്ങൾ എന്തെങ്കിലും തുടങ്ങി വെക്കും. പക്ഷെ നഷ്ടത്തിലേ കലാശിക്കു. അഞ്ചിറക്കിയാൽ പത്തു നഷ്ടം വരും. അങ്ങിനെയാണ്.'

സ്വാമി എന്റെ മനസ്സുവായിക്കുകയാണോ?

'ശനിദശ കഴിഞ്ഞാൽ പിന്നെ ശിഷ്ടം കേതുദശ. അത്ര മോശാന്നു പറയില്ല. പക്ഷെ, അഭിവൃദ്ധിയുണ്ടാകണമെങ്കിൽ കേതുദശ കഴിയുക തന്നെ വേണം. ശനിദശ ഇനിയും ഒമ്പതുമാസമുണ്ട്. അതുവരെ സൂക്ഷിച്ചിരിക്ക്യാ.'

സ്വാമി പറഞ്ഞുകൊണ്ടിരുന്നു. അയാൾ ആലോചിച്ചു. അപ്പോൾ ഇതൊക്കെ ആദ്യം തന്നെ എഴുതിവെച്ചിരിക്കുന്നു. ഇത്രാമാണ്ടിൽ, ഇത്രാം നാളിൽ, മണിക്കൂറിൽ, വിനാഴികയിൽ ജനിച്ചു വരുന്ന ഒരു കുട്ടി എന്തുചെയ്യാൻ പോകുന്നു, എന്താവാൻ പോകുന്നു എന്നെല്ലാം പ്രപഞ്ച രഹസ്യങ്ങളുടെ കലവറയിലെവിടെയോ കൂട്ടിയിട്ട താളിയോലക്കെട്ടിൽ എഴുതി വെക്കപ്പെട്ടിരിക്കുന്നു. ഒരു പക്ഷെ, ദിനോസറുകളും മറ്റു പ്രാചീനജീവികളും ജീവിച്ചിരുന്നതിനും വളരെ മുമ്പുതന്നെ കോടാനുകോടി വർഷങ്ങൾക്കു മുമ്പുതന്നെ പ്രപഞ്ചത്തിന്റെ ഭാവി ഇന്ന തരത്തിലാവണമെന്ന് സൃഷ്ടികർത്താവ് തീർച്ചയാക്കിയിട്ടുണ്ടായിരിക്കണം.

'നിങ്ങൾ ഭാവി പ്രവചിക്കുന്നതുപോലെ ഭൂതകാലത്തിലേക്കും പൊയ്ക്കൂടെ?' അയാൾ ചോദിച്ചു.

'തീർച്ചയായും. പക്ഷെ, ഭൂതം നിങ്ങൾക്കറിയുന്നതല്ലെ? നിങ്ങളുടെ ജോലി പോയത് നിങ്ങൾ അറിയുന്നപോലെ. ഭാവി അറിയാനല്ലെ എല്ലാവർക്കും ആഗ്രഹമുണ്ടാവുക?'

'ഞാനുദ്ദേശിക്കുന്നത് അടുത്ത ഭൂതകാലത്തിലേക്കല്ല. ആറുകോടി വർഷങ്ങൾക്കുമുമ്പ്, ദിനോസറുകൾ മേഞ്ഞു നടന്നിരുന്ന കാലം വരെ.'

സ്വാമി അയാളെ ഒന്നു നല്ല പോലെ നോക്കി. മാറ്റി വെച്ച കണ്ണട വീണ്ടും എടുത്തണിഞ്ഞു. ജാതകക്കുറിപ്പിൽ കണ്ണോടിച്ചു. വീണ്ടും കണക്കുകൂട്ടൽ. പിന്നെ കണ്ണട അഴിച്ചുവെച്ച് വീണ്ടും അയാളെ നോക്കി.

'ഇല്ലല്ലൊ. മാനസികരോഗങ്ങളൊന്നുമുള്ളതായി കാണുന്നില്ലല്ലൊ നിങ്ങൾക്ക്. നിങ്ങൾക്ക് തൽക്കാലം ചീത്ത കാലമാണെന്നെ ഉള്ളു. കുറച്ചു കാലം കൂടി ക്ഷമിച്ച്, സാവകാശത്തിൽ കാര്യങ്ങൾ ചെയ്യുക. ഇനി വരാൻ പോകുന്നത് ശുക്രദശയാണ്. അത് വളരെ അഭിവൃദ്ധിയുണ്ടാക്കും. അതുവരെ ഒതുങ്ങിക്കഴിയുക. ദിവസവും രണ്ടുനേരം ദേവീദർശനം നടത്തുക...'

ദക്ഷിണ കൊടുത്ത് പുറത്തിറങ്ങിയപ്പോൾ അയാൾ ഓർത്തു. തന്റെ മാനസികനില തെറ്റിയെന്നാണ് സ്വാമി ധരിച്ചിരിക്കുന്നത്. തനിയ്ക്കറിയേണ്ടിയിരുന്നത് സ്വാമിക്ക് യുഗങ്ങൾ പിന്നിട്ട് പോകാൻ പറ്റുമോ എന്നാണ്. യുഗങ്ങൾ പിന്നിട്ട്, മഞ്ഞു

യുഗത്തിന്റെ ശൈത്യവും പിന്നിട്ട്, ഭീമാകാരന്മാരായ ദിനോസറുകൾ തലയുയർത്തി നടന്നിരുന്ന ഭൂപ്രദേശത്തെത്താൻ. മേഞ്ഞു നടക്കുന്ന ദിനോസറുകളിൽ ഒന്നിന് യുഗങ്ങൾക്കു ശേഷം വീണ്ടും പിറക്കാൻ യോഗം വന്നിരിക്കുന്നു. ഒരു ആറു വയസ്സുകാരന്റെ വളർത്തു മൃഗമാവാൻ. അവൻ ഉറങ്ങുമ്പോൾ രണ്ടാം നിലയിലെ ജാലകത്തിനപ്പുറത്ത് ഓമനമുഖവും, മൃദുവായ നാവുമായി കാവൽ നിൽക്കാൻ, സ്നേഹപൂർവ്വം അവന്റെ കവിളിൽ നക്കാൻ.

സ്വാമിക്കതു മനസ്സിലാവില്ല.

ഇനി ഒരു കച്ചവടക്കാരനെ കാണണം. സ്റ്റോക്ക് എടുക്കുമോ എന്ന് ഇന്നു പറയാമെന്നു പറഞ്ഞതാണ്. ഈ കച്ചവടക്കാരനും എടുക്കാൻ താൽപര്യം കാണിച്ചില്ലെങ്കിൽ അമ്പതിനായിരത്തിന്റെ ബാറ്ററി എലിമിനേറ്ററുകൾ തട്ടിൻ പുറത്തേക്ക് ഒരേറു കൊടുക്കാം.

ഭാഗ്യത്തിന് കച്ചവടക്കാരൻ പീടികയിലുണ്ടായിരുന്നു. അയാൾ പക്ഷെ കണ്ട ഭാവം നടിക്കുന്നില്ലെന്നു മാത്രം. തലേന്നു വൈകുന്നേരം അര മണിക്കൂർ നേരം അയാളുമായി സംസാരിച്ചതും വില ഇരുപതു ശതമാനം കുറച്ചതുമെല്ലാം അയാളെ ഓർമ്മിപ്പിച്ചു. ഇരുപതു ശതമാനം കുറയ്ക്കുകയെന്നതിനർത്ഥം തനിക്ക് പത്തു ശതമാനം നഷ്ടമുണ്ടാവുകയെന്നാണ്. എന്നാലും മുടക്കിയ പണം കുറെയെങ്കിലും തിരിച്ചു കിട്ടുമല്ലൊ.

'മോഹനൻ പറഞ്ഞു. സ്റ്റോക്ക് എടുക്കുവാൻ പറ്റുമോ എന്ന് ഇന്ന് അറിയിക്കാംന്നല്ലെ പറഞ്ഞിരുന്നത്.'

'ആ, ബാറ്ററി എലിമിനേറ്ററല്ലെ? കച്ചവടക്കാരൻ പറഞ്ഞു. അതിനു വലിയ ഡിമാന്റൊന്നുമില്ല. വേണങ്കി രണ്ടു ഡസൻ വെച്ചൊ. വിറ്റ ശേഷം പണം തരാം.'

രണ്ടു ഡസൻ എവിടെ? അമ്പതിനായിരത്തിന്റെ സ്റ്റോക്കെവിടെ?

അയാൾ തിരിഞ്ഞുനടന്നു. ആശിക്കാനൊന്നുമില്ലാതായിരിക്കുന്നു.

വീട്ടിലെത്തിയപ്പോൾ ശൈലജ പറഞ്ഞു.

'ഇന്നു വീടു നോക്കാൻ രണ്ടു പേർ വന്നിരുന്നു. അരമണിക്കൂർ മുമ്പ്. ഞാൻ കുട്ടി വന്നിട്ട് വരാൻ പറഞ്ഞിട്ടുണ്ട്.'

രണ്ടു മിനിറ്റിനകം അവർ വാതിലിൽ മുട്ടി.

'നിങ്ങളീ വീട് ഒഴിയാൻ പോവ്വാണ്ന്ന് കേട്ടലൊ. എന്നാ ഒഴിയുന്നത്?'

'ഈ ഒന്നാന്തി.'

'ഒന്നു കാണുന്നതിൽ വിരോധല്യല്ലൊ.'

'ഹെയ് ഇല്ല, വരു.'

'ഇതാ ഇതാണ് സിറ്റിംഗ്റൂം. ഫാൻ വീട്ടുകാരൻ തന്നെ വെച്ചതാണ്. ഇതു തളം. വളരെ വിശാലമാണ്. തളത്തിൽ നിന്ന് അടുക്കളയിലേക്കാണ്. നല്ല സൗകര്യമുണ്ട് അടുക്കള; റാക്കുകൾ, ഗ്യാസടുപ്പ് വെക്കാൻ പ്ലാറ്റ്ഫോം ഉണ്ട്. അപ്പുറത്ത് സിങ്ക്. ഈ വാതിൽ ബെഡ്റൂമിലേക്കാണ്. ഞാൻ തൽക്കാലം ഓഫീസ് ആവശ്യത്തിനുപയോഗിക്കുകയാണ്. മുകളിലും രണ്ടു ബെഡ്റൂം ഉണ്ട്. രണ്ടിനും കൂടി ഒരു അറ്റാച്ച്ഡ് ബാത്തും. നോക്കാം വരു.'

'വെള്ളമോ? ഇരുപത്തിനാലു മണിക്കൂറും കിട്ടും. മോട്ടോറുണ്ട്.'

ക്ഷീണിച്ച് ഒരു കപ്പു ചായ കുടിക്കാൻ ധൃതിയായി കയറിവന്നതാണയാൾ. അവർ ഇറങ്ങിപ്പോയപ്പോൾ ശൈലജ ചോദിച്ചു.

'കുട്ടിയെന്തിനാണ് ഇങ്ങനെ കഷ്ടപ്പെടുന്നത്? ലോനപ്പൻ മാപ്പിളയ്ക്ക് താമസക്കാരെ ഉണ്ടാക്കാൻ കുട്ടിയെന്തിനാണ് ഈ വെപ്രാളമൊക്കെ കാണിക്കുന്നത്?'

ശരിയാണ്. അയാൾ ആലോചിച്ചു. കഴിഞ്ഞ പത്തു ദിവസത്തിനുള്ളിൽ ചുരുങ്ങിയത് എട്ടു കൂട്ടരെങ്കിലും ഈ വീട് വന്നു നോക്കിയിട്ടുണ്ട്. അതിൽ രണ്ടുപേർ തൊട്ട് പന്ത്രണ്ടു പേരുള്ള ടീം വരെയുണ്ടായിരുന്നു. ഈ എട്ടു പ്രാവശ്യവും അയാൾ ഒരു ബ്രോക്കറെപ്പോലെ വീടിന്റെ ഗുണങ്ങൾ പ്രകീർത്തിച്ചിട്ടുമുണ്ട്.

അഞ്ചു കിലോമീറ്റർ ദൂരെയിരുന്നുകൊണ്ടു തന്നെ ചരടില്ലാതെ നിയന്ത്രിക്കുന്ന ലോനപ്പൻ മാപ്പിളയുടെ കഴിവ് അപാരം തന്നെ. ആരെങ്കിലും വീടെടുത്ത് ഡിപ്പോസിറ്റ് കൊടുത്താലെ തനിയ്ക്ക് ഡിപ്പോസിറ്റ് തിരിച്ചു കിട്ടുകയുള്ളു. ഒന്നാം തീയ്യതിക്കുള്ളിൽ പുതിയ സ്ഥലത്ത് ഡിപ്പോസിറ്റ് കൊടുത്തില്ലെങ്കിൽ ആ വീട് പോകും. അതുകൊണ്ട് ഓരോ കൂട്ടരും വീടു കാണാൻ വരുമ്പോഴും അയാൾ ഒരു ബ്രോക്കറുടെ ആടയണിയുന്നു. 'ഇതാ ഇതാണ് സ്വീകരണമുറി...'

രാജീവൻ പതിവുപോലെ കുറച്ച് സസ്പെൻസുമായാണ് സ്ക്കൂളിൽ നിന്നു വന്നത്.

'ഞാനിന്ന് സ്ക്കൂളിൽ നിന്ന് എന്താണ് വരച്ചതെന്ന് പറയാമോ മമ്മീ? ഡാഡി പറയണ്ട ട്ടൊ.'

ചോദ്യം അമ്മയോടാണ്. ഡാഡി അവന്റെ രഹസ്യങ്ങളെല്ലാം ഊഹിച്ചെടുക്കുന്നു എന്നാണവന്റെ പരാതി. അതുകൊണ്ട് ചോദ്യങ്ങളും കടംകഥകളും അമ്മയോടായിരിക്കും. ഒപ്പം ഒരു താക്കീതും. ഡാഡി പറയരുത് കേട്ടോ.

മോഹനൻ ഊഹിച്ചു കഴിഞ്ഞിരുന്നു.

അമ്മ തോറ്റുവെന്നു മനസ്സിലായപ്പോൾ അവൻ മോഹനനു പറയാൻ കൂടി അവസരം കൊടുക്കാതെ ബാഗിൽനിന്ന് ഒരു കടലാസ്സെടുത്തു കാട്ടി.

ഒരു കുട്ടി ദിനോസർ. നായ്ക്കുട്ടിയുടേതുപോലെ ഓമനത്തമുള്ള മുഖം. തിളങ്ങുന്ന കണ്ണുകൾ, നീണ്ട കഴുത്ത്, തടിച്ച പിൻകാലുകൾ, വലിയ വയർ, കുറിയ മുൻകാലുകൾ, പിന്നിൽ നീണ്ടു കിടക്കുന്ന വാൽ.

ചിത്രം ആകപ്പാടെ മോശമായിരുന്നില്ല. ഒരു കങ്കാരുവും, ജിറാഫും, പൊമറേനിയനും കൂടിയ രൂപം.

പെട്ടെന്ന്, താൻ ഒരു പൗരാണികജീവി പണ്ഡിതനായിട്ടുണ്ടെന്നും, ദിനോസറിനെപ്പറ്റി രാജീവനോട് ആധികാരികമായി സംസാരിക്കാമെന്നും അയാൾ ഓർത്തു. അവൻ ചോദ്യം ചോദിക്കുന്നതും കാത്ത് അയാൾ ഇരുന്നു. അവനിൽ മതിപ്പുണ്ടാക്കാവുന്ന ഒരു സന്ദർഭമാണ് വരുന്നത്.

അപ്പോഴാണ് ശൈലജ രണ്ടു കത്തുകളുമായി വരുന്നത്. ഒന്ന് ബാങ്കിൽ നിന്നാണ്. പതിനയ്യായിരം ഉറുപ്പിക ഉടനെ അടയ്ക്കണം. മറ്റേ കത്ത് കടം തന്ന ഒരാളുടേതാണ്. പണം ഇത്ര വൈകിക്കുന്നത് മര്യാദയല്ല. അതുകൊണ്ട് കത്ത് കിട്ടിയ ഉടനെ ചുരുങ്ങിയത് പത്തെങ്കിലും, പലിശയടക്കം അയച്ചു തരണം.

കുറച്ചെങ്കിലും ഇടയുണ്ടാകുമെന്നാണ് കരുതിയത്. കേതുവും ശനിയും എതിരെ നിന്ന് തന്നെ ഞെരിച്ച് ശ്വാസം മുട്ടിക്കുകയാണ്.

രാജീവൻ വന്നു. അവന്റെ കയ്യിൽ പെയിന്റുണ്ട്. ബ്രഷുകളും.

'ഡാഡി, ഞാൻ വലിയ ഒരു ദിനോസറിനെ വരയ്ക്കാൻ പോവുകയാണ്. ഒരു കടലാസ്സ് തരു.'

'ഇപ്പോൾ എന്നെ ഉപദ്രവിക്കാതെ പോകൂ. അയാൾ പറഞ്ഞു. എനിയ്ക്കു തല വേദനയുണ്ട്.'

'കടലാസു തന്നാൽ മാത്രം മതി. പിന്നെ ഞാൻ ഉപദ്രവിക്കില്ല.'

കുറച്ചെന്തെങ്കിലും സഹായം, ഒരു നല്ലവാക്ക്, എവിടെനിന്നാണ് കിട്ടുക? കൈകൊണ്ട് തലയും താങ്ങി അയാളിരുന്നു. ഇത്രയും നിസ്സഹായത ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. തന്നോടു തന്നെ ദേഷ്യം തോന്നി.

രാജീവൻ അപ്പോഴും കടലാസിനു വേണ്ടി നിൽക്കുകയാണ്. അയാൾ പെട്ടെന്ന് പൊട്ടിത്തെറിച്ചു.

'പോകാനല്ലെ പറഞ്ഞത്. അയാൾ അലറി. നീയും നിന്റെ ഒരു ദിനോസറും. ഇത്ര വൃത്തികെട്ട ഒരു മൃഗത്തിനെയാണോ നിനക്കു കിട്ടിയത്. നിന്റെ ഒരു വളർത്തു മൃഗം! അതിന്റെ മുഖം എത്ര ബീഭത്സമാണെന്നറിയാമോ?'

അവൻ നിശ്ശബ്ദനായി, അയാൾ പറയുന്നതു കേട്ടുനിന്നു. അവന്റെ മുഖം വാടി. അട്ടഹാസം കഴിഞ്ഞപ്പോൾ അവൻ പതുക്കെ അടുക്കളയിലേക്കു പോയി.

അവന്റെ തേങ്ങലുകൾ അയാൾക്കു കേൾക്കാം. അതിനിടയിൽ പരാതികളും.

'എന്റെ ദിനോസർ നല്ല ഭംഗിയുണ്ട്. എന്താണ് ഡാഡി പറയുന്നത് ഭംഗിയില്ലെന്ന്. നോക്കു ഞാൻ വരച്ചിരിക്കുന്നത്. അതു രാത്രി വന്ന് എന്നെ നക്കുന്നുണ്ട്. അതിനിഷ്ടമായതുകൊണ്ടല്ലെ അതു നക്കണത്.'

അയാൾക്കിപ്പോൾ രാത്രികളിൽ ഉറക്കം കുറവായിരിക്കുന്നു. രാജീവന്റെ ദിനോസർ തന്നെ കഷ്ടപ്പെടുത്തുകയാണ്. കണ്ണടച്ചാൽ കാണുന്നത് ഇരുപതടി ഉയരമുള്ള ഒരു ദിനോസറിന്റെ കഴുത്തിൽ കെട്ടിയ കയറിന്റെ അറ്റം പിടിച്ചുകൊണ്ട് ഒരു ചെറിയ കുട്ടി വിജനമായ പാതയിലൂടെ നടന്നകലുന്നതാണ്. ആ മൃഗത്തിന്റെ ഓരോ കാൽവയ്പിലും ഭൂമി ചലിക്കുന്നുണ്ട്. എത്ര നടന്നാലും പാതയുടെ സ്വഭാവത്തിന് മാറ്റമില്ല. ഒരേ മാതിരിയുള്ള അന്തമില്ലാത്ത വഴിയിലൂടെ അവർ നടന്നുനീങ്ങുകയാണ്. അതിനിടയിൽ, അമ്പതിനായിരത്തിന്റെ നഷ്ടമോ, ഒന്നാം തീയതി മുതൽ താമസിക്കാൻ വീടില്ലാത്ത അവസ്ഥയോ ഒന്നും അയാളെ ബാധിക്കുന്നില്ല.

പുതിയ താമസസ്ഥലത്തെപ്പറ്റി രാജീവന് ഉൽക്കണ്ഠയുണ്ട്. ഒരു നിലക്കെട്ടിടമായതുകൊണ്ട് മുകൾഭാഗമില്ല. അവന്റെ കിടപ്പുമുറിയും താഴത്താണല്ലോ. ഇത് അവന്റെ കുട്ടി ദിനോസറിന് വിഷമങ്ങളുണ്ടാക്കുമെന്ന് അവൻ പറയുന്നു. താഴെയുള്ള ജനലിലൂടെ കുനിഞ്ഞുനോക്കുമ്പോൾ അതിന്റെ കഴുത്ത് വേദനിക്കും.

മോഹനൻ പരിഹാരം നിർദ്ദേശിച്ചു. അവന്റെ ജനലിനപ്പുറത്ത് ഒരു വലിയ മൈതാനമാണ്. ദിനോസറിന് അതിന്റെ വയർ നിലത്തമർത്തി കിടക്കാമെന്ന്. അങ്ങിനെയാവുമ്പോൾ കഴുത്ത് വേദനിക്കാതെ തന്നെ അതിന് ജനലിലൂടെ നോക്കാം.

അവന്റെ മുറിയുടെ ജാലകത്തിനപ്പുറത്ത് കൊതുക് ആർക്കുന്ന വൃത്തികെട്ട ഒരു ഓടയും അതിനുമപ്പുറത്ത് വളരെ തിരക്കേറിയ ഒരു ഇടുങ്ങിയ നിരത്തുമാണെന്ന് അവനോട് പറയാൻ കഴിഞ്ഞില്ല.

'നിനക്കു താഴെ നിലയിൽ ജനലിനടുത്ത് കിടക്കാൻ പേടിയാവില്ലെ?' ശൈലജ ചോദിക്കുന്നു.

'എന്തിനാ പേടി?' അവൻ ചോദിക്കുന്നു. 'ഇത്രയും വലിയ ദിനോസർ രാത്രി മുഴുവൻ കാവൽ നില്ക്കുമ്പോൾ കള്ളന്മാർക്ക് അടുത്തുവരാൻ ധൈര്യമുണ്ടാകുമോ?'

രാജീവൻ എന്നും ഒറ്റയ്ക്കാണ് ഉറങ്ങാറ്. അങ്ങിനെയിരിക്കുമ്പോൾ അവൻ ഒരു ദിവസം പുതപ്പും തലയിണയുമായി എത്തുന്നു.

'ഞാനിന്ന് മമ്മിയുടെ ഒപ്പമാണ് കിടക്കുക.'

'ഛീ മമ്മിയുടെ ഒപ്പമോ; പറ്റില്ല.' ശൈലജ പറയുന്നു.

തങ്ങളുടെ പ്ലാൻ എല്ലാം തകരാറിലാവുന്ന ലക്ഷണമാണ്. അയാൾ നയത്തിൽ പറയുന്നു.

'മോൻ പോയി ഉറങ്ങിക്കോ.'

അവൻ വഴങ്ങുന്നില്ല.

'ഞാൻ എന്നും ഒറ്റയ്ക്കല്ലെ കിടക്കാറ്. ഇന്നു മാത്രം മതി.'

അവൻ രണ്ടുവയസ്സുതൊട്ട് ഒറ്റയ്ക്കാണു കിടക്കാറ്.

'ഇന്നെന്താണ് പ്രത്യേകത?' ശൈലജ ചോദിക്കുന്നു.

'ഞാൻ ഹാർഡി ബോയ്സ് മിസ്റ്ററി പുസ്തകം വായിച്ചു.'

'നിന്നോടാരാണ് ഉറങ്ങാൻ കിടക്കുമ്പോൾ അത് വായിക്കാൻ പറഞ്ഞത്?'

'വേറെ പുസ്തകമൊന്നുമുണ്ടായിരുന്നില്ല. മമ്മീ ഞാൻ കുറച്ചുനേരം ഇവിടെ കിടക്കട്ടെ.'

'വേണ്ട വേണ്ട. വല്യ കുട്ടികൾ അമ്മമാരുടെ ഒപ്പല്ല കിടക്കുക. ചീത്ത ശീലമൊന്നും പഠിക്കണ്ട.'

'രാജീവ്, നീ പോയി കിടക്കൂ.' അയാൾ കുറച്ച് കർക്കശമായി പറയുന്നു.

അവൻ ഭയന്നു. സ്വന്തം തലയിണയും പുതപ്പുമായി തിരിച്ച് അവന്റെ കിടപ്പറയിലേക്ക് നടക്കുന്നു. കണ്ണിൽ നിന്നുതിരുന്ന ജലകണങ്ങൾ.

കുറച്ചുനേരം മിണ്ടാതെ കിടന്നശേഷം ശൈലജ പറഞ്ഞു. 'എനിക്ക് തീരെ മൂഡില്ല; നമുക്കവനെ ഒപ്പം കിടത്താമായിരുന്നു. അവനെ വിളിക്കൂ.'

മോഹനൻ ഒന്നും പറയുന്നില്ല. കണ്ണു തുറന്നു മലർന്നു കിടക്കുന്നു. സ്വാമിയെ കണ്ടതോർമ്മ വന്നു. ഒരു ദിവസം മുഴുവൻ തനിക്കാശ തന്ന് അവസാനനിമിഷത്തിൽ തട്ടി മാറ്റിയ കച്ചവടക്കാരനെയും കള്ള ഓർഡറുകൾ കാട്ടി തന്നെ പറ്റിച്ച ദില്ലി സെയിൽസ്മാനെയും ഓർമ്മ വന്നു. കടക്കാരുടെ കത്തുകളും ഭീഷണികളും ഓർമ്മവന്നു.

ഒരു മണിക്കൂർ കഴിഞ്ഞിട്ടുണ്ടാവണം. ശൈലജ ഉറക്കമായിരിക്കുന്നു. അയാൾ എഴുന്നേറ്റ് രാജീവന്റെ മുറിയിൽപോയി ലൈറ്റിട്ടു. അവൻ ഒരു തലയിണ കെട്ടിപ്പിടിച്ച് ഉറങ്ങുകയാണ്. വേറെ നാലു തലയിണകൾ നാലു ഭാഗത്തും. അത് ഒരു കോട്ടയാണെന്നാണ് അവൻ പറയുന്നത്. അതിന് നടുവിൽ കിടക്കുമ്പോൾ അവന് പേടിയാകാറില്ലത്രെ. കെട്ടിപ്പിടിക്കുന്ന തലയിണ എന്താണെന്ന് ചോദിച്ചതിനവൻ മറുപടി പറഞ്ഞില്ല. അതവന്റെ രഹസ്യമാണ്.

തലയണയ്ക്കരികെ അവൻ വരച്ച ദിനോസറിന്റെ ചിത്രം. അതിന്റെ മുഖം ചായംതേച്ച് കൂടുതൽ ഭംഗിയാക്കാൻ ശ്രമിച്ചിരിക്കുന്നു. അയാൾ കുനിഞ്ഞ് രാജീവന്റെ കൗതുകമുള്ള മുഖത്ത് ഉമ്മ വെച്ചു. പിന്നെ ആ മൃദുവായ കവിളിൽ ഒന്നു നക്കി.

ജനലിനപ്പുറത്ത് അവനെ ഉറ്റുനോക്കി നിൽക്കുകയും സ്നേഹം മൂക്കുമ്പോൾ കവിളിൽ നക്കുകയും ചെയ്യുന്ന കുട്ടി ദിനോസറിനോട്ട് അയാൾക്ക് അസൂയ തോന്നി. രാത്രി മുഴുവൻ അങ്ങനെ കാവൽ നിൽക്കുന്ന ഒരു ദിനോസറായെങ്കിലെന്ന് അയാൾ വേദനയോടെ ആശിച്ചു.

— 2 —

## ഒരു ദിവസത്തിന്റെ മരണം

ഫാക്ടറി തുറന്നപ്പോൾ അതിനകത്ത് ആ വലിയ പീഞ്ഞപ്പെട്ടിയുണ്ടായിരുന്നു. ഒരാളുയരത്തിൽ ഇരുമ്പിന്റെ പട്ടയുമായി അത് വാതിലിന്റെ തൊട്ടടുത്ത് ചുമരരികിൽ നിവർന്നു നിന്നു. മുറിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നീണ്ടു കിടക്കുന്ന ഉയരമില്ലാത്ത മേശയ്ക്കു പിന്നിൽ തന്റെ സ്ഥാനത്തു പോയിരുന്ന ശേഷവും കൗസല്യ അതു തന്നെയായിരുന്നു നോക്കിയിരുന്നത്. എന്തായിരിക്കും അതിനുള്ളിൽ? സുപാരിയുണ്ടാക്കുന്ന ആ ഫാക്ടറിയിൽ അടയ്ക്കയും പെരുംജീരകവും നിറച്ച ചാക്കുകളും സുഗന്ധദ്രവ്യങ്ങൾ നിറച്ച ചെറിയ പെട്ടികളും മാത്രമേ അവൾ കണ്ടിരുന്നുള്ളു. ജോലിക്കു വന്നിരുന്ന പെണ്ണുങ്ങളെല്ലാം വാതിൽ കടന്ന ഉടനെ ആ പെട്ടി നോക്കി, പിന്നെ മുറിയുടെ മൂലയിൽ വെച്ച മരത്തിന്റെ റാക്കിൽ ഉച്ചഭക്ഷണമുള്ള വട്ടത്തിലോ, നീളത്തിലോ ഉള്ള അലുമിനിയം പാത്രങ്ങളും വെച്ച് അവരവരുടെ സ്ഥാനത്തു വന്നിരുന്ന് വീണ്ടും ആ പെട്ടി നോക്കി.

ഗോവക്കാരി മറിയ മാത്രം വന്ന ഉടനെ പെട്ടിയുടെ ചുറ്റും നടന്ന് അതിന്റെ മേൽ എഴുതിയിരിക്കുന്നത് വായിച്ചു.

പാക്കിംഗ് മെഷിൻ.

അവൾക്കു മാത്രമേ അവരിൽ ഇംഗ്ലീഷ് അറിയാവൂ. അവൾ മറ്റുള്ളവരെയെല്ലാം നോക്കി ഒരു ചിരിയോടെ തലകുലുക്കി. അതിൽ അപകട സൂചനയുണ്ടായിരുന്നു. അവൾ ഉച്ചഭക്ഷണം അടങ്ങുന്ന പാത്രമുള്ള ചുവപ്പുസഞ്ചി റാക്കിൽ കൊണ്ടുപോയി വെച്ചു. അവളുടെ സ്ഥലത്തു പോയിരുന്നു. മറിയ കൂടുതൽ എന്തെങ്കിലും പറയുമെന്ന ആശയോടെ എല്ലാവരും അവളെ നോക്കി. അവളാകട്ടെ ഒന്നും പറയാതെ മേശയ്ക്കു മുമ്പിലുള്ള പ്ലാസ്റ്റിക് പാത്രങ്ങൾ ഒരുക്കി വെക്കുകയാണ്.

ആർക്കും മറിയയെ ഇഷ്ടമായിരുന്നില്ല. അവളുടെ തണ്ടു കാരണം. പക്ഷെ, ചില കാര്യങ്ങളിൽ അവളുടെ സഹായം ആവശ്യമാണ്. സേട്ട് അവരെക്കൊണ്ട് വല്ല കടലാസും ഒപ്പിടുവിക്കുമ്പോൾ അതു വായിച്ച് അവരെ മനസ്സിലാക്കിപ്പിക്കാൻ, അതുപോലെ സേട്ട് ടെലിഫോണിൽ ആരോടെങ്കിലും ഇംഗ്ലീഷിൽ സംസാരിക്കുമ്പോൾ അതിൽ അപവാദകരമായ എന്തെങ്കിലുമുണ്ടെങ്കിൽ അതവരോട് ഉച്ചയ്ക്കു ഭക്ഷണസമയത്ത് കുശുകുശുത്ത് പറയാൻ, എല്ലാം മറിയയുടെ സഹായം ആവശ്യമാണ്.

മറിയയുടെ അടുത്തിരുന്ന ദേശ് പാണ്ഡെയാണ് ആദ്യം ചോദിച്ചത്.

'എന്താണ് ആ പെട്ടിയിൽ?'

'മെഷിൻ.'

'എന്തു മെഷിൻ?'

'പാക്കിംഗ് മെഷിൻ.' മറിയ തല കുലുക്കിക്കൊണ്ടു പറഞ്ഞു. 'സുപാരി പാക്കു ചെയ്യാൻ കാന്തിഭായി മെഷിൻ വാങ്ങിയിരിക്കുന്നു.'

ഒരു നല്ല കാര്യമല്ലെ എന്ന മട്ടിൽ എല്ലാവരും അത്യോ? എന്നു പറഞ്ഞു.

'ഇതിനർത്ഥമെന്താണെന്നറിയുമോ?'

വീണ്ടും അപകടസൂചന. എല്ലാവരും മറിയയെ നോക്കി.

'നമ്മുടെയെല്ലാം ജോലി പോകുമെന്നർത്ഥം. ആരും സന്തോഷിക്കുകയൊന്നും വേണ്ട.'

മുറിയിൽ നിശ്ശബ്ദത. മുമ്പിൽ മേശമേൽ വെച്ച പ്ലാസ്റ്റിക് തട്ടുകൾ ഒതുക്കിവെച്ച് കൗസല്യ ജോലി ചെയ്യാൻ തുടങ്ങി. ഫാക്ടറി തുറക്കുന്നതിനു മുമ്പുതന്നെ സൂപ്പർവൈസർ പയ്യൻ മേശമേലുള്ള തട്ടുകളിൽ അടയ്ക്കക്കഷ്ണങ്ങളും, പെരുംജീരകം, പഞ്ചസാര ഗുളികകൾ എന്നിവയും നിറച്ചു വെച്ചിരുന്നു. അതുപോലെ മേശവലിപ്പുകളിൽ കടലാസിന്റെ കൊച്ചു പാക്കറ്റുകളുടെ കെട്ടുകളും. അവ ചുവപ്പും നീലയും നിറത്തിൽ അച്ചടിച്ച ഭംഗിയുള്ള ഉറകളാണ്. ഓരോ തട്ടിൽ നിന്നും ആവശ്യമനുസരിച്ച് സാധനങ്ങൾ എടുത്ത് ഉറയിൽ നിറച്ച് വലതു വശത്തു വെച്ച നനവുള്ള സ്പോഞ്ചിൽ പശയുള്ള ഭാഗം വെച്ചമർത്തി അടുക്കുക. ഒരു മാസത്തെ പ്രാക്ടീസുള്ളതുകൊണ്ട് അവൾക്ക് അത് വളരെ വേഗത്തിൽ ചെയ്യാൻ പറ്റും. വൈകുന്നേരം കൂലി വാങ്ങുമ്പോഴേയ്ക്ക് സൂപ്പർവൈസർ ഓരോരുത്തരുടെയും മുമ്പിലുള്ള പാക്കറ്റുകൾ എണ്ണി കണക്കെഴുതി വെച്ചിരിക്കും. ദിവസക്കൂലി അഞ്ചുറുപ്പിക കിട്ടാൻ രണ്ടായിരം പാക്കറ്റ് ചുരുങ്ങിയത് ഒരാൾ ഉണ്ടാക്കണം. അതിനു മീതെ ഉണ്ടാക്കിയാൽ നൂറു പാക്കറ്റിന് പത്തു പൈസ വീതം വെച്ച് തരും. അതു വിഷമമുള്ള കാര്യമാണ്, കാരണം രണ്ടായിരം പാക്കറ്റുതന്നെ ഒരു മാതിരി ഉണ്ടാക്കിത്തീരുക അഞ്ചുമണിയോടുകൂടിയാണ്. പിന്നെ അരമണിക്കൂറിനുള്ളിൽ അധികമൊന്നും ഉണ്ടാക്കാൻ പറ്റില്ല. വല്ലാതെ ക്ഷീണിച്ചിരിക്കും. മിക്കവാറും ദിവസങ്ങളിൽ എക്സ്ട്രാ ആയികിട്ടുന്നത് ഇരുപതോ മുപ്പതോ പൈസയായിരിക്കും.

പുതുതായി വന്ന മെഷിൻ തന്റെ ജോലി കളയുമോ എന്ന പേടി കൗസല്യക്കുണ്ടായി. ഭർത്താവിന്റെ ജോലി ഒരു മാതിരി പോയ മട്ടാണ്. ഫാക്ടറിയിൽ ഒന്നര മാസമായി ലോക്കൗട്ടാണ്. അവൾ ഈ ജോലി സ്വീകരിക്കാനുള്ള ഒരു കാരണം അതാണ്. ഈ ജോലിയും പോയാൽ കാര്യം വിഷമം തന്നെയാവും.

ഒരു മാതിരി എല്ലാ സ്ത്രീകളും അതു തന്നെയാണ് ആലോചിച്ചിരുന്നതെന്നു തോന്നുന്നു. എല്ലാവരും നിശ്ശബ്ദരായി ജോലിയിലേർപ്പെട്ടിരിക്കയാണ്.

പുറത്ത് സേട്ടിന്റെ കാറിന്റെ ഹോൺ കേട്ടു. സൂപ്പർവൈസർ പയ്യനെ വിളിക്കാനുള്ളതാണ്. പയ്യൻ പുറത്തു പോയി. ഇനി സേട്ടിന്റെ പിന്നിൽ, പെട്ടിയോ മറ്റു വല്ല പാക്കറ്റുകളോ ഏറ്റി നടന്നു വരും.

സേട്ട് വാതിൽ കടന്നു വരുന്നത് കൗസല്യ കണ്ടു. ചെറുപ്പക്കാരനായ കാന്തിലാൽ വരുമ്പോഴെല്ലാം അവളെ നോക്കാറുള്ളത് അവൾ ശ്രദ്ധിക്കാറുണ്ട്. അതുപോലെ ഇടയ്ക്കിടയ്ക്ക് അയാളുടെ മുറിയിൽ നിന്ന് പുറത്തിറങ്ങിയാലും അവളെ നോക്കാറുണ്ട്. അങ്ങിനത്തെ അവസരങ്ങളിലെല്ലാം അവൾ ഒരു ജന്മവാസനക്കൊത്തെന്ന പോലെ ഉതിർന്നു പോയ സാരി കയറ്റിയിട്ട് മാറു മറയ്ക്കാറുണ്ട്. മാംസളമായ

ഭാഗങ്ങൾ ആവും വിധം മറച്ചു പിടിച്ചുകൊണ്ട് കഴിയുന്നത്ര ഒതുക്കത്തോടെയാണ് അവൾ വസ്ത്രം ധരിക്കാറ്. അവൾ സ്വതവേ കുറച്ചു തടിയുള്ള കൂട്ടത്തിലാണ്. വസ്ത്രത്തിൽ കുറച്ചു ശ്രദ്ധിച്ചില്ലെങ്കിൽ ദേഹം വളരെ മാംസളമായി തോന്നും.

സേട്ടിന്റെ മുറിയിൽ ഫോൺ ശബ്ദിച്ചു. സേട്ട് സംസാരിക്കാൻ തുടങ്ങി. ഇംഗ്ലീഷിലാണ്. അവൾ മറിയയെ നോക്കി. മറിയ പെട്ടെന്നു നിവർന്നിരുന്ന് ചെവി വട്ടം പിടിച്ചു.

സംഗതികൾ ഗൗരവമാവാൻ പോകുകയാണെന്ന മട്ടിൽ മറിയ തലാട്ടി. അടുത്തിരുന്ന ദേശ് പാണ്ഡെ അവളോട് എന്തോ ചോദിക്കുന്നത് കൗസല്യ കണ്ടു. ഉച്ചയ്ക്ക് പറയാമെന്ന മറിയയുടെ ഉത്തരവും. കാന്തിഭായിയുടെ ഫോണിലുള്ള സംസാരം നിന്നപ്പോൾ അവർ വീണ്ടും ജോലിയിൽ മുഴുകി. വളരെ സാവധാനത്തിലെ ജോലി നീങ്ങിയുള്ളു. കൈ വഴങ്ങുന്നില്ല. ഒരു വലിയ ഭീഷണി, ഒരു പീഞ്ഞപ്പെട്ടിക്കുള്ളിലെ യന്ത്രത്തിന്റെ രൂപത്തിൽ അവരുടെ മുമ്പിൽ നിലകൊണ്ടു.

കൗസല്യ മറ്റു വഴികളെപ്പറ്റി ആലോചിക്കുകയായിരുന്നു. ഈ ജോലി നഷ്ടപ്പെട്ടാൽ എന്താണു ചെയ്യുക? കുറച്ചെന്തെങ്കിലും, കിട്ടിയാൽ മതി. ഭർത്താവിന് കുടി, പുകവലി മുതലായ ദുശ്ശീലങ്ങളൊന്നുമില്ലാത്തതുകൊണ്ട് ചെറിയ വരുമാനത്തിലും ജീവിക്കാം.

വേറെയും സുപാരി കമ്പനികൾ ആ കെട്ടിടത്തിലുണ്ട്. ഒന്നാം നിലയിലാണെന്നാണ് പറയുന്നത്. അവിടെ പോയി അന്വേഷിക്കണം. എവിടെയെങ്കിലും കിട്ടാതിരിക്കില്ല. എവിടെയും കിട്ടിയില്ലെങ്കിൽ അവൾ വല്ല വീട്ടുപണിക്കും പോവും. ഭർത്താവിന്റെ ഫാക്ടറിയിൽ ലോക്കൗട്ടാണെന്നറിഞ്ഞപ്പോൾ അവൾ ആദ്യം തീർച്ചയാക്കിയത് വീട്ടുവേല ചെയ്യാനായിരുന്നു. ഒരു വീട്ടിൽ രാവിലെ ഒരു മണിക്കൂർ ജോലി ചെയ്താൽ മാസത്തിൽ മുപ്പതു മുതൽ നാൽപ്പതുറുപ്പികവരെ ശമ്പളം കിട്ടും. ചിലപ്പോൾ ഭക്ഷണവും തരമായെന്നും വരും. അങ്ങിനെ മൂന്നു വീടുകളിൽ ജോലി കിട്ടിയാൽ ഇപ്പോൾ കിട്ടുന്ന വരുമാനം ഉണ്ടാവും. ഈ ഫാക്ടറിയിൽ ദിവസം അഞ്ചുറുപ്പിക പ്രകാരം മാസം നൂറ്റിഇരുപത്തഞ്ചുറുപ്പിക കിട്ടും. അതിൽ ട്രെയിൻ സീസൻ ടിക്കറ്റിനു തന്നെ പതിമൂന്നുറുപ്പിക പോകും. ഒരു ചായപോലും കമ്പനിയിൽ നിന്നു വെറുതെ കിട്ടുകയില്ല.

പക്ഷെ, ഭർത്താവിന്നതിഷ്ടമല്ലായിരുന്നു. വീട്ടു വേലക്കു പോകുന്നത് എന്തോ തന്റെ സ്ഥിതിക്കു മോശമാണെന്നാണയാളുടെ അഭിപ്രായം. അയാളുടെ കുടുംബത്തിൽ ആരും ഇത്രയും താഴ്ന്ന പണിക്കു പോയിട്ടില്ല.

അവൾക്കതിനോടു യോജിക്കാൻ കഴിഞ്ഞില്ല. ജീവിക്കാൻ വേണ്ടി എന്തു ജോലിയും ചെയ്യാൻ അവൾക്കു മടിയുണ്ടായിരുന്നില്ല. മകനെ പട്ടിണിയിടുന്നതിലും എത്രയും അഭിമാനകരമാണ് എന്തെങ്കിലും ഒരു ജോലി ചെയ്യുന്നത്. അതു മറ്റുള്ളവരുടെ പാത്രം മോറുകയായാലെന്ത്. ഒരു ഫാക്ടറിയിൽ പോകുകയായാലെന്ത്? ജീവിക്കുക വിഷമം പിടിച്ച കാര്യമാണ്. അതിനു വേണ്ടി ഇരക്കുകയും കക്കുകയും കൂടി ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. പക്ഷെ, അവൾ ഭർത്താവിനോട് തർക്കിച്ചിരുന്നില്ല.

ഉച്ചക്കു ഭക്ഷണം കഴിക്കുമ്പോൾ മറിയ പറഞ്ഞു.

'നമ്മുടെയെല്ലാം ജോലി അധികനാളുണ്ടാവുമെന്നു തോന്നുന്നില്ല.'

എല്ലാവരും ലഞ്ചുപാത്രങ്ങളുമായി മറിയക്കു ചുറ്റും കൂടിയിരുന്നു.

'ഈ മെഷിൻ എന്തിനാണെന്നറിയുമോ? സുപാരി പാക്ക ചെയ്യാൻ. ഓട്ടോമാറ്റിക് ആണ്. എന്നു വെച്ചാൽ നമ്മൾ കൈ കൊണ്ടു ചെയ്യുന്ന പണിയെല്ലാം മെഷിൻ ചെയ്യുമെന്നർത്ഥം. അതും ഭയങ്കര വേഗത്തിൽ. നമ്മൾ പന്ത്രണ്ടു പേർകൂടി ഒരു ദിവസം മുഴുവൻ ചെയ്യുന്ന പണി ഈ മെഷിൻ അതിൽ പകുതി സമയത്തിനുള്ളിൽ ചെയ്യും.'

എല്ലാ സ്ത്രീകളുടെയും കണ്ണുകൾ വിടർന്നു. അവർ അങ്ങിനെ ഒരു കാര്യത്തെപ്പറ്റി ആലോചിച്ചിട്ടു കൂടി ഉണ്ടായിരുന്നില്ല. മറിയ തുടർന്നു.

'ഞാൻ മുമ്പ് ജോലിയെടുത്തിരുന്നിടത്തും അവർ ഇങ്ങിനെ ഒരു മെഷിൻ വെച്ചു. മെഷിന്റെ മുകളിൽ നാലഞ്ചറകളുണ്ട്. അതിൽ ഓരോന്നിൽ ഓരോ സാധനങ്ങൾ ഇടും. ഒന്നിൽ അടയ്ക്ക, ഒന്നിൽ പെരുംജീരകം. അങ്ങിനെ ഓരോന്ന്. ചുവട്ടിൽ ഒരു കള്ളിയിൽ കടലാസു് ഉറകളും. അത് ഓരോന്നോരോന്നായി ഒരു സ്ഥലത്തെത്തിയാൽ അതിലേയ്ക്ക് മുകളിൽ നിന്ന് എല്ലാം കൂടി ചേർന്ന മിക്സചർ വീഴുന്നു. പിന്നെ തന്നത്താൻ ഉറകൾ അടച്ച് വേറൊരു സ്ഥലത്ത് വീഴുന്നു. എന്തൊരു രസമാണെന്നോ കാണാൻ! അവിടെ ഈ മെഷിൻ തുടങ്ങിയപ്പോൾ എല്ലാവരും സന്തോഷിച്ചു. പക്ഷെ, ഒരാഴ്ചക്കകം ഇരുപതു പേരിൽ പതിനാറു പേരുടെയും ജോലി നഷ്ടപ്പെട്ടു.'

എല്ലാവരുടെയും മുഖം താണു.

'കാന്തിഭായി എന്താണ് പറഞ്ഞതെന്നറിയുമോ? ഈ മെഷിൻ വിറ്റ കമ്പനിയിൽ നിന്നാണ് ഫോൺ വന്നത്. നാളെ ഞായറാഴ്ച ഫാക്ടറി തുറക്കുമോ എന്നന്വേഷിക്കാനാണവർ ഫോൺ ചെയ്തത്. ഈ മെഷിൻ സ്ഥാപിച്ച സ്റ്റാർട്ടാക്കാൻ മെക്കാനിക്കിനെ അയക്കാനാണ്. നാളെ വരാൻ ആവശ്യപ്പെട്ടിട്ടുണ്ട് കാന്തിഭായ്. അപ്പോൾ തിങ്കളാഴ്ച വന്നാൽ ജോലിയുണ്ടാകുമോ എന്ന് കണ്ടറിയണം.'

സ്ത്രീകൾ ശരിയ്ക്കും തളർന്നിരുന്നു. ഓരോരുത്തരും അവനവന്റെ കഷ്ടപ്പാടുകൾ ആലോചിക്കുകയായിരുന്നു. ഒന്നുമില്ലാത്തതിനേക്കാൾ ഭേദമാണ് ഈ അഞ്ചുറുപ്പിക. പട്ടിണിയില്ലാതെ നാളുകൾ നീക്കാം. ആ പണവും ഒരു ദിവസം പെട്ടെന്നു നിന്നാൽ!.

കൗസല്യയ്ക്ക് പരിപ്പും റൊട്ടിയും മുഴുവൻ തിന്നാൻ പറ്റിയില്ല. അവൾ ഭർത്താവിനെപ്പറ്റി ആലോചിക്കുകയായിരുന്നു. ഫാക്ടറിയിൽ ലോക്കൗട്ടു തുടങ്ങിയ ശേഷം അയാളുടെ ആരോഗ്യവും വളരെ മോശമായിവന്നു. ഏതു സമയവും ചുമ മാത്രം. ദേഹവും ദിനം പ്രതി ക്ഷീണിച്ചുവരുന്നുണ്ട്. മാറിലെ എല്ലുകൾ പെറുക്കിയെടുക്കാം. ഒരു ഡോക്ടറെ കാണാൻ താൻ കുറെ ദിവസമായി പറയുന്നു. കേൾക്കണ്ടെ. മഞ്ഞുകൊണ്ടിട്ടാണ് ചുമയെന്നാണ് പറയുന്നത്. പണമില്ലെന്നതാണ് ഉള്ളിൽ.

സൂപ്പർവൈസർ കാമ്പ്ളെ ബെല്ലടിച്ചു. ജോലി തുടങ്ങാനുള്ളതാണ്. യാന്ത്രികമായി കൈകൾ ചലിച്ചു. മുമ്പിൽ സുപാരി പാക്കറ്റുകൾ കുന്നുകൂടി വന്നു. അങ്ങിനെയിരിക്കെ ഇടതു വശത്തു നിന്ന് ഒരു തേങ്ങൽ കേട്ട് കൗസല്യ നോക്കിയപ്പോൾ ലക്ഷ്മി ഒന്നും ചെയ്യാതെ കരയുകയായിരുന്നു.

'എന്തിനാണ് കരയുന്നത്?'

'ഒന്നുമില്ല.'

ലക്ഷ്മി താവ്ടെ വിധവയാണ്. ഭർത്താവ് ഫാക്ടറിയിലെ ഒരപകടത്തിൽ മരിച്ചു. നാലു മക്കളുണ്ട്. വളരെ സാധുവായ സ്ത്രീ.

'കരയേണ്ട.'

അവർ ജോലി വീണ്ടും തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ലക്ഷ്മി പറയുന്നതു് കൗസല്യ കേട്ടു.

'കൗസു, ഞാൻ നിനക്കു് എട്ടുറുപ്പിക തരാനുണ്ടു്. അതെങ്ങിനെയാണു് തരാന്നറിയില്ല.'

പലപ്പോഴായി ഒരുറുപ്പികയോ, എട്ടണയോ ആയി വാങ്ങിയിട്ടുള്ളതാണു്.

'അതൊന്നും സാരമില്ല ദീദി. ഞാൻ അതൊന്നും തിരിച്ചു ചോദിച്ചില്ലല്ലൊ.'

അങ്ങിനെ പാക്കിംഗ് മെഷിൻ ഒരു ഭീഷണിയായി മുമ്പിൽ നിൽക്കെ വൈകുന്നേരമായി. അഞ്ചരക്കുള്ള ബെല്ലടിച്ചപ്പോൾ എല്ലാവരും എഴുന്നേറ്റു, മരത്തിന്റെ റാക്കിൽ നിന്നു് അവനവന്റെ സഞ്ചികൾ എടുത്തു.

കാന്തിലാൽ തന്നെയാണു് കൂലി കൊടുത്തിരുന്നതു്. അയാൾ മുറിയ്ക്കു പുറമെ ഇട്ട മേശയ്ക്കു പിന്നിൽ ഇരുന്നു് മുമ്പിലുള്ള പുസ്തകത്തിൽ നോക്കി ഓരോരുത്തരുടെ പേരായി വിളിക്കാൻ തുടങ്ങി. പേരിന്റെ ഉടമസ്ഥകൾ മേശയ്ക്കരുകിൽ വരുമ്പോൾ അയാൾ കൂലിയും എക്സ്ട്രാപണിയെടുത്തതിനുള്ള പണവും കൊടുക്കും. പ്രതീക്ഷിച്ചത്ര ഉൽപ്പാദിക്കാത്തവരെ ശകാരിക്കുകയും ചെയ്യും.

നാലാമതാണു് കൗസല്യയുടെ പേർ. മൂന്നാമത്തെ ആൾ കൂലി വാങ്ങിയപ്പോൾ കൗസല്യ മുമ്പിലേക്കു നിന്നു. പക്ഷെ, അവളുടെ പേരിനു പകരം കാന്തിലാൽ വിളിച്ചതു് മറിയയുടെ പേരായിരുന്നു. മറിയ ഡിസിൽവയും കൂലി വാങ്ങിപ്പോയി. പിന്നെ അടുത്ത ആൾ, പിന്നെ അതിനടുത്ത ആൾ. ഓരോരുത്തരും പണം കിട്ടേണ്ടതാമസം പുറത്തിറങ്ങി ഓട്ടം തുടങ്ങി. ആർക്കും ആരേയും കാത്തു നിൽക്കാൻ ഇടയില്ല. സ്റ്റേഷൻ വരെ ഒരു മാതിരി ഓട്ടം തന്നെയാണു്.

കൗസല്യ മാറി നിന്നു. ഒന്നുകിൽ സേട്ടിനു് തെറ്റിയിട്ടുണ്ടു്. അല്ലെങ്കിൽ അയാൾ പേരുകളുടെ ക്രമം മാറ്റിയിട്ടുണ്ടു്. പതിനൊന്നാമത്തെ സ്ത്രീയും കൂലി വാങ്ങിപ്പോയി. ഇപ്പോൾ കാന്തിലാലും കൗസല്യയും ഒറ്റയ്ക്കായി. സൂപ്പർവൈസറെയും കാണാനില്ല. അവൾക്കു കുറച്ചു പരിഭ്രമം തുടങ്ങി.

കാന്തിലാൽ തലയുയർത്തി അവളെ നോക്കി ചിരിച്ചു.

'എന്റെ കൂലി കിട്ടിയില്ല.'

'നിന്റെ കണക്കുകൾ ശരിയായിട്ടില്ല. കാമ്പ്ളെ വരട്ടെ. ഞാനവനെ ബൈഖലയ്ക്കു് പറഞ്ഞയച്ചിരിക്കുകയാണു്.'

'അവൻ വരാൻ വൈകില്ലെ?'

'ഇല്ല. അവൻ സൈക്കിളെടുത്താണു് പോയിട്ടുള്ളതു്.'

കാന്തിലാൽ അയാളുടെ മുറിയിലേക്കു പോയി. കൗസല്യ അവിടെ മേശയ്ക്കരുകിൽ നിന്നു. അഞ്ചു മിനിറ്റു കഴിഞ്ഞപ്പോൾ കാന്തിലാൽ വാതിൽ കുറച്ചു തുറന്നുകൊണ്ടു് അവളെ വിളിച്ചു. അകത്തേക്കു തന്നെ പോയി. കൗസല്യ വാതിൽ തുറന്നു പിടിച്ചു ചോദിച്ചു.

'എന്താ?'

'അകത്തു വരു.'

അവൾ അറച്ചറച്ചു് അകത്തു് കടന്നു. അയാളുടെ മുറിയിലേയ്ക്കു് അവൾ ഇതുവരെ കടന്നിട്ടുണ്ടായിരുന്നില്ല. അതിലെ ആഡംബരം ആദ്യമായി അവളുടെ കണ്ണുകൾ വി

ടർത്തി. അയാൾക്കെതിരെയുള്ള ചുമരിനോടടുത്തിട്ട സോഫ ചൂണ്ടിക്കാട്ടി അയാൾ പറഞ്ഞു.

'ഇരുന്നോളൂ. അങ്ങിനെ നിൽക്കണ്ട.'

'വേണ്ട സേട്ട്, ഞാൻ നിന്നോളാം.'

കാന്തിഭായ് ആരോടും ഇത്ര ലോഗ്യത്തിൽ സംസാരിക്കുന്നതവൾ കേട്ടിട്ടില്ല. അവൾക്ക് വളരെ വിഷമം തോന്നി.

'ഞാനൊരു മെഷിൻ വാങ്ങിയിട്ടുണ്ട്. കാന്തിലാൽ പറഞ്ഞു. ഓട്ടമാറ്റിക് പാക്കിംഗ് മെഷിനാണ്. നമ്മുടെ മുകളിൽ നാനുഭായിയുടെ ഫാക്ടറിയിലുണ്ട്, അങ്ങിനത്തെ മെഷിൻ. നല്ല സ്പീഡുള്ള മെഷിനാണ്. അതു പ്രവർത്തിക്കാൻ തുടങ്ങിയാൽ എനിക്കിപ്പോഴുള്ള ജോലിക്കാരിൽ കാൽഭാഗം പേർ മാത്രമെ വേണ്ടിവരു.'

തനിക്കറിയാമെന്ന അർത്ഥത്തിൽ കൗസല്യ തലയാട്ടി.

'എന്തുകൊണ്ട് നിനക്കിരുന്നുകൂടാ? വേറെ ആരും കാണാനൊന്നും പോകുന്നില്ലല്ലൊ. പിന്നെ എന്താണ് നിനക്ക് നാണം?'

കൗസല്യ പതുക്കെ സോഫയുടെ ഒരരുകിൽ ഇരുന്നു. വളരെ പതുപതുത്ത സോഫ. അവൾക്കു വളരെ പരിഭ്രമം തോന്നി.

'ആരെയൊക്കെയാണ് പിരിച്ചു വിടേണ്ടതെന്ന് ഞാൻ തീർച്ചയാക്കിക്കഴിഞ്ഞു.'

കൗസല്യ ശ്വാസം പിടിച്ചു.

'നിന്നെ വെക്കാൻ തന്നെയാണ് നിശ്ചയിച്ചിരിക്കുന്നത്.'

അവളുടെ ശ്വാസം വീണു.

'നിനക്ക് ഒരു മാസത്തെ പരിചയമെ ഉള്ളുവെങ്കിലും നന്നായി ജോലി ചെയ്യുന്നുണ്ട് എന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു.'

അവൾക്ക് കുറച്ചൊരു ആത്മവിശ്വാസം വന്നു. ഒരു പക്ഷെ, വേറെ ചീത്ത ആവശ്യങ്ങൾക്കൊന്നുമായിരിക്കില്ല സേട്ട് തന്നെ വിളിച്ചിരിക്കുന്നത്.

'നമ്മളിവിടെ ഇരുന്നു സംസാരിച്ചാൽ പുറത്താരെങ്കിലും വന്ന് വല്ല സാധനങ്ങളും എടുത്താൽ അറിയില്ല.'

കാന്തിലാൽ എഴുന്നേറ്റ് പുറത്തു പോയി. പുറത്തെ വാതിൽ അടച്ചു കുറ്റിയിടുന്ന ശബ്ദം കേട്ടു. അവൾ പെട്ടെന്ന് എഴുന്നേറ്റു. എവിടെയോ എന്തോ കുഴപ്പമുണ്ടെന്ന തോന്നൽ അവൾക്ക് അടക്കാൻ പറ്റിയില്ല. കാന്തിലാൽ വന്നപ്പോൾ അവൾ നിൽക്കുകയായിരുന്നു. അയാൾ പറഞ്ഞു.

'എന്തിനാണ് എഴുന്നേറ്റത്? ഇരിക്കു.'

'ഞാൻ പോട്ടെ. കൂലി തിങ്കളാഴ്ച വാങ്ങാം.'

കൂലി അന്നുതന്നെ കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു; അവൾക്ക് കാരണം പിറ്റേന്ന് ഞായറാഴ്ചയാണ്. പോരാത്തതിന് ഭർത്താവിനെ അടുത്തുള്ള ഡോക്ടറുടെ അടുത്തു കൊണ്ടുപോയി കാണിക്കണമെന്നുമുണ്ടായിരുന്നു. കയ്യിൽ മൂന്നുറുപ്പികയുണ്ട്. ഇന്നത്തെ അഞ്ചുംകൂടി കിട്ടിയാൽ അതിനു മതിയാവും.

'ഒരഞ്ചു മിനിറ്റിനകം കാമ്പ്ളെ വരും. ഇരിക്കു.'

അവൾ ഇരുന്നു. കാന്തിലാൽ തന്റെ തിരിയുന്ന കസേരയിലേക്കു പോകാതെ സോഫയുടെ തന്നെ മറ്റൊരരുകിൽ ഇരുന്നു. കൗസല്യ അയാളിൽ നിന്നകന്ന് കുറച്ചുകൂടി അരുകിലേക്കു നീങ്ങിയിരുന്നു.

'എന്തിനാണ് പേടിക്കുന്നത്?' കാന്തിലാൽ ചോദിച്ചു. 'ഞാൻ നിന്നെ ബലാൽസംഗം ചെയ്യാനൊന്നും പോകുന്നില്ല. നിന്റെ പരിപൂർണ്ണ സമ്മതമില്ലാതെ ഞാൻ ഒന്നും ചെയ്യില്ല.'

'അല്ല സേട്ട് എനിയ്ക്കു പോകണം. എന്റെ ഭർത്താവ് സുഖമില്ലാതെ കിടക്കുകയാണ്.'

'എന്താണ് അസുഖം?'

'ചുമ. കുറെ ദിവസമായി തുടങ്ങിയിട്ട്.'

'നാളെ രാവിലെത്തന്നെ ഡോക്ടറുടെ അടുത്ത് കൊണ്ടുപോകണം.' കാന്തിലാൽ പറഞ്ഞു. 'പണത്തിന്റെ കാര്യത്തിലൊന്നും വിഷമിക്കണ്ട.'

'അപ്പോൾ ഞാൻ തീർച്ചയാക്കിയതിങ്ങനെയാണ്. നാലു പെണ്ണുങ്ങളെ മാത്രമെ വെക്കുന്നുള്ളു. നിന്നെ, ലക്ഷ്മി താവ്ടെയെ, പാവം അവരുടെ ഭർത്താവു മരിച്ചുപോയി. പിന്നെ അൻസൂറ, പിന്നെ മറ്റെ ആ പെണ്ണില്ലെ, മറിയയുടെ അപ്പുറത്തിരിക്കാറുള്ളത്. അതിനെയും. ബാക്കി എല്ലാവരേയും ചൊവ്വാഴ്ച മുതൽ വിടുകയാണ്.'

ലക്ഷ്മി താവ്ടെ എന്ന പേർ കേട്ടപ്പോൾ കൗസല്യയ്ക്കു സമാധാനമായി. പകൽ ജോലിയെടുത്തു കൊണ്ടിരിക്കുമ്പോൾ ലക്ഷ്മി കരഞ്ഞിരുന്നതവൾ ഓർത്തു. പാവം. അവൾക്ക് ജോലി നഷ്ടപ്പെട്ടില്ല. മറ്റു പലരുടെയും വിധി പകൽതന്നെ ഏകദേശം അറിഞ്ഞിരുന്നതിനാലും ലക്ഷ്മിയ്ക്കു ജോലി നഷ്ടപ്പെട്ടിട്ടില്ല എന്നതിനാലും അവൾക്ക് കാന്തിലാലിനെ വെറുക്കാൻ പറ്റിയില്ല.

'നിന്റെ ഭർത്താവ് എന്താണ് ചെയ്യുന്നത്?'

'ഒരു ഫാക്ടറിയിൽ മെഷിന്റെ ജോലിയാണ്.'

'ഏതു ഫാക്ടറി?'

'പേരറിയില്ല സേട്ട്. പക്ഷെ, അതു പൂട്ടിക്കിടക്കുകയാണ്.'

'എപ്പോൾ മുതൽ?'

'ഒന്നര മാസമായി.'

'എന്തുകൊണ്ട് നീ ഇതുവരെ എന്നോടു പറഞ്ഞില്ല? ഞാൻ സഹായിക്കുമായിരുന്നല്ലൊ.'

'നേരം വൈകുന്നു സേട്ട്, എനിയ്ക്കു പോകണം.'

പെട്ടെന്ന് അവളുടെ കയ്യിൽ എന്തോ കണ്ടപോലെ അയാൾ ചോദിച്ചു.

'എന്താണ് നിന്റെ കയ്യിൽ ഒരു നിറം?'

അവൾ വലത്തെ കൈ മലർത്തിക്കാണിച്ചു.

വലത്തെ കയ്യിന്റെ വിരലിന്മേൽ നിറയെ കടുംതവിട്ടു നിറം. അവളുടെ കൈയിന്റെ നിറത്തിൽ വളരെ വിലക്ഷണമായി ആ കറ തെളിഞ്ഞു നിന്നു.

'നോക്കട്ടെ എന്താണതെന്ന്?'

അവളുടെ അടുക്കലേക്ക് നീങ്ങിയിരുന്നുകൊണ്ട് അയാൾ പെട്ടെന്നവളുടെ കൈ പിടിച്ചു.

'എന്താണിത്?'

'അത് സുപാരിയുടെ കറയാണ്.'

'ഓഹോ.' കൈ വിടാതെതന്നെ കാന്തിലാൽ പറഞ്ഞു. 'നിന്റെ ഉരുണ്ടു ഭംഗിയുള്ള കൈകൾ ഇങ്ങിനെ കേടുവരുത്താൻ പാടില്ല. ഞാൻ അതിനൊരു വഴിയുണ്ടാക്കാം.'

അവൾക്കൊരു നിർവ്വികാരത തോന്നി. താൻ എന്താണ് കൈ വലിക്കാതിരിക്കാൻ എന്ന് അവൾ അത്ഭുതപ്പെടുകയായിരുന്നു.

'ഞാൻ നിന്നെ മെഷിനിൽ ജോലിക്കാക്കാം. അതിൽ ഓരോ മണിക്കൂർ കൂടുമ്പോൾ സുപാരി നിറയ്ക്കുകയേ വേണ്ടു. അതു മാതിരി സൂപ്പർവൈസറുടെ ജോലിയും നീ ചെയ്യണം. കാമ്പ്ളയെ ഞാൻ പുറത്തെ പണിക്ക് പറഞ്ഞയക്കാൻ പോവുകയാണ്. നിനക്കു ഞാൻ അവനു കൊടുക്കുന്ന ശമ്പളം തരാം.'

കാന്തിലാൽ സാവധാനത്തിൽ പുരോഗമിക്കുന്നുണ്ടായിരുന്നു. ഇടത്തെ കൈ കൊണ്ട് കൗസല്യയുടെ കൈ പിടിച്ച് വലത്തെ കൈ അവളുടെ അരക്കെട്ടിലൂടെ ഇട്ട് അയാൾ അവളെ തന്നിലേയ്ക്കടുപ്പിച്ചിരുന്നു. അവൾ അനങ്ങാതെ യാതൊരു ചേഷ്ടകളും കാണിക്കാതെ ഇരുന്നു. അവൾ ആലോചിയ്ക്കുകയായിരുന്നു. അവൾക്ക് വേണമെങ്കിൽ പ്രതിഷേധിക്കാം, കുതറി നോക്കാം. ഒരു പക്ഷെ, ഓടി രക്ഷപ്പെടാൻ കഴിഞ്ഞെന്നു വരും. അതിനിടയ്ക്ക് അവൾ എപ്പോഴും ചുമച്ചുകൊണ്ടിരിക്കുന്ന ഭർത്താവിനെ ഓർത്തു, മകനെ ഓർത്തു. ഇപ്പോൾ കിട്ടുന്ന അഞ്ചുറുപ്പികയും നിന്നാലുള്ള സ്ഥിതി ഓർത്തു. പിന്നെ തന്റെ ദേഹത്തു നടക്കുന്ന കാര്യങ്ങളോടവൾക്ക് ഒരു നിസ്സംഗത തോന്നി. വേറൊരു സ്ത്രീയെയാണ് കാന്തിലാൽ നഗ്നയാക്കുന്നതെന്നവൾക്കു തോന്നി. അയാൾ ബ്ലൗസിന്റെ കുടുക്കുകൾ അഴിക്കുകയായിരുന്നു. അവൾ നിർവ്വികാരയായി അയാളുടെ പ്രവർത്തികൾ നിരീക്ഷിച്ചു. തന്റെ തിരുമ്പിയാലും വെളുക്കാതായ അടിവസ്ത്രങ്ങൾ വേറൊരു പുരുഷൻ കാണുന്നതിൽ അവൾക്ക് കുറച്ചൊരു വിഷമം തോന്നി. അതും നിമിഷങ്ങൾക്കു മാത്രമേ ഉണ്ടായുള്ളു. പിന്നെ അവളുടെ ചേതനകൾ തീരെ മരവിച്ചു പോയി. കാന്തിലാലിന്റെ ശ്വാസം ദ്രുതഗതിയിലായിരുന്നു. നിമിഷങ്ങൾക്കകം താൻ നഗ്നയാണെന്നവൾ കണ്ടു. കാന്തിലാൽ ഷർട്ടും പാന്റും അടിവസ്ത്രങ്ങളും അഴിച്ചു വലിച്ചെറിയുന്നതും അവളെ പതുപതുത്ത സോഫയിലേക്കു കിടത്തി ഒപ്പം കിടക്കുന്നതും അവൾ അറിഞ്ഞു. ഒരു സ്വപ്നത്തിൽ കാണുന്നപോലെ ഒരു തിരശ്ശീലയിൽ കാണുന്ന സിനിമ പോലെ അതവൾ നോക്കിക്കണ്ടു.

അവൾ വളരെ സാവധാനത്തിൽ വസ്ത്രം ധരിച്ചു. ഒരു ധൃതിയുമില്ലാത്തപോലെ. സമയം മുഴുവനും അവളുടെ മുമ്പിൽ കിടക്കുന്നപോലെ. പിന്നെ തിരിഞ്ഞുനിന്ന് തലമുടി ശരിയാക്കി പുറത്തു കടക്കാൻവേണ്ടി വാതിൽ തുറന്നു.

'ഞാൻ പോണു സേട്ട്.'

'ഒരു മിനിറ്റ്.' കാന്തിലാൽ പറഞ്ഞു. അയാൾ മേശ വലിപ്പിൽനിന്ന് മൂന്ന് പത്തുറുപ്പിക നോട്ടുകൾ എടുത്ത് അവളുടെ കൈയ്യിൽ വെച്ചു.

'ഇത് പ്രതിഫലമാണെന്നൊന്നും കരുതണ്ട. ഒരു ചെറിയ സഹായം മാത്രം. നിന്റെ ഭർത്താവിനെ ഡോക്ടറെ കാണിക്കു.'

അവൾ പുറത്തു കടന്നു.

'തിങ്കളാഴ്ച വരണം. മെഷിനിൽ എങ്ങിനെയാണ് ജോലി ചെയ്യുക എന്നു ഞാൻ പഠിപ്പിച്ചുതരാം.'

അവൾ തലകുലുക്കി.

നേരം വളരെ വൈകിയിരുന്നു. റോഡിൽ നിഴലുകൾ വീണുകഴിഞ്ഞു. അവൾ സ്റ്റേഷനിലേക്ക് ധൃതിയിൽ നടന്നു. നേരം വൈകിയതിന് ഭർത്താവിനോട് എന്താണ് പറയുക എന്നവൾ ആലോചിച്ചു.

ഓവർ ടൈം ഉണ്ടായിരുന്നു എന്നു പറയണം.

ഓവർ ടൈം എന്ന വാക്ക് മറിയയിൽനിന്നു പഠിച്ചതാണ്.

സ്റ്റേഷനു പുറത്ത് ഫുട്പാത്തിൽ വിൽക്കാൻ വെച്ച സാധനങ്ങൾ നോക്കി അവൾ നടന്നു. പെട്ടെന്നവൾ നിന്നു. അത് നൈലോൺ ബനിയനുകൾ വിൽക്കുന്ന ഒരുത്തന്റെ മുമ്പിലായിരുന്നു. കഴിഞ്ഞ ഒരാഴ്ചയായി അവൾ എന്നും സ്റ്റേഷനിലേക്കു നടക്കുമ്പോൾ അതു നോക്കാറുണ്ട്. പല വലുപ്പത്തിലുള്ളവ. മോനും ഭർത്താവിനും പറ്റിയ സൈസുണ്ടാവും. ഇതു ഞാൻ വാങ്ങാൻ പോകുന്നു. മനസ്സിൽ പറഞ്ഞു.

'ഇതു കൊണ്ടുപോയ്ക്കോ. നിന്റെ മോനും ഭർത്താവിനും പറ്റിയത്.'

രണ്ടു വലിപ്പത്തിലുള്ള ബനിയൻ കയ്യിലെടുത്തു വീശി അയാൾ പറഞ്ഞു. അവൾക്കത്ഭുതമായി. അയാൾക്കെങ്ങിനെ മനസ്സിലായി. തനിയ്ക്കു മകനുണ്ടെന്ന്. ആ രണ്ടു സൈസുകളും പാകമായിരിക്കും എന്നവൾക്കു തോന്നി.

'എന്താണു വില?'

'ഏതു സൈസാണ് വേണ്ടത്?'

'രണ്ടും.'

'രണ്ടും കൂടി പതിനഞ്ച്. ഒരേ വില. പതിനഞ്ച്.'

'പന്ത്രണ്ടുറുപ്പികക്ക് തന്നുകൂടെ?'

'പതിനാല്. അവസാനത്തെ വില. കൊണ്ടുപോ.'

അയാൾ രണ്ടു ബനിയനും കടലാസ്സിൽ പൊതിഞ്ഞ് അവൾക്കു കൊടുത്തു. ജോലിയെടുക്കാൻ തുടങ്ങിയതിനു ശേഷം ആദ്യമായി മകനും ഭർത്താവിനും ഒരു സാധനം വാങ്ങാൻ പറ്റിയതാണ്.

ട്രെയ്നിൽ സാധാരണത്തേക്കാൾ തിരക്കുണ്ടായിരുന്നു. അവൾക്കു വീട്ടിലെത്താൻ ധൃതിയായി. അതുകൊണ്ട് അവൾ ആദ്യത്തെ ട്രെയ്നിൽത്തന്നെ ഉന്തിക്കയറി.

ചാളിന്റെ ഒരറ്റത്തെത്തിയപ്പോൾ അവൾ ഭർത്താവിന്റെ ചുമകേട്ടു. അവരുടെ വീട് ചാളിന്റെ മറ്റേ അറ്റത്തായിരുന്നു.

മകൻ എവിടെ നിന്നോ കിട്ടിയ ഒരു പൊട്ടിയ കളിപ്പാട്ടം കൊണ്ടു കളിക്കുകയായിരുന്നു. ഭർത്താവ് പുതടി കട്ടിലിൽ കിടക്കുകയും.

'എനിയ്ക്കു പനിയ്ക്കുന്നുണ്ട്.'

അവൾ അയാളുടെ നെറ്റി തൊട്ടു നോക്കി.

'സാരമില്ല. നേരിയ പനിയാണ്. നമുക്ക് നാളെ രാവിലെ ഡോക്ടറുടെ അടുത്ത് പോകാം.'

അവൾ കടലാസ്സു പൊതി തുറന്ന് നൈലോൺ ബനിയനുകൾ പുറത്തെടുത്തു കുട്ടിയുടെ കണ്ണുകൾ വിടർന്നു.

അവൾ നിലത്തിരുന്നുകൊണ്ട് മകന്റെ മേലുള്ള വൃത്തികെട്ട ഷർട്ടഴിച്ചു, പകരം പുതിയ ബനിയൻ ഇടുവിച്ചു. അവന് നല്ല ചേർച്ചയുണ്ടായിരുന്നു.

'ഇനി അച്ഛൻ ഇട്ടു, നോക്കട്ടെ.'

അയാൾ എഴുന്നേറ്റിരുന്ന് ബനിയൻ ഇട്ടു. അയാളുടെ മെലിഞ്ഞ ശരീരത്തിൽ ബനിയൻ ഒട്ടി നിന്നു.

'നന്നായിട്ടുണ്ട്.' അവൾ പറഞ്ഞു. 'പാകമല്ലെ?'

'അതെ.' അയാൾ കൈയ്യുയർത്തി കാണിച്ചു. അപ്പോഴാണവൾ കണ്ടത്. ബനിയനിൽ കൈയ്യിനു താഴെ, കക്ഷത്തായി ഒന്നരയിഞ്ചു നീളത്തിൽ ഒരു വിടവ്. അതു രണ്ടു കക്ഷത്തുമുണ്ട്. അയാൾ കൈ കൊണ്ട് തപ്പി നോക്കി.

'ചെറിയ കീറലല്ലെ?' അയാൾ പറഞ്ഞു. 'സാരമില്ല. നമുക്ക് തുന്നാം.'

അവൾ മോന്റെ കൈകളും പൊന്തിച്ചു നോക്കി. ഓട്ടയൊന്നുമില്ല. ഭാഗ്യം. നല്ല വണ്ണം നോക്കേണ്ടതായിരുന്നു. ഇനി പറഞ്ഞിട്ടു കാര്യമില്ല.

അവൾ അടുക്കളയിൽ പോയി സ്റ്റൗ കൊളുത്തി. വെള്ളം വെച്ചു. സഞ്ചിയിൽ വളരെ കുറച്ച് അരിയെ ബാക്കിയുണ്ടായിരുന്നുള്ളു. അതു കഴുകി അടുപ്പത്തിട്ടു. സ്റ്റൗവ്വിന്റെ മുമ്പിൽ നീല തീനാളവും നോക്കിയിരിക്കെ ഫാക്ടറിയിൽ നിന്ന് സ്റ്റേഷനിലേയ്ക്ക് നടന്നത് അവളുടെ മനസ്സിൽ വന്നു. തനിയ്ക്ക് ആ സമയത്ത് പശ്ചാത്താപമുണ്ടായിരുന്നില്ലെന്നു മാത്രമല്ല സന്തോഷമായിരുന്നുവെന്ന കാര്യം അവളെ വേദനിപ്പിച്ചു. അവൾ സ്വയം വെറുത്തു. കാന്തിലാൽ ചെയ്തതിന് അയാളെ വെറുത്തു. കീറിയ ബനിയൻ തന്നതിന് പീടികക്കാരനേയും. എല്ലാറ്റിനുമുപരി പണം എവിടെ നിന്നു കിട്ടിയെന്ന് അന്വേഷിക്കുക പോലും ചെയ്യാത്ത ഭർത്താവിനേയും അവൾ വെറുത്തു.

പിന്നെ നോക്കിക്കൊണ്ടിരിക്കെ ഒരു ജലപ്രവാഹത്തിൽ തീനാളവും, സ്റ്റൗവും, പാത്രങ്ങളും അപ്രത്യക്ഷമായപ്പോൾ കണ്ണുതുടയ്ക്കാൻ കൂടി മിനക്കെടാതെ അവൾ സ്വയം പറഞ്ഞു. ഞാൻ ഇതൊന്നുമല്ല പ്രതീക്ഷിച്ചത്.

## — 3 —

# കറുത്ത സൂര്യൻ

സൂര്യൻ ഒരു കവണയിൽ നിന്നു തെറിച്ച ചെങ്കൽക്കഷ്ണം പോലെ കിഴക്കൻ ആകാശത്തു വീണു. നിരത്തിൽ, അവസാനത്തെ പിടച്ചിലിൽ താറുമാറായ ചിറകുകളുമായി ചത്തു വീണ പ്രാവുകൾ പോലെ കരിയിലകൾ ചിതറിക്കിടന്നു. നാരായണൻ കുട്ടി അതുവരെ ഒളിച്ചിരുന്ന പീടികത്തിണ്ണയുടെ പിന്നിൽനിന്ന് തല പൊന്തിച്ചു നോക്കി. പ്രകാശമായിരിക്കുന്നു. ഇനി ഭയപ്പെടേണ്ട ആവശ്യമില്ല. ഇരുട്ടിലേ ഭയപ്പെടേണ്ടു. പകൽ പ്രകാശം നിങ്ങൾക്കൊരാവരണമാവുന്നു. ആ ആവരണത്തിൽ രക്ഷപ്പെടാൻ കഴിയും. നിങ്ങൾക്ക് അദൃശ്യനാവാൻ കഴിയും. അയാൾ പീടികച്ചായ്പ്പിൽ നിന്നു പുറത്തേയ്ക്കു ചാടി. ഉറങ്ങാതിരുന്ന ഒരു രാത്രി മുഴുവൻ മുറുകെപ്പിടിച്ചിരുന്ന കത്തി അയാളുടെ കയ്യിൽ അപ്പോഴുമുണ്ടായിരുന്നു. അതിന്റെ അലകുകൊണ്ട് കുറ്റിയായി വളർന്ന താടിരോമങ്ങൾ മാന്തിയപ്പോൾ കത്തിയുടെ അലകിൽ ചോര ഉണങ്ങി തവിട്ടു നിറമായിരുന്നതു കണ്ടു. അതെങ്ങിനെ വന്നതാണെന്ന് ഓർത്തു നോക്കി. ഓർമ്മകൾ പലപ്പോഴും കഴിഞ്ഞ ഏതാനും നിമിഷങ്ങൾ വരെ മാത്രമെ പുറകോട്ടു പോകുന്നുള്ളു. അതിനും പിന്നിൽ ഇരുട്ടിന്റെ മതിലാണ്. എന്തായാലും ചോരയുടെ പാടുള്ള കത്തി കണ്ടാൽ ആരെങ്കിലും പേടിക്കുമോ എന്ന് ഭയന്ന് നാരായണൻകുട്ടി അത് പാന്റിന്റെ കീശയിലിട്ടു. ഫുട്ട്പാത്തിലുണ്ടായിരുന്ന പൈപ്പു തുറന്ന് അയാൾ മുഖവും വായും കഴുകി. ക്ലോറിന്റെ ചുവ പോകാനായി കാക്കിരിച്ചു തുപ്പി. പാന്റ്സ് തെറുത്തു കയറ്റി കാലും കഴുകി. കാലു കഴുകിയശേഷം പാന്റ്സ് താഴ്ത്തിയിടാൻ മറന്നു.

വിശക്കുന്നുണ്ട്. വിശപ്പ് അയാളിൽ ഒരു മിന്നൽ പോലെ, വേനലിൽ ഒരു മഴ പോലെ പെട്ടെന്നാണ് വരുക. അടിവയറ്റിൽനിന്ന് ഒരാളിക്കത്തൽ. പിന്നെ അതു പെട്ടെന്നു പടർന്നു പിടിക്കുന്നു. ഇപ്പോൾ പോയാൽ ഹോട്ടലിൽ നല്ല ചൂടുള്ള ഇഡ്ഡലിയും വടയും കിട്ടും. വായ പൊള്ളുന്നത്ര ചൂടുള്ളത്. നല്ല നാളികേരചട്ടിണിയിൽ ഒപ്പി തിന്നാം. അയാൾ ഹോട്ടലിലേയ്ക്കു നടന്നു. തെരുവിന്റെ എതിർവശത്ത് ഒരു വളവിനു ശേഷമാണ് ഹോട്ടൽ. നാരായണൻകുട്ടി റോഡു മുറിച്ചു കടന്നു. പെട്ടെന്ന് ഒരു വാഹനം ബ്രേയ്ക്കിടുന്ന കലമ്പിച്ച ശബ്ദം. അയാൾ തിരിഞ്ഞുനോക്കി. തൊട്ടു പിന്നിൽ ഒരു മഞ്ഞക്കാർ നിർത്തിയിരിക്കുന്നു. വളരെ ഭംഗിയുള്ളതും, തിളങ്ങുന്നതും. നാരായണൻകുട്ടി കൈകൊണ്ട് കാർ തൊട്ടു. എന്തു മയം. അപ്പോഴാണ് ഡ്രൈവറെ കണ്ടത്. അയാൾ തല പുറത്തേയ്ക്കിട്ട് വായ തുറന്ന് ചീത്ത പറയാൻ തുടങ്ങി.

നാരായണൻകുട്ടി ഡ്രൈവറുടെ തുറന്ന വായിലേയ്ക്ക് നോക്കി. വായ വൃത്തിയുണ്ടായിരുന്നില്ല. രാവിലെ നേരത്തെ വീട്ടിൽ നിന്ന് പുറത്തിറങ്ങിയതുകൊണ്ട് ഡ്രൈവർ പല്ലു തേച്ചിട്ടുണ്ടാവില്ല. പ്രാതലിന് അയാൾ എന്തായിരിക്കും കഴിച്ചിട്ടുണ്ടാവുക?

'നോക്കി നടന്നില്ലെങ്കിൽ വല്ല കാറിന്റെയും അടിയിൽപ്പെടും മനസ്സിലായോ?'

നാരായണൻകുട്ടി തലയാട്ടി. അതു പ്രാഥമിക പാഠമാണ്. എന്താണിത്ര പറഞ്ഞുതരാൻ?

ഡ്രൈവർ കാർ സ്റ്റാർട്ടാക്കി ഓടിച്ചു പോയി. നാരായണൻകുട്ടി നടന്നു. തിരിവിലെത്തിയപ്പോഴാണ് കണ്ടത് ഹോട്ടലിനു മുമ്പിൽ നിറയെ ആൾക്കാർ. അവർ മുദ്രാവാക്യങ്ങൾ വിളിക്കുകയാണ്. ഒരുത്തൻ ചുവപ്പുകൊടി പിടിച്ചിട്ടുണ്ട്. സൂക്ഷിച്ചു നോക്കിയപ്പോൾ മനസ്സിലായി അവർ ഹോട്ടൽ തൊഴിലാളികൾ തന്നെയാണ്. ഹോട്ടലിന്റെ വാതിൽ അടച്ചിട്ടതായിരിക്കണം അവരുടെ പ്രക്ഷോഭത്തിനു കാരണം. ചൂടുള്ള ഇഡ്ഢലികളും വടകളും ആൾക്കാർ തിന്നാനില്ലാതെ ക്രമേണ തണുത്താറുന്നതും, മരവിക്കുന്നതും, പിന്നെ അതിൽ പൂപ്പൽ വളരുന്നതും, ദിവസങ്ങൾക്കുശേഷം ചില്ലലമാരികൾക്കുള്ളിൽ പൂപ്പലിന്റെയും കൂണുകളുടെയും ഒരു മഹാവനം വളരുന്നതും അയാൾ മനസ്സിൽ കണ്ടു.

'ഞാനിന്നലെ ഒരു പെണ്ണിനെ വാടകക്കെടുത്തു.'

നാരായണൻകുട്ടി ഞെട്ടിത്തെറിച്ചു. ശബ്ദം കേട്ടത് അയാളുടെ ഉള്ളിൽ നിന്നാണെന്നു തോന്നും വിധം അടുത്തായിരുന്നു. തിരിഞ്ഞുനോക്കിയപ്പോൾ ഒരാൾ തൊട്ടുപിന്നിൽ. ഒരപരിചിതൻ.

'നല്ല പെണ്ണായിരുന്നു.'

അയാൾ പറയുകയാണ്. നാരായണൻകുട്ടി അയാളെ നല്ലവണ്ണം പരിശോധിച്ചു. അയാൾക്ക് സാധാരണ മനുഷ്യരുടെ ദേഹമല്ലായിരുന്നു. അയാളുടെ ദേഹം സ്ഫടികം പോലെ സുതാര്യമായിരുന്നു. ആദ്യമുണ്ടായ ആവേശം കത്തിയെടുത്ത് അയാളുടെ ദേഹത്തിലൂടെ പായിക്കാനായിരുന്നു. നല്ല മൂർച്ചയുള്ള കത്തി അയാളുടെ ദേഹത്തിലൂടെ പായിച്ചാലും അയാൾക്കൊന്നും പറ്റില്ലെന്നു തോന്നി. വെള്ളത്തിലൂടെ വെട്ടിയ പോലെയായിരിക്കും. കത്തി പുറത്തെടുത്താൽ ദേഹം വീണ്ടും പഴയ പടിയാവും.

'അവൾ പത്തുറുപ്പികയ്ക്ക് സമ്മതിച്ചു.'

അയാൾ സംസാരിക്കുകയായിരുന്നു. നാരായണൻകുട്ടി ശ്രദ്ധിച്ചു.

'നല്ല ചെറുപ്പക്കാരി. പതിനാറു പതിനേഴ വയസ്സുപ്രായം. നിറഞ്ഞമാറ്. നല്ല കറുപ്പു നിറം. കടും കറുപ്പ്. എന്നുവെച്ചാൽ നനഞ്ഞ കരിങ്കല്ലിനേക്കാൾ കറുപ്പ്. അവളുടെ തൊലി മിനുങ്ങിയിരുന്നു. ഒരു അണലിയെപ്പോലെ. ഞാനവളെ പത്തുറുപ്പികക്ക് വാടകക്കെടുത്തു.'

നാരായണൻകുട്ടി ശ്രദ്ധിച്ചു. ഒരു രസകരമായ കഥയായിരിക്കാം ഇത്.

'ഞാനവളെ ഒരു പഴയ ടാങ്കിലേക്ക് കൊണ്ടുപോയി. റോഡിന്റെ മറ്റെ അറ്റത്തുള്ള ഒരൊഴിഞ്ഞ ടാങ്ക്. പണ്ട് ആ വലിയ കെട്ടിടം ഉണ്ടാക്കുന്ന സമയത്ത് വെള്ളം നിറച്ചുവെക്കാൻ കെട്ടിയ ടാങ്കാണ്. ഇപ്പോൾ ഉണങ്ങിക്കിടക്കുകയാണ്.'

നാരായണൻകുട്ടി ആ ടാങ്കു കണ്ടിട്ടുണ്ട്. അതിനു പുറത്ത് ഇരുമ്പിന്റെ കറുത്ത ചായമിട്ട വേലി. വേലിക്കു പുറത്ത് പൂന്തോട്ടം.

അവൾ ചോദിച്ചു. 'നിങ്ങൾക്ക് വീടൊന്നുമില്ലേ? ഇല്ലെങ്കിൽ വല്ല മുറീം വാടകക്കെടുക്ക്'.

'ഞാൻ പറഞ്ഞു. ഇതിലും നല്ല സ്ഥലം വേറെ കാണില്ല. മുകളിൽ നിറയെ ഇലകളുള്ള മരം ഒരു വലിയ കുടപോലെ നിൽക്കുന്നതുകൊണ്ട് കെട്ടിടത്തിലുള്ളവർക്കു ടാങ്കിലേയ്ക്കു കാണില്ല. റോഡിലാകട്ടെ അടുത്ത വഴിവിളക്ക് കേടുവന്ന കാരണം ഇരുട്ടാണു താനും. പോരാത്തതിന് രാത്രി പന്ത്രണ്ടുമണിക്ക് വളരെ ചുരുക്കം പേരെ ആ തെരുവിൽ ഉണ്ടാവൂ.'

ഈ കഥ നല്ല കേട്ട പരിചയം. നാരായണൻകുട്ടി ഓർത്തു, മുഴുവൻ കേൾക്കട്ടെ.

അവസാനം അവൾ സമ്മതിച്ചു; ഒരു വ്യവസ്ഥയിൽ. മുഴുവൻ വസ്ത്രങ്ങളും അഴിക്കാൻ പാടില്ല. ഞാൻ സമ്മതിച്ചു. ഒരിക്കൽ ടാങ്കിലേക്കിറങ്ങി വന്നാൽ അവളെക്കൊണ്ട് എല്ലാ വസ്ത്രങ്ങളും അഴിപ്പിക്കാൻ കഴിയുമെന്നെനിക്ക് ഉറപ്പുണ്ട്.

അങ്ങിനെ ഞങ്ങൾ ടാങ്കിലെത്തി. നിലത്ത് കിടന്ന കരിയിലകൾ കാലുകൊണ്ട് അവൾ അടിച്ചുമാറ്റി. എന്നിട്ട് നിലത്തു മലർന്നുകിടന്നുകൊണ്ടവൾ വളരെ കാര്യമാത്രപ്രസക്തമായി പറഞ്ഞു. 'ചെയ്തോ.'

'അതു ശരി! ഇതെന്താണ് മുറ്റമടിക്കുന്നപോലെയോ പച്ചക്കറി നുറുക്കുന്നപോലെയോ വികാരശൂന്യമായി ചെയ്യേണ്ട ഒരു കാര്യമാണോ? ഞാൻ അവളോട് സാരിയഴിച്ചുമാറ്റാൻ പറഞ്ഞു. അവൾ സമ്മതിച്ചില്ല. ഇവിടെ ആരെങ്കിലും കണ്ടു വന്നാൽ പെട്ടെന്ന് എഴുന്നേറ്റു പോകാൻ പറ്റില്ല.

'ശരി, ഞാൻ പറഞ്ഞു. പക്ഷെ അവളുടെ സമ്മതത്തിന്റെ താക്കോൽ എന്റെ കയ്യിലാണ്. അവളെ തുള്ളിക്കാനുള്ള രാഗത്തിന്റെ കമ്പികൾ എന്റെ കയ്യിലാണ്. ഞാനവളെ കയ്യിലെടുത്തു, ഒരു ഗിത്താറിന്റെ കമ്പികൾ മീട്ടുംപോലെ കൈകാര്യം ചെയ്തു. ഞാനവളുടെ സാരി അഴിച്ചുമാറ്റി.

'എന്താണ് ചെയ്യുന്നത്?' അവൾ ചോദിച്ചു. ഞാൻ നിശ്ശബ്ദനായി ഗിത്താറിന്റെ കമ്പികൾ മീട്ടി. അവളുടെ ബ്ലൗസഴിച്ചു മാറ്റി. അവൾ ചോദിച്ചു എന്താണ് ചെയ്യുന്നത്. ഞാൻ എന്റെ ഗിത്താർ വായന തുടർന്നു. പിന്നെ ഓരോ വസ്ത്രങ്ങളും നഷ്ടപ്പെടുമ്പോൾ അവൾ ചോദിച്ചു. എന്താണ് ചെയ്യുന്നത്, എന്താണ് ചെയ്യുന്നത്. അവസാനമെത്തുമ്പോഴേയ്ക്ക്, അതായത് അരക്കെട്ടിലെ അരച്ചാൺ വീതിയുള്ള മറ കൂടി അഴിച്ചു നീക്കുമ്പോഴേയ്ക്ക് എന്താണ് ചെയ്യുന്നത് എന്ന ചോദ്യം ഒരു നേരിയ, കേൾക്കാൻ സുഖമുള്ള ഞരക്കം മാത്രമായിത്തീർന്നു.

'ഞാൻ പറഞ്ഞില്ലെ, അവളുടെ സമ്മതത്തിന്റെ താക്കോൽ എന്റെ കയ്യിലാണെന്ന്. ഞാനതു തുറന്നു. അവിടെ സിമന്റിട്ട നിലത്ത് അവളുടെ നഗ്നത തണുത്തുറഞ്ഞു കിടന്നു. നേരിയ വെളിച്ചത്തിൽ അവളുടെ മേനിയിലെ കറുപ്പ് തിളങ്ങി. ഒരണലിപ്പാമ്പിനെപോലെ അവൾ പുളഞ്ഞു.'

നാരായണൻകുട്ടി ഒന്നും ചോദിക്കാതെ സ്ഫടികസമാനനായ ആ മനുഷ്യൻ വായ തുറക്കുന്നതും അടയ്ക്കുന്നതും നോക്കിയിരുന്നു. ഒരു യന്ത്രമനുഷ്യനെപ്പോലെ.

'അവൾ പുതുതായി തൊഴിലിനിറങ്ങിയതാണെന്ന് സംശയമില്ലായിരുന്നു. ഞാൻ ചോദിച്ചു. നീ എത്ര കാലമായി ഇതു തുടങ്ങിയിട്ട്?'

'അവൾ പറഞ്ഞു, ഒരു മാസം.'

'അപ്പോൾ അതാണ് കാര്യം. അവൾ വളരെ പുതുമക്കാരിയാണ്. അതവളുടെ ദേഹത്തിൽ കണ്ടു. അവൾ ശരിയ്ക്കും സുന്ദരിയായിരുന്നു. മുഴപ്പുള്ള അവയവങ്ങൾ. ഇരുട്ടിൽ കാണുന്ന അവളുടെ പല്ലുകൾ ഭംഗിയുള്ളവയായിരുന്നു. വലിയ കണ്ണുകൾ.'

ഇപ്പോൾ അവളുടെ കൈകൾ എന്റെ സമ്മതത്തിന്റെ താക്കോൽ തേടുകയായിരുന്നു. അവളുടെ നേർത്ത് ഉരുണ്ട കൈകൾ. എന്റെ സമ്മതത്തിന് താക്കോൽ ആവശ്യമില്ലെന്ന് പക്ഷെ അവൾ അറിഞ്ഞില്ല. അതു തുറന്നിട്ട ഒരു കലവറയായിരുന്നു. നിങ്ങൾക്കകത്തു കടക്കാം. ഇഷ്ടമുള്ളതെടുക്കാം.

ഞാൻ നഗ്നനായിരുന്നു. എന്റെ നഗ്നതയുടെ ശൗര്യം അവളെ സന്തോഷിപ്പിച്ചിരിക്കണം. എന്റെ നഗ്നതയെ അവൾ സ്വീകരിച്ചു കിടത്തി. അവളുടെ കറുപ്പിന്റെ പശ്ചാത്തലത്തിൽ എന്റെ നിറം ഇരുണ്ട ആകാശത്തിലെ നേരിയ ചന്ദ്രക്കല പോലെ വിളറിക്കണ്ടു. അപ്പോൾ ഞാൻ യാത്ര തുടങ്ങി. അവളുടെ കറുത്തു തിളങ്ങുന്ന നഗ്നതയിലൂടെ, മാംസളതയിലൂടെ യാത്ര. അവളുടെ തടിച്ചുരുണ്ട കാലുകൾ എന്നെ ബന്ധനസ്ഥനാക്കിയിരുന്നു. അവളുടെ ചലനങ്ങളിൽ നിന്ന്, അവളുടെ പ്രതിചേഷ്ടയിൽനിന്ന് അവളൊരു പുതുമക്കാരി തന്നെയാണെന്ന് എനിക്കുറപ്പായി.

'യാത്ര ചെയ്തുകൊണ്ടിരിക്കെ ഞാൻ ആലോചിച്ചു. ഇവൾക്കിപ്പോൾ യുവത്വമുണ്ട്. സൗന്ദര്യമുണ്ട്. പക്ഷെ, അതെത്ര നാൾ വെച്ചിരിക്കാൻ പറ്റും? ഇവൾ ഓരോ രാത്രിയും ചിലപ്പോൾ പകലും പലരും താമസിക്കുന്ന വഴിയമ്പലമാണ്. ഇവളുടെ ദേഹം ഹോമാഗ്നിയിൽ അർപ്പിക്കപ്പെട്ട നിവേദ്യംപോലെ കരിഞ്ഞുപോകും. രാവിലെ വിരിഞ്ഞ പൂപോലെ വൈകുന്നേരമാവുമ്പോഴേയ്ക്ക് വാടും. ഇത്രയും മനോഹരമായ ഒരു പുഷ്പം!.'

യാത്ര തുടരുകയാണ്. അവൾ തളരാതെ എന്റെ ഒപ്പം യാത്ര ചെയ്തു. യാത്രയുടെ അന്ത്യത്തിൽ അവൾ തളർന്ന് ഒരു രതിമൂർഛയിൽ വീഴവെ ഞാൻ ഒരു തീരുമാനമെടുത്തു. ഞാനതിനകം അവളെ സ്നേഹിച്ചു തുടങ്ങിയിരുന്നു. ഈ പൂ വാടാൻ അനുവദിക്കരുത്. ഈ അമൃത് ഹോമിക്കപ്പെടരുത്. ഞാൻ തളരാൻ പോകുകയാണെന്നു മനസ്സിലായി. അതിനു മുമ്പ് ഞാൻ എന്റെ അഴിച്ചിട്ട പാന്റിന്റെ കീശയിൽ തപ്പി അതു പുറത്തെടുത്തു. നീണ്ട കൂർത്ത അലകുള്ള കത്തി. രതിമൂർഛയുടെ സംതൃപ്തിയിൽ അവൾ കണ്ണടച്ചു കിടക്കുകയായിരുന്നു. എന്നെ ബന്ധിച്ചിരുന്ന അവളുടെ കാലുകൾ ബലഹീനമായി എന്നെ പിണഞ്ഞു കിടന്നു.

'ഞാൻ കത്തി അവളുടെ മാംസളതയിൽ കുത്തിയിറക്കി. ഒരു നിലവിളിയോടെ അവൾ പിടഞ്ഞപ്പോൾ എന്റെ യാത്ര വളരെ തൃപ്തികരമായ ഒരു രതിമൂർഛയിൽ അവസാനിക്കുകയും ചെയ്തു.'

നാരായണൻകുട്ടി അയാളെ നിർന്നിമേഷനായി നോക്കി.

'നിങ്ങൾ വിചാരിക്കുന്നത് എനിക്ക് മനസ്സിലാവുന്നുണ്ട്. ആ സ്ഫടിക മനുഷ്യൻ തുടർന്നു. ഒന്നാലോചിക്കൂ. ഒരു പൂവിനെ വാടാൻ അനുവദിക്കുന്നതിനേക്കാൾ എത്ര നല്ലതാണ് അത് മനോഹരമായ ഒരു തലയിൽ ചൂടാൻ! ഞാൻ അതു മാത്രമെ ചെയ്തുള്ളു. ഒരു ഭംഗിയുള്ള പൂവ് അതു വാടുന്നതിനു മുമ്പ തന്നെ അറുത്തെടുത്തു തലയിൽ ചൂടി.'

നാരായണൻകുട്ടി അയാളുടെ തലയിൽ നോക്കി. തലമുടിക്കു പകരം സ്ഫടികനാരുകൾ. നോക്കിയിരിക്കെ ആ സ്ഫടികനാരുകൾ വെളിച്ചത്തിലലിഞ്ഞില്ലാതായി. ആ മനുഷ്യൻ നിന്നിടത്ത് ശൂന്യത മാത്രം.

ഹോട്ടലിനു മുമ്പിലെ ബഹളം കൂടിയിരുന്നു. അവർ ഒരു ജാഥ നയിക്കാനു ള്ള പുറപ്പാടാണ്. കൊടി പിടിച്ച ആൾ മുമ്പിൽ. പിന്നിൽ യൂനിയന്റെ ബാനർ പിടിച്ചുകൊണ്ട് രണ്ടു പേർ. അവർക്കും പിന്നിൽ കൈകളുയർത്തി മുദ്രാവാക്യം മുഴക്കുന്നവർ. ജാഥ നീങ്ങിത്തുടങ്ങി. ജാഥയുടെ മന്ദഗതിയും നോക്കി നാരായ ണൻകുട്ടി നിന്നു.

സൂര്യൻ ഒരു കുശവന്റെ ചക്രം പോലെ ആകാശത്തിൽ മങ്ങിക്കിടന്നു.

ജാഥ മുന്നോട്ടു നീങ്ങി. തെരുവിന്റെ മൂലയിലെത്തിയപ്പോഴാണ് ആ അത്യാ ഹിതം സംഭവിച്ചത്. നീണ്ടകൂർത്ത കത്തിയുമായി ഒരാൾ ജാഥക്കെതിരെ വരുക യും കത്തിയുടെ കൂർത്ത അലക് ഒരോരുത്തരുടെ ദേഹത്തിൽ പായിക്കുകയും ചെ യ്തു. കുത്തേറ്റവർ മരിച്ചുവീണു. മറ്റുള്ളവരാകട്ടെ യാതൊരു സങ്കോചവുമില്ലാതെ, പ്രതിരോധവുമില്ലാതെ, മറിച്ച് പൂർണ്ണസമ്മതത്തോടെ അയാളുടെ കത്തിക്കിരയാ വാൻ സമ്മതിക്കുന്നു. മരണത്തിൽ അവർ കാമസംപൂർത്തിയേക്കാൾ കൂടുതലായ ഒരു സംതൃപ്തി നേടുന്നപോലെ.

'കണ്ടില്ലെ, കൊല്ലുന്നത് അത്ര പാപമൊന്നുമല്ല. ആരും എതിരു പറയുന്നില്ല.' നാരായണൻകുട്ടി ഒരിക്കൽ കൂടി ഞെട്ടി. വീണ്ടും അതു പറഞ്ഞത് തന്റെ ഉള്ളിൽ നിന്നാണെന്നു തോന്നും വിധം അടുത്തു നിന്നായിരുന്നു. തിരിഞ്ഞു നോക്കിയപ്പോൾ സ്ഫടിക മനുഷ്യൻ വീണ്ടും, തൊട്ടു പിന്നിൽ.

'നോക്കു അവരുടെ കണ്ണുകൾ. ഒരു കാമുകനെ സംഭോഗത്തിന്നു ക്ഷണിക്കു ന്ന കാമുകിയുടെ ഭാവമില്ലെ ആ കണ്ണുകളിൽ? കൊല്ലുന്നവനും കൊല്ലപ്പെടുന്നവനും കൂടിയുള്ള വളരെ അടുത്ത രഹസ്യബന്ധമാണത്. നിങ്ങൾക്കതിൽ ഇടപെടാൻ യാതൊരധികാരവുമില്ല.

'ഞാൻ പറയുന്നതെന്തെന്നാൽ, ആ കറുത്ത സുന്ദരി, ആ മനോഹരമായ പൂവ് ഒരു ദിവസം വാടുമെന്നെനിക്കറിയാം. അപ്പോൾ, വാടുന്നതിനു മുമ്പ്, പുതുമ വിട്ടിട്ടി ല്ലാത്തപ്പോൾ തന്നെ അവളെ അറുത്തെടുത്ത് എന്റെ മുടിയിൽ...'

നാരായണൻകുട്ടിക്ക് അയാളുടെ തലയിൽ നോക്കാൻ ഭയം തോന്നി. അയാൾ ജാഥ നയിച്ചിരുന്നവരെ നോക്കി. പകുതിയിലധികം പേർ വീണിരുന്നു. ചിലർ ചലനമില്ലാതെ നിലത്തു കിടന്നു. ഓട്ടപ്പെട്ട പ്ലാസ്റ്റർ പ്രതിമകൾ പോലെ അവർ കിടന്നപ്പോൾ അവരുടെ മുറിവുകളിൽനിന്ന് രക്തം രേതസ്സുപോലെ പ്രവഹിച്ചു. ചി ലർ എഴുന്നേറ്റിരുന്നോ, കിടന്നുകൊണ്ടുതന്നെയോ അവരുടെ മുറിവുകൾ താലോ ലിച്ചു. മറ്റുള്ളവർ, അതായത് കുത്തേൽക്കാത്ത മൂന്നുപേർ അവർക്കു ചുറ്റും നിന്നി രുന്നു. കൊലപാതകിയാവട്ടെ ചോരയിറ്റു വീഴുന്ന കത്തിയുമായി സംതൃപ്തിയോടെ നടന്നുപോവുകയാണ്.

നാരായണൻകുട്ടി നടന്നു. ഫുട്പാത്ത് വീതിയുള്ളതായിരുന്നു. വിളക്കുകാലു കൾ ഓരോന്നോരോന്നായി പിന്നിടും തോറും ഫുട്പാത്ത് വീതി കുറഞ്ഞുവന്നു. അവ സാനം ഒരിടത്ത് പൊടുന്നനെ അവസാനിക്കുകയും ചെയ്തു. അവിടെ സിമന്റിട്ട ടാങ്കു ണ്ടായിരുന്നു പരിചയമുള്ള ടാങ്ക്. ഒറ്റക്കൽ വെച്ച് പടുത്ത പടവുകളിലൂടെ നാരായ ണൻകുട്ടി ഇറങ്ങി. ടാങ്കിന്നു നടുവിൽ കറുത്ത പെണ്ണിന്റെ നഗ്നശരീരം വെറുങ്ങലിച്ചു കിടന്നിരുന്നു.

നാരായണൻകുട്ടി അവൾക്കു ചുറ്റും നടന്നു. പിന്നെ എന്തോ ഓർമ്മ വന്ന പോ ലെ അയാൾ പാന്റിന്റെ കീശയിൽ നിന്ന് അലകിൽ ചോര ഉണങ്ങിയ കത്തി പുറ

ത്തെടുത്തു. നല്ലവണ്ണം സൂക്ഷിച്ചു നോക്കിയ ശേഷം അതു സിമന്റിട്ട നിലത്ത് വലിച്ചെറിഞ്ഞ് അയാൾ മുകളിലേയ്ക്കു നോക്കി.

ഒരായിരം ആൾക്കാർ ടാങ്കിനു പുറത്തു നിന്ന് അയാളെ നോക്കുന്നുണ്ടായിരുന്നു. ദൂരെ മുമ്പിൽ ചുവന്ന കൊടി പിടിച്ച ആളും പിന്നിൽ യൂനിയന്റെ ബാനർ പിടിച്ച ആളുകളും. അവർക്കും പിന്നിൽ കൈകളുയർത്തി മുദ്രാവാക്യങ്ങളും മുഴക്കി ജാഥ നയിക്കുന്നവരും അകന്നുപോകുന്നു. ഒരു പോലീസ് വാൻ ടാങ്കിനു പുറത്തു നിൽക്കുന്ന ആൾക്കാർക്കു പിന്നിൽ ബ്രേക്കിട്ടു നിർത്തി.

ആകാശത്തിൽ, ഒരു കവണയിൽ നിന്നു തെറിച്ച കരിങ്കൽ പോലെ സൂര്യൻ കറുത്തു കിടന്നു.

## — 4 —

# ബസ് തെറ്റാതിരിക്കാൻ

കല്യാണം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിലെത്തിയ ആശയെ എതിരേറ്റത് രണ്ട് കഥാപാത്രങ്ങളായിരുന്നു. ഒന്ന് സ്വർണ്ണഫ്രെയിമുള്ള കണ്ണടയിലൂടെ അവളെ നിരാകരിച്ചുകൊണ്ട് നോക്കിയ അമ്മായിയമ്മ. അവർ അടുത്തുവന്ന് അവളുടെ തൊട്ടുമുമ്പിൽനിന്ന് അവളുടെ ഓരോ അംഗങ്ങളും പഠിക്കാൻ തുടങ്ങി. വലത്തെ കൈകൊണ്ട് കണ്ണട കുറച്ചുയർത്തി കണ്ണുകൾ ചുളിച്ച് അവർ ഒരു പത്തു മിനിറ്റുനേരം നോക്കി പഠിച്ചു. അവസാനം മകന്റെ നേരെ തിരിഞ്ഞ് നിനക്കു ഇങ്ങനത്തെ ഒരുത്തിയെ കിട്ടിയുള്ളോടാ എന്ന ഒരു നോട്ടവും എറിഞ്ഞ് തിരിഞ്ഞു നടന്നു.

രണ്ടാമത്തെ കഥാപാത്രം ഭർത്താവിന്റെ അനുജത്തി രമണിയായിരുന്നു. അവൾക്ക് തന്നേക്കാൾ പ്രായമായിട്ടുണ്ടാകുമെന്ന് ആശ ഊഹിച്ചു. അവൾ ഓടിവന്ന് ചേട്ടനെ കെട്ടിപ്പിടിച്ച് കഴുത്തിൽ തൂങ്ങി. എന്താ ചേട്ടൻ ഇത്ര നേരം വൈകിയത് എന്നൊരു ചോദ്യവും. ഗോപി അവളെ അരക്കെട്ടിലൂടെ പിടിച്ച് കൊഞ്ചിച്ചുകൊണ്ട് എന്തോ പറഞ്ഞ് അകത്തേക്കു പോയി. അതോടെ അവൾക്ക് നേരിടേണ്ടിവന്ന കഥാപാത്രങ്ങളുടെ എണ്ണം മൂന്നായി. ആശ കുറച്ചുനേരം ഉമ്മറത്തുതന്നെ ചുറ്റിപ്പറ്റി നിന്നു. പിന്നെ അവിടെത്തന്നെയുള്ള ഒരു കസേരയിൽ ഇരുന്നുകൊണ്ടാലോചിച്ചു. കല്യാണം കഴിഞ്ഞ അന്നുതന്നെ കൂട്ടിക്കൊണ്ടുവരലും, കൊണ്ടാക്കലും കഴിഞ്ഞിരുന്നു. അന്നു വന്നപ്പോൾ വിളക്കും താലവും പിടിച്ചിരുന്നത് വേറെ ഏതോ പെൺകുട്ടികളായിരുന്നു. ഈ അമ്മയും മകളും അല്ല, തീർച്ച. അമ്മായിയമ്മയുടെ പെരുമാറ്റത്തിൽ അവൾക്ക് അസാധാരണമായി ഒന്നും തോന്നിയില്ല. എല്ലാ അമ്മായിയമ്മമാരും ഒരു പക്ഷെ അങ്ങിനെതന്നെയായിരിക്കും പെരുമാറുക.

സ്വന്തം സൗന്ദര്യത്തെപ്പറ്റി ആശയ്ക്കു നല്ല ബോധമുണ്ട്. ചെമ്പകത്തിന്റെ നിറമാണ് അവളുടേത്. സിൽക്കുപോലത്തെ തലമുടി, ഭംഗിയുള്ള മൂക്ക്, പ്രകാശം പരത്തുന്ന കണ്ണുകൾ. അതുപോലെ വടിവൊത്ത ദേഹവും. ഇതെല്ലാം തനിക്കുണ്ടെന്ന് അവൾക്കറിയാം. ഇതെല്ലാം ഏതു പ്രതിസന്ധിയിലും ആത്മവിശ്വാസം കൊടുക്കുന്നതായിരുന്നു. പിന്നെ ഒരു അമ്പതുകാരി അമ്മായിയമ്മ തന്നെ നോക്കി പുരികം ചുളിച്ചപ്പോൾ അവൾക്ക് വലിയ വിഷമമൊന്നുമുണ്ടായില്ല. ഭർത്താവ് അനിയത്തിയുടെ അരക്കെട്ടിലൂടെ കയ്യിട്ട് അകത്തേക്കു പോയപ്പോഴും അവൾക്ക് അസാധാരണമായി ഒന്നും തോന്നിയില്ല. പക്ഷെ, ഒറ്റയ്ക്കു ഇരിക്കേണ്ടിവന്ന വിഷമം

കാരണം അവൾ അകത്തേക്ക് പോകാൻ തീരുമാനിച്ചു. ഉമ്മറത്തുനിന്ന് തളത്തിലേക്കാണ് കടക്കുന്നത്. തളത്തിൽ നിന്ന് രണ്ടു വാതിലുകളുണ്ട്. ഒന്ന് അടുക്കളയിലേക്കുള്ളതും മറ്റൊന്ന് ഒരു കിടപ്പുമുറിയിലേയ്ക്കുള്ളതും. തളത്തിന്റെ ഇടതുവശത്ത് മുകളിലേക്കുള്ള കിടപ്പുമുറിയിൽ കട്ടിലിന്റെ തലക്കൽ അമ്മ ഇരിക്കുന്നു. കാൽഭാഗത്ത് ഗോപിയും. അയാളുടെ തോളത്ത് കയ്യിട്ടുകൊണ്ട് അനിയത്തി നിൽക്കുകയാണ്. ആശ കടന്നുവന്ന ഉടനെ സംസാരം പെട്ടെന്നു നിലച്ചു.

ആശ കാൽ പിന്നോക്കംവെച്ച് തിരിഞ്ഞുപോകാൻ ഭാവിച്ചു. അപ്പോൾ ഗോപി വിളിച്ചു.

"ആശ വരു ഇവിടെ ഇരുന്നോളൂ."

ആശ നോക്കിയപ്പോൾ അവിടെ കട്ടിലല്ലാതെ ഇരിക്കാൻ വേറെ സ്ഥലമൊന്നുമില്ല. വേണമെങ്കിൽ കട്ടിലിന്മേൽ അമ്മയുടെയും മക്കളുടെയും നടുവിലിരിക്കാം. അങ്ങിനെയിരുന്നാൽ രണ്ടുപക്ഷത്തുനിന്നുമുള്ള നോട്ടത്തിന്റെ നടുവിൽ ചൂളി ഇരിക്കേണ്ടിവരും. അവൾക്ക് ഭർത്താവിന്റെ പിന്നിൽ അയാളുടെ അനിയത്തി നിൽക്കുന്നപോലെ നിൽക്കാൻ തോന്നി. അതൊരു അഭയസ്ഥാനമാണ്. ഒന്നുമില്ലെങ്കിലും താൻ ആക്രമിക്കപ്പെടുന്നുണ്ടോ എന്ന് മനസ്സിലാക്കാമല്ലൊ. അവൾ വാതിൽപ്പടിമേൽ നിന്നു. അപ്പോൾ അമ്മായിയമ്മ സംസാരിക്കാൻ തുടങ്ങി.

'ഈ വാതിൽപ്പടിയിന്മേൽ നിൽക്ക്വാ മുതലായതൊക്കെ നിങ്ങടെ നാട്ടിൽ നല്ല സ്വഭാവമായിരിക്കും. ഞങ്ങടെ നാട്ടിൽ ഇതൊന്നും പതിവില്ല. ഇവിടെ ഇതൊക്കെ അശ്രീകരായിട്ടാണ് കണക്കാക്കുന്നത്.'

അവൾ പിന്മാറി, തളത്തിൽ ഒരു കസേരയിൽ പോയി ഇരുന്നു. ഭർത്താവിന്റെ വീട്ടിൽ അവളുടെ ജീവിതം എങ്ങിനെയായിരിക്കുമെന്ന ഒരു ഏകദേശരൂപം ഒരു മുന്നറിയിപ്പായി അവൾക്ക് കിട്ടിക്കഴിഞ്ഞു.

'കുറച്ച് തണ്ടുള്ള കൂട്ടത്തിലാണെന്ന് തോന്നുണു.'

അമ്മായിയമ്മയുടെ ശബ്ദം അവൾ കേട്ടു. ഗോപി അപ്പോൾ എന്തായിരിക്കും മറുപടി പറഞ്ഞിരിക്കുക എന്നവൾ ഊഹിച്ചു. ഒരുപക്ഷെ, ഒന്നും പറഞ്ഞില്ലായിരിക്കും. വിവാഹം കഴിഞ്ഞ രണ്ടു രാത്രികളുടെ പരിചയത്തിൽ അയാൾക്കവളോട്ട് സ്നേഹമുണ്ടെന്ന ധാരണയാണ് അവൾക്കുണ്ടായിരുന്നത്. അയാൾ അവളോട്ട് കൂടുതൽ അടുത്തിരുന്നില്ല. അത് കുറച്ച് ലജ്ജാശീലനായതു കൊണ്ടായിരിക്കുമെന്നവൾ സമാധാനിച്ചു.

അമ്മായിയമ്മയുടെ ശബ്ദം ഉയർന്നു വന്നു. ആശയെപ്പറ്റിത്തന്നെയാണ് സംസാരിച്ചിരുന്നത്. അവൾ എഴുന്നേറ്റ് ഉമ്മറത്തേക്കു തന്നെ നടന്നു. ശബ്ദകോലാഹലങ്ങളിൽ നിന്നകന്നിരിക്കാമല്ലൊ. മിറ്റത്ത് അപ്പോഴും പോക്കുവെയിൽ. പുഷ്പിച്ചു നിൽക്കുന്ന തെച്ചിമരങ്ങൾ, അലറി മരങ്ങൾ. അവൾ ഒരു രക്ഷാകേന്ദ്രം തേടുകയായിരുന്നു. തനിക്കാവശ്യമാവും. അവൾ സാധാരണ ചെയ്യാറുള്ളതാണത്. മനസ്സ് അലയാൻ വിടുക. പ്രത്യേകിച്ചും ഉച്ച തിരിഞ്ഞ സമയങ്ങളിൽ. അവൾ മരിച്ചുപോയ അമ്മമ്മയെ ഓർക്കും. വീട്ടിലെ പല ഓർമ്മകളും അവരോട്ട് ബന്ധപ്പെട്ടിട്ടുള്ളതാണ്. പുറം ചുമരിൽ ഒരു തേനീച്ചക്കൂട്ട്, ജനലിലൂടെ വന്ന്, കറുത്ത സിമന്റിട്ട നിലത്ത് പതിക്കുന്ന സൂര്യപ്രകാശം, ആ പ്രകാശം പ്രതിഫലിക്കുന്ന ദൈവങ്ങളുടെ ചിത്രങ്ങൾ ചുമരിൽ. ഈ ഓർമ്മകൾ അവളെ എപ്പോഴും ശാന്തമാക്കാറുണ്ട്.

അങ്ങിനെയിരിക്കുമ്പോൾ ഒരാൾ പടികടന്നു വരുന്നതവൾ കണ്ടു. നരച്ച കുറ്റി രോമങ്ങളുള്ള ഒരാൾ. കറുത്ത കരയുള്ള ഡബിൾ മുണ്ടാണുടുത്തിരിക്കുന്നത്. അടുത്തു വന്നപ്പോൾ ആശയ്ക്ക് ആളെ മനസ്സിലായി. ഗോപിയുടെ അച്ഛൻ. വിവാഹാലോചനയുംകൊണ്ട് ആദ്യം വന്നപ്പോൾ ഇദ്ദേഹവുമുണ്ടായിരുന്നു. രണ്ടാമത് പെണ്ണുകാണാൻ വന്നപ്പോഴും. അപ്പോൾ അമ്മയും മകളും മാത്രമെ അകത്തു വന്ന് അവളെ കണ്ടുള്ളു.

അയാൾ ഉമ്മറത്തേക്കുള്ള പടികൾ കയറി വന്നപ്പോൾ ആശ എഴുന്നേറ്റു. അയാൾ ഉമ്മറത്തേക്കു കയറി ഒരു നിമിഷം അവളെ നോക്കി എന്തോ പറയണമോ എന്നു ശങ്കിച്ചു നിന്നു. പിന്നെ ധൃതിയിൽ വലത്തോട്ടുള്ള വാതിൽ കടന്ന് ഒരു മുറിയിലേക്ക് അപ്രത്യക്ഷനായി. ആ മുറി അവൾ അപ്പോഴാണ് ശ്രദ്ധിച്ചത്. വീടിന്റെ അകവുമായി യാതൊരു ബന്ധവുമില്ലാത്ത മട്ടിൽ ഒരു മുറി.

അച്ഛൻ പുറത്തു വരുന്നതും പ്രതീക്ഷിച്ച് അവൾ കുറച്ചുനേരം അവിടെ നിന്നു. ഒരു പതിനഞ്ചു മിനിറ്റോളം അങ്ങിനെ നിന്നിട്ടുണ്ടാകും. അയാൾ പുറത്തു വരലുണ്ടായില്ല. ചാരിയ വാതിൽ അനങ്ങാതെ നിന്നു. അവൾ വീണ്ടും തിണ്ണമേൽ സിമന്റിന്റെ തണുപ്പിൽ ചാരിയിരുന്നു. ഇതിനകം വെയിൽനാളങ്ങൾ കെട്ടുകയും നിഴലുകൾ മുറ്റത്താകെ പരക്കുകയും ചെയ്തിരുന്നു. അവൾക്ക് ഉറക്കം വന്നു. ഉറക്കം വരുന്നെന്ന വസ്തുത തന്നെ അവളെ രസിപ്പിച്ചു. കാരണം കഴിഞ്ഞ രണ്ടു രാത്രികളിലും ഉറക്കം കിട്ടാത്ത വിഷമം അവൾക്കുണ്ടായിരുന്നില്ല.

'നീയിവിടെ എന്തു ചെയ്യുകയായിരുന്നു?'

ഗോപിയുടെ ശബ്ദം. അവൾ ഞെട്ടിയുണർന്നു.

'നീ മുകളിൽ പോയിട്ടുണ്ടാകുമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്.'

അങ്ങിനെ വിചാരിക്കാനുള്ള കാരണങ്ങളൊന്നും അവൾ കണ്ടില്ല. അവൾ നടാടെയാണ് ഇവിടെ വരുന്നത്. രണ്ടാമത്തെ പ്രാവശ്യമെന്നു പറയാം. ആദ്യത്തെ പ്രാവശ്യം ഉച്ചയ്ക്കു ശേഷം ഇവിടെ എത്തി. നാലുമണിക്കു തിരിച്ചുപോവുകയും ചെയ്തു. ആ സമയത്ത് അവൾക്ക് വീട് കാണാനൊന്നും പറ്റിയില്ല.

എഴുന്നേറ്റ് ഗോപിയുടെ പിന്നാലെ അകത്തേക്കു കടക്കുമ്പോൾ അവൾ ആലോചിച്ചു. മുകളിൽ എന്നു പറയുന്നത് അവരുടെ കിടപ്പുമുറിയായിരിക്കും. അലങ്കരിച്ച ഒരു മണിയറ അവളുടെ ഓർമ്മയിൽ വന്നു. അതലങ്കരിച്ചത് അവളുടെ ഏട്ടനായിരുന്നു. അവൾ അമ്പലത്തിൽ പോയ തക്കം നോക്കി അയാൾ ജോലി തുടങ്ങി. അവൾ അമ്പലത്തിൽ നിന്ന് തിരിച്ചുവന്ന് അവളുടെ മുറിയിൽ കയറിയപ്പോൾ അത്ഭുതപ്പെട്ടു പോയി. അലങ്കരിച്ച ഒന്നാംതരം മണിയറ.

തളത്തിൽ വെളിച്ചം കുറവായിരുന്നു. മുകളിലേക്കുള്ള കോണിമേലും ഇരുട്ടു പരന്നിരുന്നു. മുകളിൽ കുറച്ചു കൂടി വെളിച്ചമുണ്ടായിരുന്നു. ആ വെളിച്ചത്തിൽ അവൾ അവരുടെ കിടപ്പുമുറി കണ്ടു. അവളുടെ മനസ്സിടിഞ്ഞു. ഒരു പഴയ കട്ടിൽ, അതിൽ മുഷിഞ്ഞ ഒരു വിരി വിരിച്ച കിടക്ക. അതിൽ കുറെക്കാലമായി ആരും കിടന്നിട്ടുള്ളതായി തോന്നിയില്ല.

വലിയ മുറിയായിരുന്നു അത്. മൂന്നു ഭാഗത്തും വലിയ ജനലുകൾ. മീതെ മരത്തിന്റെ വാർണീഷ് അടിച്ച തട്ട്. എല്ലാം ഒരു ഗതകാലസമൃദ്ധിയുടെ ലക്ഷണം കാണിച്ചു. വല്ല കാരണവന്മാരും സമ്പന്നതയുടെ കാലത്തുണ്ടാക്കി വെച്ചതായിരിക്കണം. ആ സമൃദ്ധിയുടെ അവശിഷ്ടങ്ങൾ പോലും ഇപ്പോൾ അവിടെ ജീവിച്ചിരിക്കു

ന്നവരിൽ കാണാൻ കഴിഞ്ഞില്ല. അവൾ ജനലിലൂടെ നോക്കി. പുറത്തെ കാഴ്ച കൾ വളരെ മനോഹരമായിരുന്നു. ഈ മുറി വൃത്തിയാക്കി എടുക്കണമെന്നവൾ തീർച്ചയാക്കി.

ഗോപി താഴത്തേക്കു തിരിച്ചുപോയി. അപ്പോഴാണ് അവൾക്കു മനസ്സിലാ യത്, അയാൾ വല്ലതുമൊക്കെ ചെയ്യുമെന്ന പ്രതീക്ഷ അവൾക്കുണ്ടായിരുന്നെന്ന്. തന്റെ പ്രകൃതി നിരീക്ഷണത്തിനിടയിലും അവൾ മറ്റു പലതും പ്രതീക്ഷിച്ചിരുന്നു.

ഗോപി അവരുടെ സൂട്ട്കേസുമായി തിരിച്ചു വന്നു. മുകളിൽ എത്തിയില്ല, അപ്പോഴേക്കും ചുവട്ടിൽ നിന്ന് അമ്മായിയമ്മയുടെ വിളി.

'ഗോപീ.'

അയാൾ സൂട്ട്കേസ് അവിടെ വെച്ച് പോകാനായി തിരിഞ്ഞു. അപ്പോൾ ആശ ചോദിച്ചു.

'കുറച്ചു കഴിഞ്ഞിട്ട് പോയാൽ പോരെ?'

ഗോപി ഒന്നു പരുങ്ങി.

അപ്പോഴേക്കും വീണ്ടും ആ വിളി, അക്ഷമയോടെ.

'ഗോപീ നീ എന്താ അവിടെ ചെയ്യുണത്?'

ഗോപി ഒരക്ഷരം മിണ്ടാതെ തിരിഞ്ഞു് കോണിയിറങ്ങി താഴേക്കു പോയി.

അപ്പോൾ അങ്ങിനെയൊക്കെയാണ് സ്ഥിതികൾ. ആശ ആലോചിച്ചു.

അവൾ കോണിയിറങ്ങി താഴേക്കു വന്നു.

ഗോപി ഉമ്മറത്തിരിക്കുകയായിരുന്നു. അമ്മയും മോളും അടുക്കളയിൽ. അവൾ അടുക്കളയിലേക്കു നടന്നു. അമ്മയും മോളും ചായയുണ്ടാക്കുന്ന തിരക്കിലാ ണ്. അവളെക്കണ്ടപ്പോൾ രമണി പറഞ്ഞു.

'ഏടത്തിയമ്മ ഇരിയ്ക്കൂ.'

അവൾ ഇരുന്നു പക്ഷെ, ചായക്കപ്പു കിട്ടിയപ്പോൾ അവൾ അതുമായി ഉമ്മറ ത്തേക്കു നടന്നു. ചായക്കപ്പു ഗോപിയുടെ നേരെ നീട്ടി. ഗോപി അതു് വാങ്ങാൻ ഭാവിക്കുകയായിരുന്നു. അപ്പോഴേക്കും കേട്ടു. പിന്നിൽ നിന്ന് അമ്മായിയമ്മയു ടെ ശബ്ദം.

'ഗോപി ഈ നേരത്ത് ചായ കുടിക്കാറില്ല. അവൻ പാലാണ് കുടിക്കാ.'

അപ്പോഴേയ്ക്കും രമണി ഒരു ഗ്ലാസിൽ പാലുമായി എത്തിയിരുന്നു.

ഗോപി ഒന്നും പറയാതെ പാൽ വാങ്ങി കുടിച്ചു.

ആറുമണി എന്നതു് പാലു് കുടിക്കാൻ കുറച്ചൊരസമയമാണെന്നു ആശയ്ക്കു തോ ന്നി. അവൾ പെട്ടെന്ന് ഗോപിയെ ഒരു ചെറിയ കുട്ടിയായി സങ്കല്പിച്ചു. കയ്യും കാലു മിട്ടടിച്ച് അമ്മയുടെ മടിയിൽ കിടന്ന് കുപ്പിയിൽ നിന്ന് പാൽ കുടിക്കുന്ന ഒരു ചെറിയ കുട്ടി. അതവളെ രസിപ്പിച്ചു.

ക്രമേണ അവൾക്ക് ഒരു കാര്യം മനസ്സിലായി. ഗോപിയുടെ കാര്യത്തിൽ തനി ക്കൊന്നും ചെയ്യാനില്ല. കാര്യങ്ങളെല്ലാം അമ്മയും മകളും കൂടി നടത്തുന്നുണ്ട്. താ നതിൽ തലയിടുക എന്നതിനർത്ഥം കുഴപ്പം വരുത്തി വെക്കലാണ്. അവൾ മത്സ രത്തിൽ നിന്നൊഴിവായി.

രാത്രി ഉറങ്ങാൻ കിടന്നപ്പോൾ അവൾ ഗോപിയോട് ചോദിച്ചു.

'എന്നെ ഇഷ്ടായില്ലെ?'

ഗോപി തലയിണ എടുത്ത് തട്ടിത്തട്ടി പതം വരുത്തുകയായിരുന്നു. അയാൾ ആശ്ചര്യത്തോടെ പറഞ്ഞു.

'ഇഷ്ടായല്ലൊ!'

എന്തേ അത് ചോദിക്കാൻ എന്ന അർത്ഥത്തിൽ അയാൾ അവളെ നോക്കി. അവൾ ഒന്നും പറഞ്ഞില്ല. ശരിക്കും പറഞ്ഞാൽ അവൾക്ക് പരാതികളൊന്നുമുണ്ടായിരുന്നില്ല. അലങ്കരിക്കാത്ത മണിയറയെപ്പറ്റി, വീട്ടിൽ എല്ലായിടത്തും മുനിഞ്ഞു കത്തുന്ന വിളക്കുകളെപ്പറ്റി എന്തു പരാതി പറയാനാണ്? മങ്ങിയ വിളക്കുകൾ അവൾ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അവളുടെ വീട്ടിൽ എല്ലാ മുറികളിലും വളരെ പ്രകാശമുള്ള വിളക്കുകളാണിട്ടിരുന്നത്. രാത്രിയായാൽ എല്ലാ മുറികളിലും വിളക്കു കത്തിക്കുകയും ചെയ്യും. ഇവിടെയാകട്ടെ എല്ലാ വിളക്കുകളും മങ്ങിയതാണ്. ഇരുപത്തിയഞ്ചു വാൾട്ടിന്റെ ബൾബുകൾ, അതു തന്നെ ഒരാൾ മുറിയിൽനിന്ന് പോകുകയാണെങ്കിൽ കെടുത്തുകയും ചെയ്യും. പ്രകാശം അവരുടെ ഒപ്പം സഞ്ചരിക്കുന്നപോലെ.

ഗോപി കിടന്നിരുന്നു. അവൾ വിളക്കു കെടുത്തി വന്നു കിടന്നു.

ഗോപിയിൽനിന്ന് അനക്കമൊന്നുമുണ്ടായില്ല. അയാൾ ഉറക്കം നടിച്ചു കിടക്കുകയാണെന്നവൾക്കു മനസ്സിലായി. അവൾ പതുക്കെ ചോദിച്ചു.

'ഗോപി ഉറങ്ങിയോ?'

മറുപടിയില്ല.

അവൾ പകൽ ഉമ്മറത്തിരുന്ന് പോക്കുവെയിൽ നോക്കിയിരുന്നതോർത്തു. അവളുടെ അഭയസ്ഥാനത്തെപ്പറ്റിയും. അങ്ങിനെ അവൾ ഉറങ്ങിപ്പോയി.

പിറ്റേന്നു മുതൽ അവൾ ഭർത്താവിന്റെ വീട്ടിലെ എല്ലാവരേയും ശ്രദ്ധിക്കാൻ തുടങ്ങി.

രാവിലെ അവൾ എഴുന്നേറ്റു വന്നാൽ കാണുന്നത് മുഖം വീർപ്പിച്ചുകൊണ്ട് അടുക്കളയിൽ ചായയുണ്ടാക്കുന്ന അമ്മായിയമ്മയും നാത്തൂനുമാണ്. മുഖം വീർപ്പിക്കുന്നതിന്റെ കാരണം അവൾക്കു മനസ്സിലായില്ല. താൻ നേരത്തെ എഴുന്നേറ്റു ചായയുണ്ടാക്കാത്തതുകൊണ്ടാണോ എന്നു കരുതി അവൾ പിറ്റേന്നു നേരത്തെ എഴുന്നേറ്റ് അടുക്കളയിൽ കടന്നു. അപ്പോഴേക്കും അമ്മായിയമ്മ ഉണർന്നുവന്ന് അവളോടു പറഞ്ഞു.

'നീയെന്തിനാ ഇത്ര നേരത്തെ എഴുന്നേറ്റു വന്നത്? ചായയൊക്കെ ഞാൻ തന്നെ ഉണ്ടാക്കിക്കോളാം.'

'വേണ്ടമ്മേ, ഞാനുണ്ടാക്കാം.'

ആശ ചായക്കുള്ള വെള്ളം നിറക്കാൻ തുടങ്ങി. പക്ഷെ, അമ്മായിയമ്മ അവളുടെ കയ്യിൽനിന്ന് പാത്രം സ്വൽപം ബലംപ്രയോഗിച്ചുതന്നെ വാങ്ങി.

ചായയുണ്ടാക്കിയാൽ രമണി രണ്ടു ഗ്ലാസ്സുമായി ഉമ്മറത്തേക്കു പോകും. ഒരു ഗ്ലാസ്സ് അപ്പോഴേക്കും താഴേക്കിറങ്ങിവന്ന് ഉമ്മറത്തിരുപ്പായ ഗോപിയ്ക്കും മറ്റേ ഗ്ലാസ്സ് പുറത്തെ മുറിയിലേക്കും കൊടുക്കും. പിന്നീട് അവൾക്കു മനസ്സിലായി, അച്ഛനുള്ള ചായ മാത്രമല്ല ഭക്ഷണവും എല്ലാം പുറത്തെ മുറിയിലേക്ക് കൊണ്ടുപോയി കൊടുക്കലാണ് പതിവെന്ന്. അദ്ദേഹം കിണററിനരികിലുള്ള കുളിമുറിയിൽ കുളിച്ച്, വസ്ത്രങ്ങൾ മാറ്റി എട്ടരമണിയോടെ ഒരു കുടയും തൂക്കി പുറത്തേക്കു പോകും. പിന്നെ വരിക വൈകുന്നേരം ആറുമണിക്കാണ്. അദ്ദേഹം ജോലിയെടുക്കുന്നത്

ഏതോ ഗവർമ്മെന്റ് ഓഫിസിലാണ്. ഒരാഴ്ച ശ്രദ്ധിച്ചിട്ടും അച്ഛനും മറ്റുള്ളവരുമായി സംസാരിക്കുന്നത് ആശയ്ക്ക് കാണാൻ കഴിഞ്ഞില്ല. പണിക്കു വരുന്ന തള്ളപോലും ആ മുറി അടിച്ചുവാരി വൃത്തിയാക്കിയിരുന്നത് അച്ഛൻ കുളിക്കാൻ പോയ അവസരത്തിലാണ്.

ആദ്യത്തെ ആഴ്ചയിൽ രാത്രികൾ സംഭവരഹിതമായി കടന്നുപോയി. ഉറങ്ങാൻ നേരത്ത് ഗോപി കണ്ണടച്ചു കിടക്കും. ആശ ഒന്നുരണ്ടു പ്രാവശ്യം വിളിക്കും.

'ഉറങ്ങിയോ?'

മറുപടിയുണ്ടാവില്ല. അവളും കിടന്നുറങ്ങും.

ഇങ്ങനെ പോകുന്നത് അത്ര പന്തിയല്ലെന്ന് അവൾക്ക് തോന്നി. ഒരു ദിവസം രാത്രി ഗോപിക്ക് കണ്ണടക്കാൻ അവസരം കൊടുക്കുന്നതിനു മുമ്പ് അവൾ ചോദിച്ചു.

'ഗോപി കിടന്ന ഉടനെ ഉറങ്ങുന്നുണ്ടല്ലൊ.'

ഗോപി വെറുതെ മൂളുകമാത്രം ചെയ്തു.

'എനിയ്ക്ക് വളരെ നേരം കഴിഞ്ഞിട്ടേ ഉറക്കം കിട്ടാറുള്ളു. നമുക്ക് കുറച്ചു നേരം സംസാരിച്ചിരുന്നൂടെ?'

ആശ ആലോചിച്ചു. പകൽ മുഴുവൻ അമ്മയും മോളും ഗോപിയുടെ രണ്ട് അരികിലായി ഉണ്ടാവും. അവൾക്ക് സംസാരിക്കാൻ അവസരം കിട്ടാറില്ല.

'സംസാരിച്ചോളു.' ഗോപി പറഞ്ഞു.

സംസാരം തുടങ്ങേണ്ടത് ഗോപി തന്നെയാണെന്ന് അവൾ ഓർത്തു. ഗോപിയാണെങ്കിൽ സംസാരിക്കാൻ യാതൊരു താൽപര്യവുമില്ലാത്ത മട്ടിൽ ഇരിക്കുകയാണ്. അടുത്ത നിമിഷത്തിൽ അയാൾ നിവർന്നു കിടക്കുകയും ഉറങ്ങാൻ തുടങ്ങുകയും ചെയ്യുമെന്ന് അവൾ ഭയപ്പെട്ടു. അതൊഴിവാക്കാനെങ്കിലും അയാളെക്കൊണ്ട് സംസാരിപ്പിക്കണമെന്ന് അവൾ തീർച്ചയാക്കി. അവൾ ചോദിച്ചു.

'അമ്മയ്ക്കും രമണിയ്ക്കും എന്നെ ഇഷ്ടായില്ല അല്ലെ?'

'ആരു പറഞ്ഞു?'

'എനിക്കങ്ങിനെ തോന്നി.'

ഗോപി ഒന്നും പറഞ്ഞില്ല. അയാൾക്ക് ആശ പറഞ്ഞത് നിഷേധിക്കാമായിരുന്നു. നിഷേധിക്കാൻ കൂടി അയാൾ തയ്യാറില്ലാതിരുന്നത് ഒരവഗണനയായി അവൾക്കു തോന്നി. അവൾക്ക് പിന്നെ ഒന്നും സംസാരിക്കാൻ തോന്നിയില്ല. അവൾ ചോദിച്ചു.

'വിളക്കണയ്ക്കട്ടെ?'

ഗോപി മൂളി.

ഒന്നു മയങ്ങിയപ്പോൾ പെട്ടെന്ന് ദേഹത്ത് എന്തോ സ്പർശിക്കുന്നതറിഞ്ഞ് അവൾ ഞെട്ടിയുണർന്നു. അത് ഗോപിയുടെ കയ്യുകളാണെന്ന് അവൾക്കു മനസ്സിലായി. അയാൾ അവളുടെ അരക്കെട്ടിൽ കൈ വെച്ചതായിരുന്നു. അവൾ ഉറക്കമുണർന്നത് അറിയിക്കാതിരിക്കാൻ സാധാരണ മട്ടിൽ ശ്വാസം കഴിച്ച് അനങ്ങാതെ കിടന്നു. ഗോപി കൈ അവളുടെ അരക്കെട്ടിൽ വെച്ച് പിന്നെ കുറെ നേരത്തേക്ക് അനങ്ങാതെ കിടന്നു. കുറച്ചു കഴിഞ്ഞപ്പോൾ കൈകൾ ഇളകാൻ തുടങ്ങി. പതുക്കെ മുകളിലേക്ക്. ബ്ലൌസിന്റെ കുടുക്കുകളിൽ വിരലുകൾ തടഞ്ഞുനിന്നു. ആശയുടെ ശ്വാസം ദ്രുതഗതിയിലായി. അവൾ അനങ്ങാൻ ധൈര്യമില്ലാതെ കിടക്കുകയായിരുന്നു. തനിയ്ക്കു വേണ്ടി ഒരു ബലൂൺ വീർപ്പിക്കുന്നതു കാണുമ്പോൾ ശ്വാസമടക്കി

നോക്കി നിൽക്കുന്ന ഒരു ചെറിയ കുട്ടിയെപ്പോലെ. വീണ്ടും അഞ്ചു മിനിറ്റു നേരത്തേക്ക് അനക്കമില്ല. പിന്നെ വീണ്ടും അയാളുടെ വിരലുകൾ ചലിക്കാൻ തുടങ്ങി. പെട്ടെന്നവൾ അറിയാതെ അനങ്ങിപ്പോയി. അതോടെ ഗോപി കൈ പിൻവലിക്കുകയും ചെയ്തു. അവൾ പതുക്കെ വിളിച്ചു.

'ഗോപി.'

അനക്കമില്ല.

അവൾ ഒരിക്കൽക്കൂടി വിളിച്ചുനോക്കി.

അയാൾ ഉറങ്ങിയ മട്ടിൽ ശ്വാസം കഴിക്കുകയായിരുന്നു. അവൾക്ക് പെട്ടെന്ന് സങ്കടമായി. അവൾ ശബ്ദമില്ലാതെ കരഞ്ഞു. ഗോപിയുടെ പെരുമാറ്റം വളരെ വിചിത്രമായി അവൾക്കു തോന്നി. ചെയ്യാൻ പാടില്ലാത്ത ഒന്നു ചെയ്യുന്നപോലെ.

അവൾക്ക് അമ്മയെ കാണാൻ തോന്നി. പിറ്റേന്നു രാവിലെത്തന്നെ പോകണമെന്നു തീർച്ചയാക്കി. ഗോപി വരുമോ എന്നറിയില്ല. വന്നില്ലെങ്കിൽ ഒറ്റയ്ക്കു പോകണം. രാവിലെത്തെ ബസ്സിനു പോയാൽ അവിടെ പത്തു മണിക്കെത്തും. വൈകുന്നേരമാകുമ്പോഴേക്കും തിരിച്ചു വരികയുമാവാം.

രാവിലെ ഇതു പറഞ്ഞപ്പോൾ ഗോപിക്ക് യാതൊരഭിപ്രായവുമുണ്ടായില്ല. അയാൾ പൊയ്ക്കോള്ളാനോ പോകേണ്ടെന്നോ പറഞ്ഞില്ല. പക്ഷെ, അമ്മ സമ്മതിച്ചില്ല.

'അങ്ങിനെ അങ്ങട്ട് പോവാൻ പറ്റ്വോ?'

പിന്നെ അന്നു വൈകുന്നേരം തന്നെ തിരിച്ചു വരാമെന്നു പറഞ്ഞപ്പോൾ അവർ സമ്മതിച്ചു.

ഗോപി ഒപ്പമുണ്ടാകുമെന്നാണവൾ കരുതിയിരുന്നത്. പക്ഷെ, അയാൾ പുറപ്പെട്ടിരുന്നില്ല. മാത്രമല്ല അവൾ പുറപ്പെട്ടു തയ്യാറായി അയാളെ വിളിച്ചപ്പോൾ അയാൾ പറഞ്ഞു.

'ഞാൻ വരുന്നില്ല. എന്റെ ഒരു സ്നേഹിതൻ വരാമെന്നു പറഞ്ഞിട്ടുണ്ട്.'

അവൾ ഒതുക്കുകളിറങ്ങി.

അമ്മയ്ക്ക് അവളെ കണ്ടപ്പോൾ അത്ഭുതമായി. അതിലേറെ പരിഭ്രമവും. മകൾ ഒറ്റയ്ക്കു വരുന്നതു കണ്ട് അവർ മിറ്റത്തേയ്ക്ക് ഓടി വന്നു.

'ഗോപി എവിടെ മോളെ?'

'ഗോപി വന്നില്ല.'

'നീ എന്തേ വരാൻ കാരണം?'

'ഒന്നുമില്ലമ്മേ. അമ്മയെ കാണാൻ തോന്നി. വരുകയും ചെയ്തു.'

അവർക്കു വിശ്വാസമായില്ല. എന്തോ കുഴപ്പമുണ്ടെന്നവർക്കു തോന്നി. അവർ കുത്തിച്ചോദിച്ചപ്പോഴും ആശ ഒന്നും പറഞ്ഞില്ല. അന്നു തന്നെ അവൾ തിരിച്ചു പോകുകയാണെന്നറിഞ്ഞപ്പോൾ പാവം അമ്മയ്ക്കു കുറച്ചു സമാധാനമായി.

അവൾ ഗോപിയെപ്പറ്റി ഓർത്തു. ഗോപി തന്റെ ഒപ്പം വരാൻ മടി കാണിച്ചതിനെപ്പറ്റി ഓർത്തു. ഒരു പക്ഷെ, സ്നേഹിതൻ വരുമെന്ന് പറഞ്ഞത് ശരിയായിരിക്കാം. അവൾ എപ്പോഴും മറ്റുള്ളവർക്ക് സംശയത്തിന്റെ ആനുകൂല്യം കൊടുത്തിരുന്നു. ഇവിടെനിന്നാലോചിക്കുമ്പോൾ ഭർത്താവിന്റെ വീട് അത്ര കുഴപ്പം പിടിച്ചതായി തോന്നിയില്ല. ഒരു പക്ഷെ, തനിക്കുതന്നെ സാവധാനത്തിൽ എല്ലാം ശരിയാ

ക്കുവാൻ പറ്റുമായിരിക്കും. എന്തുകൊണ്ടോ വൈകുന്നേരമായപ്പോഴേക്ക് അവൾക്ക് ഗോപിയെ കാണാൻ ധൃതിയായിരുന്നു.

വൈകുന്നേരം ആശ ഉദ്ദേശിച്ചിരുന്ന ബസ്സ് അവൾ ബസ്സ്സ്റ്റാന്റിലെത്തിയപ്പോഴേക്കും പോയിരുന്നു. ഇനി അടുത്ത ബസ്സ് രാത്രി എട്ടരക്കാണ്. അത് അവിടെയെത്തുമ്പോൾ പത്തു മണിയാവും. അന്നു തന്നെ പോകണമെന്നവൾ തീരുമാനിച്ചു. തിരിച്ചു വീട്ടിൽ പോയാൽ പിന്നെ അന്നു പോകാൻ അമ്മ സമ്മതിക്കില്ല. പിന്നെ പോകണമെന്ന് നിർബന്ധം പിടിച്ചാൽതന്നെ അനിയനെ ഒപ്പം പറഞ്ഞയക്കും. സതീശനെ അപ്രസന്നമായ ആ അന്തരീക്ഷത്തിലേക്ക് കൊണ്ടുപോകാൻ അവൾക്ക് താൽപര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് എട്ടരയാവുന്നവരെ അവൾ ബസ്സ്സ്റ്റാന്റിൽത്തന്നെ കഴിച്ചുകൂട്ടി. എട്ടരക്ക് ബസ്സ് വന്നപ്പോഴേക്കും അവൾ ക്ഷീണിച്ചിരുന്നു. ഉച്ചയ്ക്ക് അവൾ കുറച്ചെ ഊണു കഴിച്ചിരുന്നുള്ളു. പിന്നെ വൈകുന്നേരം പുറപ്പെടുന്നതിനു മുമ്പ് ഒരു വെറും ചായ കുടിച്ചതെയുള്ളു. അമ്മ ഉണ്ടാക്കിയിരുന്ന പലഹാരങ്ങളൊന്നും കഴിക്കാൻ അപ്പോൾ അവൾക്ക് തോന്നിയില്ല. ബസ്സിലിരിക്കുമ്പോൾ അവൾക്ക് തലചുറ്റുന്നപോലെ തോന്നി. ഗോപി ഒപ്പമുണ്ടായിരുന്നെങ്കിലെന്നവൾ ആശിച്ചു.

ബസ്സ് വീട്ടുപടിക്കൽ തന്നെ നിർത്തുന്നതുകൊണ്ട് നടക്കാതെ കഴിഞ്ഞു. സമയം പത്തരയായിരുന്നു. അവൾ പടി കടന്ന് മിറ്റത്തെത്തിയപ്പോഴേ മനസ്സിലായി, എല്ലാവരും കിടന്നിരിക്കുന്നുവെന്ന്. അവൾ വാതിൽക്കൽ മുട്ടി വിളിച്ചു. ഒരഞ്ചു മിനിറ്റോളം അവൾക്ക് മുട്ടേണ്ടി വന്നു. വാതിലിന്റെ വിള്ളലിലൂടെ പെട്ടെന്ന് പ്രകാശം വന്നു. തളത്തിൽ വിളക്കു കത്തിച്ചതാണ്. വാതിൽ തുറന്നത് ഗോപിയായിരുന്നു. അയാൾ ഒരു ഡ്രോയർ മാത്രമെ ധരിച്ചിരുന്നുള്ളു.

ഓ നീ വന്നുവോ? എന്ന ഒരു മുഖവുമായി അയാൾ അവിടെ നിന്നു. ആശ അകത്തു കടന്നപ്പോൾ അയാൾ വാതിലടച്ചു. ആശ നേരെ മുകളിലേക്കു നടക്കാൻ തുടങ്ങി. ഗോപി അമ്മയും രമണിയും കിടക്കുന്ന മുറിയിലേക്കു പോയി. ഉടനെത്തന്നെ ഒരു പുതപ്പുമായി അവളുടെ പിന്നാലെ കോണി കയറി വന്നു.

മുകളിലെത്തിയ ഉടനെ ആശയ്ക്കു മനസ്സിലായി. ഗോപി ആ മുറിയിലല്ല കിടന്നിരുന്നതെന്ന്. അവൾ രാവിലെ ധൃതി പിടിച്ചു പോകാനായി മാറ്റുമ്പോൾ അഴിച്ചിട്ട സാരി കിടക്കയിൽ അങ്ങിനെത്തന്നെ കിടന്നിരുന്നു. ഗോപി എവിടെയായിരിക്കും കിടന്നിട്ടുണ്ടാവുക?

അയാൾ കയ്യിൽ പിടിച്ചിരുന്നു പുതപ്പ് മേൽ ഒരു ഷാൾ പോലെ ഇട്ട് നിൽക്കുകയായിരുന്നു. താൻ വല്ലതും കഴിച്ചോ എന്ന് അന്വേഷിക്കുകയെങ്കിലും ചെയ്യുമെന്ന് ആശ പ്രതീക്ഷിച്ചു. അങ്ങിനെ ഒരന്വേഷണവും ഗോപിയുടെ അടുത്തുനിന്ന് വന്നില്ല. അവൾക്ക് വിശക്കുന്നുണ്ടായിരുന്നു.

കിടക്കയിൽനിന്ന് സാരിയെടുത്തുമാറ്റി അവൾ പറഞ്ഞു .

കിടന്നോളു. ഞാൻ കുറച്ചു വെള്ളം കുടിച്ചിട്ടു വരാം.

അടുക്കളയിൽനിന്ന് വെള്ളം കുടിക്കുമ്പോഴെല്ലാം അവൾ ആലോചിച്ചിരുന്നത് ഗോപി എവിടെയാണ് കിടന്നിരുന്നതെന്നാണ്. അമ്മ കിടക്കുന്ന മുറിയിലായിരിക്കണം. പെട്ടെന്നവൾക്ക് കുറെ സംശയങ്ങളുണ്ടായി. അടുക്കളയിൽനിന്ന് തിരിച്ചുനടക്കുമ്പോൾ അവൾ അവരുടെ കിടപ്പു മുറിയിലേക്കു നടന്നു.

വേറൊരു കിടപ്പുമുറിയിലേക്ക് പതിഞ്ഞുനോക്കുന്നത് അവൾക്കിഷ്ടമല്ലാത്ത കാര്യമായിരുന്നു. അവൾ കുട്ടിക്കാലം തൊട്ടേ അമ്മയിൽ നിന്ന് മാറിയാണ് കിടന്നിരുന്നത്. രാത്രി അമ്മയെക്കൊണ്ട് വല്ല ആവശ്യമുണ്ടെങ്കിൽത്തന്നെ അവൾ മുറിയ്ക്കു പുറത്തുനിന്ന് അമ്മയെ വിളിക്കുകയാണ് പതിവ്. ആ ശീലം ഒരു മര്യാദയായി അവൾ വളർത്തിക്കൊണ്ടുവന്നതായിരുന്നു.

ഇപ്പോൾ അവൾക്ക് ചില സംശയങ്ങൾ തീർക്കേണ്ടതുണ്ട്. അവൾ മടിച്ചില്ല. മുറിയിൽ ഇരുട്ടായിരുന്നു. ചുമരിൽത്തപ്പി അവൾ സ്വിച്ചിട്ടു. ഇരുപത്തഞ്ചു വാൾട്ടിന്റെ ബൾബെരിഞ്ഞു. ആ വെളിച്ചത്തിൽ അവൾ കട്ടിലിൽ അമ്മയും മകളും കിടക്കുന്നതു കണ്ടു. അമ്മ വക്കത്തായിരുന്നു കിടന്നിരുന്നത്. രമണി ചുമരിന്നരുകിൽ ഇടത്തോട്ടു തിരിഞ്ഞും. രമണി പാവാടയും ബ്ലൌസും മാത്രമേ ഇട്ടിരുന്നുള്ളു. പാവാട മുകളിലേക്കു കയറി അവളുടെ തുടകൾ മുഴുവൻ കണ്ടിരുന്നു. കുടുക്കുകൾ വിട്ട് ബ്ലൌസും ബ്രേസിയേഴ്സും മുകളിലേക്കു കയറി അവളുടെ മാറിടം നഗ്നമായിരുന്നു. ആ സ്ഥിതിയിലും രമണിയുടെ അവയവങ്ങൾക്ക് ഭംഗിയുണ്ടെന്ന് സമ്മതിക്കാതിരിക്കാൻ ആശയ്ക്കു കഴിഞ്ഞില്ല. പിന്നെയാണ് ആശ കണ്ടത്, അമ്മയുടെയും രമണിയുടെയും നടുവിൽ ഉള്ള സ്ഥലത്ത് തലയിണക്കരുകിൽ ഗോപിയുടെ വാച്ച്. തലയിണയാണെങ്കിൽ തലവെച്ചിടത്ത് കുഴിഞ്ഞിട്ടുമുണ്ട്.

ആ മുറിയിൽ വേറെ കിടക്കയൊന്നുമുണ്ടായിരുന്നില്ല. അപ്പോൾ ഗോപി കിടന്നിരുന്നത് വേറെ എവിടെയുമായിരുന്നില്ല.

ആശ പെട്ടെന്ന് തളർന്നുപോയി. അവൾ കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി ഭയന്നിരുന്ന ചില കാര്യങ്ങൾ അവൾ ഭയന്നിരുന്നതിനേക്കാൾ അതിരൂക്ഷമായതായിരുന്നെന്ന അറിവ് അവളെ പെട്ടെന്ന് തളർത്തി. ആ മുറി ഒരു രാക്ഷസിയും മകളും താമസിക്കുന്ന ഗുഹയാണെന്നും, പുറത്തേക്കു വഴിയറിയാതെ ആ ഗുഹയിൽ അവൾ ഒരു തടവുകാരിയാണെന്നും അവൾക്കു തോന്നി. പെട്ടെന്നുള്ള പ്രതികരണം അവിടെ നിന്നോടിപോകാനായിരുന്നു. പുറത്തുള്ള കാട്ടിലൂടെ, വന്യമൃഗങ്ങളെ കൂസാതെ ഓടുക.

അവൾ വിളക്കു കെടുത്തി മുറിയ്ക്കു പുറത്തു കടന്നു. ഗോപി ശരിയ്ക്കും ഉറക്കമായിരുന്നു. അവൾ സാരിമാറ്റി വിളക്കു കെടുത്താതെ കിടക്കയിൽ വന്നിരുന്ന് ഗോപിയെ നോക്കി. അയാൾ വളരെ സുമുഖനായിരുന്നു. പുതപ്പുകൊണ്ട് അരക്കെട്ട് മറച്ചിരുന്നു. നെഞ്ചിൽ നിറയെ രോമങ്ങൾ. കണ്ടാൽ നല്ല പൗരുഷമുള്ള പ്രകൃതിയാണ്. ഈ മനുഷ്യന് എന്തേ ഇങ്ങനെ പറ്റാൻ?

പിറ്റേന്നു മുതൽ ആശ അമ്മയോടും രമണിയോടും സംസാരിക്കാൻ തുടങ്ങി. സംസാരിക്കാതിരിന്നതുകൊണ്ട് ഗുണമൊന്നുമില്ല. മറിച്ച് സംസാരിച്ചാൽ സംഗതികൾ കൂടുതൽ മനസ്സിലാവുമെന്നും അവൾക്കു തോന്നി. ഇതൊരുപറ്റം മനോരോഗികളാണ്. ഇവർക്കു വേണ്ടത് നല്ല ചികിത്സയാണ്.

സംസാരിക്കാൻ തുടങ്ങിയപ്പോഴാണ് അവരുടെ ഓരോ കഴിവുകൾ പുറത്തുവരുന്നത്. ഒന്നാമത്തേത് എല്ലാവരേയും പുച്ഛിക്കാനുള്ള അവരുടെ കഴിവാണ്. ആരെപ്പറ്റി പറഞ്ഞാലും അവർക്ക് പുച്ഛമാണ്. സതീശൻ എഞ്ചിനീയറിംഗിനാണ് പഠിക്കുന്നത് എന്നു പറഞ്ഞപ്പോൾ അവരുടെ പ്രതികരണം ഇതായിരുന്നു.

'എഞ്ചിനീയർമാർക്കൊക്കെ എന്താ ഒരു വിലയുള്ളത്. ഇപ്പോൾ മുഴത്തിന് പത്ത് എഞ്ചിനീയർമാരെ കാണാം.'

എങ്ങിനെയാണ് അവർക്കങ്ങിനെ സംസാരിക്കാൻ പറ്റുന്നത്? അവരോട് സംസാരിക്കുന്നതുതന്നെ വിഷമമായിരുന്നു. എല്ലാം മനസ്സിടിവുണ്ടാക്കുന്നതായിരുന്നു. ആശ വിലകൽപിച്ചിരുന്ന എന്തിനെയും ഇടിച്ചുതാഴ്ത്തുക എന്നതായിരുന്നു അവരുടെ ഉന്നമെന്ന് തോന്നും, അവരുടെ സംസാരം കേട്ടാൽ.

അതിനിടയ്ക്ക് സംഭവരഹിതമായ രാത്രികൾ കടന്നു പോകുന്നത് അവൾ തെല്ലൊരു അവഗണനയോടെ നോക്കി. വൈവാഹിക ജീവിതം ഇങ്ങിനെയുമായിക്കൂടെ? ഇടയ്ക്ക് ഗോപിയും രമണിയുമായുള്ള പെരുമാറ്റം അവൾക്ക് തീരെ അസഹ്യമായി തോന്നിയിരുന്നു. അവളുടെ മുമ്പിൽ വെച്ചുതന്നെ ഗോപി രമണിയുടെ മടിയിൽ കിടക്കാറുണ്ട്, അവളുടെ അരക്കെട്ടിൽ കൈയ്യിട്ട് നടക്കാറുണ്ട്. ഒരിക്കൽ അവൾ ഗോപിയോടു ചോദിച്ചു.

'എന്തിനാണ് അങ്ങനെയൊക്കെ ചെയ്യുന്നത്? മോശല്ലെ?'

ഗോപി ഒരു ചെറിയ ചിരി പാസ്സാക്കുക മാത്രം ചെയ്തു. ആ സംസാരത്തിനു ശേഷം ആശ കാണാത്ത സമയത്തു മാത്രമെ ഗോപി ചെയ്തിരുന്നുള്ളു. അഥവാ ആശ കണ്ടുകൊണ്ടു വന്നാൽത്തന്നെ അയാൾ പെട്ടെന്ന് കൈയ്യെടുക്കുകയും ചെയ്തിരുന്നു. ഒരുതരം കട്ടു തിന്നുന്ന ഭാവമായിരുന്നു അയാളുടേത്. രമണിയെ സംബന്ധിച്ചിടത്തോളം ആ വക വിഷമങ്ങളൊന്നുമില്ലാത്തതുകൊണ്ട് അവൾ ആശയുടെ മുമ്പിൽ വെച്ചുതന്നെ ഗോപിയെ കെട്ടിപ്പിടിക്കുകയും താലോലിക്കുകയും ചെയ്തിരുന്നു. അപ്പോഴൊക്കെ ഗോപി രമണിയെയും കൂട്ടി അവിടെ നിന്ന് നടന്നു മറയും. ആശയ്ക്ക് കൂടുതൽ അകൽച്ചയും ഏകാന്തതയും തോന്നുകയും ചെയ്യും.

അവൾക്ക് കുമ്പസാരിക്കേണ്ടിയിരിക്കുന്നു. അവൾക്ക് ആദ്യം തോന്നിയത് ഒരു മനോരോഗവിദഗ്ദ്ധന്റെ ഉപദേശം തേടാനായിരുന്നു. അവളുടെ ക്ലാസ്മേറ്റിന്റെ ജ്യേഷ്ഠൻ ഡോക്ടർ കുമാർ ഒരു മനോരോഗവിദഗ്ദ്ധനാണ്. അദ്ദേഹത്തെ കണ്ടാലൊ? പെട്ടെന്നവൾക്ക് ആ ആശയത്തിന്റെ പാകപ്പിഴയിൽ തമാശ തോന്നി. ഒരു പറ്റം ചിത്തരോഗികളുമായി ഇടപഴകാൻ വേണ്ടി ഒരു മാനസികവിദഗ്ദ്ധനെ കാണുക! അവൾ മാനസികമായി വളരെ ആരോഗ്യവതിയായിരുന്നു. വിവാഹനിശ്ചയം കഴിഞ്ഞ ഉടനെ അവൾ ചെയ്തത് ഹാവ്ലോക്ക് എല്ലിസിന്റെ പുസ്തകങ്ങൾ വായിക്കുകയായിരുന്നു. ലൈംഗികം എന്നത് എത്ര സങ്കീർണ്ണമായ ഒരു വിഷയമാണെന്ന് അവൾ മനസ്സിലാക്കിയിരുന്നു. അത് വിജയകരമായി നേടാനുള്ള ഉൾക്കാഴ്ചകളെല്ലാം അവൾക്കുണ്ടായിരുന്നുതാനും. പക്ഷെ, സംസാരിക്കാൻ കൂടി താൽപര്യമില്ലാത്ത ഭർത്താവിനെ നേരിടേണ്ടത് എങ്ങിനെയെന്ന് അവൾക്കറിയില്ലായിരുന്നു.

അവൾ വിമലയ്ക്ക് കത്തെഴുതി. കുറച്ചു സംസാരിക്കാനുണ്ട്. സൗകര്യപ്പെട്ടുമെങ്കിൽ ഒരു ദിവസം വരു.

വിമലയെ ആശ സൈക്ക്യാട്രിസ്റ്റ് എന്നാണ് വിളിക്കാറ്. ജ്യേഷ്ഠന്റെ ഒപ്പം താമസിച്ച് അവളും ഒരു ചെറുകിട വിദഗ്ദ്ധയായിരിക്കുന്നു.

ഒരു ദിവസം വൈകുന്നേരം വിമല വന്നു. എല്ലാം കേട്ടപ്പോൾ വിമല പറഞ്ഞു.

'ഇത് വളരെ കോംപ്ലിക്കേറ്റഡാണ്. നീ ചേട്ടനെത്തന്നെ കാണു. ഗോപിയേയുംകൂട്ടി വന്നു കൂടെ?'

ഗോപി വരുമെന്ന് തോന്നുന്നില്ല. കാരണം വീട്ടിലേക്കു ഒരു ദിവസം പോയപ്പോൾത്തന്നെ ഒപ്പം വന്നില്ല. പിന്നെയല്ലെ ഒരു സ്നേഹിതയുടെ വീട്ടിലേക്ക് വരുന്നത്? പോരാത്തതിന് ഒരു സൈക്ക്യാട്രിസ്റ്റിന്റെ അടുത്തേക്കാണ് പോകുന്നതെന്നു പറഞ്ഞാൽ എന്നെക്കൂടി പോകാൻ അനുവദിക്കില്ല.

'എന്നാൽ നീ ഒറ്റയ്ക്ക് വരു. ഞാൻ നിന്റെ അമ്മായിയമ്മയോട് ശുപാർശ ചെയ്യാം. നിന്നെ ഈ ഞായറാഴ്ച വിടണമെന്ന്.'

ഡോക്ടർ കുമാർ ആശയോട് വളരെ ദയാപൂർവ്വം പെരുമാറി. അവളുടെ അറിവിൽ അയാൾക്ക് അത്ഭുതമാണുണ്ടായിരുന്നത്. സാധാരണ പെൺകുട്ടികളിൽനിന്നും ഇവൾ വളരെ വിഭിന്നയാണെന്നയാൾ കണ്ടു.

ഇത് വളരെ സാധാരണമായ ഒരു കുഴപ്പമാണ്. അയാൾ പറഞ്ഞു. ചികിത്സിച്ച് മാറ്റാവുന്നതേയുള്ളു. ഗോപിയെക്കൂട്ടി ഒരു ദിവസം വരു. ഇതൊരു മാനസികാസ്വാസ്ഥ്യമാണ്. യുഗങ്ങളായുള്ള ഒരു പതിവ് സംസ്കാരം വന്ന ശേഷവും മനുഷ്യന്റെ അടിമനസ്സിൽ കിടക്കുകയാണ്. മനുഷ്യൻ ഒരു സമൂഹമായി താമസിക്കാൻ തുടങ്ങിയപ്പോൾ അമ്മയായിരുന്നു ആ സമൂഹത്തിന്റെ അല്ലെങ്കിൽ കുടുംബത്തിന്റെ അധിപ. അവർ പ്രായപൂർത്തിയെത്തിയ ചെറുപ്പക്കാരുമായി, സ്വന്തം മക്കളടക്കം, ലൈംഗിക ബന്ധത്തിലേർപ്പെട്ടിരുന്നു. അച്ഛൻ എന്ന വ്യക്തിക്ക് വലിയ പ്രസക്തിയൊന്നുമുണ്ടായിരുന്നില്ല. ഇന്നും ആൺമക്കളുടെ മേൽ അധീശാധികാരം നടത്തുന്ന അമ്മമാരുടെ അടിമനസ്സിൽ ആ പഴയ അമ്മ തന്നെയാണുള്ളത്.

അനുജത്തിയുമായുള്ള ഗോപിയുടെ ബന്ധം കൂടുതൽ സ്വഭാവികമാണ്. ഒരു ആൺകുട്ടി ലൈംഗികത്തെപ്പറ്റി അറിയാൻ തുടങ്ങിയാൽ ആദ്യം അടുക്കുക സ്വന്തം സഹോദരിയോടായിരിക്കും. അത് വളർച്ചയുടെ ഒരു കാലഘട്ടം മാത്രമാണ്. പിന്നെ ലൈംഗിക ലക്ഷ്യം സഹോദരിയിൽനിന്ന് സ്നേഹിതന്മാരിലേക്കാവുന്നു. അപ്പോൾ ഒരു സ്വവർഗ്ഗ സ്നേഹത്തിന്റെ കാലഘട്ടം ഉണ്ടാവുന്നു. പിന്നെ അതും കടന്നു പോകുന്നു. ഇതെല്ലാം തന്നെ ആരോഗ്യകരമായ മാനസികവളർച്ചയുടെ ഓരോ ഘട്ടങ്ങളാണ്.

ഇതിലെവിടെയെങ്കിലും ഒരു സ്റ്റേജിൽ വളർച്ച നിന്നു പോകുമ്പോഴാണ് കുറച്ചൊരു വൈകൃതം കടന്നു വരുന്നത്. ഗോപിയ്ക്ക് പറ്റിയിട്ടുള്ളതും അതായിരിക്കണം.

ഇത്രയും ശരിയായി. ആശ ആലോചിച്ചു. ഇനി ഗോപിയെ ഡോക്ടറുടെ അടുത്തേക്ക് എങ്ങിനെയാണ് കൊണ്ടുവരിക? വൈകുന്നേരം ഗോപിയോട് ഡോക്ടറെ കാണേണ്ടകാര്യം പറഞ്ഞപ്പോൾ ഗോപി ചോദിച്ചു.

'നിനക്കെന്താണ് അസുഖം?'

'എനിക്കല്ല.'

'പിന്നെ?'

'നമുക്ക് ഗോപിയുടെ പ്രോബ്ലംസ് ഡോക്ടറുമായി സംസാരിക്കാം.'

'എന്റെ പ്രോബ്ലങ്ങളോ? എനിക്കെന്താണ് പ്രോബ്ലം?'

'ഗോപിക്കറിയാമല്ലൊ അത്.'

ഗോപി പിന്നെ ഒന്നും പറഞ്ഞില്ല.

ഗോപി സംസാരിക്കുമെന്നും, അങ്ങിനെ സംസാരിച്ചുകൊണ്ടു തന്നെ ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാമെന്നവൾ കരുതിയിരുന്നു. പക്ഷെ, ഗോപി സംസാരിച്ചില്ലെന്നു മാത്രമല്ല, അതിനുശേഷം ഒറ്റയ്ക്ക് അവളുടെ ഒപ്പമിരിക്കാൻ കൂടി മടി കാണി

ച്ചു. അയാൾ ആശയെ ഭയപ്പെടുന്നപോലെ തോന്നി. രാത്രികളിൽ അയാൾ വളരെ വൈകിയേ കിടപ്പറയിലേക്കു വരു. അതിനിടയ്ക്ക് ആശ ചിലപ്പോൾ ഉറങ്ങിപ്പോയിട്ടുണ്ടാകും.

ഗോപിയുടെ പെരുമാറ്റം അസഹനീയമായിരുന്നു. പക്ഷെ, അത് എത്രത്തോളം മയമുള്ളതാണെന്ന് ആശയ്ക്കു മനസ്സിലായത്, അമ്മായിയമ്മയും, നാത്തൂനും കൂടി അവൾക്കെതിരായി സമരം ചെയ്യാനിറങ്ങിയപ്പോഴാണ്, അതും വളരെ വക്രമായ തരത്തിൽ. ആശക്കില്ലാതിരുന്ന പല അസുഖങ്ങളും അവൾക്കുണ്ടെന്നവർ ആരോപിച്ചു.

ആദ്യം തുടങ്ങിയത് ഭക്ഷണ സമയത്താണ് രണ്ടു ദിവസം തുടർച്ചയായി അവൾക്ക് വേണ്ടി ഒരു പ്ലേറ്റും ഗ്ലാസ്സും മേശപ്പുറത്തു മാറ്റി വെച്ചു. അവൾ വേറെ ഏതെങ്കിലും പ്ലേറ്റിനു മുമ്പിലിരുന്നാൽ ആ പിഞ്ഞാണം മാറ്റി അവൾക്കായി വെച്ച പഴയ പിഞ്ഞാണം വെച്ചുകൊടുക്കും.

ആദ്യമൊന്നും ആശയ്ക്ക് ഇതിന്റെ അർത്ഥം മനസ്സിലായില്ല. പിന്നെ പണിക്കാരത്തിയാണ് ആശയോട്ട് പറഞ്ഞത്.

'മോൾക്ക് എന്തൊക്കെയോ സുഖക്കേടുണ്ടെന്നാണ് അവർ പറയുന്നത്. എനിക്കൊന്നും തോന്നിയിട്ടില്ല.'

എനിയ്ക്കു സുഖക്കേടോ? തനിക്ക് എന്തെങ്കിലും സുഖക്കേടുണ്ടോ എന്നറിയാൻ അവർക്കെങ്ങിനെ കഴിഞ്ഞു. താനാകട്ടെ ഒന്നു തുമ്മുക കൂടി ചെയ്തിട്ടില്ല. പിന്നീട്ട് ആലോചിച്ചപ്പോൾ അവൾക്കു മനസ്സിലായി, അമ്മയും മകനും മകളും വെവ്വേറെയാണെന്ന് അവൾ വിചാരിക്കുന്നത് ശരിയല്ല. ഗോപിയോട്ട് ഡോക്ടറെ കാണാമെന്ന് താൻ പറഞ്ഞത് അമ്മയുടെയും മകളുടെയും അടുത്തെത്തിയിരിക്കുന്നു. മകന് മാനസികാസുഖമുണ്ടെന്ന് മരുമകൾ പറഞ്ഞതിന് തിരിച്ചടിയാണ് ഈ അഭിനയമെല്ലാം.

പെട്ടെന്നവൾക്ക് ദ്വേഷ്യം തോന്നി. തനിക്കിതൊന്നും സഹിക്കേണ്ട ആവശ്യമില്ല. തനിക്ക് ഗോപിയോട്ട് സ്നേഹമുണ്ടോ എന്നവൾ സ്വയം ചോദിച്ചു. വിവാഹം കഴിഞ്ഞ് രണ്ടു മാസമായിട്ടും തൊട്ടിട്ടു കൂടിയില്ലാത്ത ഒരാളോട്ട് എന്തു കണ്ടിട്ടാണ് സ്നേഹം വെച്ചു പുലർത്തുന്നത്? ഇനി സ്നേഹമുണ്ടെങ്കിൽത്തന്നെ അവൾക്കെന്തു ചെയ്യാനാണ്? മൂന്ന് മാനസികരോഗികളുടെ ഒപ്പം താമസിക്കാൻ അവൾ എന്തു കൊണ്ടും തയ്യാറുമല്ല. ഗോപി ഒറ്റക്കാണെങ്കിൽ എന്തെങ്കിലും ചെയ്യാമായിരുന്നു. ഒരു ഡോക്ടറെ കാണാൻ സമ്മതിപ്പിക്കാമായിരുന്നു.

രാത്രി അവൾ ഗോപിയോടു ചോദിച്ചു

'നമുക്ക് ഒറ്റയ്ക്കു താമസിച്ചുകൂടെ?'

'അമ്മ സമ്മതിക്കില്ല.' അയാൾ പറഞ്ഞു. 'എന്തിനാ ഒറ്റയ്ക്കു താമസിക്കുന്നത്? ഇവിടെ നല്ല സൗകര്യാണല്ലൊ?'

'ഇവിടെ എന്ത് സൗകര്യാണെന്നാണ് പറയുന്നത്? ആരും എന്നോട്ട് സംസാരിക്കുന്നില്ല. എന്നെ അകറ്റി നിർത്താനാണ് ശ്രമിക്കുന്നത്. ഗോപിയടക്കം. കല്യാണം കഴിഞ്ഞാൽ ഒരു പെൺകുട്ടി ഇതൊന്നുമല്ല പ്രതീക്ഷിക്കുക. ഒരു പക്ഷെ, നമ്മൾ രണ്ടു പേരും മാത്രമെയുള്ളുവെങ്കിൽ കുറെയൊക്കെ മാറ്റമുണ്ടാവും.'

ഗോപി ഒന്നും പറഞ്ഞില്ല.

'പറയു. ഞാൻ അച്ഛനോട്ട് ഒരു വീടന്വേഷിക്കാൻ പറയാം.'

'വീട്ട് മാറാനൊന്നും അമ്മ സമ്മതിക്കില്ല.' ഗോപി തറച്ച് പറഞ്ഞു.

'എന്തിനാണ് അമ്മയുടെ സമ്മതം നോക്കുന്നത്? ഗോപി കുട്ടിയൊന്നുമല്ലല്ലൊ.'

അയാൾ ഒന്നും പറഞ്ഞില്ല. ഇതൊരു നല്ല അടവാണ്. തനിക്കെതിരായി സംസാരം വരുമ്പോൾ മൗനം ദീക്ഷിക്കുക.

ഇനി സംസാരിക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല, ആശ വിചാരിച്ചു. ഈ രാത്രികൂടി ഇവിടെ കഴിയുക. പിന്നെ മകനെ അമ്മയുടെയും, പെങ്ങളുടെയും ലാളനക്കു വിട്ട് തനിക്ക് സ്ഥലം വിടാം. ഇങ്ങിനത്തെ ദാമ്പത്യത്തേക്കാൾ നല്ലത് വീട്ടിലിരുന്ന് തല നരയ്ക്കുന്നതാണ്. ഈ കഥകളെല്ലാം പറഞ്ഞാൽ മനസ്സിലാവുന്ന വല്ല ചെറുപ്പക്കാരും ഉണ്ടാവുമെന്നും, അവരെ വിവാഹം ചെയ്താൽ ഇനിയും തനിയ്ക്കൊരു ജീവിതം കെട്ടിപ്പടുക്കാൻ പറ്റുമെന്നും അവൾക്കുറപ്പ് തോന്നി. ഇനിയും വൈകിക്കാതിരിക്കുകയാണ് നല്ലത്.

അവൾ അന്നു സുഖമായി ഉറങ്ങി. അവൾ തീരുമാനമെടുത്തു കഴിഞ്ഞിരുന്നു.

രാവിലെ ഗോപി ഉണരുന്നതിനുമുമ്പ് അവൾ സൂട്ട്കേസിൽ അവളുടെ വസ്ത്രങ്ങൾ ഒരുക്കിവെച്ചു. ഗോപി ഉണർന്ന് താഴെ വരുന്നതും കാത്തു. ഗോപി താഴെ വന്നപ്പോൾ അവൾ പറഞ്ഞു.

'ഞാൻ പോണു.'

'നീ എങ്ങോട്ടാണ് യാത്ര? അമ്മായിയമ്മയുടെ ചോദ്യം.'

'വീട്ടിലേക്ക്.'

'അങ്ങിനെ ഇടയ്ക്കിടയ്ക്ക് വീട്ടിലേക്ക് പോകാനൊന്നും പറ്റില്ല. അവർ പറഞ്ഞു. നീയല്ലെ ഒരു മാസം മുമ്പ് പോയി വന്നത്.'

'ഞാൻ എന്റെ വീട്ടിലേക്കാണ് പോകുന്നത്.' ആശ പറഞ്ഞു.

'ഒന്നുമില്ലെങ്കിൽ ആൾക്കാരെന്താ വിചാരിക്ക്യാ?' അമ്മായിയമ്മ വീണ്ടും.

കല്യാണം കഴിഞ്ഞ് രണ്ടുമാസത്തിനുള്ളിൽ ഭാര്യ ഭർത്താവിന്റെ വീട്ടിൽ നിന്ന് പോകുകയാണെങ്കിൽ അതിന്റെ കാരണവും ആൾക്കാർ ശരിക്കുതന്നെ ധരിക്കും!

ആശ കുറച്ചുറക്കെ തന്നെ പറഞ്ഞു. അവൾ പറഞ്ഞ വാചകത്തിന്റെ അർത്ഥം പരതി ഗ്രഹിക്കുവാൻ സമയം കുറച്ചെടുത്തു കാണണം. അതിനിടയ്ക്ക് അമ്മയെയും, മകളെയും, മകനേയും ഒരു ഫാമിലി ഫോട്ടോ എടുക്കാൻ നിൽക്കുന്ന മട്ടിൽ നിർത്തി ആശ സൂട്ട്കേസുമായി പുറത്തിറങ്ങി. ദൂരെ അവൾ ബസ്സിന്റെ ഹോൺ കേട്ടിരുന്നു. ബസ്സ് തെറ്റാതിരിക്കാൻ അവൾ വേഗം നടന്നു.

## — 5 —

# സ്ത്രീഗന്ധമുള്ള ഒരു മുറി

സുനിതയുടെ ഫ്ളാറ്റിന്റെ വാതിൽ സ്വൽപം തുറന്നാണിട്ടിരിക്കുന്നത്. ഒരിഞ്ചു വിടവു മാത്രം. പരിചയമുണ്ടെങ്കിലേ അതു കാണാൻ പറ്റൂ. അതിനർത്ഥം ഇടത്തു വശത്തുള്ള, നേരിയ വലയിട്ട ജനലിലൂടെ അവൾ തന്നെ നോക്കുന്നുണ്ടെന്നാണ്. പുറത്തെ പകൽ വെളിച്ചം കാരണം കമ്പിവലയ്ക്കു പിന്നിൽ ആരെങ്കിലും നിൽക്കുന്നുണ്ടെങ്കിൽ അറിയില്ല. സുനിത ഓഫീസിൽ നിന്ന് വന്നിരിക്കുന്നുവെന്ന് അയാൾ ആശ്വാസത്തോടെ മനസ്സിലാക്കി.

അയാൾ അകത്തു കടന്ന്, വാതിൽ ശബ്ദമുണ്ടാക്കാതെ അടച്ച് കുറ്റിയിട്ടു. സുനിത അടുത്തുതന്നെ നിന്നിരുന്നു. താൻ കണ്ടിട്ടില്ലാത്ത പുതിയൊരു ഓറഞ്ചു സാരിയാണുടുത്തിരിക്കുന്നത്. ഓറഞ്ച് ബ്ലൗസും. ഓഫീസിൽനിന്നു വന്നശേഷം അവൾ മാറ്റിയതായിരിക്കണം. പുതിയ സാരി അവൾക്കു നന്നായി യോജിക്കുന്നുണ്ടെന്ന് പറയാൻ അയാൾ ഓങ്ങി. പിന്നെ വേണ്ടെന്നു വെച്ചു. ഒരു മാസത്തിനുശേഷം ഇവിടെ വരുന്നത് സംസാരിക്കാനാണ്, സംസാരിക്കാൻ മാത്രം.

അയാൾ പറയാൻ ഉദ്ദേശിച്ചതും പറയാതിരുന്നതും എന്താണെന്നും സുനിതയ്ക്കു മനസ്സിലായിരുന്നു. അവൾ അത് അറിഞ്ഞില്ലെന്നു നടിച്ചത് അയാൾ കണ്ടു. മുമ്പെല്ലാം വാതിൽ അടയ്ക്കാൻ കൂടി താമസമില്ലാതെ അവർ ആലിംഗനത്തിൽ അമരാറുണ്ടായിരുന്നു. അന്നവർ പ്രണയികളായിരുന്നു. ഇന്ന് വെറും സ്നേഹിതർ മാത്രം. ആ അറിവിൽ അയാളുടെ മനസ്സ് ഇടിഞ്ഞു. അയാൾ സോഫയിൽ പോയിരുന്നു. സുനിത അയാൾക്കെതിരെയുള്ള കയ്യുള്ള കസേരയിൽ ഇരുന്നു. അവളുടെ വെളുത്ത വയറും മടക്കുകളില്ലാത്ത മിനുത്ത അരക്കെട്ടും കണ്ടപ്പോൾ, ആ ദേഹം തനിക്ക് എന്നേയ്ക്കുമായി നഷ്ടപ്പെട്ടുവെന്ന ഓർമ്മ അയാളിലുണ്ടായി. അയാൾ ദുഃഖിതനായി.

“മോഹൻ പറയു, എന്താണ് സംസാരിക്കാനുള്ളത്?”

അയാൾ നിവർന്നിരുന്നു.

“ഒരു ഗ്ലാസ് വെള്ളം തന്നാൽ നിനക്ക് എന്നോട്ട് വീണ്ടും പ്രേമം അങ്കുരിക്കുമെന്ന ഭയമില്ലെങ്കിൽ കുറച്ച് വെള്ളം കിട്ടിയാൽ കൊള്ളാമായിരുന്നു.”

“ഓ, സോറി ഞാൻ ആതിഥ്യമര്യാദകളൊക്കെ മറന്നു തുടങ്ങിയിരിക്കുന്നു.”

അവൾ എഴുന്നേറ്റു അടുക്കളയിൽ പോയി സ്ക്വാഷ് കൂട്ടിക്കൊണ്ടു വന്നു.

ചിത്രപ്പണികളുള്ള നീണ്ട ഗ്ലാസ് അവളുടെ കയ്യിൽ നിന്നു വാങ്ങി അയാൾ പറഞ്ഞു.

“നന്ദി.”

“ഇനി പറയൂ. എന്താണ് സംസാരിക്കാനുള്ളത്?”

“എന്നെ വീണ്ടും സ്നേഹിക്കൂ.”

“ഞാൻ സ്നേഹിക്കുന്നുണ്ടല്ലോ മോഹൻ; ഞാൻ എപ്പോഴും പറയാറില്ലെ, എന്നെ ഒരു നല്ല സ്നേഹിതയായി കാണൂ എന്ന്.”

“അത്തരം സ്നേഹമല്ല എനിക്കാവശ്യം.” മോഹനൻ പറഞ്ഞു. “നാം മുമ്പുണ്ടായിരുന്ന പോലെ തുടർന്നുകൂടെ?”

“ഇതാണോ മോഹനന് സംസാരിക്കാനുണ്ടെന്നു പറഞ്ഞത്?”

“അതെ.”

“എനിക്കതിനു കഴിയില്ല മോഹൻ. ഒന്നു മനസ്സിലാക്കാൻ ശ്രമിക്കൂ. എനിക്കെന്റെ ഭർത്താവിനെ ഇനിയും വഞ്ചിച്ച് ജീവിക്കാൻ കഴിയില്ല. ഞാനയാളെ അത്യധികം സ്നേഹിക്കുന്നുണ്ട്.”

“നീ നിന്റെ ഭർത്താവിനെ പണ്ടും സ്നേഹിച്ചിരുന്നു.”

“അതല്ല. ഞാൻ ചെയ്യുന്നത് തെറ്റാണെന്ന ബോധം എന്നെ ഇപ്പോൾ വല്ലാതെ അലട്ടാൻ തുടങ്ങിയിരിക്കുന്നു. നിതീഷ് എന്നെ വളരെയധികം സ്നേഹിക്കുന്നുണ്ട്. വിശ്വസിക്കുന്നുമുണ്ട്. പകൽ നിന്റെ കരവലയത്തിൽ സംതൃപ്തി നേടി വൈകുന്നേരം ഭർത്താവിന്റെയും മകളുടെയും മുമ്പിൽ ഒരു സ്നേഹനിധിയായ ഭാര്യയും അമ്മയുമായി അഭിനയിക്കാൻ എനിയ്ക്കു കഴിയാതായിരിക്കുന്നു. നിനക്കതു മനസ്സിലാവില്ല മോഹൻ. വൈകുന്നേരങ്ങളിൽ നിതീഷ് സംസാരിക്കുമ്പോൾ, നിതീഷും ഞാനും മാത്രമേയുള്ളു ഈ ലോകത്തിൽ എന്ന മട്ടിൽ വല്ലതും പറയുമ്പോൾ, ഞാൻ വേറൊരാളുടേതു കൂടിയാണെന്ന്, പകൽ വേറൊരാളുടെ ആലിംഗനത്തിൽ കിടന്നിട്ടുണ്ടെന്ന് ഓർമ്മ വരുന്നത് വേദനാജനകമാണ്.”

“ഞാൻ നിന്നെ സന്തോഷിപ്പിച്ചിരുന്നില്ലെ?”

“ഇല്ലെന്നു ഞാൻ പറഞ്ഞില്ലല്ലൊ. പക്ഷെ, അത് എന്നും തുടരാൻ പറ്റില്ലെന്ന് മോഹൻ മനസ്സിലാക്കണ്ടെ?”

“നിനക്കു തോന്നുന്ന കാലം വരെ അതു തുടർന്നു. അപ്പോൾ എന്റെ ആവശ്യവും നോക്കേണ്ട ധാർമ്മികമായ ബാദ്ധ്യതയെങ്കിലുമില്ലെ നിനക്ക്?”

സുനിത ചിരിച്ചു. മോഹനന്റെ ആവശ്യം എന്താണെന്നവൾ ഓർത്തു. അവൾ പറഞ്ഞു.

“മോഹൻ നീ പോയി കല്യാണം കഴിക്കൂ.”

“കല്യാണം കഴിക്കാൻ എനിക്കിഷ്ടമല്ലെന്ന് സുനിക്കറിയാം. സ്ത്രീ ഒരു പുരുഷന്റെ പിന്നാലെ ഭവ്യതയോടെ നടക്കുന്നതു കാണുമ്പോൾ എനിയ്ക്ക് വല്ലായ്മയാണുണ്ടാവാറ്. എനിയ്ക്ക് അങ്ങനെ ഒരു സ്ത്രീയുടെ ഒപ്പം കിടക്കാൻ പറ്റുമെന്നു തോന്നുന്നില്ല.”

“ചുരുക്കിപ്പറഞ്ഞാൽ നിനക്ക് വൈകൃതമായൊരു ബന്ധമാണ് ആവശ്യം.”

“വൈകൃതമോ? ഇതെത്ര മനോഹരമാണെന്നു നോക്കൂ. നമ്മൾ അന്യോന്യം സ്നേഹിക്കുന്നു. അത് പ്രകടിപ്പിക്കുകയും ചെയ്യുന്നു. അത് എത്ര മനോഹരമാണ്!.”

“അടുത്ത കാലത്തായി നമ്മൾ ചെയ്യുന്നത് വളരെ അധാർമ്മികമായ ഒന്നാണെന്ന് എനിക്കു തോന്നിത്തുടങ്ങിയിട്ടുണ്ട്. ശരിക്കു പറഞ്ഞാൽ ഇതൊരുതരം വ്യഭിചാരമല്ലേ എന്ന ബോധം.”

"സ്നേഹമില്ലാത്ത ലൈംഗികബന്ധങ്ങൾക്കാണ് വ്യഭിചാരമെന്നു പറയുന്നത്. പണത്തിനുവേണ്ടി ഒരു സ്ത്രീ പുരുഷനു കിടന്നുകൊടുക്കുന്നത്. സ്നേഹമുള്ളിടത്തോളം ഏതു ലൈംഗികബന്ധങ്ങളും കാമിക്കപ്പെടാവുന്നതാണ്. മറിച്ച് സ്നേഹമില്ലെങ്കിൽ ഏതു ബന്ധവും, ഭാര്യയും ഭർത്താവും കൂടിയുള്ളതുകൂടി, വ്യഭിചാരമാണ്. ഉടനെ നിർത്തേണ്ടതാണ്. നിനക്കെന്നെ ഇപ്പോഴും സ്നേഹമുണ്ടെന്നെനിക്കറിയാം. സുനി, കേൾക്കു, നമുക്ക് ഇനിയും സന്തോഷത്തോടെ ജീവിക്കാം."

സുനിത ഒന്നും പറയാതെ മുഖം കുനിച്ചിരുന്നു.

"സുനി, നീയില്ലാതെ എനിക്കു വളരെ ഏകാന്തത തോന്നുന്നു. കഴിഞ്ഞ ഒരു മാസം ഞാൻ എങ്ങിനെ കഴിച്ചുകൂട്ടിയെന്നറിയാമോ?"

"എനിക്കറിയാം. ഓരോ പ്രാവശ്യവും ഫോണിൽ, ഞാൻ നിന്നെ കാണില്ലെന്നു പറഞ്ഞപ്പോഴെല്ലാം നീ വീട്ടിൽപോയി കരഞ്ഞിട്ടുണ്ടാവും."

"നീ പിന്നെ എന്തിനാണ് എന്നെ കാണാമെന്നു സമ്മതിച്ചത്?"

"നിനക്കറിയാം അത്."

തന്നെ പിറ്റേന്ന് കാണാൻ സമ്മതിച്ചില്ലെങ്കിൽ, കാണുന്നവരെ ഭക്ഷണമൊന്നും കഴിക്കില്ലെന്ന് അയാൾ ഭീഷണിപ്പെടുത്തിയിരുന്നു.

സുനിത അടുത്തുള്ള ടീപോയിമേൽ വെച്ച പാവക്കുട്ടിയെടുത്ത് അതിന്റെ സ്ഥാനം തെറ്റിയ ഉടുപ്പുകൾ ശരിയാക്കുകയായിരുന്നു. അവൾ പെട്ടെന്നെഴുന്നേറ്റ് അകത്തുപോയി സൂചിയും നൂലുമായി വന്ന് പാവക്കുട്ടിയുടെ തുന്നൽ വിട്ട ഉടുപ്പ് തുന്നാൻ തുടങ്ങി.

"നീ എനിയ്ക്കു നഷ്ടപ്പെട്ടുവെന്ന് മനസ്സിലായപ്പോൾ ഞാൻ കരഞ്ഞു. എന്റെ രാത്രികൾ ഉറക്കമില്ലാത്തവയായി. ഞാൻ വെറുതെ തെരുവുകളിൽ അലഞ്ഞുനടന്നു. എനിക്ക് എല്ലാം നഷ്ടപ്പെട്ടപോലെ തോന്നി. നീ എനിയ്ക്കു തന്ന ഓരോ ചുംബനങ്ങളും, നീയുമായി കഴിഞ്ഞ ഓരോ നിമിഷങ്ങളും ഞാൻ ഓർത്തു. നീ എനിക്ക് എത്ര പ്രിയപ്പെട്ടതാണെന്ന് എനിക്ക് മനസ്സിലായി."

സുനിത മുഖത്ത് യാതൊരു ഭാവഭേദവുമില്ലാതെ പാവക്കുട്ടിയുടെ ഉടുപ്പ് തുന്നുകയായിരുന്നു.

"നീ ഞാൻ പറയുന്നതൊന്നും കേൾക്കുന്നില്ല."

"ഞാൻ കേൾക്കുന്നുണ്ട്."

"നീ തുന്നുകയാണ്."

"ഞാൻ ചെവികൊണ്ടാണ് കേൾക്കുന്നത്." സുനിത തലയുയർത്തി പറഞ്ഞു "കൈ കൊണ്ടല്ല."

"മുഖത്തു നോക്കാതെ ഒരാളോട് സംസാരിക്കുക വിഷമം തന്നെയാണ്. ഞാൻ പറയുന്നതിന്ന് എന്ത് പ്രതികരണമാണുണ്ടാവുന്നതെന്നറിയാതെ സംസാരം തുടരുന്നത് ഇരുട്ടിൽ അറിയാത്ത വഴിയിൽക്കൂടി നടക്കുന്നതുപോലെയാണ്. തടഞ്ഞു വീഴുന്നതെനിക്കിഷ്ടമല്ല."

സുനിത തുന്നൽ കഴിഞ്ഞു, നൂലും സൂചിയും മാറ്റി വെച്ചു.

"മോഹൻ, ഞാൻ പറയുന്നതു കേൾക്കു. എനിക്ക് നീയുമായി ഈ വിധത്തിൽ ഒരു ബന്ധം തുടങ്ങണമെന്ന ഉദ്ദേശമുണ്ടായിരുന്നില്ല. ഞാൻ വളരെ സാവധാനത്തിൽ നിന്നിലേക്ക് ആകർഷിക്കപ്പെടുകയാണുണ്ടായത്. നീ വളരെ സുമുഖനാണ്. പക്ഷെ, അതിനേക്കാൾ കൂടുതൽ ഞാൻ ആകർഷിക്കപ്പെട്ടത് നിന്റെ സം

സാരം കൊണ്ടായിരുന്നു. നിന്നോട് സംസാരിക്കുക ഒരനുഭവമായിരുന്നു. എന്തു വിഷയമായാലും നിനക്ക് അതിനെപ്പറ്റി എന്തെങ്കിലും പറയാനുണ്ടാവും. മിക്കവാറും എല്ലാം വളരെ ആധികാരികമായിത്തന്നെ. അത് ദൈവവിശ്വാസത്തെപ്പറ്റിയായാലും, അമേരിക്കൻ സ്പേസ് പ്രോഗ്രാമിനെപ്പറ്റിയായാലും, റോക്ക് മ്യൂസിക്കിനെപ്പറ്റിയായാലും നിനക്ക് എന്തെങ്കിലും പറയാനുണ്ടാവും. ഞാൻ നിന്റെ അടുത്തു നിന്ന് വളരെയധികം പഠിച്ചിട്ടുണ്ട്. നിന്നോട് സംസാരിക്കുക വളരെ എളുപ്പമായിരുന്നു. ക്രമേണ എന്റെ ഭർത്താവിനോട് പറയാൻ വിഷമമായ കാര്യങ്ങൾകൂടി നിന്നോട് പറയാൻ മാത്രം വിശ്വാസം എനിക്കു വന്നു. അതൊരു വളരെ വിശുദ്ധമായ സ്നേഹബന്ധമായിരുന്നു. എനിക്കു വളരെ ഇഷ്ടമായിരുന്നു. പക്ഷെ, നീ ആ ബന്ധത്തിന് മറ്റൊരു രൂപം നൽകി. ആദ്യത്തെ പ്രാവശ്യം നീ നിർബ്ബന്ധിച്ചപ്പോൾ ഞാൻ വളരെയേറെ ചെറുത്തു. ഓർക്കുന്നുണ്ടോ, അവസാനം നിന്റെ നിർബ്ബന്ധം സഹിക്കവയ്യാതായപ്പോഴാണ് ഞാൻ വഴങ്ങിയത്."

അയാൾ ഓർത്തു. ഒരു ദിവസം സുനിതയുടെ ഫോണുണ്ടായിരുന്നു. ഒന്ന് ഓഫീസിൽ വരെ വരാമോ? എനിക്കു വീട്ടിൽ പോകണം സുഖമില്ല. സാരമില്ല ഒരു തലചുറ്റൽ മാത്രം. ഞാൻ നിതീഷിന് ഫോൺ ചെയ്തിരുന്നു. മൂപ്പർ ഓഫീസിലില്ല. ഒറ്റക്ക് പോകാൻ പേടി. വഴിയിലെങ്ങാനും തല ചുറ്റി വീണാലോ.

അയാൾ സുനിതയുടെ ഓഫീസിലേക്കു പുറപ്പെട്ടു. ഓഫീസ് കെട്ടിടത്തിന്റെ താഴത്തുതന്നെ അവൾ കാത്തു നിന്നിരുന്നു. അവളുടെ മുഖം വിളറിയിരുന്നു. അയാൾ ടാക്സി വിളിക്കാൻ ഭാവിച്ചപ്പോൾ അവൾ പറഞ്ഞു.

"നമുക്ക് ബസ്സിൽ പോകാം. എനിക്കിപ്പോൾ കുഴപ്പമൊന്നുമില്ല."

അയാൾ സമ്മതിച്ചില്ല. ടാക്സിയിൽത്തന്നെ അവർ പോയി.

"നീ വളരെ വിളറിയിരിക്കുന്നല്ലൊ." അയാൾ പറഞ്ഞു.

അവൾ ചിരിച്ചു. "എനിക്കിപ്പോൾ കുഴപ്പമൊന്നുമില്ല."

മോഹനൻ അവളുടെ കൈ പിടിച്ചമർത്തി പറഞ്ഞു. "പാവം."

അവൾ പെട്ടെന്നു കൈ പിൻവലിച്ചു.

അയാൾ പറഞ്ഞു. "സോറി."

പിന്നെ അയാളുടെ മുഖം ഇരുണ്ടപ്പോൾ താൻ ചെയ്തതു തെറ്റായിപ്പോയെന്ന വിചാരത്തിൽ അവൾ പറഞ്ഞു.

"സോറി മോഹൻ."

അയാൾ ഒന്നും പറഞ്ഞില്ല.

അവളും നിശ്ശബ്ദയായി തല കുനിച്ചിരുന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ അവൾ തലയുയർത്തി അയാളെ നോക്കി. അവളുടെ കണ്ണുകൾ കലങ്ങിയിരുന്നു. അവൾ പറഞ്ഞു.

"ഞാനൊരു മഠയിയാണ്. അനാവശ്യമായി മോഹനനെ വേദനിപ്പിച്ചു. എനിക്കു മാപ്പു തരു."

അവൾ മോഹനന്റെ കൈ പിടിച്ചു. അയാൾ അവളുടെ കൈ അമർത്തി. തല താഴ്ത്തി ഡ്രൈവർ കാണാതെ ചുംബിച്ചു. അതിനു ശേഷം അവൾ വളരെ സന്തോഷവതിയായിരുന്നു.

അവളുടെ വീടിന്റെ മുമ്പിൽ ടാക്സി നിർത്തിയപ്പോൾ സുനിത പറഞ്ഞു.

"വരുന്നോ, ചായ കുടിച്ചിട്ടു പോകാം."

"ചായയുടെ ഒപ്പം എന്തു തരും?"

"സ്നേഹം."

"ശരി, വരാം." അയാൾ പറഞ്ഞു.

സുനിത ഒരു തമാശയായി പറഞ്ഞത് അയാൾ കാര്യമായെടുത്തിരുന്നു. അതു കൊണ്ട്, ചായയുമായി അവൾ വന്നപ്പോൾ മോഹനൻ ചോദിച്ചു.

"എവിടെ സ്നേഹം?"

അവൾ ചിരിച്ചു. പക്ഷെ, അയാൾ നിർബ്ബന്ധിച്ചു. അപ്പോഴാണ് അയാൾ കാര്യമായിട്ടാണ് പറയുന്നതെന്ന് സുനിതക്കു മനസ്സിലായത്. അങ്ങിനെ ഒരു കാര്യം അവൾ ആലോചിച്ചിട്ടുണ്ടായിരുന്നില്ല. അവൾ ഒന്നും പറയാതിരുന്നു.

"നീ എനിയ്ക്ക് ആദ്യം വളരെ പ്രതീക്ഷകൾ നൽകി." അയാൾ പറഞ്ഞു. "എന്നെ നിരാശപ്പെടുത്തരുത്."

അവൾ കുഴങ്ങി. അയാൾ അധികമൊന്നും ആവശ്യപ്പെടരുതെ എന്ന് പ്രാർത്ഥിച്ചു കൊണ്ടവൾ ചോദിച്ചു.

"ഞാനെന്താണ് ചെയ്യേണ്ടത്?"

അയാൾ അവളുടെ അടുത്ത് ചെന്നു. കഴുത്തിലൂടെ കൈകളിട്ട് അടുപ്പിച്ച് ചുണ്ടിൽ ചുംബിച്ചു. സുനിത കൈകൾ കൊണ്ടയാളെ പതുക്കെ മാറ്റിക്കൊണ്ടു പറഞ്ഞു. "മതി."

പക്ഷെ, മോഹനൻ അവിടംകൊണ്ടു നിർത്താൻ തയ്യാറില്ലായിരുന്നു. അയാളുടെ മുന്നേറ്റം തടയാൻ അവൾ ആവും വിധം ശ്രമിച്ചു. അവൾ കെഞ്ചി നോക്കി. പല ഒഴിവുകഴിവുകൾ പറഞ്ഞു. അവസാനം മനസ്സില്ലാമനസ്സോടെ അവൾക്കു വഴങ്ങേണ്ടി വന്നു.

"ആ ദിവസത്തെ സ്നേഹം പകരൽ എനിക്ക് ഒരു ചുണ്ടൽ മാതിരിയായിരുന്നു." സുനിത പറഞ്ഞു. "അന്നെനിക്ക് സെക്സിന്റെ ഒരു പുതിയ മാനം കിട്ടി. നീ ലൗവ് മേക്കിംഗിൽ വളരെ സമർത്ഥനാണ്. ആ ദിവസം ആവർത്തിച്ചു. വീണ്ടും, വീണ്ടും അതെന്റെ ഒരു സ്വഭാവമായി. ജീവിതത്തിന്റെ ഒരു ഭാഗമായി മാറി. പിന്നെ ഓരോ പ്രാവശ്യവും ഞാൻ ചെയ്യുന്നത് തെറ്റാണെന്നു തോന്നി നിന്നിൽ നിന്നു കുതറിയോടാൻ ശ്രമിച്ചപ്പോഴെല്ലാം നിന്റെ വാക്കുകൾ എന്നെ തിരിച്ചു വിളിച്ചു. നിന്റെ വാക്കുകൾ എപ്പോഴും ഒരു മായിക വലയം സൃഷ്ടിച്ചു. എനിക്കൊന്നും വ്യക്തമായി കാണാൻ വയ്യാതായി. ഞാൻ വ്യക്തമായാണ് കാണുന്നതെന്ന മിഥ്യാബോധം സൃഷ്ടിക്കുക മാത്രം ചെയ്തു.

"ഞാൻ നിന്റെ വാക്കുകളെ ഭയപ്പെടുന്നു. നിന്റെ നോട്ടത്തെ, നിന്റെ സ്പർശത്തെ. അവ എന്നെ വീണ്ടും പഴയ പാതയിലേക്കു നയിക്കും. അതാണ് ഞാൻ നിന്നെ കാണാൻ വിസമ്മതിച്ചത്. മോഹൻ എന്നെ ഒന്നു മനസ്സിലാക്കാൻ ശ്രമിക്കു. നമുക്ക് ഈ ബന്ധം തുടരാൻ പറ്റില്ല. വെറും സ്നേഹിതരായി തുടരാമായിരുന്നു. പക്ഷെ, നീയുമായി സംസാരിക്കാൻ എനിക്കു ഭയമായിരിക്കുന്നു. നിന്റെ വാക്കുകൾ, അവയെന്നെ ഒരു നീരാളിയുടെ ആയിരം കൈകൾ പോലെ പിടിച്ചു താഴ്ത്തുന്നു. ദയവുചെയ്ത് മോഹൻ പോകു."

"നോക്കു സുനി, നമ്മൾ വളരെ സന്തുഷ്ടരായിരുന്നു. അല്ലെ? അതൊരു നല്ല അറേയ്ഞ്ച്മെന്റായിരുന്നു. ആരേയും ഉപദ്രവിക്കാത്ത ഒരു അറേയ്ഞ്ച്മെന്റ്. എന്തിനതു നിർത്തുന്നു?"

സുനിത സംസാരിക്കാതെ ഇരിക്കുകയായിരുന്നു.

മോഹനൻ അവളുടെ മുഖഭാവം ശ്രദ്ധിച്ചു. അതിൽ മയപ്പെടുത്തുന്ന എന്തോ ഒന്നുണ്ടായിരുന്നു. അയാളുടെ കൈകളിൽ സംതൃപ്തയായി കിടക്കുമ്പോൾ അയാൾ ശ്രദ്ധിക്കാറുള്ള ഭാവം. പരിപൂർണ്ണമായ വഴങ്ങൽ. അവൾ തീരുമാനം പുനഃപരിശോധിക്കുന്നുണ്ടെന്ന തോന്നൽ. അയാൾ ആശാപൂർവ്വം അവളെ നോക്കി.

"എന്താണ് ഒന്നും മിണ്ടാത്തത്?"

"ഞാൻ തീർച്ചയാക്കി." അവൾ പറഞ്ഞു. "ഞാൻ എന്റെ ഭർത്താവിനെയല്ലാതെ വേറൊരാളെ സ്വീകരിക്കില്ല. എന്നെ നിർബ്ബന്ധിക്കരുത്."

ആശകൾ പെട്ടെന്ന് നിലത്തുവീണുടയുന്നത് അയാൾ കണ്ടു. ഇരുണ്ട ഒരു ലോകത്തിലേക്ക് തള്ളപ്പെട്ട പോലെ അയാൾക്കു തോന്നി. അതിൽ ഏതോ ഒരു കോണിൽ അയാൾക്ക് ഒരു സ്ത്രീയുടെ ഗന്ധം അനുഭവപ്പെട്ടു. സുനിതയെ അവളുടെ ഗന്ധംകൊണ്ട് അയാൾക്ക് തിരിച്ചറിയാമായിരുന്നു. അയാൾ കണ്ണടച്ച് ആ ഗന്ധം ഉൾക്കൊള്ളാൻ ശ്രമിച്ചു. ആ മാദകഗന്ധവും ശ്വസിച്ച് അയാൾ അവളെ തഴുകിക്കിടക്കാറുണ്ട്. പിന്നെ മണിക്കൂറുകൾക്കുശേഷം കിടപ്പുമുറിയുടെ ജനലിലൂടെ സൂര്യരശ്മികൾ നീണ്ടുവരുമ്പോൾ അയാൾക്ക് പോകേണ്ട സമയമായാൽ അവൾ പറയും.

"നമുക്കെത്ര കുറച്ചു സമയമാണ് ഒന്നിച്ചു കിട്ടുന്നത്?" മോഹനൻ കണ്ണടച്ചുകൊണ്ട് ആലോചിച്ചു. എവിടെയാണ് കുഴപ്പം പറ്റിയത്? താനെന്തു തെറ്റാണ് ചെയ്തത്? അയാൾ ആശ തീരെ കൈവിട്ടിരുന്നില്ല. അയാൾ പറഞ്ഞു.

"ഞാൻ പറയുന്നതൊന്നു മനസ്സിലാക്കാൻ ശ്രമിക്കൂ."

"പ്ലീസ് എന്നെ നിർബ്ബന്ധിക്കാതിരിക്കൂ."

"നീ ഞാൻ പറയുന്നത് മനസ്സിലാക്കാൻ ശ്രമിക്കുന്നതു കൂടിയില്ല."

"ഞാനൊരു കുട്ടിയൊന്നുമല്ല മോഹൻ. എന്തിനാണ് എന്നെ നിർബ്ബന്ധിക്കുന്നത്? എന്റെ ഭർത്താവ് എന്നെ ഒരു കാര്യത്തിലും നിർബ്ബന്ധിക്കാറില്ല. അദ്ദേഹം എത്ര നല്ല മനുഷ്യനാണെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു."

താൻ തീരെ പരാജയപ്പെട്ടുവെന്നയാൾക്ക് ബോദ്ധ്യപ്പെട്ടു. സുനിത തനിയ്ക്ക് തീരെ നഷ്ടപ്പെട്ടുവെന്ന് അയാൾക്ക് മനസ്സിലായി. അവളുടെ മിനുത്ത ദേഹവും, അവളുടെ മാദകഗന്ധവും തനിക്കിനി കിട്ടില്ലെന്നയാൾക്കു ഉറപ്പായി. നിരാശ പെട്ടെന്ന് രോഷമായി മാറി. അയാൾ പറഞ്ഞു.

"നിന്റെ സ്നേഹം ഇത്രയും വറ്റി വരണ്ടുവെന്ന് ഞാൻ അറിഞ്ഞില്ല."

അയാൾക്ക് ഒരു തീരുമാനമെടുക്കേണ്ടതുണ്ടായിരുന്നു. തന്റെ ജീവിതം തുലയ്ക്കാൻ ആരേയും അനുവദിക്കാൻ അയാൾ തയ്യാറില്ലായിരുന്നു.

അയാൾ പറഞ്ഞു. "ഞാൻ നിന്നെ ഇപ്പോൾ ബലാൽസംഗം ചെയ്താൽ നിനക്ക് എന്തു ചെയ്യാൻ പറ്റും?"

അവൾ അത്ഭുതത്തോടെ അയാളെ നോക്കി.

"നീ അതു ചെയ്യില്ലെന്ന വിശ്വാസമുണ്ട് എനിക്ക്."

"ആ വിശ്വാസമെല്ലാം സ്നേഹം നിലനിൽക്കുന്നിടത്തോളമേ വേണ്ടൂ. സ്നേഹമില്ലാത്തിടത്ത് വിശ്വാസമെവിടെ? ഞാൻ നിനക്ക് എന്റെ സ്നേഹം മുഴുവൻ തന്നു. നീ തിരിച്ച് നിന്റെ സ്നേഹം തരുമെന്ന വിശ്വാസത്തിൽ. പക്ഷെ, എന്റെ സ്നേഹം നീ ഒരു പുഴുവെപ്പോലെ ചവിട്ടിയരച്ചു."

അയാൾ കുനിഞ്ഞിരുന്ന് ഷൂസഴിച്ച് മാറ്റി. ഷർട്ടിന്റെ ബട്ടൻ അഴിച്ച് മാറ്റുന്നത് കുറച്ചൊരു പരിഭ്രമത്തോടെ സുനിത നോക്കി. ഷർട്ട് അഴിച്ച് മാറ്റി പാന്റിന്റെ ബെൽട്ടൂരി പാന്റ്സ് അഴിച്ച് മാറ്റുമ്പോഴേയ്ക്ക് അവൾ ശരിക്കും ഭയന്നിരുന്നു. അവൾ എഴുന്നേറ്റുകൊണ്ട് പറഞ്ഞു.

"ഇല്ല മോഹൻ നീ അതു ചെയ്യില്ല."

"അത്ര ഉറപ്പിക്കേണ്ട."

അയാളുടെ കണ്ണുകളിൽ വെറുപ്പ് അലയടിക്കുന്നതവൾ കണ്ടു. അവളുടെ നേരെ നീങ്ങിക്കൊണ്ട് അയാൾ പറഞ്ഞു.

"ഞാൻ നിന്നെ വെറുക്കുന്നു."

അവൾ ഒഴിഞ്ഞുമാറാൻ വിഫലശ്രമം നടത്തി. അയാൾ അവളെ ചേർത്തു പിടിച്ചു. അവൾ കുതറിയപ്പോൾ അവളുടെ ബ്ലൗസ് അയാൾ വലിച്ചു കീറി. സ്വതന്ത്രമാകപ്പെട്ട അവളുടെ നഗ്നതയിൽ അയാൾ മുഖമമർത്തി. മറ്റുള്ള വസ്ത്രങ്ങളും അഴിച്ചു മാറ്റിയപ്പോൾ അയാൾ അവളെ രണ്ടു കയ്യിലും കോരിയെടുത്തു. സുനിത അപ്പോഴും കുതറുന്നുണ്ടായിരുന്നു.

"നീ എന്താണ് ചെയ്യുന്നത് മോഹൻ? എന്നെ വിടു."

അയാൾ അവളെ കിടപ്പറയിലേക്കു കൊണ്ടുപോയി കിടക്കയിൽ കിടത്തി. അയാളുടെ കരുത്തുറ്റ കൈകളിൽ അവൾ നിസ്സഹായയായി കുതറി. ക്രമേണ അവളുടെ എതിർപ്പ് കുറഞ്ഞു വരുന്നതും, മാറിൽ കൂട്ടിവെച്ച കൈകൾ അയാളുടെ കഴുത്തിലൂടെ വന്ന് അയാളെ അടുപ്പിക്കുന്നതും അയാൾ അറിഞ്ഞു. അവസാനത്തിൽ അവളുടെ ചുണ്ടുകൾ അയാളുടെ ചുണ്ടുകളെ തേടുകയായിരുന്നു.

അയാൾ എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ അവൾ തടഞ്ഞു.

"നീ വളരെ കരുത്തനാണ് മോഹൻ." അവൾ പറഞ്ഞു. "നീയില്ലാതെ എനിക്ക് ജീവിക്കാൻ പറ്റില്ല. നീയെന്നെ ഒരടിമയാക്കുന്നു."

ഇതൊരു കളിയാണ്. മോഹൻ ഓർത്തു. എന്റെ ജീവിതം പന്താടികൊണ്ടുള്ള കളി. അയാളിൽ വെറുപ്പ് അപ്പോഴും കെടാതെ നിന്നിരുന്നു. അവളെ തട്ടിമാറ്റി അയാൾ എഴുന്നേറ്റു.

ഷർട്ടും പാന്റ്സും ഇട്ട് സോഫയിൽ ഇരുന്ന് ഷൂസിടുമ്പോൾ സുനിത എത്തി. അവൾ പാവാട മാത്രമെ ഇട്ടിരുന്നുള്ളു. മാറിടം നഗ്നം. അവൾ അടുത്ത് വന്നിരുന്ന് അയാളുടെ ചുമലിൽ താടിവെച്ചമർത്തി. അവളുടെ മാറിടം അയാളുടെ കയ്യിന്മേൽ അമരുന്നുണ്ടായിരുന്നു. അയാൾ കൈ വലിച്ച് എഴുന്നേറ്റു. പിന്നെ വാതിൽ തുറന്ന് പുറത്തേക്കു പോകുന്നതിനു മുമ്പ് തിരിഞ്ഞുനിന്ന് അയാൾ പറഞ്ഞു.

"ഞാൻ നിന്നെ വെറുക്കുന്നു."

## — 6 —

# വിഷു

ഒരു വലിയ മിന്നൽ. പിന്നെ ചെകിടടക്കുന്ന പൊട്ടൽ.

കുമാരൻ ഞെട്ടിയില്ല. കഴിഞ്ഞ ഒരാഴ്ചയായി തുടങ്ങിയതാണ് ഈ കോലാഹലങ്ങൾ. വിഷുവിന് ഇനിയും രണ്ടു ദിവസമുണ്ട്.

"അമ്മേ ആറ്റംബോബ്!" കൃഷ്ണൻകുട്ടി പറഞ്ഞു. അവൻ എഴുന്നേൽക്കാൻ ഭാവിക്കുകയാണ്. ഈ ശബ്ദം അവനെ ലഹരിപിടിപ്പിക്കുന്നു.

"ഊണു കഴിച്ചിട്ടു എഴുന്നേറ്റാൽ മതി." മാധവി പറഞ്ഞു.

അവൻ വീണ്ടും കവിടിപിഞ്ഞാണത്തിനു മുമ്പിൽ ചമ്രം പടിഞ്ഞിരുന്നു.

"ഈ കായമൊളകുഷ്യം മടുത്തു." അയാൾ മുഖം ചുളിച്ചു പറഞ്ഞു. "ഇതെത്രാമത്തെ ദിവസമാണ് നീയുണ്ടാക്കുന്നത്."

"നാളെ അതും ഉണ്ടാവില്ല." മാധവി ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു. "മറ്റന്നാളാണ് വിഷു. എന്തെങ്കിലും വാങ്ങേണ്ടെ?"

വീണ്ടും ഒരു ആറ്റംബോംബ്.

ഈ പ്രാവശ്യം കൃഷ്ണൻകുട്ടി സംശയിച്ചില്ല. അവൻ ചാടി എഴുന്നേറ്റ് കൈകഴുകാനും കൂടി മിനക്കെടാതെ അടുക്കള വാതിലിലൂടെ പുറത്തേക്കോടി.

വേലിക്കരുകിൽ അയൽവക്കത്തേക്കു നോക്കിനിൽക്കുന്ന കൃഷ്ണൻകുട്ടിയുടെ മെലിഞ്ഞരൂപം അയാൾ മനസ്സിൽ കണ്ടു. അയഞ്ഞ ട്രൗസറിന്നടിയിൽക്കൂടെ നീണ്ടു കിടക്കുന്ന മെലിഞ്ഞ കാലുകൾ.

"മോനെ ഒന്നു വിളിക്കു." മാധവി പറഞ്ഞു. "വല്ല ഇഴജന്തുക്കളുമുണ്ടാവും."

മകൻ അങ്ങിനെ മറ്റുള്ളവരുടെ വീട്ടിലേയ്ക്ക് നോക്കിനിൽക്കുന്നത് അയാൾക്കിഷ്ടമല്ല. പക്ഷെ, അതിൽ കാര്യമായൊന്നും ചെയ്യാനുമില്ല. അവനെ ശാസിച്ച് തിരിച്ച് വീട്ടിൽ കൊണ്ടുവന്നിരുത്താം. പുറത്തെ വർണ്ണശബളമായ ലോകം അവനിൽനിന്നു മറച്ചു പിടിക്കാം.

"അവന് പടക്കം നല്ല ഇഷ്ടമാണ്. കുറച്ചെങ്കിലും വാങ്ങേണ്ടെ?"

അയാൾ തലയാട്ടി. അത് വേണമെന്നോ, വേണ്ടെന്നോ ആവാം. ചുമരിൽ ആണിമേൽ തൂക്കിയിട്ട ഷർട്ടിന്റെ കീശയിലുള്ള പത്തുറുപ്പിക നോട്ട് മാസത്തെ അവസാനത്തെ നോട്ടാണെന്ന് അയാൾ ഓർത്തു.

"കുറച്ചെന്തെങ്കിലും വാങ്ങണം." മാധവി പിന്നെയും പറഞ്ഞു. "മറ്റുള്ള കുട്ടികൾ പടക്കം പൊട്ടിക്കുന്നതു കാണുമ്പോൾ അവനുമുണ്ടാവില്ലെ ആശ. വടക്കേതിലെ ശേഖരൻ ദുബായിന്ന് വന്നിട്ടുണ്ട്. അവർ ധാരാളം പടക്കം വാങ്ങീട്ടുണ്ടത്രെ."

"നാളെ പീടികയിൽ പോയി നോക്കണം." അയാൾ പറഞ്ഞു. "പടക്കത്തിനൊക്കെ ഇപ്പോ നല്ല വിലയാണ്."

ഓഫീസിൽ നിന്ന് ഒരു അഡ്വാൻസ് കൂടി കിട്ടിയാൽ നന്നായിരുന്നു. കുമാരൻ വിചാരിച്ചു. കിട്ടില്ല. എല്ലാ മാസവും ഉള്ളതാണ് മുൻകൂറ് പറ്റൽ. ഈ മാസവും എടുത്തു കഴിഞ്ഞു. ഇനി ചോദിച്ചാൽ മാനേജരുടെ മുഖത്തുണ്ടാവുന്ന ഭാവം എന്താണെന്ന് നല്ല പോലെ അറിയാം.

'മിസ്റ്റർ നിങ്ങളൊക്കെ വരവിലധികം ചെലവഴിക്കുന്നുണ്ട്. അതാണ് ഏതു സമയവും കടത്തിൽ ജീവിക്കുന്നത്. കിട്ടുന്നതുകൊണ്ട് നന്നായി മാനേജ് ചെയ്യാൻ പഠിക്കണം. എന്റെ കാര്യം എടുത്തു നോക്കൂ...'

അയാൾ കോലായിൽ വെച്ച കിണ്ടിയിൽ നിന്ന് വെള്ളമെടുത്ത് കൈ കഴുകി അകത്തേക്കു കടക്കുമ്പോൾ മാധവി കുമ്പിട്ട് എച്ചിൽപ്പാത്രങ്ങൾ എടുക്കുകയായിരുന്നു.

"അവനെ ഒന്നു വിളിക്കൂ." മാധവി പറഞ്ഞു.

അയാൾ മുറ്റത്തിറങ്ങി. വടക്കെ വേലിക്കപ്പുറത്ത് അയൽവക്കത്തെ മുറ്റത്ത് നിറയെ കുട്ടികൾ കമ്പിത്തിരി കത്തിക്കുകയാണ്. അതിന്റെ പ്രകാശത്തിൽ കൃഷ്ണൻകുട്ടിയുടെ നിഴൽ വേലിക്കരികിൽ നിൽക്കുന്നതയാൾ കണ്ടു. അയാൾ വിളിച്ചു.

"കൃഷ്ണൻകുട്ടീ!"

കൃഷ്ണൻകുട്ടി ഓടി വന്ന്, അടുക്കളയുടെ വാതിലിലൂടെ അകത്തു കടന്നു. അവന് അച്ഛനെ ഭയമായിരുന്നു. അതുകൊണ്ട് അച്ഛൻ വിളിച്ചാൽ എപ്പോഴും അവൻ മറുവശത്തുകൂടെ വന്ന്, അച്ഛന്റെ ഭാവം നോക്കിയെ അടുത്തു വരൂ. കൃഷ്ണൻകുട്ടി അടുക്കളയിൽ അമ്മയോട് സംസാരിക്കുന്നതയാൾ കേട്ടു.

പെട്ടെന്ന് മകൻ താനുമായി അടുപ്പത്തിലല്ലെന്ന കാര്യം അയാളെ അരിശപ്പെടുത്തി. അയാൾ വിളിച്ചു.

"കൃഷ്ണൻകുട്ടി!"

"എന്താ അച്ഛാ?"

അച്ഛന്റെ ശബ്ദത്തിലുള്ള രോഷം ആ ആറുവയസ്സുകാരൻ പയ്യനെ ഭയപ്പെടുത്തിയിരുന്നു. അവൻ ഭയത്തോടെ അറച്ചറച്ച് ഉമ്മറപ്പടിമേൽ വന്നു നിന്നു.

"മതി ആ വേലിക്കൽ പോയി നിന്നത്. ഇനി കുറച്ചുനേരം അകത്തിരിക്കൂ."

അവൻ പതുക്കെ അകത്തേക്കു വലിഞ്ഞു.

അയാൾ മുറ്റത്ത് ഉലാത്തി. സാധാരണ രാത്രി ഊണുകഴിഞ്ഞാൽ ചെയ്യാറുള്ളതാണ്.

അയൽവക്കത്തെ മുറ്റത്ത് ഒരു വലിയ പൂവ് ചൂളം വിളിയോടെ കത്തിയുയരുന്നത് അയാൾ നോക്കി. അവരുടെ വീട്ടിന്റെ ഒന്നാം നിലയോളം ഉയരത്തിൽ അത് ഉയർന്നു അടുത്ത് മെഴുകുതിരി പിടിച്ച് നിൽക്കുന്നത് ശേഖരനായിരുന്നു. ശേഖരൻ ദുബായിൽ പോയശേഷം തടിച്ചിട്ടുണ്ട്.

ശേഖരൻ ഇപ്പോൾ ഒരു മാലപ്പടക്കം ഒരു ചെറിയ മാവിൻകൊമ്പത്ത് കെട്ടിയിടുകയാണ്. പിന്നെ ഒരു വലിയ പൂത്തിരി കത്തിച്ച് അയാൾ മാലപ്പടക്കത്തിന് തീ കൊടുത്തു. ഒരു രണ്ടു മിനിറ്റ് നേരത്തേയ്ക്ക് ചെകിടടക്കുന്ന ശബ്ദവും പ്രകാശവും. അത് വലിയ മാലപ്പടക്കം തന്നെയായിരുന്നു. മാലപ്പടക്കം കഴിയുമ്പോഴേയ്ക്കും ഒരു

വലിയ പൂ ഉയർന്നു വന്നു. അയാൾക്ക് പെട്ടെന്ന് കൃഷ്ണൻകുട്ടിയെ ഓർമ്മ വന്നു. കഴിഞ്ഞപ്രാവശ്യം പൂ കണ്ടപ്പോൾ അതവന് കാണിച്ചുകൊടുക്കണമെന്നുണ്ടായിരുന്നു. അപ്പോഴേയ്ക്കാണ് മാലപ്പടക്കം പൊട്ടിയത്. അയാൾക്ക് കുറ്റബോധം തോന്നി. കൃഷ്ണൻകുട്ടിയെ ചീത്ത പറയേണ്ടിയിരുന്നില്ല. വേലിയരുകിൽ നിൽക്കുന്നതിനുപകരം മുറ്റത്തുനിന്നു കണ്ടോളാൻ പറയാമായിരുന്നു. തനിക്കോ ഇതൊന്നും വാങ്ങിക്കൊടുക്കാൻ കഴിവില്ല. അപ്പോൾ അത് നോക്കിക്കണ്ട് ആസ്വദിക്കാനെങ്കിലും അവനെ അനുവദിക്കേണ്ടതായിരുന്നു. അയാൾ വിളിച്ചു.

"കൃഷ്ണൻകുട്ടി."

മാധവിയാണ് വിളികേട്ടത്.

"അവൻ കിടന്നിരിക്കുന്നു. എന്താ വേണ്ടത്?"

"ഒന്നുമില്ല."

അയാൾക്ക് പിന്നെ അവിടെ നോക്കിനിൽക്കാൻ കഴിഞ്ഞില്ല. താൻ അർഹിക്കാത്തതെന്തോ സ്വീകരിക്കുന്ന മാതിരി തോന്നി. അയാൾ ഉമ്മറത്തേയ്ക്കു കയറി. പഴയ, കൈയ്യുള്ള ആടുന്ന കസേരയിലിരുന്നു.

മാധവി ഉമ്മറത്തേയ്ക്ക് വന്ന് മേൽമുണ്ടുകൊണ്ട് മുഖം തുടച്ച് തിണ്ണയിൽ ഇരുന്നു.

"ശേഖരൻ നല്ലോം പണം കത്തിച്ച് കളയ്ണ്ണ്ട്ന്നാ തോന്നണത് മാധവി പറഞ്ഞു."

അയാൾ മൂളി. ഒരു ബീഡി കത്തിച്ചുകൊണ്ട് അയാൾ ആലോചിച്ചു. നാളേയ്ക്ക് കുറച്ചെങ്കിലും പണം ഉണ്ടാക്കാൻ പറ്റിയാൽ കുറച്ചു പടക്കം വാങ്ങാമായിരുന്നു.

"ശേഖരൻ ഈ പ്രാവശ്യം അനിയനേം ദുബായ്ക്ക് കൊണ്ടുപോണ്ണ്ട്ന്നാ പറയണ്."

അയാൾ ആലോചിച്ചു. ഒരു പത്തുറുപ്പികയെങ്കിലും കിട്ടിയാൽ അഞ്ചുറുപ്പികക്ക് പടക്കം വാങ്ങാമായിരുന്നു.

"ശേഖരൻ ആയിരം ഉറുപ്പിക മാസം അയക്കുന്നുന്നതിനു പുറമെ അവന്റെ ബോംബെയിലെ എക്കൗണ്ടിലേയ്ക്ക് വേറേം അയക്കണ്ണ്ടത്രെ."

അഞ്ചുറുപ്പികക്ക് പടക്കം വാങ്ങിയാൽതന്നെ ബാക്കിയുള്ള പതിനഞ്ചുകൊണ്ട് ഒരാഴ്ച എങ്ങിനെയെങ്കിലും ഓടും. പിന്നെ?

"മോൻ വലുതായാൽ നമുക്കവനെ ദുബായിയ്ക്ക് പറഞ്ഞയക്കണം. മാധവി പറഞ്ഞു."

അയാൾ ഒന്നും പറഞ്ഞില്ല.

"എത്ര ഉറുപ്പിക ഇണ്ട് കയ്യില്?"

"പത്ത്."

"കുറച്ചെന്തെങ്കിലും വാങ്ങണംട്ടൊ നാളെ. കുറച്ച് കമ്പിത്തിരി വാങ്ങ്യാ മതി. പറ്റ്വേങ്കില് കുറച്ച് ഓലപ്പടക്കോം."

അയാൾ ഒന്നും പറഞ്ഞില്ല.

"മോൻ ഇന്നു പകലു മുഴുവൻ കുശുകുശാന്നു പറഞ്ഞിരുന്നു. അവനാണെങ്കിൽ അച്ഛനോടു പറയാനൊട്ടു ധൈര്യോല്ല്യ."

"നോക്കാം." അയാൾ പറഞ്ഞു.

"നമുക്ക് കെടക്കാം."

"ഉം."

കൃഷ്ണൻകുട്ടി ഉറക്കമായിരുന്നു. അവൻ പായിൽ തുടകൾക്കിടയിൽ കൈ വെച്ച് ചുരുണ്ടുകൂടി കിടന്നുറങ്ങുന്നത് അയാൾ നോക്കി.

രാവിലെ ഓഫീസിൽ പോകാൻവേണ്ടി പുറപ്പെട്ടപ്പോൾ മാധവി പറഞ്ഞു.

"പടക്കം വാങ്ങുന്നുണ്ടെങ്കിൽ ഉച്ചയ്ക്ക് ഊണു കഴിക്കാൻ വരുമ്പോൾ വാങ്ങിക്കൊണ്ടന്നോളൂ. എന്നാൽ കുറച്ച വെയില്ല് കൊള്ളിക്കാം. അല്ലെങ്കിൽ അതൊന്നും പൊട്ട്ണ്ടാവില്ല്യ. പറ്റ്വെങ്കില് കുറച്ച് പപ്പടവും വാങ്ങിക്കൊള്ളൂ. വിഷുവൊക്കെ അല്ലെ?"

ഓഫീസിൽ മാനേജരുടെ മറുപടി വളരെ അപമാനമുണ്ടാക്കുന്നതായിരുന്നു. മാസത്തിൽ ഒരു പ്രാവശ്യത്തിലധികമൊന്നും അഡ്വാൻസ് തരാൻ പറ്റില്ല. ശമ്പളം വാങ്ങി പത്തുദിവസത്തിനകം ഒരിക്കൽ വാങ്ങിക്കഴിഞ്ഞു. ഇതൊരു ധർമ്മശാലയൊന്നുമല്ലല്ലൊ.

ഇനിയുള്ളത് എക്കൗണ്ടണ്ടാണ്. സ്വകാര്യമായി ചോദിച്ചപ്പോൾ അയാൾ വളരെ തന്ത്രപൂർവ്വം പറഞ്ഞു.

'അയ്യൊ എന്റെ സ്ഥിതി നിങ്ങടെ സ്ഥിതിയേക്കാൾ കഷ്ടമാണ്. ഒരു പത്തുറുപ്പിക ഉണ്ടായിരുന്നെങ്കിൽ ഇപ്പൊ എനിയ്ക്ക്...'

ഇനി സമീപിക്കാനുള്ളത് ടൈപ്പിസ്റ്റ് കമലമ്മയും, പ്യൂൺ നാരായണനും ആയിരുന്നു. അവരോട് ഇതുവരെ ചോദിച്ചിട്ടില്ല. ചോദിച്ചിട്ട കാര്യമുണ്ടെന്നും തോന്നുന്നില്ല. അയാൾ മ്ലാനവദനനായി കസേരയിൽ ഇരിക്കുമ്പോൾ നാരായണൻ ചായയുമായി വന്നു.

"എന്താ സാറിനൊരു വല്ലായ്മ?"

"ഒന്നുമില്ല."

ഉച്ചയ്ക്ക് ഊണു കഴിഞ്ഞാൽ പോകുന്നവഴി കൃഷ്ണൻനായരുടെ പീടികയിൽ കയറി അഞ്ചുറുപ്പികക്കെങ്കിലും പടക്കം വാങ്ങണം. പീടികയ്ക്കു പുറത്ത് ടാർപോളിൻകൊണ്ടൊരു പന്തലിട്ട് അതിനു ചുവട്ടിലാണ് കൃഷ്ണൻ നായർ പടക്കം വിൽക്കുന്നത്. പീടികയിൽ നല്ല തിരക്കായിരുന്നു. അയാൾ സംശയിച്ച് ഉള്ളിൽ കടന്നു. കൃഷ്ണൻനായർ തിരക്കിട്ട് പടക്കങ്ങൾ എടുത്തുകൊടുക്കുന്നുണ്ട്. അപ്പോഴാണ് അത് വാങ്ങിയിരുന്ന ആൾ ശേഖരന്റെ അനിയൻ രാജനാണെന്നു മനസ്സിലായത്.

രാജൻ അയാളെ നോക്കി ചിരിച്ചു.

കുമാരൻ ചോദിച്ചു. "എന്നാണ് ദുബായിയ്ക്ക് പോകുന്നത്?"

"മിക്കവാറും ഏട്ടന്റെ ഒപ്പം അടുത്ത മാസം പോകും. വിസ ശരിയായിട്ടില്ല. അതിന് ബോംബെയ്ക്ക് പോകേണ്ടി വരും."

രാജൻ വീണ്ടും മേശയ്ക്കു ചുറ്റും നടന്ന് പടക്കം തിരഞ്ഞെടുക്കാൻ തുടങ്ങി. കൃഷ്ണൻനായർ ഒരു വലിയ മാലപ്പടക്കത്തിന്റെ പാക്കറ്റ് രാജന് കാണിച്ചു. ഇതാ ഇതു പുതിയതായി വന്നതാണ്. അഞ്ചു മിനിറ്റ് തുടർച്ചയായി പൊട്ടും. വെക്കട്ടെ ഒരഞ്ചു പാക്കറ്റ്?

രാജൻ അതെടുത്ത് തിരിച്ചും മറിച്ചു നോക്കി.

"വെച്ചോളൂ."

എന്താണ് തിരഞ്ഞെടുക്കേണ്ടതെന്ന് കുമാരൻ ആലോചിച്ചു. ഒന്നിന്റെയും വില ചോദിക്കാൻ ധൈര്യം വന്നില്ല. അതുകൊണ്ട് മറ്റുള്ളവർ ഓരോന്നിന്റെയും

വില ചോദിക്കുന്നത് ആരുടെയും കണ്ണിൽ പെടാതെ ശ്രദ്ധിച്ചു. കുറച്ചുനേരം അങ്ങിനെ ശ്രദ്ധിച്ചുനിന്നപ്പോൾ അയാൾക്ക് മനസ്സിലായി, അഞ്ചുറുപ്പികക്ക് കാര്യമായിട്ട് ഒന്നും കിട്ടാൻ പോകുന്നില്ലെന്ന്.

"എന്തൊക്കെയാണ് വേണ്ടത്?" കൃഷ്ണൻനായർ ലോഹ്യം കൂടി വന്നു.

കുമാരൻ ഒരു പാക്കറ്റ് ചെറിയ കമ്പിത്തിരിയെടുത്തു. ഒരു പാക്കറ്റ് ചെറിയ മാലപ്പടക്കവും. അപ്പോഴാണ് പൂവിന്റെ കാര്യം ഓർമ്മ വന്നത്. അയാൾ ചോദിച്ചു.

"പൂവില്ലെ?"

കൃഷ്ണൻ നായർ രണ്ടുമൂന്നു പെട്ടികളിലായി തിളങ്ങുന്ന വർണ്ണക്കടലാസ്സിൽ പൊതിഞ്ഞ പൂക്കുറ്റികൾ മേശപ്പുറത്തിരിക്കുന്നത് കാണിച്ചു കൊടുത്തു. അയാൾ ഒരു ഉരുണ്ട പൂക്കുറ്റി കയ്യിലെടുത്തു.

"അത് കുറച്ചു വിലപിടിച്ചതാണ് ട്ടൊ." കൃഷ്ണൻ നായർ കുറച്ചൊരു നിന്ദാഗർഭത്തോടെ പറഞ്ഞു. "ഒന്നിന് മൂന്നുറുപ്പികയാണ് വില." അതിൽ, തനിയ്ക്കു വാങ്ങാൻ കഴിയുന്നതുമാത്രം പെറുക്കിയെടുത്താൽ മതിയെന്ന ധ്വനി ഉണ്ടായിരുന്നു.

അയാൾ അത് തിരിച്ച് പെട്ടിയിൽതന്നെ വെച്ചു. അടുത്തുതന്നെയുള്ള വേറെ പെട്ടിയിൽനിന്ന് കോണാകൃതിയിലുള്ള ചെറിയ രണ്ടു പൂക്കുറ്റികൾ എടുത്തു.

"അല്ല ഈ പൂക്കുറ്റി ഒരു ഡസൻ വേണ്ടെ?" കൃഷ്ണൻനായർ രാജനോട് ചോദിച്ചു. "ഡസനായിട്ട് വാങ്ങുമ്പോൾ ഒന്നിന് രണ്ടേമുക്കാൽ ഉറുപ്പികയെ വരു."

കൃഷ്ണൻനായർ ഒരു ഡസൻ ഉരുണ്ട വലിയ പൂക്കുറ്റികൾ രാജൻ തിരഞ്ഞെടുത്തുവെച്ച പെട്ടിയിൽ മാറ്റി വെക്കുന്നത് കുമാരൻ ശ്രദ്ധിച്ചു. ആ പീടികയിൽ നിന്ന് വേഗം രക്ഷപ്പെടണമെന്നായി അയാൾക്ക്. അയാൾ വേണ്ട സാധനങ്ങളെല്ലാം എടുത്തുകഴിഞ്ഞിരുന്നു.

ഒരു പാക്കറ്റ് കമ്പിത്തിരി, ഒരു ഉറുപ്പികയ്ക്ക് ഓലപ്പടക്കം, പിന്നെ ഒരു ചെറിയ മാലപ്പടക്കത്തിന്റെ മാല, രണ്ടു ചെറിയ പൂക്കുറ്റികൾ, നാല് മത്താപ്പ്.

ഇത്രയും സാധനങ്ങൾ പൊതിഞ്ഞു മേടിച്ചപ്പോൾ കൃഷ്ണൻനായർ പറഞ്ഞു.

"അഞ്ചര ഉറുപ്പിക."

സാരമില്ല. അയ്മ്പതു പൈസയല്ലെ കൂടുതലായുള്ളു. പക്ഷെ, കുറെ സാധനങ്ങൾ കിട്ടിയിട്ടുണ്ട്, ഓലപ്പടക്കം തന്നെയുണ്ടാവും പത്തിരുപത്തഞ്ചെണ്ണം. പിന്നെ പപ്പടവും കുറച്ചുപച്ചക്കറിയും വാങ്ങി വീട്ടിലെത്തിയപ്പോൾ അയാൾക്കെന്തോ വളരെ സന്തോഷം തോന്നി.

വലിയ പൊതി കണ്ടപ്പോൾ കൃഷ്ണൻകുട്ടിയുടെ കണ്ണുകൾ വിടർന്നു. അവൻ പൊതി തുറന്ന് എല്ലാം പരിശോധിച്ചു. പടക്കമെല്ലാം നിലത്തു നിരത്തിയപ്പോൾ കുമാരനും തോന്നി കുറെ അധികം സാധനങ്ങൾ കിട്ടിയിട്ടുണ്ടെന്ന്. ആദ്യത്തെ പരിശോധനയ്ക്കു ശേഷം കൃഷ്ണൻകുട്ടി കുറച്ചു നിരാശയോടെ പറഞ്ഞു.

"ആറ്റംബോംബില്ല അച്ഛാ."

"ആറ്റംബോംബൊന്നും വേണ്ടാ. അതൊക്കെ അപകടാണ്." മാധവി പറഞ്ഞു.

അയാൾ ആശ്വസിച്ചു. ഒരു ആറ്റംബോംബിനു വില ഒരുറുപ്പികയാണ്.

"വെയിലു പോകുന്നതിനു മുമ്പെ അതൊക്കെ ഉണക്കണം നമുക്ക്." മാധവി പറഞ്ഞു. "നീ അതെല്ലാം മുറ്റത്തു കൊണ്ടുപോയി വെയ്ക്കു."

രാത്രി ഊണു കഴിഞ്ഞശേഷം മാധവി മാലപ്പടക്കത്തിന്റെ കെട്ടഴിച്ച് ഓരോന്നായി വെവ്വേറെ എടുത്തു വെയ്ക്കുന്നത് അയാൾ നോക്കി. മാലപ്പടക്കം ഒന്നായിട്ട് പൊട്ടിക്കാനുള്ളതാണെങ്കിലും അതങ്ങിനെ പൊട്ടിച്ചാൽ ഒരു നിമിഷത്തിനുള്ളിൽ കഴിയുമെന്നുള്ളതുകൊണ്ടാണ് അവളത് വേർപെടുത്തി വെയ്ക്കുന്നത്. മാധവിയാകട്ടെ അങ്ങിനെത്തന്നെയാണ് അത് ചെയ്യേണ്ടതെന്ന ഭാവത്തിൽ ജോലി തുടർന്നു. അവളുടെ ആത്മാർത്ഥതയിൽ കുമാരന് സഹതാപം തോന്നി.

കുറച്ചുമുമ്പേ ഓലപ്പടക്കങ്ങൾ പരീക്ഷിച്ചു നോക്കാൻ മകനെ സഹായിക്കുമ്പോൾ അവളുടെ മുഖത്തുണ്ടായ സന്തോഷം അയാളെ വേദനിപ്പിക്കുകയാണുണ്ടായത്. വളരെ നിസ്സാരമായ കാര്യങ്ങളെക്കൊണ്ട് അവളെ സന്തോഷിപ്പിക്കാൻ പറ്റും. എന്നിട്ടും അവളെ സന്തോഷിപ്പിക്കാൻ തനിയ്ക്കു പറ്റാറില്ല.

രാവിലെ ഒരു വലിയ പടക്കത്തിന്റെ ഒച്ചകേട്ട് ഞെട്ടിയുണർന്നപ്പോൾ അടുക്കളയിൽ വെളിച്ചമുണ്ടായിരുന്നു. മാധവി അടുത്തുണ്ടായിരുന്നില്ല. നോക്കിയപ്പോൾ അവൾ ഇരുട്ടിൽ എന്തോ പരതുകയാണ്. അവൾ കണിയൊരുക്കി തന്നേയും മോനേയും വിളിക്കാനുള്ള ശ്രമമാണെന്ന് അയാൾക്കു മനസ്സിലായി. നിലവിളക്കു കൊളുത്തിവെച്ച് അവൾ വിളിക്കാൻ വന്നപ്പോൾ അയാൾ ഉറക്കം നടിച്ച് കിടന്നു. മാധവി അടുത്തുവന്ന് അയാളെ പതുക്കെ വിളിച്ചു.

“എണീക്കു. കണ്ണുതുറക്കണ്ടട്ടൊ.” അവൾ പിന്നിലൂടെ വന്ന് കണ്ണു പൊത്തിക്കൊണ്ട് അയാളെ നടത്തി. അവളുടെ കൈകൾക്ക് എണ്ണയുടെ വാസനയുണ്ടായിരുന്നു. കണിക്കു മുമ്പിൽ ഇരുത്തി അവൾ കൈ എടുത്തു. തകരത്തിന്റെ ഫ്രെയിമുള്ള കണ്ണാടിയിൽ അയാളുടെ ഷേവ് ചെയ്യാത്ത മുഖം വൈരൂപ്യമാർന്ന് കണ്ടു. ഉരുളിയിൽ വെച്ച പച്ചനിറം വിട്ടിട്ടില്ലാത്ത ചെറിയ വെള്ളരിക്ക താൻ ഇന്നലെ വില പേശി വാങ്ങിക്കൊണ്ടുവന്നതാണ്. ഇന്ന് കൂട്ടാൻ ഉണ്ടാക്കാനുള്ള ഏക പച്ചക്കറി അതാണെന്ന് അയാൾക്ക് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. വിഷുക്കണി തീരെ ആശാവഹമായിരുന്നില്ല. മാധവി അപ്പോഴേയ്ക്കും കൃഷ്ണൻകുട്ടിയേയും കൂട്ടി വന്നു, കണിക്കു മുമ്പിലിരുത്തി.

“ആ ഇനി കണ്ണു തുറന്നോ?”

അവൻ എഴുന്നേറ്റ് ഉടനെ അമ്മയോട് ചോദിച്ചു.

“അമ്മേ പടക്കെവിടെ?”

“ആ തരാം.” മാധവി അകത്തുപോയി ഒരുറുപ്പിക നാണ്യം അയാളുടെ കയ്യിൽ കൊടുത്തു.

“മോന് വിഷ്ക്കേട്ടം കൊടുത്തോളൂ.”

ഉമ്മറത്തെ തിണ്ണമേൽ ഒരു മുട്ടവിളക്ക് കത്തിച്ചു വെച്ച് കൃഷ്ണൻകുട്ടി പടക്കം പൊട്ടിക്കാൻ തുടങ്ങി.

അയാൾ ഉമ്മറത്ത് കുറച്ചു ദൂരെ കസേരയിലിരുന്ന് അവനെ ശ്രദ്ധിക്കുകയായിരുന്നു. അവന്റെ സഹായത്തിന് അമ്മയുണ്ടായിരുന്നു. പക്ഷെ, കുറച്ചു സമയം കഴിഞ്ഞിട്ടും വളരെ ദുർലഭം പൊട്ടലുകളും കൂടുതൽ കുശുകുശുക്കലും കേട്ടപ്പോൾ എന്തോ കുഴപ്പമുണ്ടെന്ന് അയാൾക്ക് മനസ്സിലായി. അയാൾ അടുത്തു ചെന്നു. മുട്ടവിളക്കിന്റെ വെളിച്ചത്തിൽ മുറ്റത്തു നിറയെ ചുവന്ന മാലപ്പടക്കങ്ങൾ ചിതറിക്കിടക്കുന്നത് അയാൾ കണ്ടു. കൃഷ്ണൻകുട്ടി ഒരു കമ്പിത്തിരി മുട്ടവിളക്കിന്റെ നാളത്തിൽ പിടിച്ചു നിൽക്കാൻ തുടങ്ങിയിട്ട് കുറച്ചു നേരമായിരിക്കുന്നു. പെട്ടെന്ന് കമ്പിത്തിരി കത്തി.

അതോടെ വിളക്കണയുകയും ചെയ്തു. കൃഷ്ണൻകുട്ടി ഒരു സാഹസികനെപ്പോലെ അതു, ഉയർത്തിപ്പിടിച്ച് നിന്നു. പെട്ടെന്ന് മുൻകൂട്ടി നിശ്ചയിച്ചതാണെന്ന് തോന്നും പോലെ കമ്പിത്തിരി ഒരു കാൽ ഭാഗം കത്തി അണഞ്ഞു. ഇരുട്ട്. അയാൾ തീപ്പെട്ടി ഉരച്ച് വിളക്ക് കത്തിച്ചു. കമ്പിത്തിരി ഒരിക്കൽ കൂടി കത്തി വീണ്ടും അണഞ്ഞു.

"ഇത് എന്ത് സാധനാണ്?" മാധവി പറഞ്ഞു. "നോക്കു ഈ മാലപ്പടക്കം ഒറ്റ ഒന്ന് പൊട്ടീല്ലട്ടോ. പറയുമ്പൊ നല്ലോണം ഉണക്കീതാണ്."

അയാൾ ഒരു മാലപ്പടക്കം എടുത്ത് പരിശോധിച്ചു. പുറത്തു നോക്കുമ്പോൾ യാതൊരു കുഴപ്പവുമില്ല. അയാൾ അതിന്റെ ചാരനിറത്തിലുള്ള തിരി ഉള്ളിലേയ്ക്ക് അമർത്തി കത്തിച്ചു. തിരി ഭയങ്കര ശക്തിയോടെ കത്തി. അയാൾ അത് പൊട്ടുമെന്ന വിശ്വാസത്തോടെ മുറ്റത്തേയ്ക്ക് ഇട്ടു കഴിഞ്ഞു. ശബ്ദമില്ല. മുറ്റത്ത് അനക്കമില്ലാതെ കിടക്കുന്ന പടക്കം അയാൾ പെറുക്കിയെടുത്ത് വെളിച്ചത്ത് കൊണ്ടുവന്ന് പരിശോധിച്ചു. തിരി കത്തിപോയിരിക്കുന്നു എന്നു മാത്രം. അയാൾ അതിന്റെ നട്ടൊടിച്ച് ഉള്ളിലുള്ള പൊടി ഒരു കടലാസിൽ കൊട്ടി. വെറും മണലായിരുന്നു അതിൽ. അയാൾ മുറ്റത്തു നിന്ന് വേറെയും രണ്ടു മൂന്നു പടക്കം പെറുക്കി വെളിച്ചത്തു കൊണ്ടുവന്ന് പരിശോധിച്ചു. എല്ലാറ്റിന്റെയും ഉള്ളിൽ മണൽ തന്നെ. ഓലപ്പടക്കങ്ങൾ മാത്രം ചിലതെല്ലാം ചീറ്റിയെങ്കിലും ബാക്കിയുള്ളവ ഒരു ചെറിയ ശബ്ദത്തോടെയെങ്കിലും പൊട്ടി. കൃഷ്ണൻകുട്ടി ബാക്കിയുള്ള പൂത്തിരികളെല്ലാം കത്തിയ്ക്കുവാൻ ശ്രമിച്ചു. ചിലതൊന്നും കത്തിയതു തന്നെയില്ല. കത്തിയവയാകട്ടെ നാലും അഞ്ചും പ്രാവശ്യം വീണ്ടും കത്തിക്കേണ്ടി വന്നു.

അയാൾ പൂവെടുത്ത് മുറ്റത്തു വെച്ചു. അതെങ്കിലും ശരിയായാൽ മതിയായിരുന്നു. കത്തുന്ന കമ്പിത്തിരികൊണ്ട് അത് കത്തിച്ചു. പൂവ് ആദ്യം നന്നായി കത്തുമെന്ന ഒരു പ്രതീതിയുണ്ടാക്കി. ഒരടിയോളം ഉയർന്നു. പിന്നെ ചെകിടടയ്ക്കുന്ന ഒരു പൊട്ടിത്തെറി. അയാൾ സ്തബ്ധനായി നിന്നു. കണ്ണഞ്ചിയതുകൊണ്ട് കുറച്ചു നേരത്തേക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല.

"ഇത് പൊട്ടണ സാധനാണോ?" മാധവി ചോദിച്ചു. "ഞാൻ വിചാരിച്ചത് വെറും പൂക്കുറ്റിയാണെന്നാ."

അത് വെറും പൂ തന്നെയാണെന്നും പൊട്ടാനുള്ളതല്ലെന്നും പൊട്ടിയത് അതുണ്ടാക്കിയതിൽ കള്ളത്തരം കാണിച്ചിട്ടാണെന്നും മാധവിയെ പറഞ്ഞു മനസ്സിലാക്കാൻ അയാൾ ശ്രമിച്ചില്ല. അയാൾക്ക് നശിച്ചുപോയ മനക്കരുത്ത് എങ്ങിനെയെങ്കിലും വീണ്ടെടുക്കേണ്ടിയിരിക്കുന്നു. അയാൾ രണ്ടാമത്തെ പൂവും മുറ്റത്തു കൊണ്ടുവെച്ചു. കുറച്ചു വിട്ടുനിന്ന് തീ കൊടുത്തു. മുളച്ചു വരുന്ന കതിരുകൾ അയാൾ പ്രത്യാശയോടെ നോക്കി. ഈ പ്രാവശ്യം പൊട്ടിത്തെറിക്കലുണ്ടായില്ല. മറിച്ച് തികച്ചും അപ്രതീക്ഷിതമായി പൂവിന്റെ ഒരു വശം തുറന്ന് ഒരു ചീറ്റൽ. അയാൾക്ക് ആശയൊന്നും ബാക്കിയുണ്ടായിരുന്നില്ല. അയാൾ തിരിച്ചുവന്ന് ഉമ്മറപ്പടി മേൽ ഇരുന്ന് ബാക്കിയുള്ള മാലപ്പടക്കങ്ങൾ ഓരോന്നോരോന്നായി കത്തിച്ച് മുറ്റത്തേയ്ക്കിട്ടു. അവസാനത്തെ പടക്കവും കത്തിച്ച് മുറ്റത്തേയ്ക്ക് വലിച്ചെറിഞ്ഞ് അയാൾ തലയുയർത്തി നോക്കിയപ്പോൾ മുമ്പിൽ ആരുമില്ല. മുട്ടവിളക്കിന്റെ നാളം അയാളുടെ കണ്ണുകളെ മഞ്ഞളിപ്പിച്ചിരുന്നു. അയാൾ കണ്ണു തിരുമ്മി ചുറ്റും നോക്കി. മാധവി ഇരുട്ടിൽ ചുമരിന്നരികെ കസാലയിൽ അനക്കമില്ലാതെ ഇരിക്കുകയാണ്. അയാൾ കൃഷ്ണൻകുട്ടി എവിടെ എന്നു നോക്കി. അവൻ വടക്കെ വേലിയ്ക്കരികിൽ ശേഖരന്റെ വീട്ടിലേയ്ക്ക് നോ

ക്കി നിൽക്കുകയാണ്. ചുറ്റുപാടുമുള്ള പടക്കത്തിന്റെ ഒച്ച അയാൾ അപ്പോഴാണ് ശ്രദ്ധിച്ചത്, അത് ശ്രദ്ധിച്ചുകൊണ്ടിരിക്കെ അയാൾക്ക് അമർഷംതോന്നി. അയാൾ ഉറക്കെ പറഞ്ഞു.

"എന്തൊരു പറ്റിക്കലാണിത്? പണമുണ്ടാക്കാൻ എന്തും ചെയ്യാമെന്നാണോ?" അയാൾ നിർത്തി. ഭാര്യയിൽ നിന്ന് അയാൾ മറുപടി പ്രതീക്ഷിച്ചിരുന്നു. എന്തെങ്കിലും മറുപടി. ഒന്നുമില്ലെങ്കിലും താൻ പറഞ്ഞത് ശരിയാണെന്നെങ്കിലും പറയാ. ഒരു ധാർമ്മിക പിൻതുണ തരാനെങ്കിലും. മാധവി ഒന്നും പറയാതെ കല്ലുപോലെ ഇരിയ്ക്കുകയായിരുന്നു. അവൾ നിശ്ശബ്ദയായി കരയുകയാണെന്നയാൾക്കു തോന്നി. അയാൾക്ക് താൻ വാങ്ങിയ പടക്കങ്ങൾ പരാജയപ്പെട്ടിടത്ത് സ്വയം പൊട്ടിത്തെറിക്കാൻ തോന്നി. കലുഷമായ മനസ്സുപേറി അയാൾ ഉമ്മറത്ത് അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തി. ഹൃദയത്തിൽ അമർഷം നിറഞ്ഞപ്പോൾ പീടികക്കാരനെ കാണണമെന്നും കുറെ ചീത്ത പറയണമെന്നും അയാൾ തീർച്ചയാക്കി. അയാൾ പറഞ്ഞു.

"മാധവി ഒരു ചായ തരു."

ഒമ്പതുമണിക്ക് ചെന്നപ്പോഴും പീടികയിൽ നല്ല തിരക്കുണ്ടായിരുന്നു. കുമാരനെ കണ്ട ഭാവം നടിക്കാതെ കൃഷ്ണൻനായർ മറ്റ് ഓരോരുത്തരോട് സംസാരിച്ചു നിന്നു. അയാൾ പറഞ്ഞു.

"കൃഷ്ണൻനായരേ ഇന്നലെ നിങ്ങൾ തന്ന പടക്കമൊന്നും പൊട്ടിയില്ല."

"ഏത് പടക്കം?" പീടികക്കാരൻ ആശ്ചര്യത്തോടെ ചോദിച്ചു. "അങ്ങിനെ വരാൻ ഞായല്യല്ലൊ."

"ഇന്നലെ ഇവിടെ നിന്ന് വാങ്ങിക്കൊണ്ടുപോയ പടക്കേയ്. ഇത്ര വേഗം മറന്ന്വോ നിങ്ങള്?"

"അതെ. അതിൽ ഏത് പടക്കാ പൊട്ടാത്തത്?"

"മാലപ്പടക്കം ഒന്നും പൊട്ടിയില്ല. പൂവും കത്തിയില്ല. പിന്നെ കമ്പിത്തിരി..."

"അതു ശരി." കൃഷ്ണൻനായർ ഒരു പരിഹാസത്തോടെ പറഞ്ഞു. "നിങ്ങൾക്ക് രണ്ടര കാശിന് പടക്കോം വേണം, പിന്നെ അതൊക്കെ പൊട്ടും വേണംച്ചാൽ വല്ല്യേ വിഷമം തന്നെയാണ്. പടക്കത്തിനൊക്കെ ഇപ്പൊ എന്താ വില?"

പിന്നെ അയാൾ തിരിഞ്ഞ് കുറെയധികം പടക്കം വാങ്ങുന്ന ഒരാളോട് പറഞ്ഞു.

"ഈ ആറ്റംബോംബ് ഒരു ഡസൻ തരട്ടെ? ഡസന് എട്ടുറുപ്പികയേ ഉള്ളു. ഇന്നലെ വരെ പത്തുറുപ്പികയ്ക്ക് വിറ്റതാണ്."

കൃഷ്ണൻനായർ തിരിച്ചു വരുമെന്നും അയാളോട് കുറച്ചുകൂടി സംസാരിക്കാൻ പറ്റുമെന്നുള്ള ധാരണയിൽ കുമാരൻ അവിടെ നിന്നു. പറയാനുള്ള വാചകങ്ങൾ അയാൾ മനസ്സിൽ ഉണ്ടാക്കി. പക്ഷെ, കൃഷ്ണൻനായർ തിരിച്ചു വരലുണ്ടായില്ല. മാത്രമല്ല കുമാരനെ തീരെ അവഗണിച്ചുകൊണ്ട് മറ്റുള്ളവരുമായി സംസാരിച്ചു നിന്നു. അയാളുടെ ഉള്ളിൽ രോഷം തിളച്ചു മറിയുകയായിരുന്നു. ന്യായത്തിനു വേണ്ടി അയാൾ കൊതിച്ചു. ഒരു തീപ്പെട്ടിക്കോൽ ഉരച്ച് പടക്കങ്ങൾ നിരത്തിയമേശയ്ക്കുമേൽ ഇട്ട് ആ പീടിക കത്തിച്ച് ഭസ്മമാക്കാൻ അയാളുടെ കൈ തരിച്ചു. പക്ഷെ, അയാൾ ഒന്നും ചെയ്യാൻ ധൈര്യപ്പെടാതെ ഒരക്ഷരം മിണ്ടാൻ കെൽപ്പില്ലാതെ പീടികയിൽ നിന്ന് പുറത്തിറങ്ങി.

നിരത്തിൽ കുറച്ചു നേരം എങ്ങോട്ടാണ് പോകേണ്ടതെന്നറിയാതെ അയാൾ നിന്നു. സൂര്യവെളിച്ചം അയാളുടെ കണ്ണുകളെ വേദനിപ്പിച്ചിരുന്നു. കണ്ണുകൾ ഇറുക്കിക്കൊണ്ട് അയാൾ ചുറ്റും നോക്കി. നിരത്തിൽ ടാറിടുന്നുണ്ടായിരുന്നു. റോഡ്റോളറിന്റെ ശബ്ദം. ടാർ തിളയ്ക്കുന്നതിന്റെ കുത്തുന്ന മണം.

നനവു വിട്ടിട്ടില്ലാത്ത മണ്ണിലൂടെ അയാൾ നഗ്നപാദനായി നടന്നു. മിട്ടായിക്കടയ്ക്കു മുന്നിൽ നിന്ന് അയാൾ കീശയിൽ തപ്പി. ഏതാനും നാണയങ്ങൾ ബാക്കിയുണ്ട്. ഇന്ന് ബീഡിക്കു പകരം കുറച്ചു ജീരകമിട്ടായി വാങ്ങാം. കൃഷ്ണൻകുട്ടിയ്ക്കു് ഇഷ്ടമുള്ളതാണ്.

## — 7 —

# വളരെ പഴകിയ ഒരു പാവ

എല്ലാ തീവണ്ടിയാത്രയിലും ഒരു കദനത്തിന്റെ കഥയുണ്ടായിരുന്നു. ഇപ്രാവശ്യം അതൊരു കിഴവന്റേതായിരുന്നു. വളരെ വയസ്സായ ഒരാൾ. മുഖത്തെ ആയിരം ചുളിവുകളിലൂടെ പുറത്തേയ്ക്കു സംശയിച്ചു നോക്കുന്ന ഓജസ്സറ്റ കണ്ണുകൾ. വെള്ളി ഫ്രെയ്മുള്ള കട്ടിയുള്ള കണ്ണട കിഴവന്റെ നിസ്സഹായതയ്ക്കൊരു ഭൂതക്കണ്ണാടിപോലെ തോന്നിച്ചു. വിസ്താരമേറിയ കുപ്പായക്കൈകളിലൂടെ പുറത്തേക്കു നീളുന്ന മെലിഞ്ഞ, നിറയെ ചുളിവുകളുള്ള കൈകൾ. വീതി കുറഞ്ഞ ബെൽട്ടിട്ടു മുറുക്കിയ പാന്റ് അര ക്കെട്ടിൽ നിറയെ മടക്കുകളായി തൂങ്ങിക്കിടക്കുന്നു. അത് വളരെ പൗരാണികമാ യിരിക്കണം.

അയാൾ സീറ്റിൽ ജനലിന്നരുകിൽ വളരെ ഒതുങ്ങിയിരുന്നു. പുറത്ത് പ്ലാ റ്റ്ഫോമിൽ ജനലിന്റെ കമ്പിപിടിച്ച് ഒരു ചെറുപ്പക്കാരൻ നിന്നിരുന്നു. കിഴവന്റെ പുത്രനായിരിക്കണം. ഞാൻ ശ്രദ്ധിച്ചു. ഒരൊറ്റ വാക്കുപോലും രണ്ടുപേരുടെയും വാ യിൽ നിന്നു വീണില്ല.

ഞങ്ങൾ ഇരിക്കുന്നിടത്തേക്ക് പെട്ടെന്ന് തിരക്കുവന്നു. ധാരാളം വിദേശ നിർ മ്മിതമായ സൂട്ട്കേസുകൾ, പല നിറത്തിൽ. പിന്നിൽ ഉറക്കെ ശബ്ദമുണ്ടാക്കുന്ന ഉടമസ്ഥരും.

"ഇതാ, ഇതുതന്നെ നമ്മടെ സീറ്റ്. അഞ്ച്, ആറ്, ഏഴ്. ഒരേ നിരയിൽ തന്ന്യാണ്."

"രാമകൃഷ്ണാ, സാധാനങ്ങളൊക്കെല്ല്യേന്ന് നോക്കീട്ട് പോർട്ടർക്ക് കൂലി കൊടു ത്താൽ മതി."

"ഒക്കെ ശര്യാണ്. അഞ്ച് സാധാനങ്ങളുണ്ട്. ഓനെ ഒഴിവാക്ക്."

പോർട്ടറുമായി തർക്കം. എത്ര ഉറക്കെയാണ് അവർ സംസാരിക്കുന്നത്.

കിഴവൻ അപ്പോഴും പുറത്തേയ്ക്ക് ശൂന്യമായി നോക്കിക്കൊണ്ടിരിക്കയാണ്.

കമ്പാർട്ടുമെന്റിൽ ചൂടായിരുന്നു. പങ്കകൾ പ്രവർത്തിച്ചു തുടങ്ങിയിരുന്നില്ല. മറ്റു സീറ്റിൽ ഉള്ള ചെറുപ്പക്കാർ സ്വിച്ച് താഴ്ത്തുകയും ഉയർത്തുകയും ചെയ്തു.

"ഇതെന്ത് ഹലാക്കിന്റെ പങ്കയാണെടാ, തിരീണില്ല്യ."

"ബണ്ടി പോകാൻ കാലത്ത് തിരിയും. ഇപ്പോ എഞ്ചിൻ കൊണ്ടന്ന്ട്ട്ണ്ടാ വില്ല."

"നമുക്ക് പ്ലെയിനിൽത്തന്നെ പോയാ മത്യായിരുന്നു."

"അതിന് ഇജ്ജെന്ന്യല്ലെ ബേണ്ടാച്ചത്."

"പിന്നല്ലാ ഇരുന്നൂറ റുപ്പിക ബ്ലാക്കിൽ കൊടുത്തിട്ട് ടിക്കറ്റ് വാങ്ങേ? ഈ അറ നൂറ്റുറുപ്പിക ഭാര്യയ്ക്ക് കൊണ്ടുകൊടുത്താൽ ഓള്..."

അയാൾ ശബ്ദം കുറച്ചതു കാരണം പിന്നെ എന്തുപറഞ്ഞുവെന്ന് കേട്ടില്ല. അവർ കൂട്ടമായി ചിരിച്ചു.

പെട്ടെന്ന് ഫാനുകൾ തിരിയാൻ തുടങ്ങി.

"ബന്ന്!" എല്ലാവരും കൂടി ആർത്തു വിളിച്ചു. എനിയ്ക്കു ചിരിവന്നു. അവരുടെ പെരുമാറ്റം വളരെ അകൃത്രിമവും കുറെയേറെ പ്രാകൃതവുമായിരുന്നു. അവരുടെ ടെറിലിൻ വസ്ത്രങ്ങളും പെരുമാറ്റവും തമ്മിൽ യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല.

വണ്ടി ഇളകുകയും യാതൊരു ഉപചാരവും കൂടാതെ നീങ്ങുകയും ചെയ്തു. പുറത്തു നിന്ന ചെറുപ്പക്കാരൻ നീങ്ങി നിന്ന് കിഴവനെ നോക്കി കൈ വീശി. അയാളാകട്ടെ അപ്പോഴും അനങ്ങാതെ ശൂന്യമായി, നിർജ്ജീവമായി പുറത്തേക്കു നോക്കുകയായിരുന്നു. അയാൾ വല്ലതും കാണുന്നുണ്ടോ എന്നു തന്നെ ഞാൻ സംശയിച്ചു.

വെയിൽ കൈയിൽ വീണപ്പോൾ അയാൾ നിവർന്നിരുന്നു. സാവധാനത്തിൽ അയാളുടെ മുഖം ഇരുണ്ടു. നോക്കിക്കൊണ്ടിരിക്കെ കണ്ണിൽ നിന്ന് ഒരു തുള്ളി വെള്ളം പുറത്തേക്കു ചാടി. പിന്നെ തുടർച്ചയായ ഒരു നീരുറവ്. കണ്ണീർ വീണ് അയാളുടെ വെള്ള ഷർട്ടിന്റെ മുൻഭാഗം നനയുന്നത് തെല്ലൊരസുഖത്തോടെ ഞാൻ നോക്കി.

ക്രമേണ കണ്ണീർ ഉറവ നിന്നു. സാവധാനത്തിൽ ഷർട്ടിന്റെ നനവ് കാറ്റ് ഒപ്പിയെടുത്തു.

ടിക്കറ്റ് എക്സാമിനർ വന്ന് ടിക്കറ്റിനു കൈ നീട്ടി അപ്പോൾ കിഴവൻ ഞെട്ടിത്തെറിച്ചു. വിറയ്ക്കുന്ന കൈ കൊണ്ട് കുപ്പായക്കീശയിൽ നിന്ന് ടിക്കറ്റെടുത്തു നീട്ടി.

മറുപുറത്തിരുന്നവർ മസ്കറ്റിൽ നിന്നാണ് വരുന്നതെന്ന് സംസാരത്തിൽ നിന്നു മനസ്സിലായി. അവർക്കു സംസാരിക്കാൻ കൂട്ടുകാരെ കിട്ടിയിരുന്നു. എല്ലാവർക്കും പേർഷ്യൻ വിശേഷങ്ങൾ അറിയണം. അവിടെയെങ്ങന്യാ ജോലിയൊക്കെ കിട്ടാൻ വിഷമമുണ്ടോ? എങ്ങനെയെങ്കിലും അവിടെ കടന്നു കിട്ടിയാൽ വല്ല രക്ഷയും ഉണ്ടോ?

പേർഷ്യക്കാർക്ക് കുറെ നേരം സംസാരിക്കാനുള്ള വകയായി. അവർ ഓരോരുത്തരായും ഒന്നായും അന്യോന്യം അനുബന്ധമായും വാ തോരാതെ സംസാരിച്ചു.

വണ്ടി ഒരു കൊടുങ്കാറ്റു പോലെ പരിചയമുള്ള സ്റ്റേഷനുകൾ തരണം ചെയ്യുന്നത് ഞാൻ ജനലിലൂടെ നോക്കി.

അപ്പോഴാണ് കിഴവനോട്ട് ലോഹ്യം കൂടിയാലോ എന്ന് ഞാൻ ആലോചിച്ചത്. മറുവശത്തുള്ള സംസാരം അധികനേരം ശ്രദ്ധിക്കാൻ എനിക്കു കഴിഞ്ഞില്ല. അവർ പറയുന്നതെല്ലാം അറിയാവുന്ന കാര്യങ്ങളായിരുന്നു. പറയുന്നവർക്കുള്ളത്ര അത്ഭുതംപോലും എനിക്കുണ്ടാവുന്നില്ല. മറിച്ച് കിഴവൻ എന്തുകൊണ്ടോ എന്നെ ആകർഷിച്ചിരുന്നു. അയാളുടെ കണ്ണീരിന്റെ കാരണമറിഞ്ഞാലേ എനിയ്ക്കു സമാധാനമാവുകയുള്ളു എന്ന് തോന്നിയിരുന്നു. ഞാൻ അയാളുടെ നേരെ തിരിഞ്ഞു.

"എങ്ങോട്ടാണ്?"

കിഴവൻ കണ്ണടയിലൂടെ എന്നെ നോക്കി, പതുക്കെ തലയാട്ടി. എവിടെ പോയാലെന്താ, എല്ലാം ഒരുപോലെ എന്ന മട്ടിൽ. അയാളുടെ മുഖത്തിന്റെ അസ്ഥിരതയിൽ നിന്ന്. എന്തോ തപ്പിയെടുക്കാനുള്ള വെമ്പലിൽ നിന്ന് അയാൾക്ക് എന്തോ പറയാനുണ്ടെന്ന് എനിക്കു മനസ്സിലായി. ഞാൻ കാത്തു.

മറുവശത്ത് ഇപ്പോൾ കൂടുതൽ ശ്രോതാക്കളുണ്ടായിരുന്നു. അവിടെ മണലാരണ്യങ്ങളിലെ ജീവിതകഥകൾ ഓരോന്നോരോന്നായി പുറത്തേക്കു വരികയാണ്. വീരസാഹസകഥകൾ കേൾക്കാൻ രസമുള്ളവതന്നെ. പക്ഷെ, പൗരാണിക നാവികനെപ്പോലെ ഈ കിഴവൻ എന്നെ ആകർഷിച്ചിരിക്കുന്നു.

"എനിക്ക് വളരെ ചീത്തക്കാലമാണ്." അയാൾ പറഞ്ഞു. അയാളുടെ ശബ്ദം വളരെ താഴ്ന്നതായിരുന്നു. നല്ലവണ്ണം ശ്രദ്ധിച്ചില്ലെങ്കിൽ കേൾക്കില്ല.

"എന്റെ മകളുടെ മകൾ മരിച്ചു. ആത്മഹത്യയാണത്രെ."

ഞാൻ വ്യസനിക്കുന്നു എന്ന അർത്ഥത്തിൽ ഒരു ശബ്ദമുണ്ടാക്കി. "എന്താണ് കാരണം?"

അയാൾ കീഴ്ചുണ്ടു പുറത്തേക്കു നീട്ടി. ആർക്കറിയാം എന്ന ഭാവത്തിൽ ചുമൽ കുലുക്കി. അവൾക്ക് എത്ര വയസ്സായിട്ടുണ്ടാകും. എന്നു ഞാൻ അത്ഭുതപ്പെട്ടു.

"കോളേജ് ലാബിൽനിന്ന് എന്തോ മരുന്നു എടുത്തു കൊണ്ടുപോയി കഴിച്ചതാണത്രെ."

പേർഷ്യക്കാരിൽ ഒരാൾ സംസാരിക്കുകയാണ്.

"മലയാളികൾക്ക് പൊങ്ങച്ചം പറയല്ല് സ്വതവെ കുറച്ചു കൂടുതലാണ്. നാട്ടിൽ പ്പോയിട്ട് ആരെങ്കിലും എന്താണ് ജോലി എന്നു ചോദിച്ചാൽ പറയും കാൾട്ടൻ കമ്പനീലാണ് ജോലീന്ന്. കാൾട്ടൻ എന്നു പറയുന്നത് ഹോട്ടലാണ്ന്ന് അവർക്കുണ്ടോ അറിയുന്നു?"

കിഴവൻ പുറത്തേക്കു നോക്കിയിരിക്കയാണ്. ഞാൻ തീവണ്ടിയുടെ സംഗീതത്തിൽ ലയിച്ചിരുന്നു. എവിടെയോ, ഏതോ നഗരത്തിൽ ഒരു പെൺകുട്ടിയുടെ ശരീരം തണുത്തു കിടക്കുന്നുണ്ടാവും. എന്തിനായിരിക്കും അവൾ ആത്മഹത്യ ചെയ്തത്?

"ആറുമാസം മുമ്പ് എനിയ്ക്ക് ഭാര്യ നഷ്ടപ്പെട്ടു." കിഴവൻ തുടർന്നു. "വേദനയൊക്കെ തോന്നി. പക്ഷെ, അതിൽ സങ്കടപ്പെടാനൊന്നുമുണ്ടായിരുന്നില്ല. അവൾ അവളുടെ അറുപതുകൊല്ലം മുഴുവനും ശരിക്കും ജീവിച്ചിരിക്കുന്നു. എല്ലാവർക്കും ഒരു ദിവസം പോണ്ടെ? പക്ഷെ, ജീവിതം തുടങ്ങിയിട്ടും കൂടിയില്ലാത്ത ഒരു കുട്ടിയുടെ കഥയോ?"

"അതെല്ലാം ഇങ്ങനെയാണ്", കിഴവൻ സംസാരിച്ചു. "ആറുമാസം പ്രായമുള്ള ഒരു കുട്ടി നിങ്ങളെ കാണുമ്പോഴേയ്ക്ക് അമ്മയുടെ ഒക്കത്തുനിന്നു ചാടുന്നു. പല്ലില്ലാത്ത ചിരി സമ്മാനിക്കുന്നു. കുഞ്ഞിക്കൈകൾകൊണ്ട് തലമുടി പിടിച്ച് കവിളിൽ ഉമ്മവെക്കുന്നു. അല്ല, കപ്പുന്നു. അപ്പോൾത്തൊട്ട് ആ കുട്ടി നിങ്ങളുടെ സ്വന്തം സ്വത്താണ്. പിന്നെ അവൾ വളർന്ന് വലുതാവുമ്പോഴും നിങ്ങളെ വിട്ട് വേറെ ദേശത്ത് പോകുമ്പോഴും നിങ്ങൾക്കവളെ നഷ്ടപ്പെടുന്നില്ല; അവസാനം ഒരു ദിവസം ഒരു ശപ്തമായ കമ്പി കിട്ടുന്നതുവരെ."

കിഴവന്റെ സംസാരം ശ്രദ്ധിക്കാൻ വളരെ ക്ലേശിക്കണം. പതുക്കെയാണ് എന്നു മാത്രമല്ല, ഒരിക്കൽ പറഞ്ഞത് പിന്നെ ആവർത്തിക്കലുണ്ടാവില്ല. മനഃപ്പൂർവ്വമല്ല അത്. ഇടയ്ക്കു കയറി ചോദിച്ചാൽ സംസാരത്തിന്റെ ചരട് നഷ്ടപ്പെടും. കി

ഴവന്റെ മുഖത്തെ ചോദ്യഭാവത്തിൽ നിന്നതറിയാം. പിന്നെ വേറെ വല്ലതുമായിരിക്കും പറയുക. നല്ലവണ്ണം ശ്രദ്ധിച്ചില്ലെങ്കിൽ വാക്കുകൾ മണലിൽ പൂണ്ടുപോയ സൂചിപോലെ നഷ്ടപ്പെടും.

കിഴവന്റെ കഥ ശ്രദ്ധിച്ചിരുന്നതിന്നിടയിൽ തീവണ്ടി ചുരം കയറി മറഞ്ഞതും, തുരങ്കങ്ങൾ പിന്നിട്ടതും ഞാനറിഞ്ഞില്ല. അതു പോലെ സൂര്യൻ പർവ്വതനിരകൾക്കിടയിലെവിടെയൊ നഷ്ടപ്പെട്ടതും. പകൽ രാത്രിയിലേയ്ക്ക് യാത്രയായതും. എന്റെ മനസ്സിൽ ഒരു റിട്ടയാർഡ് ഹൈക്കോർട്ട് രജിസ്ട്രാറും അദ്ദേഹത്തിന്റെ പേരക്കുട്ടിയുമായിരുന്നു.

ഭക്ഷണത്തിന്റെ സ്റ്റേഷനെത്തിയപ്പോൾ ഞാൻ ചോദിച്ചു. "ഊണു വേണ്ടെ?"

വേണ്ടെന്നയാൾ തലയാട്ടി.

ഊണു കഴിക്കുമ്പോൾ ഞാൻ വീണ്ടും പേർഷ്യക്കാരെ ശ്രദ്ധിച്ചു. അവരുടെ അടുത്തു തന്നെ കള്ളിമുണ്ടുടുത്ത് ഇരിക്കുന്ന ചെറുപ്പക്കാരനെ ഞാൻ ഇതുവരെ ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോൾ അയാളായിരുന്നു സംസാരിച്ചിരുന്നത്. അയാൾ ബോംബെയിൽ ജോലിയെടുക്കുകയാണ്. പേർഷ്യക്കാർ ഇന്ത്യയ്ക്കു പുറത്തുപോയെങ്കിലും ബോംബെയെപ്പോലെ ഒരു വൻനഗരത്തിൽ താമസിച്ചിട്ടില്ലെന്നും തൻമൂലം ലോകപരിചയം തന്റെ അത്രക്കൊന്നുമില്ലെന്നും അയാൾ മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കി.

അതുകൊണ്ടു തന്നെ പിന്നീട്, ഊണു കഴിഞ്ഞ് കിടക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കെ, പേർഷ്യക്കാർ അവരുടെ സൂട്ട് കേസുകളുടെയും അതിനകത്തുള്ള വില പിടിച്ച സാധനങ്ങളുടെയും സുരക്ഷിതത്വത്തെപ്പറ്റി സംശയം പ്രകടിപ്പിച്ചപ്പോൾ അയാൾ പറഞ്ഞു.

"നിങ്ങൾക്ക് ഈ കേശവനെ വിശ്വസിക്കാം. കേശവൻ ഈ സീറ്റിൽ കിടക്കുമ്പോൾ ഒരു മനുഷ്യക്കുട്ടിക്ക് നിങ്ങളുടെ സാധനങ്ങൾ തൊടാൻ പറ്റില്ല. പോരെ?"

"അല്ലാ, ഓരോ സൂട്ട്കേസിലും ചുരുങ്ങിയത് നാലായിരത്തിന്റെ മൊതല് കാണും."

"നിങ്ങള് യാതൊന്നും പേടിക്കാണ്ടെ കിടന്നുറങ്ങിക്കോളിൻ. ഞാൻ ഇതിനു മുമ്പും വലിയ കള്ളന്മാരെ പിടിച്ചിട്ടുള്ളതാണ്. ഒരിക്കൽ ഒരു വലിയ കത്തിയുമായായാണ് വന്നത്. നോക്കിൻ എനിക്കു കിട്ടിയ മുറിവിന്റെ പാട്."

അയാൾ ബനിയൻ ഉയർത്തിക്കാണിച്ചു. വയറിനു തൊട്ടുമുകളിൽ ഇടതുവശത്ത് രണ്ടിഞ്ചു വരുന്ന പാട്.

കേശവന്റെ സംസാരത്തിൽ വിശ്വസിപ്പിക്കുന്ന എന്തോ ഉണ്ടാവണം. മറ്റുള്ളവർ സംതൃപ്തരായിരുന്നു.

ഉറക്കം എല്ലാ പെരുമ്പറകളേയും നിശ്ശബ്ദമാക്കി. എല്ലാ കാഹളങ്ങളും കെട്ടടങ്ങി. തീവണ്ടിയുടെ അവിരാമമായ താരാട്ടുമാത്രം. മറുവശത്ത് വിലങ്ങനെയുള്ള സീറ്റിൽ കേശവൻ കിടക്കുന്നു. വായ സ്വല്പം തുറന്നാണിരിക്കുന്നത്. വേറൊരു കള്ളിമുണ്ടു കൊണ്ട് അയാൾ ചെവിയടച്ചു തലക്കെട്ടു കെട്ടിയിരുന്നു. പേർഷ്യക്കാരും ഉറക്കമായി.

ഞാൻ വീണ്ടും, എവിടെയോ, ഏതോ ഒരു നഗരത്തിൽ തണുത്തുവിറങ്ങലിച്ച ഒരു ഇളം ശരീരം ഓർത്തു. ഒരു മുത്തച്ഛന്റെയും അമ്മയുടെയും അച്ഛന്റെയും

സ്നേഹത്തിനു പിടിച്ചു നിറുത്താൻ കഴിവില്ലാത്ത വിധത്തിൽ എന്തൊരു ശക്തിയാണ് അവളെ ആത്മഹത്യയിലേയ്ക്കു നയിച്ചത്?

ഉറക്കം പിടിക്കുമ്പോൾ ഞാൻ തീവണ്ടിയുടെ വേഗത്തെപ്പറ്റി ബോധവാനായിരുന്നു. അത് ഒരു കൊടുങ്കാറ്റുപോലെ ഇരുട്ടിലൂടെ കുതിക്കുകയാണ്.

ഒരു ബഹളം കേട്ട് എഴുന്നേറ്റപ്പോൾ കണ്ടത് കേശവൻ ചാടിയെഴുന്നേൽക്കുന്നതാണ്. ചുവട്ടിൽ കിഴവൻ എന്തോ തപ്പുകയായിരുന്നു. ഒരു നിമിഷം കേശവൻ കിഴവന്റെ മേൽ ചാടി വീഴുകയും അയാളുടെ പഴഞ്ചൻ കുപ്പായത്തിന്റെ കോളർ പിടിച്ചുയർത്തി ചെകിട്ടത്ത് അടിക്കുകയും ചെയ്തു.

"പിടിച്ചു ഞാൻ." കേശവൻ ആക്രോശിച്ചു. "കള്ളനെ പിടിച്ചു."

കിഴവൻ പെട്ടെന്നുള്ള ഈ ആക്രമണത്തിന്റെയും അടിയുടെയും ആഘാതത്തിൽ സ്തംഭിച്ചു നിന്നു. അയാൾക്ക് ഒന്നും പറയാൻ വാക്കുകൾ കിട്ടുന്നില്ല.

വീണ്ടും അടി. കിഴവൻ ആകെയുലഞ്ഞു. കൈകൾ രണ്ടും ഉയർത്തി അടികളിൽനിന്നു രക്ഷപ്പെടുവാൻ അയാൾ വിഫലമായി ശ്രമിക്കുകയാണ്.

പെട്ടെന്ന് എന്റെ ഉറക്കച്ചടവു മാറി. ഉറക്കമുണർന്നപ്പോൾ ഒരു സ്വപ്നം പോലെ തോന്നിയിരുന്ന ഈ സംഭവം യാഥാർത്ഥ്യമാണെന്നും ഞാൻ മനസ്സിലാക്കി. അയാൾ അതിനിടയ്ക്ക് വിക്കി വിക്കി പറഞ്ഞു.

"എന്റെ കണ്ണട."

കിഴവന്റെ മുഖത്ത് കണ്ണടയുണ്ടായിരുന്നില്ല. ഉറങ്ങാൻ കിടക്കുമ്പോൾ കണ്ണട ഊരിവെക്കുന്നത് ഞാൻ കണ്ടിരുന്നു.

ഞാൻ ചാടിയെഴുന്നേറ്റ് കേശവനെ പിടിച്ചു.

"എന്തക്രമമാണ് ചെയ്യുന്നത്?"

"നിങ്ങൾ വിടിൻ." കേശവൻ എന്നെ തട്ടിമാറ്റി. "എനിക്കറിയാം എന്താ ചെയ്യേണ്ടത്ന്ന്. കിടക്കാൻ പോവുമ്പോത്തന്നെ എനിക്ക് കെളവനെ സംശയണ്ടായിര്ന്നു. കേശവന് ഒരു കള്ളനെ ഒരു നാഴിക ദൂരെ വച്ചു കണ്ടാൽ അറിയാം."

കിഴവനെ കള്ളനായി കണക്കാക്കുന്നത് ലോകത്തിലേക്കു വെച്ച് ഏറ്റവും യുക്തിഹീനമായ ഒരു കാര്യമായിരുന്നു. അതു പറഞ്ഞു മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചു. പക്ഷെ, എനിക്ക് നേരിടേണ്ടി വന്നത് ഒന്നോ രണ്ടോ ആളുകളെയായിരുന്നില്ല.

"നിങ്ങക്ക് അങ്ങനെ പറയാം. മൊതല് പോണത് നമ്മന്റെ അല്ലെ."

"കക്കാനല്ല ഉദ്ദേശംച്ചാല് നമ്മുടെ സൂട്ട്കേസിന്റെ അവിടെ തപ്പണ്ട വല്ല ആവശ്യം ഉണ്ടോ? പൂട്ടിന്റെ മേൽ കൈ വെക്കുന്നത് ഞാൻ കണ്ണുകൊണ്ട് കണ്ടതാ."

ഞാൻ കേശവന്റെ കൈ വിടുവിച്ച് കിഴവനെ സ്വതന്ത്രനാക്കി. അയാളുടെ കുപ്പായത്തിന്റെ മുൻവശം കീറിയിരുന്നു. കീറിയ ഭാഗം വിറക്കുന്ന കൈകൊണ്ട് കൂട്ടിപ്പിടിച്ച് അയാൾ സീറ്റിൽ പോയിരുന്നു. അയാളുടെ നരച്ച തലമുടി ഉലഞ്ഞിരുന്നു.

അടുത്ത പടി കിഴവന്റെ പെട്ടി പരിശോധിക്കലായിരുന്നു. നിർദ്ദേശം കൊടുത്തതും പെട്ടി സീറ്റിന്നടിയിൽ നിന്ന് വലിച്ചെടുത്തു തുറന്നതും കേശവൻ തന്നെ ആയിരുന്നു.

"കെളവൻ നമ്മൾ എണീക്കുന്നതിനു മുമ്പ് വല്ലതും പൂഴ്ത്തിയിട്ടുണ്ടോന്ന് നോക്കാം."

അയാൾ സാധനങ്ങൾ ഓരോന്നോരോന്നായി പുറത്തേക്കെടുത്തിട്ടു. രണ്ടു പഴയ വെള്ള ഷർട്ട്, രണ്ടു മുണ്ട്, ഒരു തുണിസഞ്ചിയിൽ ഷേവു ചെയ്യാനുള്ള സാമഗ്രികൾ. പിന്നെ പഴകിയ, വളരെ പഴകിയ ഒരു കൈ നഷ്ടപ്പെട്ട നിറം മങ്ങിയ പ്ലാസ്റ്റിക് പാവക്കുട്ടി.

കേശവൻ അതെല്ലാം പുറത്തുതന്നെ ഇട്ട് അയാളുടെ സീറ്റിൽ പോയിരുന്നു. ആ സാധനങ്ങൾ തിരിച്ച് പെട്ടിയിലിടാനുള്ള സന്മനസ്സെങ്കിലും അയാൾക്കുണ്ടാവേണ്ടതായിരുന്നു. കിഴവൻ ചുറ്റും നോക്കി. ഇനിയും അക്രമണങ്ങൾ ഉണ്ടാവില്ലെന്നു തോന്നിയിരിക്കണം. അയാൾ സീറ്റിൽ നിന്നിറങ്ങി പെട്ടിയുടെ അടുത്ത് കുന്തിച്ചിരുന്ന് സാധനങ്ങൾ ഓരോന്നായി തിരിച്ച് പെട്ടിയിൽവെച്ചു. കുപ്പായങ്ങൾ, മുണ്ടുകൾ, ഷേവിംഗ് സാമഗ്രികൾ വെച്ച തുണി സഞ്ചി, അവസാനം ഒരു കൈ നഷ്ടപ്പെട്ട പാവക്കുട്ടി. പെട്ടെന്ന് ഓർമ്മകൾ കിഴവനെ ഗ്രസിച്ചുവെന്ന് തോന്നുന്നു. അയാൾ ആ പാവക്കുട്ടിയും പിടിച്ച് കുറെ നേരം ഇരുന്നു. കണ്ണീർ ധാരയായി ഒഴുകി. തേങ്ങൽ അയാളുടെ ദുർബ്ബലമായ ദേഹത്തെ പിടിച്ചു കുലുക്കി.

അയാൾ പ്രയാസപ്പെട്ട് എഴുന്നേറ്റു. പെട്ടി അടയ്ക്കാൻ മിനക്കെടാതെ അയാൾ നടന്നു. കിഴവൻ വേച്ചു വേച്ച് ടോയ്‌ലറ്റിനു നേരെ നടക്കുന്നത് ഞാൻ ശ്രദ്ധിച്ചു. മുഖം കഴുകാനായിരിക്കുമെന്ന് ഞാൻ കരുതി. പക്ഷെ, വാഷ്ബേസിന്റെ നേർക്ക് പോകുന്നതിനു പകരം അയാൾ ഇടതുവശത്തുള്ള വാതിൽ തുറക്കുകയും എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്നതിനുമുമ്പ് പുറത്തേക്ക് ചാടുകയും ചെയ്തു.

തീവണ്ടി ഒരു കൊടുങ്കാറ്റുപോലെ, കൊളുത്തി വിട്ട വാണംപോലെ കുതിക്കുകയായിരുന്നു.

ഞാൻ തരിച്ചു നിന്നു.

കുറച്ചു നേരത്തേയ്ക്ക് പരിപൂർണ്ണ നിശ്ശബ്ദത. പിന്നെ സംസാരിച്ചത് കേശവൻ തന്നെയായിരുന്നു.

“കണ്ടില്ലെ, കെളവൻ പഠിച്ച കള്ളനാണ്. പിടികൊടുക്കാതെ പോയതു കണ്ടില്ലെ? ഈ സമയത്തിനുള്ളിൽ ചുരുങ്ങിയത് രണ്ടു കമ്പാർട്ടുമെന്റിന്റെ അപ്പുറത്തെങ്കിലും എത്തിയിട്ടുണ്ടാവും. ട്രെയിനിന്റെ പുറത്തു തൂങ്ങി സഞ്ചരിക്കാനൊക്കെ ഇവർ എക്സ്പെർട്ടുകളാണ്.”

കിഴവൻ പുറത്തേക്കു ചാടുകയാണുണ്ടായതെന്ന് വളരെ വ്യക്തമായിരുന്നു.

“എന്തായാലും നമ്മുടെ മൊതല് പോയില്യല്ലൊ. ഭാഗ്യം.”

അപ്പോഴാണ് ഞാൻ അതു കണ്ടത്. കിഴവന്റെ കണ്ണട! അതു മറുഭാഗത്തെ സീറ്റിന്നടിയിൽ രണ്ടു സൂട്ട്കേസുകളുടെ ഇടയിൽ വീണു കിടക്കുന്നു—നിലത്ത് വീണു പരന്ന രണ്ടു കണ്ണുനീർ തുള്ളികൾ പോലെ. ഈ രണ്ടു കണ്ണുനീർ തുള്ളികൾ ജീവിതത്തിലൊരിക്കലും മായ്ച്ചു കളയാൻ പറ്റാത്ത അപരാധബോധത്തിന്റെ കറ എന്റെ മനസ്സിൽ ഉണ്ടാക്കിയത് ഞാനറിഞ്ഞു.

— 8 —

## ഒരു കുങ്ഫു ഫൈറ്റർ

ഷേറാൻസ് ഒരു കുങ്ഫൂ ഫൈറ്ററാണ്. രാജു അങ്ങിനെയാണ് പറഞ്ഞത്. അവന്റെ വിവരണങ്ങളിൽ നിന്ന് ഒരു പേടിപ്പെടുത്തുന്ന ചിത്രമാണ് കിട്ടുന്നത്. രാജു വൈകുന്നേരം സ്കൂൾവിട്ടു വന്നാൽ പുസ്തകസഞ്ചിയും വാട്ടർ ബോട്ടിലും വലിച്ചെറിഞ്ഞു് എന്റെ മുമ്പിൽ ചാടി വീഴുന്നു. കാൽമുട്ട് അൽപം മടക്കി കുറച്ച് കുനിഞ്ഞു് കൈമുഷ്ടികൊണ്ട് എനിയ്ക്കു ഒരിടി സമ്മാനിക്കുന്നു. എനിയ്ക്ക് നല്ലവണ്ണം വേദനിക്കുമെങ്കിലും ഞാൻ വേദനയൊന്നുമില്ലെന്ന് ഭാവിക്കുന്നു. ഞാൻ അച്ഛനും അവൻ മകനുമാണ്. ആറു വയസ്സുള്ള മകൻ.

"വേദനയില്ലെ?" അവൻ ചോദിക്കുന്നു.

"ഉം, ഉം. ഇതൊക്കെ ഒരിടിയാണോ?"

"ഞാൻ കാണിച്ചുതരാം."

അവൻ നിന്നിടത്തുനിന്ന് ഒരു ചാട്ടവും എന്റെ പുറത്ത് രണ്ടാമതൊരിടിയും.

"അയ്യോ വേദനയുണ്ട്", ഞാൻ അലറുന്നു. എനിയ്ക്ക് ദ്വേഷ്യം പിടിക്കുന്നു. അവന് രണ്ടാമത് ഇടിക്കേണ്ട കാര്യമൊന്നുമില്ല.

"ആ, ഇങ്ങിനെയാണ് ഷേറാൻസ് ഇടിക്കുക. കുങ്ഫൂ ഫൈറ്റിങ്ങാണ്."

ഇവൻ ഷേറാൻസിനെ അനുകരിക്കുക മാത്രമാണ് ഇപ്പോൾ ചെയ്തത്. അതു തന്നെ ഇത്ര ഉഗ്രം. അപ്പോൾ ഷേറാൻസിന്റെ ഒറിജിനൽ ഇടി എന്തായിരിക്കും സ്ഥിതി?

ഷേറാൻസ് നടന്നുവരുമ്പോൾ മറ്റുകുട്ടികൾ ഓടി ഒളിക്കുന്നു. അവന്റെ മുമ്പിൽ ആരും ശ്വാസം വിടാറില്ല. ക്ലാസ് മിസ്സിനും കൂടി അവനെ പേടിയാണ്. അവൻ രാജുവിന്റെ ഫ്രണ്ടാണ്. എനിയ്ക്കും അവന്റെ അമ്മയ്ക്കും ആശ്വാസമായി. ഷേറാൻസിന്റെ തണലിൽ നിൽക്കുന്ന ഇവനെ ആരും തൊടില്ലല്ലൊ.

ഒരിക്കൽ ഏതോ ഒരു കുട്ടി രാജുവിനെ ചവുട്ടി എന്ന കുറ്റത്തിന് ഷേറാൻസ് ആ കുട്ടിയുടെ മുഖത്ത് മാന്തി ചോര പൊട്ടിച്ചിട്ടുണ്ട്. എനിയ്ക്ക് സ്വകാര്യമായി സന്തോഷം തോന്നി, അതു കേട്ടപ്പോൾ. പക്ഷെ, പറഞ്ഞത് മറിച്ചായിരുന്നു.

"ആ കുട്ടിയൊന്ന് ചവുട്ടി എന്നുവെച്ച് അവന്റെ മുഖത്ത് മാന്താനൊക്കെ പാടുണ്ടോ?"

"ഷേറാൻസ് എന്റെ ഫ്രണ്ടാണ്."

"അതുകൊണ്ട്?"

“എന്നെ ആരെങ്കിലും ഉപദ്രവിച്ചാൽ ഷേറാൻസ് അവരേയും ഉപദ്രവിക്കും.”

ഷേറാൻസിനെ കാണാൻ താൽപര്യമായി ഒരു ദിവസം ഞാനും ഭാര്യയും മകന്റെ സ്കൂളിൽ പോയി. ക്ലാസ്സിൽ വരുന്നുണ്ടെന്ന് രാജുവിനോട്ട് പറഞ്ഞില്ല. പറഞ്ഞാൽ അവൻ സമ്മതിക്കില്ല. ഡാഡി സ്കൂളിൽ വരേണ്ട എന്നാണ് അവൻ പറയുന്നത്. മമ്മി മാത്രം വന്നാൽ മതിയത്രെ.

“എന്താണ് കാരണം.”

“ഡാഡിയെ കാണാൻ ഒരു ഭംഗിയുംല്ല്യ.”

ഡാഡി തളരുന്നു.

“എന്താ മോൻ പറയുന്നത് ഡാഡിയെ കാണാൻ നല്ല ഭംഗിണ്ടല്ലൊ.” അമ്മ.

“ഇല്ല ഒരു ഭംഗീംല്ല്യാ. മമ്മി മാത്രം വന്നാൽ മതി സ്കൂളിലേക്ക്.”

“മമ്മിയെ കാണാൻ ഭംഗീണ്ടോ?”

“ഉം.”

പിന്നെ മമ്മി ഇല്ലാത്ത അവസരത്തിൽ ഞാൻ രാജുവിനോട്ട് ചോദിക്കുന്നു. “എന്താണ് ഡാഡിയെ ഭംഗിയില്ലെന്നു പറയാൻ കാരണം?”

“ഡാഡിക്കു വയസ്സായിരിക്കുന്നു. പിന്നെ തലമുടീം മീശയും ഒന്നും ഭംഗിയില്ല. തനായിയുടെ ഡാഡിയെ കാണാൻ നല്ല ഭംഗിണ്ട്.”

അപ്പോൾ അങ്ങിനെയാണ് സംഗതി. അതുകൊണ്ട് സ്കൂളിൽ രണ്ടുപേരുംകൂടി പോകുന്നകാര്യം അവനോട്ട് പറഞ്ഞില്ല. ഓഫീസിൽ പോയി ഫീസു കൊടുത്ത് ക്ലാസ്സിലേക്കു നടന്നു. ക്ലാസ്സിൽ രാജുവിനെ തിരിച്ചറിയാൻ കുറച്ച് മിനക്കെടേണ്ടിവന്നു. യൂനിഫോമിൽ എല്ലാ കുട്ടികളും ഒരേപോലെ തോന്നിച്ചു. രാജു ശബ്ദമുണ്ടാക്കാതെ ഞങ്ങളെ നോക്കുകയായിരിക്കും. എല്ലാവരുടെയും നോട്ടം ഞങ്ങളുടെ നേരെയായിരുന്നു. അതിനിടയ്ക്ക് ഒരു പെൺകുട്ടിയുടെ ശബ്ദം കേട്ടു.

“രാജു തുമാര മമ്മി ആയി ഹെ.”

നോക്കിയപ്പോൾ രാജു പെട്ടെന്ന് ഡസ്കിന്നടിയിലേക്ക് നൂഴുന്നത് കണ്ടു.

ഇടവേളയിൽ അവനെ വിളിച്ചു ചോദിച്ചു.

“ഏതാണ് ഷേറാൻസ്?”

രാജു കുറച്ചകലെ ഞങ്ങളെ നോക്കി നിന്നിരുന്ന ഒരു കുട്ടിയെ ചൂണ്ടിക്കാട്ടി. രാജു ചൂണ്ടിക്കാട്ടിയപ്പോൾ നാണം തോന്നി, അവൻ ഓടിപോയി.

“ഇതാണ് ഷേറാൻസ്?” ഞാൻ ഭാര്യയോട്ട് പറഞ്ഞു. “എത്ര ചെറിയ കുട്ടി! മോന്റെ അത്ര തന്നെയെയുള്ളു.”

“അതു നന്നായി.” അവൾ പറഞ്ഞു. “പിന്നെ എത്ര വലുതാണെന്നാണ് വിചാരിച്ചത്.”

ഇവൻ എങ്ങിനെയാണ് കുങ്ഫൂഫൈറ്ററാവുന്നത്?

എന്റെ മനസ്സിൽ നല്ല തടിയും ഉറച്ച മാംസപേശികളുമുള്ള ഒരു രൂപമാണുണ്ടായിരുന്നത്. ഞാനെന്തു വിഡ്ഢിയാണ്. രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയെപ്പറ്റി ഞാൻ എന്താണ് വിചാരിച്ചിരുന്നത്?

അങ്ങിനെ ഷേറാൻസ് എന്ന കുങ്ഫൂ യുദ്ധക്കാരൻ, ഒരു ക്ലാസിനെയാകെ കിടിലം കൊള്ളിച്ചിരുന്ന ഗാങ്സ്റ്റർ വെറും ഒരു മെലിഞ്ഞ കുട്ടിയായി മാറി. നഷ്ടം എന്റേതുതന്നെ. ഞാനന്ന് സ്കൂളിൽ പോകാൻ പാടില്ലായിരുന്നു.

രാജുവിന്റെ കുങ്ഫൂ ഫൈറ്റിങ്ങ് സ്പിരിറ്റ് എന്റെ ഭാഗ്യംകൊണ്ട് അധികനാൾ നീണ്ടുനിന്നില്ല. ഇപ്പോൾ അവൻ പറയുന്നത് വേറൊരു കുട്ടിയെപ്പറ്റിയായിരുന്നു. റോമിദ്. റോമിദ് പാട്ടുകാരനാണ്. അവൻ അമിതാഭ്ബച്ചനെ പോലെ നന്നായി പാടും.

"അമിതാഭ് ബച്ചൻ പാട്ടു പാടാറില്ലല്ലൊ." ഞാൻ പറയുന്നു.

"പിന്നെ? അമിതാഭ് ബച്ചൻ പാടാറുണ്ടല്ലൊ. ദോ ഔർ ദോ പാഞ്ചിൽ പാടിയിട്ടില്ലെ? തുനെ അഭിദേഖാനഹി എന്ന പാട്ട്?"

"അത് അമിതാഭല്ല. കിഷോർകുമാറാണ് പാടുന്നത്."

അവന് വിശ്വാസമായില്ല. സിനിമയിൽ അമിതാഭ തന്നെയാണ് പാടുന്നത്. കിഷോർകുമാർ വേണമെങ്കിൽ വേറെ പാടിയിട്ടുണ്ടാകും. റോമിദ് എത്ര നന്നായിട്ടാണെന്നറിയ്യോ പാടുക.

പെട്ടെന്ന് മനസ്സിൽ ഉയർന്നു വന്ന ചിത്രം സ്റ്റേജിൽ മൈക്കും പിടിച്ച് ഡാൻസു ചെയ്തുകൊണ്ട് പാട്ടു പാടുന്ന ഒരാളായിരുന്നു. കുങ്ഫൂ ഫൈറ്ററുടെ ഓർമ്മ വന്നപ്പോൾ ആ ചിത്രം താനെ മാഞ്ഞുപോയി. ഞാൻ രാജുവിന്റെ കണ്ണിൽക്കൂടിയെ അവന്റെ സ്നേഹിതന്മാരെ നോക്കാൻ പാടുള്ളു.

"റോമിദ് ഇന്ന് ക്ലാസ്സിൽ ഷേറിന്റെ പാട്ടുപാടി."

"ഷേറിന്റെ പാട്ടോ?"

"അതെ. അമിതാഭ്ബച്ചൻ പാടിയ പാട്ട്. നട്ട്‌വർലാലിൽ ഇല്ലെ ആ പാട്ട്."

"ഓ അതോ? സിംഹത്തെ നായാടാൻ പോയ കഥ. അതൊരു പാട്ടാണോ?"

"ഉം. എത്ര നല്ല പാട്ട്. റോമിദ് അതെത്ര നന്നായി പാടിയെന്നറിയ്യോ?"

റോമിദിനെപ്പറ്റി അവന്റെ പ്രശംസക്കതിരില്ല. കുറെ ദിവസത്തേക്ക് റോമിദ് മാത്രമായിരുന്നു സംസാരവിഷയം. സ്കൂളിൽ നിന്നു വന്നാൽ തുടങ്ങി ഉറങ്ങാൻ കിടക്കുന്നതുവരെ റോമിദ് എന്ന പാട്ടുകാരൻ നൂറുകണക്കിന് വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാടുന്നു. പുതിയ ഹിറ്റ്സോങ്ങ്സ് ഓരോന്നോരോന്നായി കാതിൽ വന്നലയ്ക്കുന്നു. അതിൽ കിഷോർ കുമാറുണ്ട്, യേശുദാസുണ്ട്, റാഫിയുണ്ട്.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം അവൻ റോമിദിനെപ്പറ്റി പറയുന്നില്ല. അവൻ അവന്റെ ക്രയോൺ സെറ്റ് കയ്യിലെടുത്ത് എന്തോ അന്വേഷിച്ച നടക്കുകയായിരുന്നു. പാട്ടുകളില്ല. ശബ്ദമില്ല. ഞാൻ കുറച്ച് അസ്വസ്ഥനാവുന്നു. എവിടെയാണ് കുഴപ്പം? അവസാനം ക്ഷമ കെട്ടപ്പോൾ അന്വേഷിക്കുന്നു.

"ഇന്ന് റോമിദ് പാടിയില്ലെ?"

അവന് കേട്ട ഭാവമില്ല. അവൻ മേശമേൽ തപ്പുകയായിരുന്നു. പുസ്തകങ്ങൾ മറിച്ചു നോക്കുന്നു. അവസാനം അവന്റെ നോട്ട്ബുക്കിൽ നിന്ന് ഒരു ഏട്ട് ചീന്തിയെടുക്കാൻ നോക്കുന്നു.

"പുസ്തകത്തിൽ നിന്ന് ഏട്ട് ചീന്തരുതെന്ന് പറഞ്ഞിട്ടില്ലെ?" ഞാൻ ഒച്ചയെടുക്കുന്നു.

അവൻ ചീന്തുന്നതു നിർത്തി. പക്ഷെ, കൈ പുസ്തകത്തിൽത്തന്നെ. മുഖത്തു കള്ളത്തരമുണ്ട്. എന്റെ കണ്ണുകൾ മാറിയാൽ പെട്ടെന്ന് ഏടു ചീന്തിയെടുത്ത് അവിടെ നിന്ന് രക്ഷപ്പെടാമെന്നഭാവം.

"എന്തിനാണ് കടലാസ്?"

"എനിക്ക് ചിത്രം വരക്കാനാണ്."

“നിന്റെ ഡ്രോയിംഗ് ബുക്ക് എവിടെ?”

“അത് ക്ലാസ്സിൽ നിന്നു വരക്കാനല്ലെ? എനിയ്ക്കു വീട്ടിൽ നിന്നും വരക്കണം. എനിയ്ക്ക് വേറൊരു ഡ്രോയിംഗ് ബുക്ക് വാങ്ങിത്തരു.”

“വാങ്ങിത്തരാം.” ഞാൻ സമ്മതിച്ചു.

രാജു പുസ്തകത്തിൽനിന്ന് കൈയ്യെടുത്തു. പക്ഷെ, അരമണിക്കൂറിനുള്ളിൽ ഞാൻ അവന്റെ കയ്യും പിടിച്ച് പുസ്തകപ്പീടികയിലേക്ക് നടക്കുകയായിരുന്നു. പിന്നെ കുറെ ദിവസത്തേക്ക് വീട്ടിൽ എവിടെ നോക്കിയാലും മൃഗങ്ങളാണ്. പൂച്ചകൾ, എലികൾ, നായ്ക്കൾ, മുയലുകൾ. അങ്ങിനെയാണ് തനായി എന്ന ചിത്രകാരനെപ്പറ്റി അറിയാനിടയായത്. തനായ് ഭയങ്കര ചിത്രകാരനാണ്. എത്ര നന്നായിട്ടാണെന്നറിയ്യോ ചിത്രം വരക്ക്യാ? ഷേറിന്റെ ചിത്രം വരച്ചാൽ ശരിക്കുംള്ള ഷേറാണെന്നു വിചാരിക്കും.

അവൻ സിംഹത്തെപ്പറ്റിയാണ് സംസാരിക്കുന്നത്. സിംഹമാണ് അവന്റെ ഫേവറിറ്റ് മൃഗം.

“ഷേറിന് ഒരു എലിഫെന്റിനെ അടിക്കാൻ പറ്റുമോ?”

“ഷേറല്ലെ കാട്ടിലെ രാജാവ്? അപ്പോൾ ഷേറിന് ഒരു കൊട്ടാരംണ്ടാവില്ല്യെ?”

“ഛീ വിഡ്ഢിത്തം പറയാതിരിക്കു. സിംഹം താമസിക്കുക വല്ല ഗുഹയിലുമായിരിക്കും. കൊട്ടാരമെല്ലാം മനുഷ്യരാജാക്കന്മാർക്കുള്ളതാണ്.”

രാജുവിന്റെ മുഖം മങ്ങി.

“അപ്പോൾ ശരിക്കും ഷേറിന് കൊട്ടാരംണ്ടാവില്ലെ?”

“ഇല്ല.”

അവൻ നിരാശനായി. അപ്പോൾ അവന്റെ ഭാവനയിലെ കൊട്ടാരം നശിപ്പിച്ചതിൽ എനിയ്ക്ക് വിഷമം തോന്നി. ഒരു സിംഹത്തിന് കൊട്ടാരമുണ്ടാകുന്നുവെങ്കിൽ എന്താണതിൽ തെറ്റ്? പ്രത്യേകിച്ചും അതൊരു കുട്ടിയുടെ ഭാവനയ്ക്ക് നിറം കൊടുക്കുകയാണെങ്കിൽ!.

“തനായ് ഷേറിനെ നന്നായി വരക്കും.” രാജു ആലോചിച്ചുകൊണ്ട് പറഞ്ഞു. “എനിയ്ക്ക് അങ്ങിനെ വരക്കാൻ പറ്റില്ല. തനായ് ഷേറിന്റെ കൊട്ടാരവും വരക്കും.”

പിന്നെ ദിവസവും അവനെപ്പറ്റിയുള്ള വർണ്ണന മാത്രമേയുള്ളു. അതാണ് തനായ് എന്ന ചിത്രകാരന്റെ മഹിമ.

രാജുവിന്റെ ക്രയോൺ കഷ്ണങ്ങളായി കാപ്സ്യൂളുകൾ പോലെ അവിടവിടെ കിടന്നു. ഡ്രോയിംഗ് പുസ്തകത്തിന്റെ ഏടുകൾ വിമാനങ്ങളും കപ്പലുകളുമായി മാറി. ശേഷിച്ച പേജുകളിൽ അപൂർണ്ണരായ സിംഹങ്ങളും അവയുടെ പണി തീരാത്ത കൊട്ടാരങ്ങളും ചിതറിക്കിടന്നു.

“നമ്മുടെ മകൻ എന്തായാലും ഒരു ചിത്രകാരനാവില്ല.” ഞാൻ പറഞ്ഞു.

“ഉം? എന്താ കാരണം?”

ഭാര്യ ഡ്രോയിംഗ് പുസ്തകത്തിലെ പേജുകളൊന്നിൽ നോക്കി പറയുന്നു.

“ഈ പൂച്ചയെ കാണാൻ നല്ല ഭംഗിയുണ്ടല്ലൊ. കണ്ടില്ലെ അതിനൊരു വീടും പണിതിരിക്കുന്നു.”

“അതവൻ സിംഹത്തെ വരച്ചതാണ്.”

“ഓ!”

ക്രമേണ തനായി എന്ന ചിത്രകാരനും അപ്രസക്തിയുടെ മറവിലേക്ക് നീങ്ങിയപ്പോൾ ഞാൻ വീർപ്പടക്കി നിന്നു. ഇനി എന്താണ് സംഭവിക്കുക എന്നറിയാൻ എനിക്ക് ആകാംക്ഷയുണ്ടായിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം അവൻ പറഞ്ഞു.

“ഡാഡി എനിക്കൊരു കാറ് വേണം.”

“നിനക്ക് കുറെ കാറുകളുണ്ടല്ലൊ. ഇനി വാങ്ങാനൊന്നും പറ്റില്ല.”

“അങ്ങിനത്തെ കാറല്ല. ഇതാ ഇങ്ങനെ ഓണാക്കി വിട്ടാൽ ചുമരിന്റെ അവിടെ എത്തിയാൽ ആട്ടോമാറ്റിക്കായി തിരിച്ചുവരും. അതുപോലെ മേശമേൽ വെച്ച് ഓടിച്ചാൽ അരികിലെത്തിയാലും ആട്ടോമാറ്റിക്കായി തിരിച്ചുവരും. വീഴുകയേയില്ല.”

“അങ്ങിനത്തെ കാറ് ഇവിടെ കിട്ടില്ല മോനെ.” ഞാൻ പറഞ്ഞു.

“തപാസിന്റെ കയ്യിലുണ്ടല്ലൊ അങ്ങിനത്തെ കാറ്.”

“അതവന് ആരെങ്കിലും ഇന്ത്യയ്ക്കു പുറമെ നിന്ന് വാങ്ങിക്കൊടുത്തതായിരിക്കും.”

“തപാസിന്റെ വീട്ടിൽ അങ്ങിനത്തെ എത്ര കാറുകളാണുള്ളത്. പിന്നെ ബാറ്ററികൊണ്ട് ഓടുന്ന ട്രെയിനും ഉണ്ട്.”

അപ്പോൾ രാജു തപാസിന്റെ ക്ഷണപ്രകാരം അവന്റെ വീട്ടിലും പോയിരിക്കുന്നു.

“നമുക്ക് പീടികയിൽ പോയി നോക്കാം.” അവൻ പറഞ്ഞു. “ചെറിയ ഫോറിൻ കാറൊക്കെ കിട്ടുന്നുണ്ടല്ലൊ അവിടെ. അപ്പോൾ ഈ കാറും കിട്ടുംന്നാണ് തോന്നണത്.”

ചുമരരുക്കിൽ എത്തിയാൽ തിരിഞ്ഞ് ഓടുന്ന ഒരു ആട്ടോമാറ്റിക് കാർ എന്റെയും മകന്റെയും ഉറക്കം നഷ്ടപ്പെടുത്തിയിരിക്കുന്നു. ഞാൻ അവനെയും കൂട്ടി പീടികകൾ കയറിയിറങ്ങിയപ്പോൾ അവൻ പറഞ്ഞു.

“ക്ഷീണിച്ചു. നമുക്കൊരു തമ്പ്സപ്പ് കുടിക്ക്യാ.”

ഗവാസ്കർ കുടിക്കുന്ന പാനീയമായതു കൊണ്ടു മാത്രം തമ്പ്സപ്പ് കുടിക്കാൻ ഞാൻ തയ്യാറില്ലായിരുന്നു. ഞാൻ പറഞ്ഞു.

“നീ കുടിച്ചോ.”

തമ്പ്സപ്പ് സ്ട്രോവിൽക്കൂടി കുടിച്ചുകൊണ്ടിരിക്കെ അവൻ മുഖമുയർത്തി പറഞ്ഞു.

“ഒരു പക്ഷെ, ആട്ടോമാറ്റിക് കാറുകൾ കോസ്റ്റ്ലിയായിരിക്കും. അതാണ് ഈ പീടികക്കാർ വെക്കാതിരിക്കുന്നത്.”

മകന്റെ സാമ്പത്തിക ശാസ്ത്രത്തിലുള്ള അറിവിൽ ഞാൻ അഭിമാനിച്ചു. എന്തായാലും പിന്നീട് ആ കാറിനെപ്പറ്റി അവൻ സംസാരിച്ചിട്ടില്ല. അവന്റെ ചെറിയ കാറുകൾ ചുമരരുക്കുവരെ കൊണ്ടു ചെന്ന് കൈകൊണ്ടു തന്നെ തിരിച്ച് ഓടിച്ച് അവൻ തൃപ്തിയടഞ്ഞു.

ക്രമേണ അവൻ നിശ്ശബ്ദനായി. രാജുവിന്റെ മാറ്റം ഞാൻ ശ്രദ്ധിച്ചു.

ഇപ്പോൾ അവൻ കുങ്ഫു ഫൈറ്റിങ്ങിനെപ്പറ്റി പറയാറില്ല. റോമിദ് എന്ന പാട്ടുകാരനെപ്പറ്റി പറയാറില്ല, തനായി എന്ന ചിത്രകാരനെപ്പറ്റി പറയാറില്ല, തപാസിന്റെ ആട്ടോമാറ്റിക്ക് കാറുകളെപ്പറ്റി പറയാറില്ല. വൈകുന്നേരം വന്നാൽ വെറുതെ എവിടെങ്കിലും ഇരിക്കും. എപ്പോഴും എന്തെങ്കിലും ആലോചിച്ചുകൊണ്ടിരിക്കും. അവൻ ക്ഷീണിച്ചു വരുന്നുണ്ടായിരുന്നു.

“അവന്റെ വയറ്റിൽ വിരയുണ്ടെന്നാണ് തോന്നണത്.” ഭാര്യ പറഞ്ഞു. “നമുക്ക് മരുന്ന് കൊടുത്ത് നോക്കാം.”

മരുന്നുകൊണ്ട് ഫലമൊന്നുമുണ്ടായില്ല. ഡോക്ടറെ കാണിച്ചപ്പോൾ അയാൾ വെറുമൊരു ടോണിക് എഴുതിക്കൊടുക്കുക മാത്രമെ ചെയ്തുള്ളു.

“അവൻ വേണ്ടപോലെ ഭക്ഷണം കഴിക്കുന്നില്ലെ?” ഞാൻ ചോദിച്ചു.

“ഉണ്ടല്ലൊ. ഉച്ചയ്ക്ക് അഞ്ചുചപ്പാത്തി കൊണ്ടുപോകുന്നുണ്ട്. അവൻ തന്നെയാണ് ചപ്പാത്തി ലഞ്ചു ബോക്സിലാക്കുന്നത്. വൈകുന്നേരം വരുമ്പോൾ ബോക്സ് കാലിയാണ്.”

രാത്രി അവൻ സ്വതവെ അധികം ഭക്ഷണം കഴിക്കാറില്ല. പക്ഷെ, ഉച്ചയ്ക്ക് അവൻ അഞ്ചു ചപ്പാത്തി കഴിക്കുന്നുണ്ടെന്നു പറഞ്ഞത് കുറച്ച് അത്ഭുതമുണ്ടാക്കുന്നതാണ്. എവിടെയോ പിശകുണ്ട്. ഞാൻ ചോദിച്ചു.

“നീ എത്ര ചപ്പാത്തി തിന്നാറുണ്ട് ഉച്ചയ്ക്ക്?”

“ഫൈവ് ചപ്പാത്തി.”

“ഫൈവ് ചപ്പാത്തി തിന്നുന്ന തടിയൊന്നും കാണുന്നില്ലല്ലൊ നിന്റെ ദേഹത്ത്?”

“ഉം? ഞാൻ നല്ല തടിണ്ടല്ലൊ. മുഹമ്മദാലിയെപ്പോലെയുണ്ടല്ലൊ ഞാൻ.”

അവൻ കയ്യിന്റെ മസിലുകൾ ഉയർത്തിക്കാണിച്ചു. ഞാൻ പേടിയഭിനയിച്ചു. അവൻ വീണ്ടും മുഹമ്മദാലിയെപ്പറ്റി പറയുമെന്നും, അവന്റെ മൗനത്തിനൊരറുതി വരുമെന്നും ഞാൻ വിചാരിച്ചു. പക്ഷെ, അവൻ വീണ്ടും നിശ്ശബ്ദനായി. കുറെ നേരം ആലോചിച്ചശേഷം അവൻ ചോദിച്ചു.

“ഡാഡി എന്താണ് എല്ലാവർക്കും ധാരാളം പണമുണ്ടാവാത്തത്?”

അറിവിന്റെ ആരംഭം. ഞാൻ ആലോചിച്ചു. ഇവൻ വല്ല ബോധിവൃക്ഷത്തിന്റെയും താഴെക്കൂടി നടന്നുവോ?

മുഹമ്മദാലിയുടെ തടിയുടെ രഹസ്യം മനസ്സിലാവുന്നത് ഭാര്യ ഒരു ദിവസം സ്കൂളിൽ പോയപ്പോഴാണ്. ലഞ്ചു സമയമായിരുന്നു. കുട്ടികളെല്ലാം അവരവരുടെ സ്ഥാനത്തിരുന്ന് കൊച്ചു ലഞ്ചു ബോക്സുകൾ തുറന്ന് ഭക്ഷണം കഴിക്കുന്നു. നോക്കുമ്പോൾ നമ്മുടെ കൊച്ചുമുഹമ്മദാലിയുണ്ട് ഒരുകിലിരുന്ന് ചപ്പാത്തി കടിച്ചുതിന്നുന്നു. മുമ്പിൽ ഒരു മെലിഞ്ഞു ഇരുണ്ട കുട്ടിയും. അവനും തിന്നുന്നത് മകന്റെ ബോക്സിൽ നിന്നുതന്നെയാണ്.

അമ്മയെ കണ്ടപ്പോൾ അവന്റെ മുഖത്ത് ഒരപരാധബോധം. അവൻ പെട്ടെന്ന് മറ്റെ കുട്ടിയെ തട്ടിമാറ്റി. അവനുമായി യാതൊരു ബന്ധവുമില്ല എന്ന മട്ടിൽ ഭക്ഷണം തുടർന്നു. മറ്റെ കുട്ടിയാകട്ടെ സ്നേഹിതന്റെ അമ്മ ഒരു ഭീഷണിയായ് തലക്കു മുകളിൽ തൂങ്ങിക്കിടക്കുന്നതു കാണാത്തതു കാരണം ഒന്നും മനസ്സിലാവാതെ അന്തം വിട്ട് ഇരിക്കുകയാണ്.

ക്ലാസ് മിസ്സാണ് അതു പറഞ്ഞത്. രാജു എന്നും അവന്റെ ലഞ്ച് ബൻസിയുമായി പങ്കിടാറുണ്ട്. പാവം കുട്ടിയാണ്. ഇവിടത്തെ പ്യൂണിന്റെ മകനാണ്. അവൻ മാത്രമേ കുറച്ച് പാവമായിട്ടുള്ളു ഈ സ്കൂളിൽ. മറ്റെല്ലാവരും ഒരു മാതിരി പണമുള്ളവരുടെ മക്കളാണ്. രാജുവിനു മാത്രമെ അവനോട് കുറച്ച് ദയ കണ്ടിട്ടുള്ളു. മറ്റുള്ളവരെല്ലാം അവനെ ഉപദ്രവിക്കുകയെ ചെയ്യാറുള്ളു.

വൈകുന്നേരം മകന്റെ ദയാശീലത്തെപ്പറ്റി കേട്ടപ്പോൾ എനിയ്ക്ക് ദേഷ്യം പിടിക്കുകയാണുണ്ടായത്. കാരണം അവൻ എന്നോട് നുണ പറഞ്ഞു. ഞാൻ അവനെ വിളിച്ചു ചോദിച്ചു.

“നീ എത്ര ചപ്പാത്തി തിന്നാറുണ്ടെന്നാണ് എന്നോടു പറഞ്ഞത്?”

അവന് ഭയമായി. അവൻ സംശയിച്ചുകൊണ്ട് പറഞ്ഞു.

“ഫൈവ്.”

“നീ ഫൈവ് ചപ്പാത്തി തിന്നാറുണ്ടോ?”

മമ്മി അവനെ വിറ്റുവെന്ന് മനസ്സിലായപ്പോൾ അവൻ പറഞ്ഞു.

“ഇല്ല.”

“പിന്നെ എത്ര ചപ്പാത്തിയാണ് തിന്നാറ്?”

“വൺ ചപ്പാത്തി.”

“ഒന്നോ?”

ഞാൻ ഞെട്ടി. അതു ഞാനും പ്രതീക്ഷിച്ചില്ല. അവൻ ഒരു ചപ്പാത്തി തിന്ന്, ബാക്കി നാലെണ്ണം ആ കുട്ടിക്ക് കൊടുക്കുകയായിരുന്നു. അവൻ മെലിയുന്നതിൽ എന്താണ് അത്ഭുതം?

എനിയ്ക്ക് പെട്ടെന്ന് ദേഷ്യം പിടിച്ചു. ഇവൻ എന്നോട് നുണ പറയുകയായിരുന്നു. ഞാൻ അടുത്തു കണ്ട ഒരു സ്കെയിലെടുത്ത് അവനെ അടിക്കാൻ തുടങ്ങി. രാജു വേദനകൊണ്ട് പുളഞ്ഞു. ദേഷ്യം ശമിച്ചപ്പോൾ അടിനിർത്തി അവനോട് ചോദിച്ചു.

അങ്ങിനെ കൊടുക്കണമെന്നു തോന്നിയാൽ നിനക്ക് ഒന്നോ രണ്ടോ ചപ്പാത്തി മാത്രം കൊടുത്ത് ബാക്കി തിന്നാമായിരുന്നില്ലെ? എന്തിനാണ് നാലെണ്ണം കൊടുക്കുന്നത്?

അവൻ ഒന്നും പറഞ്ഞില്ല.

“നീ കേൾക്കുന്നുണ്ടോ?” ഞാൻ ക്രുദ്ധനായി ചോദിച്ചു. “എന്തിനാണ് നാലെണ്ണം കൊടുത്തത്?”

“ഡാഡി അടിക്ക്വോ?” അവൻ വിറച്ചുകൊണ്ട് ചോദിച്ചു.

“ഇല്ല പറയു.”

“എനിയ്ക്ക് വൈകുന്നേരം വന്നാലും ഭക്ഷണം കഴിച്ചൂടെ? ബൻസിക്ക് വീട്ടിൽ നിന്ന് ഒന്നും കിട്ടില്ല്യാത്രെ... പിന്നെ എല്ലാ കുട്ടികളും അവനെ ഉപദ്രവിക്കുണ്ണ്ട്. അവൻ പാവാണ്.”

രാജു വീണ്ടും കരയാൻ തുടങ്ങി. ഇങ്ങിനെ ഒരു പര്യവസാനം ഞാൻ പ്രതീക്ഷിച്ചില്ല. അവൻ തേങ്ങിത്തേങ്ങി കരയുകയായിരുന്നു.

“നീ എന്തിനാണ് കരയണത്?”

അവൻ വീണ്ടും വീണ്ടും തേങ്ങിക്കരയുകയായിരുന്നു.

പെട്ടെന്ന് എനിക്ക് എന്നെത്തന്നെ ഓർത്ത് ലജ്ജ തോന്നി.

ഷേറാൻസ് എന്ന കുങ്ഫൂ ഫൈറ്ററെപ്പറ്റിയും, റോമിദ് എന്ന പാട്ടുകാരനെപ്പറ്റിയും, തനായ് എന്ന ചിത്രകാരനെപ്പറ്റിയും, തപാസ് എന്ന കാറുടമസ്ഥനെപ്പറ്റിയും വാ തോരാതെ പറഞ്ഞിരുന്ന രാജു, ഈ പാവപ്പെട്ട കുട്ടിയോടുള്ള സ്നേഹം മനസ്സിൽ ഒരു സ്വകാര്യമായി സൂക്ഷിച്ചു. സഹജീവിയോടുള്ള അവന്റെ സ്നേഹത്തിന് സമ്മാനമായാണ് ഞാൻ അവനെ അടിച്ചത്. എനിയ്ക്ക് വളരെ വ്യസനം തോന്നി.

പിന്നെ അടിച്ചതിന് നഷ്ടപരിഹാരമായി ഒരു കളിസ്സാമാനം വാങ്ങാൻ എന്റെ കയ്യും പിടിച്ച് പീടികകൾ കയറിയിറങ്ങുമ്പോൾ അവൻ പറഞ്ഞു.

“വലുതാവുമ്പോൾ എനിക്കൊരു കുങ്ഫൂഫൈറ്ററാവണം.”

അവൻ അപ്പോൾ അതു പറയാൻ എന്താണ് കാരണം എന്നെനിക്കു മനസ്സിലായില്ല. ഞാൻ പറഞ്ഞു.

“മനസ്സിൽ നീ ഇപ്പോൾത്തന്നെ ഒരു കുങ്ഫൂഫൈറ്ററാണല്ലോ.”

— 9 —

## വെറുമൊരു ബ്ലാക്ക്മെയിലർ

ഞായറാഴ്ച വൈകുന്നേരം അമർനാഥിന്റെ ഫ്ളാറ്റിന്റെ പുറത്ത് ബെല്ലടിച്ച് കാത്തു നിന്ന ആൾ ഒരു സാധാരണക്കാരനായിരുന്നില്ല. അയാൾ ഒരു ബ്ലാക്ക്മെയ്ലറായിരുന്നു.

"എന്റെ പേര് മൈക്കൽ എന്നാണ്." അയാൾ പറഞ്ഞു. "മുഴുവൻ പേര് മൈക്കൽ ഡിസൂസ. നിങ്ങളെ കാണാൻ വേണ്ടി വന്നതാണ്."

അമർനാഥ് അപ്പോഴും അയാളുടെ സാധാരണ വേഷത്തിലായിരുന്നു. ഒരു ഗ്രേ സഫാരി സൂട്ട്. കാലിൽ കോലാപൂരി ചപ്പൽ. കയ്യിൽ ഒരു കോണ്ടിനെന്റൽ വാച്ച്. നേരിയ ബ്രൗൺ ടിന്റുള്ള റേയ്ബൺ സൺ ഗ്ലാസ്സുകൾ. മൈക്കൽ ഡിസൂസയെ ഒന്നു നോക്കിയ ശേഷം അമർനാഥ് പറഞ്ഞു. "കമിൻ."

സ്വീകരണമുറിയിൽ ചുമർ തൊട്ട് ചുമർ വരെ ചുവപ്പ് കാർപ്പെറ്റ്. ചുമരിൽ വാൾ പേപ്പർ. വില പിടിച്ച സോഫ. മുറിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നീണ്ടുകിടക്കുന്ന ഷോകേസ്, എയർകണ്ടീഷനർ. സോഫയിൽ ഒരു കഷണ്ടിക്കാരൻ സ്വാമി ഇരുന്നിരുന്നു. കാവി വസ്ത്രം, കഴുത്തിൽ രുദ്രാക്ഷമാല. അമർനാഥ് പരിചയപ്പെടുത്തി.

"സ്വാമി ബോധാനന്ദ്. ഇദ്ദേഹം മൈക്കൽ ഡികോസ്റ്റ."

"ഡിസൂസ." അയാൾ തിരുത്തി.

"സോറി. മൈക്കൽ ഡിസൂസ. മി. ഡിസൂസ അഞ്ചുമിനിറ്റ് എനിക്കുവേണ്ടി കാത്തിരിക്കുമോ? പ്ലീസ്..."

അമർനാഥ് ചൂണ്ടിക്കാട്ടിയ സോഫയിൽ മൈക്കൽ ഇരുന്നു.

സ്വാമി അമർനാഥിനോട് സംസാരിക്കാൻ തുടങ്ങി.

"ഈ ആഴ്ചത്തെ പ്രസംഗം, മനുഷ്യന്റെ ധാർമ്മികാധഃപതനത്തെപ്പറ്റിയാണ്. ജനങ്ങൾ വളരെയധികം വിഷയാസക്തരായിരിക്കുന്നു. അങ്ങിനെയുള്ളപ്പോൾ ധാർമ്മികമൂല്യങ്ങളെപ്പറ്റി മറക്കുന്നത് സാധാരണയാണ്. മനുഷ്യന്റെ ധാർമ്മികേച്ഛയെ തട്ടിയുണർത്തേണ്ടത് ഏതൊരാളുടേയും കടമയാണ്. ശ്രീകൃഷ്ണൻ ഗീതയിൽ പറഞ്ഞിരിക്കുന്നത്..."

മൈക്കൽ ഡിസൂസയ്ക്ക് സമാധാനമായി. പറ്റിയ ഒരു കുറ്റിയെയാണ് കിട്ടിയിരിക്കുന്നത്. അയാൾ ചുറ്റും നോക്കി. അകത്തേക്കുള്ള വാതിൽ ഒരു ഇടനാഴികയിലേക്കാണ്. ആ ഇടനാഴികയിൽനിന്ന് രണ്ടു കിടപ്പുമുറികളിലേക്കു വാതിലുകൾ. ഒരു

പക്ഷെ, ഒരു കിടപ്പുമുറിയുടെ രണ്ടു വാതിലുകളാവാം. വളരെ വലിയ മുറിയായിരിക്കാം. ആ മുറിയിലും കാർപ്പറ്റും, ചുമരിൽ വാൾപേപ്പറും ഉണ്ടായിരുന്നു. ചുരുങ്ങിയത് പതിനായിരമെങ്കിലും ചോദിക്കണം. ബാന്ദ്രയിൽ ഇങ്ങനെ ഒരു ഫ്ളാറ്റിൽ താമസിക്കുന്ന യോഗ്യൻ സാധാരണക്കാരനല്ല.

ഒരു വാലിയക്കാരൻ ഗ്ലാസ്സിൽ തമ്പ്സ്അപ്പ് കൊണ്ടുവന്ന് അയാളുടെ മുമ്പിൽ ടീപ്പോയിമേൽ വെച്ചു. അതെടുത്തു കുടിക്കെ, സ്വാമികൾ എഴുന്നേറ്റു പോകാനൊരുങ്ങി. സ്വാമിജി പോയശേഷം വാതിലടച്ച് അമർനാഥ് മൈക്കൽ ഡിസൂസയുടെ എതിർവശത്ത് വന്നിരുന്നു.

“വാട്ട് കാനൈ ഡു ഫോർ യു?”

മൈക്കൽ ഡിസൂസ ഗ്ലാസ്സ് താഴെവെച്ച് മുഖം ആവുന്നത്ര ഭീകരമാക്കാൻ ശ്രമം നടത്തി. താൻ പറയാൻ പോകുന്ന കാര്യങ്ങൾ പ്രതിയോഗിയെ എങ്ങിനെ ബാധിക്കുമെന്ന് അയാൾ ഓർത്തു. അമർനാഥിന്റെ മുഖത്തെ പുഞ്ചിരി മായും, പകരം മുഖം സങ്കോചിക്കും, അവിടെ ഭീതി ഉദിക്കും, പിന്നെ രക്ഷപ്പെടാനെന്തു വഴി എന്ന ആലോചന. അങ്ങിനെ ആകെ തകർന്ന നിലയിലാവുമ്പോഴാണ് താൻ രക്ഷപ്പെടുത്താനുള്ള ലൈഫ്ബോയിയുമായി ചെല്ലുക.

“നിങ്ങൾ ഈ വെള്ളിയാഴ്ച മലബാർ ഹില്ലിലെ ഹോട്ടൽ ഹെൽഫയറിൽ ഉണ്ടായിരുന്നത് എനിക്കറിയാം.”

“ഐ ബെഗ് യുവർ പാർഡൻ.” അമർനാഥ് പറഞ്ഞു. “എനിയ്ക്ക് മനസ്സിലായില്ല.”

ഇയാൾ ഒരു വേഷംകെട്ടുകാരനാണ്. മൈക്കൽ മനസ്സിൽ കരുതി. ഇയാളെ പെട്ടെന്നു തകർക്കുകയാണെങ്കിൽ അത്രയും നല്ലത്. അയാൾ സ്വരം കുറച്ചുകൂടി കടുപ്പിച്ച് പറഞ്ഞു.

“നിങ്ങൾ കഴിഞ്ഞ വെള്ളിയാഴ്ച രാത്രി ഹെൽഫയറിൽ എന്താണ് ചെയ്തിരുന്നതെന്ന് എനിക്കറിയാം.”

അമർനാഥിന്റെ മുഖത്ത് ഉണ്ടായ പ്രതികരണമെന്താണെന്നു മൈക്കലിനു മനസ്സിലായില്ല. ഒരു നിമിഷ നേരത്തിനുശേഷം അമർനാഥ് പറഞ്ഞു.

“ശരിക്കു പറയട്ടെ, നിങ്ങളെന്താണുദ്ദേശിക്കുന്നതെന്ന് എനിക്കിപ്പോഴും മനസ്സിലായിട്ടില്ല. ഞാൻ ഹെൽഫയറിലായിരുന്നു കഴിഞ്ഞ വെള്ളിയാഴ്ച. എനിക്കൊരു പാർട്ടിയുണ്ടായിരുന്നു. സാഹ്നിയുടെ പാർട്ടി. അയാളുടെ ഫിലിമിന്റെ സിൽവർ ജൂബിലി ആഘോഷം. എനിക്കോർമ്മയുണ്ട്. അതിലെന്താണ് ഇത്ര പ്രത്യേകത?”

“മിസ്റ്റർ, താങ്കൾ കണ്ണടച്ച് ഇരുട്ടാക്കുകയൊന്നും വേണ്ട. നിങ്ങൾ ആരുടെ ഒപ്പമാണ് റൂം നമ്പർ 204-ൽ രാത്രി മുഴുവൻ കഴിച്ചത് എന്ന് എനിക്കറിയാം.”

“ഓ! അതാണല്ലെ!” അമർനാഥ് സോഫയിൽ ചാരിയിരുന്നു. “അപ്പോൾ നിങ്ങളൊരു ബ്ലാക്ക്മെയ്ലറാണ്? എന്നെ ഭീഷണിപ്പെടുത്തി വല്ലതും വാങ്ങാൻ വന്നതായിരിക്കും താങ്കൾ!”

“യുവാർ ക്വയറ്റ് റൈറ്റ്.” മൈക്കൽ പറഞ്ഞു.

“നിങ്ങൾ സ്വയം പുറത്തു പോകുന്നോ, അല്ലാ ഞാൻ വഴി കാണിച്ചുതരണോ?”

അമർനാഥ് വളരെ സൗമ്യമായ സ്വരത്തിലാണതു പറഞ്ഞത്.

ഒരു സാമാന്യബുദ്ധിക്കാരന് ഈ പറഞ്ഞതിലെ ഭീഷണി മനസ്സിലാവുമായിരുന്നു. പക്ഷെ, മൈക്കൽ ആ നിമിഷത്തിൽ തന്റെ ഉദ്ദേശ്യനിർവ്വതി മാത്രം മനസ്സിൽ കണ്ടുകൊണ്ടിരിക്കയാൽ അത് മനസ്സിലായില്ല. മാത്രമല്ല തന്റെ ഇരകൾ സാധാരണ ഇങ്ങിനെയുള്ള അവസരങ്ങളിൽ പ്രതിരോധംവിട്ട് ഉപരോധത്തിലേയ്ക്ക് കടക്കാറുണ്ടെന്നും അത് ജന്മസിദ്ധമായ ഒരു വാസനയാണെന്നും, അടുത്തുതന്നെ പത്തി താഴ്ത്തുമെന്നും അയാൾ വിചാരിച്ചു. ഏകോദ്ദേശ്യത്തോടുകൂടി പോകുന്നവർക്ക് എല്ലാം അനുകൂലമാണെന്ന തോന്നലുണ്ടാവും. മൈക്കൽ ഡിസൂസയെന്ന ബ്ലാക്ക് മെയ്‌ലർക്കും അതുതന്നെയാണ് സംഭവിച്ചത്. എല്ലാം ശരിക്കു വരുന്നുണ്ടെന്ന തോന്നലുണ്ടായപ്പോൾ അയാൾ സ്വരം കുറെക്കൂടി മയപ്പെടുത്തി.

"നിങ്ങളുടെ വിഷമങ്ങൾ എനിക്കു മനസ്സിലാവുന്നുണ്ട്. ഞാൻ ഇതൊന്നും അങ്ങിനെയങ്ങ് അങ്ങാടിപ്പാട്ടാക്കുകയൊന്നുമില്ല. നേരും നെറിയുമുള്ള ഒരു മനുഷ്യനാണ് ഞാൻ."

അമർനാഥ് വീണ്ടും വളരെ ശാന്തമായി പറഞ്ഞു.

"ഗെറ്റ് ലോസ്റ്റ്."

"ഈസി. അമർനാഥ് ഈസി." മൈക്കൽ പറഞ്ഞു. "നമുക്ക് കാര്യങ്ങൾ സംസാരിച്ചു തീർക്കാം."

പെട്ടെന്ന്, അമർനാഥിന് കാര്യങ്ങളുടെ ഗൗരവം മുഴുവനും പിടികിട്ടിയില്ലെന്ന തോന്നലുണ്ടായി മൈക്കൽ ഡിസൂസയ്ക്ക്. അയാൾ ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോ എടുത്ത് ഭക്തിപുരസ്സരം അമർനാഥിന്റെ മുമ്പിൽ വെച്ചു. അമർനാഥ് അത് കയ്യിലെടുക്കാതെ നോക്കി. കെട്ടിമറിയുന്ന രണ്ടു നഗ്നരൂപങ്ങൾ.

"ഞാൻ പറഞ്ഞില്ലെ", മൈക്കൽ ഡിസൂസ ഒരു വൃത്തികെട്ട ചിരിയോടെ പറഞ്ഞു. "കാര്യങ്ങളെല്ലാം നമുക്ക് സാവകാശത്തിൽ സംസാരിച്ചു തീർക്കാം. ധൃതി കാണിച്ചിട്ടു കാര്യമില്ല."

അമർനാഥ് കുമ്പിട്ട് ആ ഫോട്ടോ കയ്യിലെടുത്തു. സൂക്ഷ്മമായി പഠിക്കുവാൻ തുടങ്ങി.

"ങും. നല്ല ഫോട്ടോ. ആരെടുത്തതാണിത്?"

"ഞാൻ തന്നെ." മൈക്കൽ അഭിമാനത്തോടെ പറഞ്ഞു. "എത്ര കഷ്ടപ്പെട്ടിട്ടാണ് ഇതെടുത്തതെന്നറിയാമോ? രണ്ടുപേരുടേയും മുഖം എത്ര ഭംഗിയായി കിട്ടിയിട്ടുണ്ട്."

"എങ്ങിനെ ഒപ്പിച്ചു?"

"ഞാൻ ബാൽക്കണിയിൽ ഒളിച്ചിരിക്കയായിരുന്നു."

അമർനാഥ് ഓർത്തു. ഒരു ഫ്ളാഷ് കണ്ടതായി ഓർക്കുന്നു. പക്ഷെ, ശ്രദ്ധിച്ചില്ല. ഒന്നാമതായി അര കുപ്പിയോളം സ്കോച്ച് അകത്തുണ്ടായിരുന്നു. പിന്നെ ഇതിലും പ്രധാനപ്പെട്ട കാര്യം ശ്രദ്ധിച്ചു കൊണ്ടിരിക്കയായിരുന്നു.

"ഈ ഫോട്ടോ ഞാൻ വെക്കട്ടെ." അമർനാഥ് പെട്ടെന്നു ചോദിച്ചു.

"തീർച്ചയായും." മൈക്കൽ പറഞ്ഞു. "എന്റെ കയ്യിൽ നെഗറ്റീവുണ്ട്."

"എത്രയാണ് നിങ്ങളുടെ പ്രതീക്ഷ?" അമർനാഥ് ചോദിച്ചു.

"ഇരുപത്തഞ്ച്."

"ഇരുപത്തയ്യായിരം?" അമർനാഥ് ഉറക്കെ ചോദിച്ചു.

“അതെ. ഇതിൽ ഇടപെട്ടിട്ടുള്ള രണ്ടു പാർട്ടികളുടെ നിലവാരം നോക്കുമ്പോൾ ഇതു വളരെ കുറവാണ്. പക്ഷെ, ഞാൻ നേരും നെറിയുമുള്ള ഒരു മനുഷ്യനാണ്. നിങ്ങളുടെ കഴുത്തറക്കലല്ല എന്റെ ഉദ്ദേശ്യം. അതു പോലെ പണം ഇപ്പോൾ മുഴുവൻ കാഷായി കയ്യിലില്ലെങ്കിൽ ഉള്ളതു തന്നാൽ മതി. ബാക്കിയ്ക്ക് ഒരു ബെയറർ ചെക്കു തന്നാലും മതിയാവും.”

“നിങ്ങളെന്നെ അപമാനിക്ക്യാണ്.” അമർനാഥ് പറഞ്ഞു. “ഇരുപത്തയ്യായിരം ഉറുപ്പിക പെട്ടെന്ന് എടുക്കാനില്ലാത്ത ആളാണ് ഞാനെന്ന് വിചാരിച്ചുവോ?”

“അയാം സോറി. ഐ ഡിന്റ് മീൻ ഇറ്റ്.” ഡിസൂസ ക്ഷമാപണത്തോടെ പറഞ്ഞു. സന്തോഷം കൊണ്ട് അയാളുടെ ശബ്ദം അടഞ്ഞുപോയിരുന്നു. സംഗതി ഇത്ര എളുപ്പമാവുമെന്നു കരുതിയിരുന്നതല്ല. കുറച്ചൊരു വിലപേശലുണ്ടാകും. എങ്ങിനെയായാലും ഒരു പതിനഞ്ചിൽ നിർത്താൻ പറ്റുമെന്നൊക്കെ കരുതിയതായിരുന്നു. അയാൾ ആശ്വാസത്തോടെ സോഫയിൽ ചാരിയിരുന്നു. കീശയിൽ നിന്ന് ഒരു പനാമ സിഗരറ്റെടുത്ത് ചുണ്ടിൽ വെക്കാൻ പോയപ്പോൾ, അമർനാഥ് സ്റ്റേറ്റ് എക്സ്പ്രസ്സിന്റെ ഒരു പെട്ടി തുറന്ന് നീട്ടി.

“ഒരു ഫോറിൻ സിഗററ്റായി കൂടെ?”

“ശരി താങ്ക്സ്.”

അമർനാഥ് ഒരു സിഗററ്റെടുത്തു കത്തിച്ചു, സോഫയിൽ ചാരിയിരുന്നു.

“എങ്ങിനെയുണ്ട് ബിസിനസ്സ്?”

“എന്തു ബിസിനസ്സ്?” മൈക്കൽ ഞെട്ടി ചോദിച്ചു.

“അല്ല നിങ്ങളുടെ ഈ ബിസിനസ്സ്.”

“ഉം തരക്കേടില്ല. പിന്നെ മെയിൻ ബിസിനസ്സ് റേഡിയോ റിപ്പയർ ആണ്.”

അമർനാഥ് ആലോചിക്കുകയായിരുന്നു. മൈക്കൽ ഒന്നും പറയാതെ ഇരുന്നു. താൻ എന്തെങ്കിലും പറഞ്ഞാൽ സ്ഥിതിഗതികൾ തനിയ്ക്ക് പ്രതികൂലമായെങ്കിലോ എന്നയാൾ പേടിച്ചു.

ഒരിക്കൽക്കൂടി വലിച്ച് സിഗററ്റ് ആഷ്ട്രേയിൽ കെടുത്തി അമർനാഥ് പറഞ്ഞു.

“ഒരു ബ്ലാക്ക് മെയ്‌ലറെ നേരിടാൻ രണ്ടു കാര്യങ്ങളുണ്ടെന്ന് കേട്ടിട്ടുണ്ട്. ഒന്ന്, അയാളെ വധിക്കുക. രണ്ട് അയാൾ പറയുന്ന സംഖ്യ കൊടുക്കുക. വധിക്കാൻ താൽപര്യമില്ല. കാരണം ഒരാളെ കൊന്ന ശേഷം അധികകാലമൊന്നും നിയമത്തിനെതിരെ പിടിച്ചു നിൽക്കാനാവില്ല. ഒരു കഴുമരത്തിൽ ജീവിതം ഒടുക്കാൻ എനിക്കുദ്ദേശമില്ല. പിന്നെയുള്ളത് രണ്ടാമത്തെ വഴിയാണ്. പണം കൊടുക്കുക. നിങ്ങൾക്ക് നാളെ വരാൻ പറ്റുമോ?”

“തീർച്ചയായും സർ”, മൈക്കൽ പറഞ്ഞു.

“എന്നാൽ നാളെ രാവിലെ വരു. ഈ രണ്ടു പോംവഴിയല്ലാതെ മൂന്നാമതൊരു വഴിയുണ്ടോ എന്ന് ഞാൻ നോക്കട്ടെ.”

പോക്കറ്റിൽ നിന്ന് ഫോട്ടോ എടുത്തു നോക്കിക്കൊണ്ട് അമർനാഥ് തുടർന്നു.

“ഈ ഫോട്ടോവിന് നന്ദി. നിങ്ങൾ ഒരു നല്ല ഫോട്ടോഗ്രാഫറാണ്.”

“താങ്ക്യു സർ.”

പിറ്റേന്ന് രാവിലെ അമർനാഥിന്റെ വാതിൽക്കൽ ബെല്ലടിച്ചു കാത്തുനിന്ന മൈക്കൽ ഡിസൂസ വളരെ ശ്രദ്ധിച്ചാണ് വസ്ത്രധാരണം ചെയ്തിരുന്നത്. ഫുൾസ്ലീവ്

ള്ള ഷർട്ട്. സ്വർണ്ണനിറമുള്ള കഫ്ലിങ്ങ്സ്, കടം വാങ്ങിയ ഒരു ടൈ. (അത് മറ്റ വസ്ത്ര ങ്ങളുമായി യാതൊരു വിധത്തിലും യോജിച്ചിരുന്നില്ല.) പിന്നെ പോളിഷ് ഇട്ട ഷൂ. തലേന്ന് വളരെ മോശം വസ്ത്രങ്ങളുമായി അമർനാഥിന്റെ സ്വീകരണമുറിയിൽ ഇരി ക്കുമ്പോൾ അപകർഷതാബോധമുണ്ടായിരുന്നു. നല്ല വസ്ത്രങ്ങളുണ്ടെങ്കിലേ ഒരു ആത്മവിശ്വാസം ഉണ്ടാവൂ. അഥവാ അമർനാഥ് വില പേശാൻ തുടങ്ങിയെങ്കിൽ, അതിനെ ചെറുത്തു നിൽക്കാൻ ആത്മവിശ്വാസം ആവശ്യമാണ്.

പക്ഷെ, വാതിൽ തുറന്ന അമർനാഥിനെ കണ്ടപ്പോൾ അയാൾ നിരാശനായി. അമർനാഥ് അപ്പോഴും പൈജാമയിലായിരുന്നു. ഷർട്ടില്ല. കഴുത്തിൽ ഒരു സ്വർണ്ണ മാല. താടി വടിച്ചിട്ടുണ്ടായിരുന്നില്ല. തലമുടികുഴഞ്ഞു മറിഞ്ഞു കിടക്കുന്നു.

"ഹല്ലോ മി. ഡികോസ്റ്റാ, യുവാർ ഏർലി. കമിൻ."

"ഡിസൂസ." അയാൾ തിരുത്തി.

"മേയ്ക്സ് നോ ഡിഫറൻസ്. നിങ്ങൾ എന്താണ് കുടിക്കുന്നത്? ചായ, കോ ഫി ഓർ എനിതിംഗ് ഹോട്ട്."

"താങ്ക്യൂ. എനിയ്ക്ക് കുറച്ച ധൃതിയുണ്ട്."

മൈക്കൽ പറഞ്ഞു. അമർനാഥിന് ഒരു മേൽക്കയ്യ് കൊടുക്കുന്നത് തനിക്ക് നന്നാവില്ലെന്നയാൾക്കറിയാം. അമർനാഥ് സംസാരിച്ച് തന്നെ വീഴ്ത്താനുള്ള ശ്രമ ത്തിലാണ്. മൈക്കൽ അതിലൊന്നും വീഴുന്ന ആളല്ല.

"ഓ, ശരി." അമർനാഥ് പറഞ്ഞു. "നമുക്ക് ഒരഞ്ചു മിനിറ്റ് ഇവിടെയിരുന്ന് സം സാരിക്കാം. പിന്നെ പുറത്തു പോവാം? സിഗററ്റ്?"

"ശരി, താങ്ക്സ്."

"എന്താണ് നിങ്ങളുടെ ഉദ്ദേശം?"

മൈക്കൽ നിവർന്നിരുന്നു. കഴുത്തിൽ കുടുങ്ങിക്കിടക്കുന്ന ടൈ വലിച്ചു നീട്ടി.

"ഞാൻ പറയാം." അമർനാഥ് തുടർന്നു. "ഞാൻ ഇരുപത്തയ്യായിരം ഉറുപ്പിക തന്നില്ലെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതന്മാരോടും ബന്ധുക്കളോടും നിങ്ങൾ അന്നു രാത്രി ഹെൽഫയറിൽ കണ്ട കാര്യങ്ങൾ പറയും. അതു ശരിയാണെന്നു തെളിയി ക്കാൻ കയ്യിലുള്ള ഫോട്ടോവും കാണിക്കും ശരി?"

"ശരി." മൈക്കൽ പറഞ്ഞു. മുഖം ആവുന്നത്ര രൂക്ഷമാക്കാൻ അയാൾ ശ്ര ദ്ധിച്ചു.

"ഈ ഇരുപത്തഞ്ചെന്നത് ഞാൻ പിശകിയാൽ പതിനഞ്ചിലേക്കു താഴുമായി രിക്കും, അല്ലെ?"

ശരിയെന്നോ, അല്ലെന്നോ ഉള്ളെന്ന അർത്ഥത്തിൽ മൈക്കൽ മൂളി.

"ഹൗ ടെറിബിൾ." അമർനാഥ് പറഞ്ഞു. "ഞാനും നികിതയും കൂടി നഗ്നരായി കിടക്കുന്ന ഫോട്ടോ അവരെല്ലാം കാണുക!"

അമർനാഥ് തലയിൽ കൈ വെച്ച് മുട്ടു കുത്തിയിരുന്നു. മൈക്കൽ സന്തോഷ ത്തോടെ ടൈ മുറുക്കി. ഈ ആഘാതത്തിൽ നിന്ന് അമർനാഥ് ഒന്ന് എണീക്കട്ടെ.

അമർനാഥ് എണീക്കുക തന്നെ ചെയ്തു. അയാൾ ഉറക്കെ വിളിച്ചു. "ഡമ്മി."

തലേന്ന് കണ്ട വേലക്കാരൻ പ്രത്യക്ഷപ്പെട്ടു.

"ഷർട്ട് ലാവോ."

അവൻ കൊണ്ടുവന്ന ഷർട്ട് ഇട്ടുകൊണ്ട് അമർനാഥ് പറഞ്ഞു.

"പോകാം."

"എങ്ങോട്ട്?" മൈക്കൽ പെട്ടെന്ന് പരിഭ്രാന്തനായി. "നോ ഫൗൾ പ്ലേ മി. അമർനാഥ്."

"ഏയ് ഈ കെട്ടിടത്തിൽ തന്നെയാണ്."

ഷോ കേസിനു മുകളിൽ കിടന്ന ചെറിയ ഒരു കവർ എടുത്ത് കീശയിലിട്ട് അയാൾ വാതിൽ തുറന്നു.

ലിഫ്റ്റിന്റെ മുമ്പിൽ ഒരു നിമിഷം നിന്നശേഷം അമർനാഥ് പറഞ്ഞു. "അല്ലെങ്കിൽ നമുക്ക് നടക്കാം."

രണ്ടാം നിലയിൽ എട്ടാംനമ്പർ ഫ്ളാറ്റിൽ ബെല്ലടിച്ച് അയാൾ കാത്തു നിന്നു. വാതിൽ തുറന്നത് ഒരു തടിച്ച സ്ത്രീ.

"തരുൺഭായ് ഇല്ലെ?"

"ഉണ്ട്." അവർ വാതിൽ തുറന്നു പിടിച്ചു. അമർനാഥ് മൈക്കലിനോടൊപ്പം അകത്തുകയറി. തരുൺഭായ് ഒരു ദിവാനിൽ കിടക്കുകയായിരുന്നു. പൈജാമ മാത്രം. വലിയ കുടവയർ. അമർനാഥിനെ കണ്ടതും അയാൾ ചിരിക്കാൻ തുടങ്ങി.

"ഹോ, ഹോ, അമർനാഥ് സാബ്. ഇത്ര രാവിലെ തന്നെ? ഹൊ, ഹൊ."

"ഇദ്ദേഹം മി. മൈക്കൽ ഡിസൂസ. ആം ഐ റൈറ്റ്?" അയാൾ മൈക്കലിനു നേരെ തിരിഞ്ഞു. അയാൾ തലയാട്ടി.

"ഇദ്ദേഹം ഒരു പ്രൊഫഷണൽ ബ്ലാക്ക് മെയ്ലറാണ്. തൽക്കാലം എന്നെ ബ്ലാക്ക് മെയ്ൽ ചെയ്യാൻ വന്നതാണ്. ഞാനും നികിതയുംകൂടി ഹോട്ടൽ ഹെൽഫയറിൽ 204-ആം മുറിയിൽ എന്തോ ഒപ്പിക്കുന്നത് ഇയാൾ കണ്ടു. അതു ക്യാമറയിൽ പകർത്തുകയും ചെയ്തു. ഇൻസിഡന്റ്ലി മി. മൈക്കൽ ഈസ് എ വെരി ഗുഡ് ഫോട്ടോഗ്രാഫർ."

മൈക്കൽ വിളറിവിയർത്തു കഴിഞ്ഞിരുന്നു.

"മി. മൈക്കിൽ. ഇനി പറഞ്ഞുകൊള്ളു. വല്ലതും കൂടുതൽ പറയാനുണ്ടെങ്കിൽ."

അയാൾ പതറി. അയാൾ സ്വരം താഴ്ത്തി പറഞ്ഞു. "മി. അമർനാഥ് എനിയ്ക്കു നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്."

തരുൺഭായിയുടെ ഭാര്യ രണ്ടു ഗ്ലാസ്സിൽ തണുത്ത വെള്ളം കൊണ്ടുവന്നു വെച്ചു. മൈക്കൽ ഒറ്റ ശ്വാസത്തിൽ ഗ്ലാസ്സിലെ വെള്ളം മുഴുവൻ അകത്താക്കി. അയാളുടെ തൊണ്ടവറ്റി വരണ്ടിരുന്നു.

"അപ്പോൾ താങ്കൾക്ക് തരുൺഭായിയുമായി ഒന്നും പറയാനില്ലെ? തരുൺ പരേഖാണ് എന്റെ ഏറ്റവും വലിയ സ്നേഹിതൻ."

"നമുക്ക് പോകാം." മൈക്കൽ പറഞ്ഞു.

"ശരി."

വാതിലിനു പുറത്തെത്തിയപ്പോൾ മൈക്കൽ പറഞ്ഞു.

"മി. അമർനാഥ്, ഞാൻ പറഞ്ഞ സംഖ്യയെപ്പറ്റി നമുക്ക് ഒന്നുകൂടി ആലോചിക്കാം. ഒരുപക്ഷെ, ഒരു ഇരുപതിൽ സെറ്റിൽ ചെയ്യാം. നിങ്ങളെ വല്ലാതെ കഷ്ടപ്പെടുത്തണമെന്നില്ല."

"സംഖ്യ കുറക്കേണ്ട ആവശ്യമൊന്നുമില്ല. ഞാൻ അതിനെപ്പറ്റി സംസാരിച്ചിട്ടില്ലല്ലൊ. കുറയ്ക്കുകയെന്നതിനർത്ഥം നിങ്ങളുടെ വില കുറയ്ക്കുകയെന്നാണ്. ഒരു കോണികൂടി കയറിക്കൂടെ?"

മൂന്നാം നിലയിൽ പന്ത്രണ്ടാം നമ്പർ ഫ്ളാറ്റിൽ ബെല്ലടിച്ച് അമർനാഥ് കാത്തുനിന്നു. വാതിൽ തുറന്നത് വളരെ ഭംഗിയുള്ള ഒരു ചെറുപ്പക്കാരിയായിരുന്നു. അയാൾ അകത്തുകടന്നതും അവൾ അയാളെ കെട്ടിപ്പിടിച്ചുമ്മ വെച്ചു.

"ഓ ഡാർലിംഗ്. ഞാൻ എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട് ഷേവ് ചെയ്യാതെ നടക്കരുതെന്ന്. എന്റെ കവിളുകൾ വേദനിച്ചു."

അപ്പോഴാണ് പിന്നിൽ അനങ്ങാതെ നിൽക്കുന്ന ആളെ കണ്ടത്. അവൾ വേഗം പിൻമാറി. അമർനാഥ് പരിചയപ്പെടുത്തി.

"ഇദ്ദേഹം മി. മൈക്കൽ ഡിസൂസ. ഒരു പ്രൊഫഷണൽ ബ്ലാക്ക് മെയ്ലർ. ഇത് എന്റെ ഫിയാൻസി മിസ്സ് കപാഡിയാ."

"ഓ ഡാർലിംഗ്. നീ എന്തിനാണ് ഈ വക ക്രീപ്പുകളെ ഇങ്ങോട്ടു കൊണ്ടുവരുന്നത്?"

"ക്രീപ്പ് ഇൻഡീഡ്." മൈക്കൽ മുറുമുറുത്തു.

"ഇദ്ദേഹത്തിന് നിന്നോടെന്തോ പറയാനുണ്ടത്രെ."

"വരു."

"മി. അമർനാഥ്." മൈക്കൽ പറഞ്ഞു. "നമുക്ക് പോകാം. എനിയ്ക്ക് നിങ്ങളോട് സംസാരിക്കാനുണ്ട്."

അമർനാഥ് ഉള്ളിൽ കടന്ന് ഇരുന്നു കഴിഞ്ഞു. മൈക്കൽ ഇരുന്നപ്പോൾ അമർനാഥ് പറഞ്ഞു.

"കഴിഞ്ഞ ആഴ്ച ഹെൽഫയറിൽ 204-ആം നമ്പർ മുറിയിൽ ഞാൻ നികിതയുടെ ഒപ്പം ഉണ്ടായിരുന്നത് ഇദ്ദേഹം ഫോട്ടോ എടുത്തിട്ടുണ്ട്. അദ്ദേഹം അതു കാണിച്ചു തരും."

"ഓ ഡാർലിംഗ് യുവാർ വെരി വെരി നാട്ടി. ഇനിയും അങ്ങിനെ വല്ലതും ചെയ്താൽ ഞാൻ പിണങ്ങും കേട്ടോ."

അവൾ അമർനാഥിന്റെ അടുത്തു വന്നിരുന്നു. തോളിൽ കയ്യിട്ടു.

"നീ ഈ ക്രീപ്പിനെ പറഞ്ഞയക്ക്. അച്ഛനും അമ്മയും പുറത്തു പോയിരിക്കയാണ്. വി വിൽ ഹാവ് എ നൈസ് ടൈം."

മൈക്കൽ വിയർക്കുകയായിരുന്നു. അയാൾ ടൈ അയവാക്കി, ഷർട്ടിന്റെ ബട്ടൺ അഴിച്ചു.

"നോട്ട് നൌ ഡിയർ." അമർനാഥ് പറഞ്ഞു. "എനിയ്ക്ക് ഒരിടത്തുകൂടി പോകാനുണ്ട്."

മൈക്കൽ എഴുന്നേറ്റ് വാതിലിനു പുറത്തെത്തിയിരുന്നു. പിന്നിൽ നിന്നു കേട്ട സീൽക്കാരം എടുത്തു കളയാനെന്ന വണ്ണം അയാൾ ചെവിയിൽ വിരലിട്ടു കുടഞ്ഞു.

ലിഫ്റ്റിൽ താഴോട്ടിറങ്ങുമ്പോൾ മൈക്കൽ പറഞ്ഞു.

"മി. അമർനാഥ്, നമുക്ക് സംഖ്യ കുറച്ചുകൂടി ചുരുക്കാം. ശരിയ്ക്കും എനിയ്ക്ക് പതിനഞ്ചേ വാങ്ങാൻ ഉദ്ദേശമുള്ളു. എനിക്ക് പോകാൻ ധൃതിയുണ്ട്. അതുകൊണ്ട് വേണമെങ്കിൽ നമുക്ക് ഒരു പത്തിൽ നിർത്താം."

“ഡോണ്ട് ലൂസ് ഹാർട്ട്.” അമർനാഥ് പറഞ്ഞു. “നമുക്ക് അടുത്തൊരിടത്തേയ്ക്ക് പോകാനുണ്ട്.”

താഴെ അയാളുടെ വാലിയക്കാരൻ കാറ് തുടച്ചുകൊണ്ടിരിക്കയായിരുന്നു. അതിൽ കയറി മൈക്കലിനു കയറാനായി മറ്റെ വാതിൽ തുറന്ന് അയാൾ എഞ്ചിൻ സ്റ്റാർട്ടാക്കി.

“മി. അമർനാഥ്, നമുക്ക് കുറച്ചുകൂടി സംസാരിക്കാം.”

“ഇവിടെ അടുത്താണ്. നാലുകിലോമീറ്റർ മാത്രം.”

വില്ലെ പാർലെയിൽ ഒരു ബംഗ്ലാവിന്റെ മുമ്പിൽ കാർ നിർത്തി. അയാൾ പുറത്തിറങ്ങി.

“വരു.”

മൈക്കൽ ഷർട്ടിന്റെ ബട്ടനിട്ട് ടൈ മുറുക്കിക്കെട്ടി പുറത്തിറങ്ങി അയാൾ വളരെ അസ്വസ്ഥനായിരുന്നു. ജീവിതത്തിൽ ഒരിക്കലും ഇത്രയധികം ആഡംബരമുള്ള സ്ഥലങ്ങളിൽ അയാൾ കയറിയിറങ്ങിയിട്ടില്ല. രാവിലത്തെ ടെന്റ് വെച്ച നോക്കുമ്പോൾ ഇത് അവസാനത്തെ അടിയാവാനും മതി.

“മി. അമർനാഥ് നമുക്ക് കുറച്ചുനേരം സംസാരിച്ചുകൂടെ? പത്തിനുപകരം അഞ്ചിൽ സെറ്റിൽ ചെയ്യാനും ഞാൻ ഒരുക്കമാണ്. വെറും അയ്യായിരം മതി.”

അമർനാഥ് ഒന്നും പറയാതെ നടക്കുകയായിരുന്നു. വേലക്കാർ അയാളെ കണ്ടപ്പോൾ തലതാഴ്ത്തി വന്ദിച്ചു.

മൈക്കൽ അയാളെ പിൻതുടർന്നു. എത്തിയത് ഒരു എയർകണ്ടീഷൻ ചെയ്ത ഓഫീസ് മുറിയിൽ പരവതാനി ചുമരിൽ വാൾ പേപ്പർ. ഫ്രഞ്ച് പെർഫ്യൂമിന്റെ വാസന. ഒരറ്റത്ത് മേശയ്ക്ക് പിന്നിലെ റിവോൾവിംഗ് കസേലയിൽ ഒരു മദ്ധ്യവയസ്കൻ. വെളുത്ത് തടിച്ച് അല്പം കഷണ്ടി.

“ഇരിക്കു.” അയാൾ ഫയൽ അടച്ചുവെച്ച് പറഞ്ഞു. അമർനാഥ് മൈക്കലിനെ പരിചയപ്പെടുത്തി.

“മി. മൈക്കൽ...”

മി. അമർനാഥ്. മൈക്കൽ പതുക്കെ പറഞ്ഞു. “നമുക്ക് ഒരിക്കൽക്കൂടി ഡിസ്കസ് ചെയ്യാം. ഏന്റ് ഫോർ ഹെവൻസ് സേക്ക് ഡോൺട് ഇൻട്രൊഡ്യൂസ് മി ഏസ് എ ബ്ലാക്ക് മെയ്ലർ.”

“ദിസീസ് മി. മൈക്കൽ ഡിസൂസ.” അമർനാഥ് പരിചയപ്പെടുത്തി. “അദ്ദേഹം ഒരു ബ്ലാക്ക് മെയ്ലർ എന്നു വിശേഷിപ്പിക്കാൻ ആഗ്രഹമില്ലാത്ത ആളാണ്. വളരെ വിനയശീലൻ. ഇത് മി. സാഹ്നി. ഒരു ഫിലിം പ്രൊഡ്യൂസർ. നിങ്ങൾ എടുത്ത ഫോട്ടോ ഇദ്ദേഹത്തിന്റെ ഭാര്യയുടേതാണ്. നികിതാ സാഹ്നി.”

“ഫോട്ടോ? എന്തു ഫോട്ടോ.” സാഹ്നി തിരക്കി.

“അതെയതെ ഫോട്ടോ.” അമർനാഥ് പറഞ്ഞു. “ഞാനും നികിതയും കൂടി കഴിഞ്ഞ ആഴ്ച ഹെൽഫയറിൽ 204-ആം മുറിയിൽ കുറച്ച് അത്യാവശ്യക്കാര്യങ്ങൾ സംസാരിക്കുകയായിരുന്നു.”

“അത്യാവശ്യക്കാര്യങ്ങൾ. ഹാ, ഹാ, ഹാ...” സാഹ്നി ഉറക്കെ ചിരിക്കാൻ തുടങ്ങി. രാത്രി ഹെൽഫയറിൽ 204-ആം നമ്പർ മുറിയിൽ, നികിതയുടെ ഒപ്പം അത്യാവശ്യകാര്യങ്ങൾ. ഹാ, ഹാ, എന്നിട്ടെന്തുണ്ടായി?”

“ഇദ്ദേഹം ഗ്യാലറിയിൽ ഒളിച്ചിരുന്ന് ഞങ്ങളുടെ ഫോട്ടോ എടുത്തു.”

"ഫോട്ടോ എവിടെ? കയ്യിലുണ്ടോ?"

അമർനാഥ് ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് വളരെ സൂക്ഷ്മമായി ഒരു കവർ എടുത്ത് സാഹനിക്ക് കൊടുത്തു. സാഹനി അതു തുറന്ന് ഫോട്ടോ കയ്യിലെടുത്തു.

"ബ്യൂട്ടിഫുൾ." അയാൾ പറഞ്ഞു. "റിയലി ബ്യൂട്ടിഫുൾ. ഞാൻ ഇങ്ങനെ ഒരു ഫോട്ടോ കിട്ടാൻ കൊതിക്കുകയായിരുന്നു. ഇപ്പോൾ എന്റെ കയ്യിലൊരായുധമുണ്ട്. മി. അമർനാഥ്, ഞാൻ ഇത് എടുക്കട്ടെ?"

"തീർച്ചയായും." അയാൾ പറഞ്ഞു.

"ദാറ്റ് ബിച്ച്. എന്നെ കുറെക്കാലമായി ബ്ലാക്ക് മെയിൽ ചെയ്യുന്നു. എന്റെയും ഒരു എക്സ്ട്രാ നടിയുടെയും കൂടിയുള്ള ഒരു ഫോട്ടോ അവളുടെ കയ്യിലുണ്ട്. അതും വെച്ച് ഞാൻ ഇതിനകം ഒരു ലക്ഷത്തിലധികം കൊടുത്തു കഴിഞ്ഞു. ഐ വിൽ ടീച്ച് ദാറ്റ് ബിച്ച് എ ലസ്സൻ."

മൈക്കൽ നിസ്തേജനായി ഇരുന്നു. പിന്നെ അർദ്ധപ്രജ്ഞനായി അയാൾ കാറിൽ കയറി. ബാന്ദ്ര സ്റ്റേഷന്റെ അടുത്തെത്തിയപ്പോൾ അമർനാഥ് ചോദിച്ചു.

"ഇവിടെ ഇറങ്ങുന്നോ?"

മൈക്കൽ ഞെട്ടിയുണർന്നു.

"ശരി, ഞാൻ ഇവിടെ ഇറങ്ങാം." പെട്ടെന്നാണ് കയ്യിൽ കാശൊന്നുമില്ലെന്ന് അയാൾ ഓർത്തത്. കൊളാബ വരെ പോണം.

"താങ്കൾ ദയവുചെയ്ത് രണ്ടുറുപ്പിക തരുമോ? വണ്ടിക്കൂലിക്കാണ്."

"ഐ ആം സോറി മൈക്കൽ. ഒരു പക്ഷെ, നിങ്ങൾ ഒരു പുതിയ ലൈൻ തുടങ്ങുന്നത് നന്നായിരിക്കും. ഇരക്കൽ."

അയാൾ കാറിൽ നിന്നിറങ്ങി. പൊള്ളുന്ന വെയിലിൽ അമർനാഥിന്റെ കാർ ഇരമ്പിപ്പോകുന്നതും നോക്കി അയാൾ നിന്നു. ഒരു മര്യാദക്കാരനായ ബ്ലാക്ക് മെയ്ലർക്കുപോലും ജീവിക്കാൻ കൊള്ളരുതാത്ത വിധം അധപതിച്ചുപോയ ലോകത്തെ ഓർത്ത് അയാൾ കണ്ണീർ പൊഴിച്ചു.

## — 10 —

# സർക്കസ്സിലെ കുതിര

എയർപോർട്ട് ആശാകേന്ദ്രമായിരുന്നു. നിരാശയുടെ താവളവും. ഇന്റർനാഷണൽ ഡിപാർച്ചർ ഹാളിലെ തിരക്കിന്നിടയിൽ അടുത്തു നിന്ന കിഴവൻ ചോദിച്ചു.

'ലണ്ടനിൽനിന്നുള്ള ഫ്ളൈറ്റ് വന്നോ?'

അത് എയറിന്ത്യയുടെ ലണ്ടൻ-റോം-ബോംബെ ഫ്ളൈറ്റായിരുന്നു. രണ്ടരക്കാണ് ഷെഡ്യൂൾഡ് ടൈം.

'ഇല്ല.' അയാൾ പറഞ്ഞു. 'പതിനഞ്ചു മിനിറ്റിനുള്ളിൽ വരും.'

'എന്റെ മകൻ വരുന്നുണ്ട്.' അദ്ദേഹം പറഞ്ഞു.

ആൾക്കാരെ സ്വീകരിക്കാൻ കാത്തുനിൽക്കേണ്ടത് ഡിപാർച്ചർ ഹാളിനു മുമ്പിലല്ലെന്നും, അതിനും കുറെ അപ്പുറത്ത് അറൈവൽ ഹാളിലാണെന്നും അയാളോടു പറയാൻ ജയരാമൻ ഓങ്ങി. പക്ഷെ, അപ്പോഴേയ്ക്കും അയാൾ വീണ്ടും പറഞ്ഞു.

'ശരിക്കുള്ള സമയത്തു വന്നാൽ മതിയായിരുന്നു.'

പരിഭ്രമിച്ച മുഖത്തോടെ, കട്ടിയുള്ള കണ്ണടയിലൂടെ അയാൾ ജയരാമനെ നോക്കി.

'ശരിക്കുള്ള സമയത്തിനു തന്നെയാണ് വരുന്നത്.' ജയരാമൻ പറഞ്ഞു.

അയാൾ കാത്തുനിന്നിരുന്നത് സ്വിസ്സെയർ ഫ്ളൈറ്റിന്നായിരുന്നു. എസ്. ആർ. 308 എത്തുക 2.55 മണിക്കാണ്. ഇനിയും അരമണിക്കൂറിലധികം ബാക്കിയുണ്ട്. ഇതിനകം അയാൾ നാലുവട്ടം എയർപോർട്ടിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നടന്നു കഴിഞ്ഞു. ഒരറ്റത്ത് ഡൊമസ്റ്റിക് അറൈവൽ ആണ്. മറ്റെ അറ്റത്ത് ഇന്റർനാഷണൽ അറൈവലും. ഇതിനു രണ്ടിനുമിടയിൽ ആശക്കും നിരാശക്കും ഇടയിൽ തിങ്ങിക്കൂടുന്ന മനുഷ്യാത്മാക്കളെ നിരീക്ഷിക്കുക അയാൾക്കിഷ്ടമായിരുന്നു. ഇരുപത്തിനാലു മണിക്കൂറും എയർപോർട്ടിൽ ഇതേ തിരക്കാണ്. അയാൾ പറഞ്ഞു.

'കാത്തു നിൽക്കുക ഇവിടെയല്ല. അറൈവൽ ഹാൾ കുറെക്കൂടി അപ്പുറത്താണ്.'

കിഴവനു മനസ്സിലായില്ല. അയാൾ ജയരാമനെ സാകൂതം നോക്കി.

'എന്താണ് പറഞ്ഞത്?'

'കാത്തുനിൽക്കേണ്ടത് ഇവിടെ അല്ലെന്ന്. ഇവിടെ യാത്രയയക്കേണ്ടവരാണ് നിൽക്കുക. വിമാനമിറങ്ങി കസ്റ്റംസ് ചെക്കിങ് കഴിഞ്ഞു യാത്രക്കാർ പുറത്തു വരുക വേറൊരു വഴിയ്ക്കാണ്.'

കിഴവൻ വീണ്ടും മനസ്സിലാവാത്തപോലെ അയാളെ നോക്കി.

'അതെങ്ങിനെയാണ്? മൂന്നുമാസം മുമ്പ് ഞാനവനെ യാത്രയാക്കിയത് ഇവിടെ വെച്ചാണ്. അപ്പോൾ തിരിച്ചുവരേണ്ടതും ഇതിൽക്കൂടെത്തന്നെയാവണ്ടെ?'

ബോംബേയിൽനിന്ന് ലണ്ടനിലേക്ക് ആകാശത്തുകൂടെ ഒരിടനാഴിക. അതിലൂടെയാണ് പോക്കും വരവും. അപ്പോൾ പോയ വഴിക്കുതന്നെ തിരിച്ചുവരണം. അയാളുടെ വാദം ചോദ്യം ചെയ്യപ്പെടാൻ കഴിയാത്തവിധം യുക്തിയുക്തമായിരുന്നു. മാത്രമല്ല ഭാവനയിലും അത് വളരെ എളുപ്പമായിരുന്നു. ഒരു യാത്രക്കാരൻ വിമാനമിറങ്ങി പലവിധ പരിശോധനയും കഴിഞ്ഞ് ക്ഷീണിച്ച് പുറത്തുവരുന്നതിനെപ്പറ്റി വിമാനത്താവളത്തിലെ പലവിധ ഊടുവഴികളെപ്പറ്റി, അധമമാർഗ്ഗങ്ങളെപ്പറ്റി എല്ലാം വിശദമായി അറിയാതിരിക്കുക തന്നെയാണ് നല്ലത്.

കിഴവന്റെ മനസ്സിലെ ചിത്രം നശിപ്പിച്ചു കളയാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ നടന്നു.

എയർഇന്ത്യയുടെ കൗണ്ടറിൽ ഒരു തർക്കം. അയാൾ കുറച്ചുനേരമായി ശ്രദ്ധിക്കുന്നു.

'ഞാൻ പതിനായിരം ഉറുപ്പിക കൊടുത്താണ് ഈ എന്നോസി കിട്ടിയത്. വേറെ അയ്യായിരം ഏജന്റിനും കൊടുത്തിരിക്കുന്നു. ഇന്നത്തെ ഫ്‌ളൈറ്റിന് കൺഫേമ്ഡ് ടിക്കറ്റുണ്ട്. പിന്നെ എന്തുകൊണ്ട് എനിയ്ക്ക് പൊയ്ക്കൂടാ?'

'നിങ്ങൾക്ക് എന്നോസിയുണ്ട്, കൺഫേമ്ഡ് ടിക്കറ്റുമുണ്ട്. സമ്മതിച്ചു. പക്ഷെ, വിസ എവിടെ? നിങ്ങളുടെ പാസ്സ്പോർട്ടിൽ എൻഡോഴ്സ്മെന്റ് ഇല്ല. അയ്യായിരം കൊടുത്ത ഏജന്റ് ഇതൊന്നും നിങ്ങൾക്ക് പറഞ്ഞുതന്നില്ലെ?'

'പ്ലീസ്, പ്ലീസ് എന്നെ പോകാൻ അനുവദിക്കു.'

'സോറി, സർ. വിസയില്ലാതെ നിങ്ങളെ മസ്ക്കറ്റിലേയ്ക്കു കടത്തില്ല. അവിടെ പോയി തിരിച്ചുവരുകയാണോ നല്ലത്, അല്ലാ പത്ത് ദിവസംകൂടി ഇവിടെ താമസിച്ച് വിസയുണ്ടാക്കുകയോ? നിങ്ങൾ തീർച്ചയാക്കിയാൽ മതി.'

'വിസയ്ക്ക് ഞാൻ ഡൽഹിയിൽ പോണ്ടെ?'

'വേണ്ടി വരും.'

'എന്റെ കയ്യിൽ പണമില്ല. ആകെയുള്ളത് നൂറുറുപ്പയാണ്. ഡൽഹിയിൽ പോവുക പോയിട്ട് ബോംബെയിൽ രണ്ടുദിവസം താമസിക്കാൻകൂടി പണമില്ല. സർ, ദയവുചെയ്ത് എന്നെ പോകാൻ അനുവദിക്കു.'

'സോറി. ഹൂയിസ് നെക്സ്റ്റ്?'

അടുത്ത ആൾക്കും അതേ പ്രശ്നമായിരുന്നു. അയാളെയും ചെക്കിംഗ് ഇൻ കൗണ്ടറിൽനിന്ന് ഓടിച്ചതായിരുന്നു. ശരിയ്ക്കു പറഞ്ഞാൽ ചെക്കിംഗ് ഇൻ കൗണ്ടറല്ല എമിഗ്രേഷൻ ഡിപ്പാർട്ടുമെന്റാണവരെ പിടിച്ചു പുറത്താക്കിയത്. ചെക്കിംഗ് ഇൻ കൗണ്ടറിൽ ചെന്നപ്പോൾ ആദ്യം പാസ്സ്പോർട്ട് എമിഗ്രേഷൻ ഡിപ്പാർട്ടുമെന്റുകാരെക്കൊണ്ട് പരിശോധിപ്പിച്ചു വരുവാൻ ആവശ്യപ്പെട്ടു. അവിടെ വെച്ചാണ് ഇവർക്കെല്ലാം സ്വർഗ്ഗകവാടം നിഷേധിക്കപ്പെട്ടത്.

നോക്കുമ്പോൾ നാലഞ്ചുപേർ ക്യൂവിൽ ഇതേ പ്രശ്നവുമായി നിൽക്കുന്നുണ്ടായിരുന്നു. ഓരോരുത്തരുടെയും കഥ ദയനീയമായിരുന്നു.

‘ഇരുപ്പിടം വിറ്റിട്ടാണ് സർ ഞാൻ ഇതിനൊക്കെ പണമുണ്ടാക്കിയത്. ഇനി ഒരു നയാ പൈസയുണ്ടാക്കാൻ എന്നെക്കൊണ്ടു പറ്റില്ല. ദയവു ചെയ്ത് എന്നെ പോകാൻ അനുവദിക്കു.’

അവർ കരയുകയായിരുന്നു.

ജയരാമന് വിഷമം തോന്നി. അവർ സ്വർഗ്ഗത്തിന്റെ വാതിൽ വരെ എത്തിയവരായിരുന്നു. വാതിൽ തുറന്ന് പ്രവേശിക്കുകയേ വേണ്ടു. അപ്പോഴേയ്ക്കും അവരെ ചവുട്ടി പാതാളഗർഭത്തിലേക്കു താഴ്ത്തിയിരിക്കുന്നു. എന്തൊരന്തരം?

കസ്റ്റംസ് കൊൺക്ലേവിൽ തിരക്കായിരുന്നു. ദുബായിൽ നിന്നു വന്ന ജംബോ ഫ്ളൈറ്റിലെ യാത്രക്കാരുടെ ക്ഷീണിച്ച അമ്പരപ്പുള്ള മുഖങ്ങൾ. കസ്റ്റംസ് അപ്രൈസർമാരുടെ മുമ്പിൽ അവർ ദയയും പ്രതീക്ഷിച്ച് നിൽക്കുന്നത് അയാൾക്കു പരിചയമുള്ള കാഴ്ചയായിരുന്നു. അവർ വരുമ്പോൾ എന്തും കൊണ്ടുവരും. ഫ്രഞ്ച് സുഗന്ധദ്രവ്യങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും തൊട്ട് പ്ലാസ്റ്റിക് പായകൾ വരെ. ഡ്യൂട്ടി കൊടുത്ത് അതെല്ലാം ഒഴിവായിക്കിട്ടിയാൽ അവർ ഓരോരുത്തരായി പുറത്തു വരുന്നു. പിന്നെ ക്രമേണ എയർപോർട്ടിന്റെ ഹാളുകളിൽ ഓരോ മൂലയിൽ അടിഞ്ഞു കൂടുന്നു. അവർക്കു വേണ്ട കണക്റ്റിംഗ് ഫ്ളൈറ്റുകൾ പകലാണ്. ആദ്യമായി കിട്ടുന്ന സ്വീകരണം, അതായത് കസ്റ്റംസ് അധികൃതരുമായുള്ള ഏറ്റുമുട്ടൽ, വളരെ കർക്കശവും പരുഷവുമായിരുന്നു. അതുകൊണ്ട് അവർ മറ്റുള്ളവരേയും സംശയദൃഷ്ടിയോടെ നോക്കുന്നു. ബോംബെ അവർക്ക് ഒരു വിദേശം തന്നെയാണ്. ഇവിടെ ആൾക്കാർ അറബികളെക്കാൾ ക്രൂരമായി പെരുമാറുന്നു.

സ്വിസ്സെയർ ഫ്ളൈറ്റ് വന്നെന്നു തോന്നുന്നു. അയാൾ ആശ്വസിച്ചു. ഇനി പതിനഞ്ചു മിനിറ്റിനുള്ളിൽ ഹാൻസ് തോമാൻ ഒരു കയ്യിൽ സൂട്ട്കേസും, മറ്റെകയ്യിൽ അയാളുടെ ബ്രീഫ്കേസും സൂറിക്ക് ഡ്യൂട്ടി ഫ്രീ ഷോപ്പിന്റെ വെള്ള സഞ്ചിയും തൂക്കി പ്രത്യക്ഷപ്പെടും. അയാളെ സെന്റോർ ഹോട്ടലിൽ കൊണ്ടുപോയാക്കിയാൽ തനിയ്ക്ക് വീട്ടിൽ പോകാം. വീട്ടിൽ നളിനിയും കുട്ടികളും ഉറങ്ങുന്നുണ്ടാവും. കുട്ടികൾ, പക്ഷെ, നളിനി ഉറങ്ങുന്നുണ്ടാവുമോ ആവോ?

എയർപോർട്ടിലേയ്ക്ക് പുറപ്പെടുന്നതിനു മുമ്പ് നളിനിയുമായുണ്ടായ വഴക്ക് അയാൾ ഓർത്തു. രാത്രി ജയരാമൻ എയർപോർട്ടിൽ പോകുന്നത് നളിനി ഇഷ്ടപ്പെട്ടിരുന്നില്ല. പല കാരണങ്ങളുമുണ്ട്. ഒന്നാമതായി ചെറിയ രണ്ടു മക്കളെയും വെച്ച് ഒറ്റയ്ക്ക രാത്രി കഴിച്ചു കൂട്ടുന്നത് ഭയമുള്ള കാര്യമാണ്. കഴിഞ്ഞ മാസമാണ് താഴെ നിലയിൽ ഒരു ഫ്ളാറ്റിൽ കള്ളൻ കടന്നത്. അയാളില്ലാത്തപ്പോൾ രാത്രി കുട്ടി കരയുന്നതുകൂടി അവൾക്കു പേടിയായിരുന്നു. ചെറിയ കുട്ടി കരയുമ്പോൾ ശബ്ദം പുറത്തു വരാതിരിക്കാൻ അവൾ അവന്റെ വായ പൊത്താറുണ്ട്. അതെല്ലാം അയാൾക്കറിയാവുന്നതാണ്.

രണ്ടാമതായി അർദ്ധരാത്രി ടാക്സി പിടിച്ചു പോകുന്നത് അത്ര സുരക്ഷിതമൊന്നുമല്ല. യാത്രക്കാരെ വിജനമായ ഹൈവേയിൽ വെച്ച് കൊള്ളയടിക്കപ്പെട്ട വാർത്തകൾ പത്രങ്ങളിൽ വരാറുണ്ട്.

പോരാത്തതിന് ഓഫീസിൽ അയാളുടെ പുരോഗതിയിൽ അവൾ തീരെ തൃപ്തയായിരുന്നില്ല. അവൾ പറഞ്ഞു. കുട്ടി ഇങ്ങിനെ രാവുപകൽ എയർപോർട്ടിലും ഫാക്ടറികളിലും പോയിട്ടൊന്നും കാര്യമില്ല. കഴിഞ്ഞ അഞ്ചുകൊല്ലമായില്ലെ ഇങ്ങിനെ അദ്ധ്വാനിക്കുന്നു. എന്നിട്ടെന്തുണ്ടായി? കുട്ടീടെ ബോസിന് ഗുണമുണ്ടായി. ഇവിടെ

ബിസിനസ്സ് കൂടിയാൽ ക്രെഡിറ്റ് അയാൾക്കാണ്, കുട്ടിക്കല്ല. അയാൾക്ക് ഓഫീസ് ഫ്‌ളാറ്റ് കൊടുത്തു, വീട്ടിൽ ഫോൺകൊടുത്തു, കാറും ഡ്രൈവറും കൊടുത്തു. കുട്ടിക്കോ? സാധാരണ മട്ടിൽ ഒരു നൂറിന്റെ ഇൻക്രിമെന്റ് മാത്രം. ഇനിയെങ്കിലും നിർത്തിക്കൂടെ?

നിർത്തുന്നതിൽ അർത്ഥമൊന്നുമില്ല. താൻ സർക്കസ്സിലെ കുതിരയുടെ മാതിരിയാണ്. ഈ കഥ പറഞ്ഞു തന്നത് ഒരു ബംഗാളി സ്‌നേഹിതനാണ്. സർക്കസ്സ് മാനേജർ കുതിരയോട് പറയാറുണ്ട് ട്രെപ്പീസ് കളിക്കുന്ന പെൺകുട്ടിയെ കല്യാണം കഴിച്ചു കൊടുക്കാമെന്ന്. കുതിര പാവം ആ വാഗ്ദാനം കാര്യമായെടുത്തു കൂടുതൽ കൂടുതൽ അദ്ധ്വാനിച്ചു. ഒരു പക്ഷെ, ഇപ്പോഴും ആ മോഹവും വെച്ച് അദ്ധ്വാനിക്കുന്നുണ്ടാവും.

താനിപ്പോൾ ജോലിയിൽ അനാസ്ഥ കാണിച്ചാൽ അതിനർത്ഥം അഞ്ചു കൊല്ലത്തെ അദ്ധ്വാനം വെറുതെ വെള്ളത്തിലൊഴുക്കിക്കളയുകയാണെന്ന്. അത് നളിനിക്കു മനസ്സിലായില്ല. ആരുമാവാത്തതിനേക്കാൾ ഭേദം സർക്കസ്സിലെ കുതിരയെങ്കിലുമാവുകയാണ്.

'ഒരു രാത്രിയിലെ ഉറക്കം പോയെങ്കിൽ പിറ്റേന്ന് രാവിലെ കുറച്ചു നേരം ഉറങ്ങി ഓഫീസിൽ പോവുകയെങ്കിലും ചെയ്തുകൂടെ?'

നളിനി ചോദിക്കാറുണ്ട്.

അപ്പോൾ സാധാരണത്തേക്കാൾ നേരത്തെ പോകണം. കാരണം കുട്ടിയ്ക്ക് ഈ സന്ദർശകരെ ഹോട്ടലിൽ നിന്നു പിക്കപ്പു ചെയ്ത് ഓഫീസിൽ ബോസിനെ ഏൽപ്പിക്കണം. കുട്ടി രാത്രി സ്വീകരിക്കാൻ പോയവർ എയർകണ്ടീഷൻ ചെയ്ത മുറിയിൽ എട്ടുമണിവരെ കിടന്നുറങ്ങും. കുട്ടിയാകട്ടെ രാത്രി മൂന്നു മണിക്കോ മറ്റൊ വീട്ടിലെത്തിയാൽത്തന്നെ ഉറക്കമുണ്ടാവില്ല. ഇതിലൊന്നും പാകപ്പിഴകൾ കാണുന്നില്ലെ?

'ഒന്നു ശ്രദ്ധിച്ചിട്ടുണ്ടൊ? രാത്രി മാത്രമെ കുട്ടിയെ എയർപോർട്ടിൽ പറഞ്ഞയക്കു. ഫ്‌ളൈറ്റുകൾ പകൽ വരുന്ന ദിവസം വരുന്നവരെ സ്വീകരിക്കാൻ കപാഡിയ തന്നെ പോവാറുണ്ടല്ലൊ? എന്നെങ്കിലും കുട്ടിയെ പറഞ്ഞയച്ചിട്ടുണ്ടോ? അയാൾക്ക് ഉറക്കം കളയാനൊന്നും വയ്യ.'

ഈ വക സംസാരങ്ങൾ വീട്ടിൽ എപ്പോഴും അസ്വസ്ഥമായ അന്തരീക്ഷം സൃഷ്ടിച്ചു. നളിനി പറയുന്നതെല്ലാം ജയരാമന്നറിയാവുന്ന കാര്യങ്ങളാണ്. മറക്കാൻ ശ്രമിക്കുന്ന കാര്യങ്ങളാണ്. ഇതൊന്നും തന്നെ ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിക്കേണ്ട കാര്യമില്ല. തനിയ്ക്ക ഭാര്യയിൽ നിന്നു വേണ്ടത് വളരെ ചെറിയ ത്യാഗങ്ങളാണ്. താൻ ഉറക്കമൊഴിക്കാൻ തയ്യാറാവുമ്പോൾ അവൾക്ക് ഒറ്റയ്ക്ക് വീട്ടിൽ ഉറങ്ങാനെങ്കിലും കഴിയണം. ആശ നശിച്ചെന്നു പറയാറായിട്ടില്ല. അളവറ്റ ശുഭാപ്തിവിശ്വാസം ജയരാമന്നുണ്ട്.

വീട്ടിലെ അസ്വസ്ഥമായ അന്തരീക്ഷത്തിൽനിന്നു പുറത്തു കടന്നാൽ അയാൾ ശാന്തനായിരുന്നു. ഉറങ്ങുന്ന ടാക്സി ഡ്രൈവറെ പുറത്തുതട്ടി വിളിച്ചുണർത്തി ടാക്സിയിൽ കയറി എയർപോർട്ട് എന്നു പറയുമ്പോഴേയ്ക്കും അയാൾ സമനില പ്രാപിച്ചിട്ടുണ്ടാകും.

അയാൾ ഹാൻസ് തോമാന്റെ സ്വർണ്ണമുടിയുള്ള തലകണ്ടു. തോമാൻ ഒരു കസ്റ്റംസ് ഓഫീസറെ നോക്കി ചിരിച്ചു. ഓഫീസർ എന്തോ ചോദിച്ചു. തോമാൻ തലയാട്ടി എന്തോ മറുപടി പറഞ്ഞു.

എന്തായിരിക്കും സംഭാഷണം എന്ന് ജയരാമനറിയാം.

'എനിതിംഗ് ടു ഡിക്ലേയർ?'

'നോ. ജസ്റ്റ് എ ഫ്യൂ ഓഫ് മൈ ഡ്രസ്സസ് ആന്റ് പേപ്പേർസ്.'

സൂട്ട്കേസ് തുറന്നു നോക്കാനുംകൂടി ആവശ്യപ്പെടാതെ കസ്റ്റംസ് ഓഫീസർ അതിനു മീതെ ചോക്കുകൊണ്ട് ഒപ്പിട്ടു.

ജയരാമൻ വാതിലിനടുത്തു പോയി നിന്നു. തോമാൻ സൂട്ട്കേസും ബാഗും തൂക്കിപ്പിടിച്ച് പുറത്തു വന്നു. ജയരാമനെ കണ്ടപ്പോൾ സൂട്ട്കേസ് താഴെ വെച്ച് കൈ നീട്ടി.

'ഗുട്ടൻ മോർഗൻ ജയറാം. വീ ഗെറ്റ്സ്?'

'ഗുട്ടൻ മോർഗൻ. ഡാങ്ക് ഗുട്ട്. വീ വാർ ദ ഫ്ളൂഗ്?'

'ഷേർ ഷോൺ.'

പുറത്ത് സെന്റോർ ഹോട്ടലിന്റെ പിക്കപ്പ് വാനിനുവേണ്ടി കാത്തു നിൽക്കുമ്പോൾ തോമാൻ ചോദിച്ചു.

'എവിടെ നിന്റെ റോൾസ് റോയ്സ്?'

തന്റെ മഞ്ഞച്ചായമുള്ള ഹെറാൾഡിന് തോമാൻ യെല്ലോ റോൾസ് റോയ്സ് എന്നാണ് പറയാറ്.

'ഗരാഷിൽ.'

'ആക്സിഡന്റ്?'

'അല്ല റിപ്പേയർ.'

'ഹൗ ഈസ് കപാഡിയാ?'

'ഹീയിസ് ഓകേ.'

'ബിസിനസ്സ്? ഒരു ക്ഷമാപണത്തോടെ തോമാൻ പറഞ്ഞു. ബിസിനസ്സിനെപ്പറ്റി സംസാരിക്കാൻമാത്രം നേരം പുലർന്നിട്ടില്ലെന്നറിയാം. സ്റ്റിൽ ഐയാം ആങ്ങ്ഷസ് ടു നോ വാട്ട് ദ പ്രോസ്പക്ടസ് ആർ.'

'ബിസിനസ്സ് ഈസ് ഗുഡ്. പുതിയ ലൈസൻസിംഗ് പോളിസി നമുക്ക് അനുകൂലമാണ്.'

സെന്റോർ കോച്ച് വരുന്നുണ്ടായിരുന്നു. പെട്ടെന്നയാൾ മകനെ കാത്തുനിന്നിരുന്ന കിഴവനെ ഓർത്തു. എയറിന്ത്യയുടെ ലണ്ടൻ ഫ്ളൈറ്റ് ഇതിനകം വന്നിരുന്നു. കിഴവൻ ഇപ്പോഴും ഡിപാർച്ചർ ഹാളിനു മുമ്പിൽ കാത്തു നിൽക്കുന്നുണ്ടാവും. മകൻ ഇപ്പുറത്തുകൂടെ പുറത്തു കടന്ന് ടാക്സി പിടിച്ച് പോയിട്ടുമുണ്ടാകും. കിഴവനെ നിർബ്ബന്ധിച്ച് കൊണ്ടുവരേണ്ടതായിരുന്നെന്ന് ജയരാമനു തോന്നി. ഇപ്പോൾ വളരെ വൈകിപ്പോയി. സെന്റോർ കോച്ചിൽ കയറുമ്പോൾ തന്നിലുള്ള ഈ അന്യതാബോധം ജയരാമൻ വെറുത്തു.

സെന്റോർ ലൗഞ്ചിൽ തണുപ്പായിരുന്നു. പുറത്തു വാതിൽ തുറന്നുപിടിച്ച സർദാറിന് ഇരുപത്തിനാലുമണിക്കൂറും ഡ്യൂട്ടിയാണോ എന്നയാൾ അത്ഭുതപ്പെട്ടു. എപ്പോൾ പോകുമ്പോഴും അയാൾ ആ സർദാറിനെ കാണാറുണ്ട്. ഒരു പക്ഷെ,

വേറെ ഒരുത്തനായിരിക്കാം. എല്ലാ സർദാർമാരും കാക്കക്കുട്ടികളുടെ മാതിരി, ഒരുപോലെയാണ്.

റിസപ്ഷൻ കൗണ്ടർ ഉറക്കം തൂങ്ങിയിരുന്നു. കൗണ്ടറിലുള്ള ട്വെയ്നി റിസപ്ഷനിസ്റ്റ് മധുരമായി ചിരിച്ചു.

'കാൻ ഐ ഹെൽപ് യു സേർ.'

'ഷുവർ.'

'ഹൗ മെനി പേർസൺസ്, ടു?'

'നോ, ജസ്റ്റ് വൺ. ഹാൻസ് തോമാൻ. ഹി ഹാസ് എ ബുക്കിംഗ് ഹിയർ.'

അവൾ ചതുരത്തിലുള്ള ഒരു കാർഡെടുത്ത് തോമാനു കൊടുത്തു. ജയരാമൻ ചുറ്റും നോക്കി. ഹോട്ടൽ ഉറങ്ങിയിരുന്നില്ല. പക്ഷെ, അതിന്റെ താളം മന്ദഗതിയിലായിരുന്നു. അതു നിലയ്ക്കാത്ത ഒരു കവാത്താണ്. രാവിലെയാവുമ്പോഴേക്ക് വീണ്ടും ദ്രുതഗതിയിലാവുന്നു. ഒരിക്കലും നിൽക്കലുണ്ടാവില്ല.

'റൂം നമ്പർ ഫോർതർട്ടിയെയ്റ്റ്.'

നാന്നൂറ്റി മുപ്പത്തെട്ടാം നമ്പർ മുറി ലിഫ്റ്റിനടുത്തല്ലെന്നും, വർത്തുളമായ ഇടനാഴികയിലൂടെ ഹോട്ടലിന്റെ ഒരു അർദ്ധഗോളം നടന്നു തരണം ചെയ്യേണ്ടി വരുമെന്നും അയാൾ ഓർത്തു.

ലിഫ്റ്റിൽ അപ്പോഴും സംഗീതമുണ്ടായിരുന്നു. ഇടനാഴികയിലും. ഒരുപക്ഷെ, ലൗഞ്ചിലുമുണ്ടായിരുന്നിരിക്കണം. ജയരാമൻ ശ്രദ്ധിച്ചിരുന്നില്ല.

മുറിയിലെത്തിയപ്പോൾ തോമാൻ ചോദിച്ചു.

'ഹൗ എബൗട്ട് ഹാവിംഗ് എ ഡ്രിങ്ക് വിത്ത് മി?'

'നോ. താങ്ക് യു. വളരെ നേർത്തെയായി.'

സമയം മൂന്നരയായിരുന്നു.

'നാളെ എന്താണ് പ്രോഗ്രാം? ഞാൻ കപാഡിയയെ കാണുമോ? അല്ലാ ജയരാമനാണോ എന്റെ ഒപ്പം വരുന്നത്.'

'ഞാനാണ് വരുന്നത്. നാളെ പതിനൊന്നിനാണ് ആദ്യത്തെ അപ്പോയിന്റ്മെന്റ്. ഞാൻ പത്തരക്ക് ഇവിടെ വരും.'

'ഓ.കെ. അങ്ങിനെയാണെങ്കിൽ കപാഡിയയെ ഞാൻ മറ്റന്നാളെ കാണും. ഈ സ്കോച്ച് കപാഡിയക്കു കൊടുക്കു.'

സൂറിക്ക് എയർപോർട്ടിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിന്റെ വെള്ള നിറത്തിലുള്ള കടലാസു സഞ്ചി തോമാൻ അയാളെ ഏൽപ്പിച്ചു. അതിൽ ഹെയ്ഗിന്റെ ഒരു വലിയകുപ്പിയും റൊത്ത്മാൻസ് സിഗരറ്റിന്റെ പത്തു പാക്കറ്റുള്ള ഒരു പെട്ടിയുമുണ്ടായിരുന്നു.

അയാൾ നളിനി പറഞ്ഞതോർത്തു. തന്നെയും കപാഡിയയേയും അവൾ 'ഡ്വാർഫ് ആന്റ് ദ ജയന്റ്' എന്നാണ് പറയാറ്. താൻ തെമ്മാടികളുമായി ഏറ്റുമുട്ടൽ നടത്തി കന്യകയെ രക്ഷിച്ചു. പക്ഷെ, കന്യകയെ എടുത്തത് കപാഡിയയും. കപാഡിയയ്ക്കു കിട്ടാൻ പോകുന്ന കന്യകയെ അയാൾ നോക്കി. അവൾ സുന്ദരിയായിരുന്നു. അവളുടെ നേർത്ത നിറം തന്നെ ലഹരി പിടിപ്പിക്കുന്നതായിരുന്നു. തനിയ്ക്കു കിട്ടിയാൽ കൊള്ളാമായിരുന്നു.

ജയരാമൻ പറഞ്ഞു.

'ഗുഡ് നൈറ്റ്. സ്ലീപ്പ് വെൽ.'

'ഗുഡ് നൈറ്റ്.'

ജയരാമൻ പുറത്തു കടന്നു. തോമാന്റെ സൂട്ട്കേസുമായി ഹോട്ടൽ ബോയ് അകത്തു കടന്നു.

ഇടനാഴികയിലെ കാർപ്പെറ്റ് അയാളുടെ കാലടി ശബ്ദം അമർത്തിയിരുന്നു. ലിഫ്റ്റിനടുത്തെത്താൻ വളരെ ദൂരം നടക്കണമെന്നയാൾ വീണ്ടും ഓർത്തു. ലിഫ്റ്റ് താഴെയായിരുന്നു. അയാൾ ലിഫ്റ്റിനുവേണ്ടി ബെല്ലടിച്ചു. ലിഫ്റ്റിൽ നേരിയ സംഗീതം. പുറത്തു വാതിൽ തുറന്നു പിടിച്ച സർദാർ ചോദിച്ചു.

'ടാക്സി, സർ?'

'നോ, താങ്ക് യു'

അവിടെ നിന്ന് വീട്ടിലേയ്ക്ക് പോകാൻ ടാക്സി വിളിച്ചാൽ ടാക്സിക്കാരന്റെ ചീത്ത കേൾക്കാൻ തയ്യാറായിരിക്കണം.

ചുത്തിയ ബനായ... നാലു മണിക്കൂർ ഉറക്കമൊഴിച്ച് ലൈനിൽ കാത്തിരുന്നത് ഈ അഞ്ചുറുപ്പികയുടെ ട്രിപ്പിനാണ്.

അയാൾ പുറത്തിറങ്ങി നടന്നു. എയർപോർട്ട്. ഉള്ളിൽ നിറയെ വിളക്കുകൾ കൊളുത്തിവെച്ച സ്ഫടിക മാളികപോലെ നിലകൊണ്ടു. മകനുവേണ്ടി കാത്തു നിന്നിരുന്ന മനുഷ്യനെ അയാൾ വീണ്ടും ഓർത്തു. അയാൾ തന്റെ മനസ്സിൽ ഒരു കുറ്റബോധം ഉണ്ടാക്കുന്നുവെന്നയാൾ കണ്ടു. തനിയ്ക്ക് ഒരിക്കൽക്കൂടി അയാളെ നിർബന്ധിക്കാമായിരുന്നു. ജയരാമനു സ്വയം വെറുപ്പ തോന്നി.

അയാൾ എയർപോർട്ടിലേയ്ക്കു നടന്നു. ഒരു പക്ഷെ, അയാൾക്ക് ആ കിഴവനെ സഹായിക്കാൻ കഴിയും. നടക്കുമ്പോൾ അയാൾക്ക് അമർഷം തോന്നി. ഒരു ചെറിയ കുട്ടിക്കുപോലും അയാളിൽ കുറ്റബോധം ഉണ്ടാക്കാൻ കഴിയുന്നു.

ഇന്റർനാഷണൽ ഡിപാർച്ചർ ഹാളിനു മുമ്പിലെ തിരക്കിൽ അയാൾ ഒരു വയസ്സനുവേണ്ടി പരതി. എളുപ്പമായിരുന്നില്ല. തിരക്ക് മുമ്പത്തേക്കാൾ കൂടിയിരുന്നു. അയാൾ ആ തിരക്കിൽ ഇല്ലെന്നുറപ്പായപ്പോൾ ജയരാമൻ അറൈവൽ ഹാളിലേയ്ക്കു നടന്നു. ഡിപാർച്ചർ ഹാളിനു മുമ്പിൽ കുറെ നേരം നിന്ന് മകനെ കാണാതായപ്പോൾ കൂനിക്കൂടി അറൈവൽ ഹാളിലേയ്ക്കു നടക്കുന്ന ഒരു വൃദ്ധന്റെ മെലിഞ്ഞ ദേഹത്തിനുവേണ്ടി അയാൾ ചുറ്റും നോക്കി. അറൈവൽ ഹാളിലെ തിരക്കു കുറഞ്ഞിരുന്നു. വളരെ കുറച്ചു പേരെ ഉണ്ടായിരുന്നുള്ളു. അയാൾ നിരാശനായി. കിഴവൻ എവിടെ അപ്രത്യക്ഷനായി? ജയരാമൻ പുറത്തു കടന്ന് എയർപോർട്ടിന്റെ മറ്റെ അറ്റത്തേയ്ക്ക് നടക്കാൻ തുടങ്ങി. ഡൊമസ്റ്റിക് ഡിപാർച്ചർ ഹാളിനു മുമ്പിൽ വെളിച്ചം കുറവായിരുന്നു.

ബസ്സ്സ്റ്റോപ്പിലേക്ക് നടക്കുമ്പോൾ അയാൾ ആലോചിച്ചു. താനെന്തിന് മറ്റുള്ളവരുടെ മാറാപ്പു താങ്ങി നടക്കുന്നു. അവനവന്റേതു തന്നെയുണ്ട് ധാരാളം ചുമക്കാൻ.

ബസ്സ്സ്റ്റോപ്പിന്നരികെ ഒരു ടാക്സി നിന്നിരുന്നു. ഉറങ്ങുകയായിരുന്ന ടാക്സിക്കാരനെ വിളിച്ചുണർത്താൻ വേണ്ടി അയാൾ ഓങ്ങി. പിന്നെ അതു വേണ്ടെന്നു വെച്ചു. ഉറങ്ങുന്നവരെ എന്തിനു ബുദ്ധിമുട്ടിക്കണം? ഇനി ധൃതി പിടിച്ചു വീട്ടിലെത്തിയാലും നളിനിയെ ഉണർത്തേണ്ടി വരും. അവളുടെ ഒരു രാത്രിയിലെ ഉറക്കം കളയാൻ തനിക്കവകാശമില്ല. എന്റെ ഭാരമെല്ലാം ഞാൻ തന്നെ ചുമക്കേണ്ടതാണ്. താനെന്നും ഒരു ഏകാന്തപഥികൻ തന്നെയായിരുന്നു.

കയ്യിൽ തൂക്കിയിട്ട സഞ്ചിയിലെ കന്യക ഒരു ഭാരമായിരുന്നു. അതും കൂടിയി ല്ലെങ്കിൽ കുറച്ചുകൂടി ആയാസത്തോടെ നടക്കാമായിരുന്നു. വീട്ടിലേക്കുള്ള അഞ്ചു കിലോമീറ്റർ ദൂരം നടക്കാൻ തുടങ്ങിയപ്പോൾ അയാൾ സർക്കസ്സിലെ കുതിരയെ ഓർത്തു. എന്നെങ്കിലും ട്രെപ്പീസ് സുന്ദരിയെ കിട്ടാതിരിക്കില്ല. അതുവരെ അദ്ധ്വാ നിക്കുക തന്നെ.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.